ഭാഷാമഞ്ജൂഷ

(പാഠ്യപുസ്തകാവശ്യത്തിനുള്ളതു്)



പ്രസാധകൻ

വെമ്പ്ളാശ്ശേരി അച്യുതമേനോൻ,

ബി. ഏ. ബി. എൽ.

ഭാഷാമഞ്ജുഷ

(പാഠ്യപുസ്തകാവശ്യത്തിനുള്ളതു്)

ഉണ്ടാക്കിയവൻ

വെമ്പ്ളശ്ശേരി അച്യുതമേനോൻ,

ബി. ഏ. ബി. എൽ.

പരമേശ്വരയ്യേഴ്സ് ബുക്ഡിപ്പോ,

എറണാകുളം.

[പകൎപ്പവകാശം]

[വില ക. ൧.

ഈ പുസ്തകത്തിന്റെ പകൎപ്പവകാശം [illegible] ചെയ്തിരിക്കുന്നു.


കേരള സാഹിത്യ അക്കാദമി

തിരുവനന്തപുരം

"ശ്രീകമലാലയാ" പ്രസ്സിൽ അച്ചടിച്ചതു്.

ഒന്നാം പതിപ്പു് കോപ്പി ൧൦൦൦.

1939

മുഖവുര

എറണാകുളത്തെ പാഠമാലയാ പ്രസിദ്ധീകരണശാലക്കാർ വേണ്ടി ഹൈസ്കൂളുകളിലെ ഉയർന്ന ക്ലാസ്സുകളിലെ ഉപയോഗത്തിനായി സംഗ്രഹിച്ചിട്ടുള്ളതാണു് ഭാഷാമഞ്ജുഷ. ഭാഷയിലെ പ്രധാന ആധുനിക ഗദ്യപ്രസ്ഥാനങ്ങളിൽ പെട്ടവയും, കല, ശാസ്ത്രം, ചരിത്രം, സാഹിത്യം മുതലായവയെ അധികരിച്ചു സാഹിത്യഭംഗിയോടുകൂടി രചിച്ചിട്ടുള്ളവയുമായ ഗദ്യലേഖനങ്ങൾ ഇതിൽ ചേർത്തിട്ടുണ്ടു്. ഗ്രാമീണ പുനരുദ്ധാരണം, പൊതുജനാരോഗ്യം എന്നിവയെ ആസ്പദിച്ചുള്ള ഗദ്യലേഖനങ്ങൾക്കു് കൊച്ചീ ഗവർമ്മെന്റു് ഇയ്യിടെ നിർദ്ദേശിച്ചിരുന്ന പ്രകാരം ഇതിൽ പ്രാധാന്യം നൽകിയിരിക്കുന്നു. ഉൽകൃഷ്ടമായ ഭാവം, ഉജ്ജ്വലമായ ഭാഷ, ഉത്തമമായ ചിന്ത എന്നിവ സുലഭങ്ങളായ കാവ്യഭാഗങ്ങൾ പ്രാചീനങ്ങളും നവീനങ്ങളുമായ പദ്യകൃതികളിൽ നിന്നും തിരഞ്ഞെടുത്തിട്ടുള്ളവയാണു് ഇതിൽ സംഗ്രഹിച്ചിരിക്കുന്ന പദ്യവിഭാഗം. നവീന പദ്യസാഹിത്യത്തിനും, പ്രാചീനരും ആധുനികരുമായ പ്രസിദ്ധ കവികൾക്കും പ്രാധാന്യവും കൂടുതൽ സ്ഥലവും ഇതിൽ അനുവദിച്ചിട്ടുണ്ടു്. പ്രബന്ധങ്ങളുടെ ഓരോന്നിന്റേയും മുകളിൽ തൽകർത്താവിനെപ്പററിയും മററും വിവരങ്ങൾ നൽകുന്ന കുറിപ്പുകൾ ചേർത്തിരിക്കുന്നു. വിദ്യാർത്ഥികളുടെ പഠനത്തിനു യോഗ്യമല്ലാത്ത ഭാഗങ്ങൾ ഇതിൽ ചേർത്തിട്ടില്ല.

തിരുവനന്തപുരം,
22-7-1939.

വി. അച്യുതമേനോൻ.

വിഷയവിവരം.

ഭാഗം 1

ഗദ്യം

ഭാഗം II



ഭാഷാമഞ്ജുഷ.

I

സസ്യങ്ങളുടെ വിതരണം

[[illegible] [illegible] ലേഖകൻ [illegible] ശ്രീമാൻ [illegible]. സസ്യങ്ങളുടെ വിതരണത്തിനായി പ്രകൃതി സ്വീകരിച്ചിട്ടുള്ള അത്ഭുതകരങ്ങളായ മാർഗ്ഗങ്ങളാണ് ഇതിൽ വിവരിച്ചിരിക്കുന്നത്.]

ഓരോതരം സസ്യം പല സ്ഥലങ്ങളിലും പൊടിച്ചു വളർന്നാൽ മാത്രമേ അതു തരങ്ങൾ നിശ്ശേഷം നശിച്ചു പോകാതെ ഭൂമിയിൽ വളരെ കാലത്തോളം നിലനിൽക്കയുള്ളൂ. അതുകൊണ്ട് ഓരോ സസ്യത്തിനു വ്യാപനാർത്ഥം വേണ്ടുന്ന ഓരോ മാതിരി കോപ്പുകളും ഉള്ളതായി കാണുന്നതിൽ ആശ്ചര്യപ്പെടുവാനില്ല. ഭൂമിയിൽ പടർന്നുപിടിക്കുന്ന സസ്യങ്ങൾ തങ്ങളുടെ മൂലസ്ഥാനവും വിട്ടു വളരെ ദൂരത്തോളം എത്തുന്നതുകൊണ്ട് അതിനു വ്യാപിക്കാനുള്ള ശക്തിയും അത്രയ്ക്കു വർദ്ധിക്കുന്നു. കായ്ക്കുന്നതോടുകൂടി നശിച്ചുപോകുന്ന സസ്യങ്ങളുടെ (വാഴകൾ) കിഴങ്ങുകളിൽ നിന്നു ചെറിയ തൈകൾ പൊട്ടിവരുന്നതു കൊണ്ട്, ഓരോ തൈ, മാതൃസസ്യത്തിന്റെ സ്ഥാനത്തു, അല്പം അകന്നിട്ടു വളർന്നുവരുന്നു താനും. എന്നാൽ ഉന്നതജാതിവൃക്ഷങ്ങളുടെയൊക്കെ തൈകൾ ഉറച്ചു

അക്കാദമി

നിൽക്കുന്നവയാകകൊണ്ടു വ്യാപനശക്തിക്കു പ്രത്യേകം ഏർപ്പാടുകൾ ഒന്നും ഇല്ലാതെ പോയാൽ, കാലക്രമേണ സംഖ്യയിൽ അവ വളരെ കുറഞ്ഞുപോകേണ്ടതാണ്.

ചോട്ടെ വീഴുന്ന ബീജങ്ങളിൽ നിന്നു മുളയ്ക്കുന്ന സന്താനങ്ങളെക്കൊണ്ടു തന്നെ മാതാവിനു ദ്രോഹം നേരിടുമായിരുന്നു. ചിലതിന്റെ കായ് മൂപ്പെത്തി ഉണങ്ങുമ്പോൾ ഉച്ചത്തിൽ പൊട്ടുകയും, അതു ഉതകിന്ന വളരെ ദൂരെ തെറിച്ചുപോകയും ചെയ്യുന്നു. ഇതിന്നു ഒരു നല്ല ദൃഷ്ടാന്തം പൂളയാണ്. പൂളക്കായ്ക്കു നേന്ത്ര വാഴക്കയോളം വലിപ്പമുണ്ടാകും. അതിന്റെ ഉള്ളിൽ ഘനം കുറഞ്ഞ പട്ടുപോലെ ഇരിക്കുന്ന ഉന്നവും, ഉന്നത്തിന്റെ ഉള്ളിൽ കറുത്ത വിത്തുകളുമാണ്. മൂത്തു കറുത്തുണങ്ങുമ്പോളാണ് പൂളക്കായ് ശബ്ദത്തോടുകൂടെ പൊട്ടുന്നത്. അപ്പോൾ അതിന്റെ ഉള്ളിൽ നിന്നു ഉന്നംകൊണ്ടു പൊതിയപ്പെട്ട വിത്തുകൾ പുറത്താകുന്നു. പൂള വളരെ ഉയരമുള്ള മരമാകകൊണ്ടും, ഉന്നം ഘനം കുറഞ്ഞതാകകൊണ്ടും, ആ ഉന്നതവിതാനത്തിൽ നിന്നു കാറ്റാൽ വഹിക്കപ്പെട്ടതായിട്ട് അതിന്റെ ബീജം നിലത്തു വീഴുംമുമ്പേ വളരെ ദൂരത്തോളം യാത്രചെയ്യുന്നു. കൊന്നയുടെ കായും ഇപ്പോലെ തന്നെ പൊട്ടിത്തെറിക്കുന്ന തരത്തിൽ പെട്ടതാണ്. ഇങ്ങിനെ പൊട്ടിത്തെറിക്കുന്ന കായ് ചെറിയ ചെടികൾക്കും ഞാൻ കണ്ടിട്ടുണ്ട്. കിടങ്ങെങ്ങി (Balsam) എന്നു വിളിച്ചുവരുന്ന ഒരു ചെറിയ തരം ചെടി ഉണ്ട്. ഇതിന്റെ കായ് പൊട്ടുമ്പോൾ ഒരു ഭാഗം പായ മടക്കിവെച്ചപോലെ ചുരുണ്ടുകളയുന്നു. ഈ സ്വഭാവംകൊണ്ടായിരിക്കണം ഈ ചെടിക്ക് കിടങ്ങെങ്ങി എന്ന പേരും സിദ്ധിച്ചത്.

കായ് പൊട്ടിപ്പിളരുമ്പോൾ ഇതിൻെറ വിത്തുകൾ മൂന്നു നാലടി ദൂരെ തെറിച്ചുപോകുന്നു. ഇതിലും ആശ്ചര്യമായി എനിക്കു തോന്നിയതു് മററൊരുതരം ചെടിയുടെ പ്രവൃത്തിയാണ്. ഇതു് നിലത്തോടു നല്ലവണ്ണം പററിനില്ക്കാത്ത സർപ്പത്തെപ്പോലെ വളരുന്ന ഒരു സസ്യമാണ്. തിരുകൊച്ചിയിലും ഇവ ധാരാളം കാണും. ഇളം നീലനിറത്തിലാണ് ഇതിൻെറ പൂവ്. കായ് അര ഇഞ്ചു നീളം ഉണ്ടാകും. അഗ്രത്തിൻെറ അല്പം ഭാഗം വീതിയിട്ടും, പിന്നാക്കം ചെല്ലുംതോറും തടി കുറഞ്ഞുപോകുന്ന രീതിയിലും നില്ക്കുന്ന ഈ കായ് ഉണങ്ങിയ നിലയിൽ ഒരു തവിട്ടുകല്ലിൻെറ നിറമാണ്. ഇങ്ങിനെ ഉണങ്ങിക്കിടക്കുന്ന കായ്, ഹിമംകൊണ്ടു നനയുകയാകട്ടെ, മഴവെള്ളത്തുള്ളി വീഴുകയാകട്ടെ ചെയ്താൽ, അല്പനേരത്തിനുള്ളിൽ പടക്കം പൊട്ടുമ്പോലെ (അത്ര ഉച്ചത്തിലല്ലെങ്കിലും), പൊട്ടി, വിത്തു വളരെ ദൂരെ തെറിക്കുന്നു. മററൊരുതരം ചെറിയ ചെടിയുടെ കായ് പൊട്ടുമ്പോൾ പെട്ടെന്ന് ഒരു പുകയാണു കാണുന്നതു്. ഈ പുക ഏററവും നേരിയ വിത്തിൻകൂട്ടമാകകൊണ്ടു് നിലത്തു വീഴുന്നതു് വളരെനേരം സഞ്ചരിച്ചതിൽ പിന്നെ മാത്രമായിരിക്കുമെന്ന് ഊഹിക്കുന്നതിൽ തെററില്ല. ഈ മാതിരി വിദ്യ ഒരുതരം കൂണും (കുമിൾ) പ്രകടിപ്പിക്കാറുണ്ടു്.

കാററിൽക്കൂടി പറക്കുവാനുള്ള ഏർപ്പാടുകളുള്ള ബീജങ്ങളും ചില വൃക്ഷങ്ങൾക്കു കാണുന്നുണ്ട്. പയ്യാനയുടെ നീണ്ട കായുകളുടെ ഉള്ളിൽ, ചെറിയ വെള്ളയപ്പംപോലെ നടുഭാഗം തടിച്ചിട്ടും, ചുററുപാടും കടലാസ്സുപോലെ വളരെ നേർമ്മയായും ഉള്ള അനേക ബീജ

ങ്ങൾ നനഞ്ഞിരിപ്പൊഴുണ്ടാകും. കായ് മൂക്കുമ്പോൾ പിളർന്നിട്ട് കൂടുകയും ചെയ്യുന്നു. ഞാവലിന്റെ ചെറുമ്പോൾ ഒരിഞ്ചു വ്യാസമുള്ള, ഘനം കുറഞ്ഞ ബീജങ്ങൾ പൂമ്പാറ്റകളെപ്പോലെ കാറ്റാൽ സാവധാനം വഹിക്കപ്പെട്ടുകൊണ്ട് പറന്നുപോകുന്നതു കാണാം. തെറ്റാമ്പരം മരത്തിന്റെ കായുടെ തൊട്ടി അര ഇഞ്ചു നീളത്തിൽ കൂർത്തു് ഒരു ഈർക്കിലോളം വണ്ണമുള്ളതാകും. ഇതിന്റെ ഒരറ്റത്തു്, ഒന്നു രണ്ടു് ഇഞ്ചു് നീളത്തിൽ നേരിയ രോമങ്ങൾ നിറഞ്ഞിരിക്കുന്നതു കാണാം. ഈ രോമങ്ങളുടെ സഹായംകൊണ്ടു് തൊട്ടി വളരെ ദൂരത്തിൽ വഹിക്കപ്പെട്ടുകൊണ്ടുപോകുന്നു. ഈ തൊട്ടിയുടെ ഉള്ളിലാണു് യഥാസ്ഥാനത്തിൽ ബീജം നില്ക്കുന്നതു്. പലതരം ചെടികളും ബീജവിതരണത്തിനു് കാറ്റിനെ ആശ്രയിച്ചുനില്ക്കുന്നുണ്ടു്. പുഴകളുടെയും തോടുകളുടെയും തീരത്തു നിബിഡമായി പൊടിച്ചു വളരുന്ന ഒരുതരം പുല്ലുണ്ടു്. ഈ പുല്ലു് മൂന്നാലടി നീളം വെക്കും. ഓരോ പുല്ലിന്റെ മേലെ അറ്റത്താണു് പൂങ്കുല കിടക്കുന്നതു്. പൂങ്കുലയിൽ നീണ്ട ഇതളുകൾ വളരെ ഉണ്ടു്. പൂങ്കുല ബീജമായി മൂത്തുവന്നാൽ പഞ്ഞിയുടെ ഉറയുള്ള ഓരോ ബീജം വെവ്വേറെ താഴോട്ടു തൂങ്ങിച്ചു നില്ക്കുന്നതു കാണാം. പുല്ലിന്റെ സ്ഥാനം കാറ്റു് നല്ലവണ്ണം ഏല്ക്കുന്ന ദിക്കിലും ഉയർന്നതുമാണു്. വിത്തു് നല്ലവണ്ണം മൂത്താൽ താഴോട്ടു തൂങ്ങിച്ചു ഭാഗം അല്പം വിട്ടുനില്ക്കുന്നു. ആ നിലയിൽ കാറ്റു വീശുമ്പോൾ കാറ്റിൽ പെട്ടു്, ചെറിയ പാറ്റകളെപ്പോലെ വളരെ ദൂരത്തോളം ദ്രുതഗതിയായി പാറിപ്പോകുന്നു. അപ്പ, ചെട്ടിപ്പൂ (കൊങ്ങിണിപ്പൂ), പൂവാംകുരുന്നില മുതലായവയും കാറ്റിനെ ആശ്രയിച്ചു

നിൽക്കുന്ന ചെടികളാണ്. ഇതിന്റെ പൂ, വിത്ത് നാള
ങ്ങളിൽ അസാധാരണ വേഗത്തിൽ പോലെ ഉയരുന്ന
അസാധാരണ നീണ്ട നാരുകൾ (രോമങ്ങൾ) ഉള്ളതാണ്.
ഓരോ മുകുളത്തിന്റെയും നാളത്തിൽ ധാരാളം വിത്തുകളു
ണ്ടാകും വിത്ത്. വിത്തുകൾ, നാളത്തിന്റെ ഉള്ളിൽ
പുറമേ കാണാത്ത വിധം കിടക്കുന്നു. മൂന്നാംഘട്ടം പുറത്തേ
തള്ളിനിൽക്കുന്ന വിത്ത് മൂക്കുമ്പോൾ അതിന് ധാരാളം
നാരുകളും നല്ല കനവും കൂടുന്നു. അപ്പോൾ അപ്പൂപ്പൻതാടിപോലെ
യുള്ള നാളത്തിന്റെ ഉൾഭാഗം പൊട്ടിത്തുറക്കുകയും
വിത്തുകൾ അന്തരീക്ഷത്തിൽ പറന്ന് കുറെ നേരം തങ്ങി
നിൽക്കുകയും ചെയ്യുന്നു. ഈ സമയത്ത് കാറ്റ് തട്ടു
മ്പോൾ ഇവ നാലുപാടും എങ്ങനെയെങ്കിലും ദൂരെ ചാടി
തെറിച്ചുപോകുന്നു.

നീരൊഴുക്കും കൃഷി സ്ഥലങ്ങളെ ബന്ധിപ്പിക്കുന്നതിൽ
സഹായിക്കുന്നു. ചില വിശേഷ കാലങ്ങൾ ഉണ്ടായി
രാൽ കനാലുകളിൽ കൂടി ഒഴുകി വരുന്നു. അങ്ങനെ
യും കൃഷി സ്ഥലത്തിൽ കൂടി ഒഴുകി പല ജില്ലകളിലും
എത്തി, മുളച്ചുപൊന്തി കണ്ടിട്ടുണ്ട്. മഴ പെയ്യു
മ്പോൾ കുന്നിൻ മുകളിൽ നിന്നും, ഉയർന്ന സ്ഥലങ്ങളിൽ നിന്നും
വഴിയേ ചാലുകളായി ഒഴുകിവരുന്ന വെള്ളത്തിൽ
കൂടെ അനേകതരം പുല്ലുകളുടെയും ചെടികളുടെയും വി
ത്തുകൾ വളരെ ദൂരത്തോളം വ്യാപിക്കാൻ സംഗതി
യാണ്.

കുളങ്ങളിലും ഏരികളിലും വളർന്നു കിടക്കുന്ന
പായലും, ചണ്ടിയും, പോളപ്പായലും, താമര നീർ
ച്ചെടികളും പക്ഷികളുടെ കാലിന്മേൽ കുടുങ്ങി, കു
ളങ്ങളിൽ നിന്ന് എത്ര ദൂരെയായാലും ചെന്നില്ല

മറെറാരു കൂട്ടത്തിൽ ഗ്രന്ഥിച്ചുരുണ്ട ചില നീൎപ്പുട്ടി
കളുടെ പൊടിപ്പ് വരുന്ന ഭാഗത്തിന്മേൽ ഒരുതരം പശ
പൊടിയുന്നതുകൊണ്ട്, ആ ഭാഗം നീൎപ്പുട്ടികളുടെ തൂവ
ലോടു പററി, വിട്ടുവിട്ടുകിടക്കുന്ന പല ജലാശയങ്ങളിലും
വ്യാപിക്കുന്നു. ഒരുതരം ഞണ്ട്, തന്റെ ശത്രുക്കളുടെ
കണ്ണിൽ പൊടിയിടുവാൻ വേണ്ടി, കടലിൽ കാണുന്ന
ചില വള്ളികൾ മുറിച്ച് അതിന്റെ ശരീരത്തിന്മേൽ
ചുററി വളരെ അകലെ കിടക്കുന്ന ഭാഗങ്ങളിൽ സഞ്ച
രിക്കുന്നു. ഞണ്ടിന്റെ അഭാവത്തിൽ ഈ വള്ളികൾ
അവിടെ വളരുകയും ചെയ്യുന്നു.

വളരെ സസ്യങ്ങൾക്ക് അതിന്റെ കൊമ്പുകളും
വള്ളികളും മുറിച്ചു സ്ഥലംമാററം ചെയ്താൽ ആ കഷണ
ങ്ങൾ പൊടിച്ചു വെവ്വേറെ സസ്യങ്ങളായി വളരുവാൻ
സാധിക്കും. ഒരു തൊട്ടാവാടി പറിച്ച് ചെറുകഷണങ്ങ
ളാക്കി എറിഞ്ഞാൽ ഓരോ കഷണവും ഓരോ തൊട്ടാ
വാടിയായി വളരുന്നതാണ്. പൂളക്കിഴങ്ങിന്റെ തടിയും
ഇങ്ങിനെ സാധിക്കാവുന്നതാണ്. കള്ളിമാവും (പാല)
മുരിക്കും ചെമ്പരുത്തിയും വളരെ ഉള്ള മരങ്ങളാണ്. തെക്കു
ഭാഗത്ത് വളരുന്ന ഒരുതരം ചെടിമേൽ മുള്ളുകൾ
നിറഞ്ഞ ഉരുണ്ട പൊടിപ്പുകൾ ഉണ്ട്. അവ തൊട്ടു
മ്പോൾ വീണുപോകുന്ന മാതിരിയിലാണ് നില്ക്കുന്നത്.
അതുകൊണ്ട് ആവക പൊടിപ്പുകൾ, ചെടിയുടെ സമീ
പത്തു വന്നു മേയുന്ന നാല്ക്കാലികളുടെ ദേഹത്തിൽ
കുടുങ്ങി പല സ്ഥലങ്ങളിലും എത്തുന്നു.

മരത്തിന്റെ കായ്കൾ, അതിന്റെ ബീജവാഹിക
ളാകുന്നു. പൂൎണ്ണവലിപ്പം എത്തുമ്പോൾ ചില കായകൾക്ക

ഒരു മാംസളഭാഗം മിക്കവാറും അവസരത്തിൽ, മധുര
രസം വഹിച്ചു്, കണ്ണിന്നു് ആഹ്ലാദം തോന്നിക്കുംപ്രകാരം
നിറപ്പകിട്ടുള്ളതാകും. മുന്തിരിങ്ങ, മാങ്ങ, നാരങ്ങ മുതലായി
ട്ടുള്ള മനുഷ്യാഹാരസാധനങ്ങളും, ആലിൻകായ്‌ മുത
ലായ പറവകളുടെ ആഹാരസാധനങ്ങളും ഒന്നാമത്തെ
ജനുസ്സിൽപെട്ടവയാണു്. മററു ചില മരങ്ങളുടെ കായ്‌,
ഉണങ്ങിക്കട്ടിയുള്ളതായിരിക്കും. ബദാം, തേങ്ങ, കൊ
ട്ടക മുതലായ കായ്കളാണു് ഈ ജനുസ്സിൽപെട്ടവ. മിക്ക
വാറും ജന്തുക്കൾ പഴം തിന്നുന്നതുകൊണ്ടു് നല്ല പഴമുള്ള
സസ്യങ്ങളുടെ ബീജങ്ങൾ പലദിക്കിലും എത്തിപ്പെടുന്നു.
ഇതിനു പുറമെ പഴത്തിന്റെ ഉള്ളിൽ കിടക്കുന്ന
കായ്‌ ഉറപ്പും കട്ടിയുമുള്ള ഒരു ഉറയാൽ മൂടപ്പെട്ടിരി
ക്കുന്നതുകൊണ്ടു് ജന്തുക്കൾ പഴം ഇതുകളോടെ വിഴുങ്ങി
യാലും, അതിന്റെ സാരമായ ബീജം ദഹിച്ചുപോകാതെ
പുറമെ വിസർജ്ജിക്കപ്പെട്ടുപോകുന്നു. പഴത്തിന്റെ
മധുരമുള്ള ഭാഗം മാത്രം തിന്നുന്ന ജന്തുക്കൾ, ആ പഴം
തിന്നുംകൊണ്ടു നടക്കുമ്പോൾ അതിന്റെ ബീജം മര
ത്തിൽനിന്നു കുറെ അകലെ ഇട്ടുകളയുന്നു.

പഴങ്ങളുടെ ദൃഷ്ട്യാകർഷകങ്ങളായ വർണ്ണങ്ങളും
കൊതി വീണുപോകുന്ന രുചിയും ജന്തുക്കളെ ആകർഷി
ക്കേണ്ടുന്നതിനു മാത്രം ഉള്ളവയായിട്ടുള്ളതാണു്. എന്തു
കൊണ്ടെന്നാൽ ഒരു സസ്യത്തിന്നു രുചിയുള്ള പഴങ്ങൾ
ഉണ്ടാകുന്നതു് ആ പഴങ്ങൾ ജന്തുക്കൾ ഭക്ഷിച്ചു് ഉപ
ജീവനം കഴിച്ചുകൊള്ളട്ടെ എന്നു ഉദ്ദേശത്തിന്മേലല്ല,
പഴത്തിന്റെ നിറവും രുചിയുംകൊണ്ടു് അവ ഭക്ഷി
പ്പാൻ ആഗ്രഹിക്കുന്ന ജന്തുക്കൾ, അവ അനേകവി

ക്കുന്നതോടുകൂടി അവയുടെ ബീജങ്ങൾ മരത്തിൽ
നിന്നു കുറെ ദൂരത്തു് എത്തിക്കുവാൻ സംഗതി ഉണ്ടാക
ല്ലോ എന്ന ഉദ്ദേശംകൊണ്ടു മാത്രമാണ്. അതുകൊണ്ടു
അങ്ങിനെയായിരിക്കെ നല്ലവണ്ണം മൂപ്പെത്താത്ത പഴങ്ങൾക്ക
നല്ല നിറമോ നല്ല രുചിയോ ഉണ്ടായിരിക്കയില്ലാത്തതു്.
നല്ല മൂപ്പെത്തിയ കാലമായാൽ അവ നിറവും രുചിയും
വെച്ചു്, മരത്തിന്മേൽ ആരെയും ആകർഷിക്കത്തക്ക നില
യിൽ നിൽക്കുന്നതു കണ്ടാലും എത്ര ജന്തുക്കളാണ്
അവ തിന്നാൻ ചെല്ലാത്തതു്. മനുഷ്യന്റെ ആവശ്യവും
അതുതന്നെയാണ്. കാരണം പഴംതിന്നികളായ
മററു പ്രാണികളെപ്പോലെ മനുഷ്യരും ഇതിനെ സഹായി
ക്കുന്നുണ്ടെങ്കിലും, പക്ഷികളെപ്പോലെ ഈ വിഷയത്തിൽ
മരങ്ങൾക്ക ഇത്ര ചെയ്യുന്ന ഉപകാരം [illegible]
നില്ല. മനുഷ്യൻ താൻ ആവശ്യപ്പെട്ടിരിക്കുന്ന വൃക്ഷ
ങ്ങളെ പലേടത്തും നട്ടുവളർത്തിപ്പോന്നിട്ടുണ്ട്.

ചില പഴങ്ങളുടെ ബീജങ്ങൾ പക്ഷികളുടെ
കുക്ഷിയിൽനിന്ന ദഹിപ്പിക്കപ്പെടാതെ നിലനില്ക്കപ്പെ
ടുന്നുണ്ട്. പക്ഷികളുടെ കുക്ഷിയിൽനിന്ന പുറത്തുവരുന്ന
ബീജങ്ങൾ നട്ടുണ്ടാക്കിയതുപോലെ അവ മുളയ്ക്കുന്നത് ഒ—
മുതൽ വൃ—വരെ കണ്ടു വളരുന്നതാണെന്ന് [illegible]
എന്ന പണ്ഡിതൻ പരിശോധനകൊണ്ടു നിർണ്ണയിച്ചി
ട്ടുണ്ട്. ആലിന്റെ കായ് തിന്നുന്ന പക്ഷികളുടെ ഉദര
ത്തിൽനിന്ന് ആ കായുടെ [illegible]
ളുള്ള വിത്തുകൾ ദഹിപ്പിക്കപ്പെടാതെ പുറത്തുവരുന്നതുകൊണ്ട് ആല്
പലേടങ്ങളിലും വ്യാപിക്കുന്നു. മനുഷ്യർ [illegible] ചില
[illegible] നമ്മുടെ [illegible]
ളത്തിന് [illegible]

ന്നു. മരത്തിന്മേൽ പറ്റിക്കൂടി വളരുന്നപോലെതന്നെ ഇത്തിക്കണ്ണി തന്റെ വംശത്തിന്റെ വ്യാപ്തിക്കു വേണ്ടി ഒരു നല്ല വിദ്യയാണു കണ്ടുപിടിച്ചിട്ടുള്ളതു്. അതിന്റെ പഴവും പക്ഷികളെ ആകർഷിക്കാൻ തക്ക അഴകുള്ളതാണു്. ഇതിന്റെ ഉള്ളിൽ കിടക്കുന്ന മാംസളഭാഗം പശപോലെ ഇരിക്കും. പഴം പക്ഷിയുടെ ഉദരത്തിൽ എത്തി പുറമെ വിസർജ്ജിക്കപ്പെടുമ്പോഴും ബീജത്തിന്റെ പുറമുള്ള പശയുടെ ശക്തി ക്ഷയിച്ചുപോകുന്നില്ല. അതുകൊണ്ടു് ഈ പഴങ്ങളും ഭക്ഷിച്ചു് പക്ഷികൾ ഓരോരോ മരക്കൊമ്പുകളിൽ ചെന്നിരുന്നു്, അവിടവിടെ വിസർജ്ജിക്കുമ്പോൾ ബീജങ്ങൾ പശകൊണ്ടു് അവ ആ സ്ഥാനങ്ങളിൽ പറ്റിപ്പിടിക്കുകയും, അവിടുന്നു് ഇത്തിക്കണ്ണികളായി മുളയ്ക്കുകയും ചെയ്യുന്നു.

മറ്റു ചില ജന്തുക്കൾക്കു, ഭാവിയിലുള്ള ആവശ്യത്തിനു പഴങ്ങളും ഫലങ്ങളും ധാന്യങ്ങളും ശേഖരിച്ചുവെയ്ക്കുന്ന ഒരു സമ്പ്രദായം ഉണ്ടു്. ചിലപ്പോഴും അവസരത്തിൽ സംഭരിച്ചുവെച്ച സാധനങ്ങൾ മുഴുവനും തിന്നുപോകുന്നില്ല. തിന്നുപോകാതെ ബാക്കി കിടക്കുന്നതൊക്കെ സൌകര്യാവസ്ഥ കിട്ടുമ്പോൾ മുളയ്ക്കുന്നു. നമ്മുടെ രാജ്യത്താണെങ്കിൽ അണ്ണാക്കൊട്ടന്മാരും പെരുച്ചാഴികളും ഉറുമ്പുകളും പലതും ശേഖരിച്ചുവെയ്ക്കുന്ന കൂട്ടരാണു്. ഉറുമ്പിന്റെ കാര്യത്തിൽ ഒരു സംഗതി ശ്രദ്ധാലോചിക്കാനുണ്ടു്. ഉറുമ്പു് ശേഖരിച്ചുവെയ്ക്കുന്ന ചാമപ്പുല്ലിന്റെ മണികളിൽ, മണിയുടെ പുറമേ നില്ക്കുന്ന പോഷണപദാർത്ഥം മാത്രം തിന്നു് ബീജമുള്ള ഭാഗം തിന്നാതെ വിടുകയാണു ചെയ്യുന്നതു്. ആ ഭാഗം കാലക്രമേണ മുളച്ചു വളരുകയും ചെയ്യും.

ഇങ്ങിനെ ആഹാരാർത്ഥമായി ജന്തുക്കളാൽ ഉപ
യോഗിക്കപ്പെടുന്ന അവസരത്തിൽ വിതരണം ചെയ്തു
പോകുന്നതിന്നു പുറമെ ചില സസ്യങ്ങളുടെ ബീജങ്ങൾ
ജന്തുക്കളുടെ ദേഹത്തിന്മേലോ ഉടുപ്പിന്മേലോ പറ്റി
പ്പോകുന്ന നിലയിലായി പലേടങ്ങളിലും കൊണ്ടുപോക
പ്പെടുന്നു. നീർച്ചെടികളുടെ ഒഴുകുന്ന ബീജങ്ങൾ പ്രത്യേക
മായി ഒപ്പുകളുണ്ടാകുന്നതുകൂടാതെ, പക്ഷികളുടെ തൂവലുകളി
ന്മേൽ പിണഞ്ഞുപോകപ്പെട്ട നിലയിൽ പല ജലാശയ
ങ്ങളിലും ചെന്നുചേരുന്നു. ചില സസ്യങ്ങളുടെ ബീജ
ങ്ങൾ ചതുപ്പുസ്ഥലത്തും ചളിയിലും വീണുകിടക്കുകയും
ആ വഴിയെ ആഹാരത്തിന്നു നടക്കുന്ന പക്ഷികളുടെ
കാലിന്മേൽ പറ്റിപ്പിടിച്ചുള്ള മണ്ണോടും ചളിയോടൊ
ന്നിച്ചു കിടന്നു ഇവ വളരെ ദൂരദേശങ്ങളിൽ കൂടി
പക്ഷികളാൽ കൊണ്ടുപോകപ്പെടുകയും ചെയ്യുന്നു. ചില
ചെടികളുടെ തൊട്ടാൽ പറ്റുന്ന പഴങ്ങളും കായകളും,
കന്നുകാലികളുടെ കാലിന്മേലോ ദേഹത്തിന്മേലോ പറ്റി
പ്പോയ നിലയിൽ അങ്ങുമിങ്ങും കൊണ്ടുപോകപ്പെടുന്നു.
ഉതിരത്തിന്റെ കായ് മുഴുവൻ ചെറിയ നാരുകൾ നിറ
ഞ്ഞതാണ്. ഈ നാരിന്ന് അസാധാരണ പശയുണ്ട്. അതു
കൊണ്ട് സമീപത്തിൽക്കൂടെ വല്ല ജന്തുക്കളും നടന്നാൽ
ഈ കായ് അവയുടെ ദേഹത്തിന്മേൽ ഉണ്ണി പറ്റുമ്പോ
ലെ പറ്റിക്കിടക്കും. ചില കായകൾക്ക മുള്ളുപോലെ
യുള്ള അരം ഉള്ളതുകൊണ്ട് അവയ്ക്ക് പലേടങ്ങളി
ലും കൊളുത്തിപ്പിടിക്കുവാൻ സാധിക്കുന്നു. ചില പുല്ലു
കൾ ഈ കാര്യത്തിൽ ഏറ്റവും പറ്റുന്നവയാണ്. വയ
ലുകളിൽക്കൂടെ നടന്നാൽ മുണ്ടിന്മേൽ നിറയെ സൂചിപോലെ
യിരിക്കുന്ന ഇരിക്കുന്ന വിത്തുകൾ പറ്റിക്കിടക്കും

ന്നു കണ്ടാൽ ഓരോന്നിനും ഒരു പ്രത്യേകതരം പല്ലി ന്റേതാണെന്നു മനസ്സിലാക്കണം.

തെക്കൻ അമേരിക്കയിലെ ഒരുതരം വൃക്ഷത്തിന്റെ കായുടെമേൽ വലിയ മുള്ളുകൾ ഉള്ളതുകൊണ്ട്, മൃഗങ്ങളുടെ മേൽ വീണാൽ അവ അവിടെ തറച്ചുപോകയും, പൊട്ടുന്നുള്ള വേദനകൊണ്ട് മൃഗങ്ങൾ വളരെ ദൂരം ഓടിപ്പോകയും, പിന്നെ ഒരവസരത്തിന് വല്ല പ്രകാരത്തിലും കുടഞ്ഞ് ആ കായ് തള്ളിയിട്ടു ശരീരത്തിൽനിന്ന് കഴിയുകയും ചെയ്യുന്നു. ഇങ്ങിനെയാണ് ആ വൃക്ഷത്തിന്റെ കായ് മറെറാരേടത്ത് എത്തുവാൻ വഴി കാണുന്നത്. ചില സമയത്ത് ശരീരത്തിന്മേൽ തറച്ചുപോകുന്ന ഈ കായ് തട്ടിക്കളവാൻ സാധിക്കാതെ പോയിട്ട് വലിയ മാനുകളും സിംഹങ്ങളും ചത്തുപോകാറുണ്ട്. അങ്ങിനെ വരുമ്പോൾ സ്ഥലംമാററം കിട്ടിയതു കൂടാതെ ഈ കായക്ക് വളവുംകൂടി സമ്പാദിക്കാനിടവരുന്നു. കുമിളുകൾ (കൂണുകൾ) തിന്ന് ഉപജീവനം കഴിക്കുന്ന അനേകം പ്രാണികളുണ്ട്. കുമിളിന്റെ ചെറിയ പൊടിപോലെ ഇരിക്കുന്ന ബീജങ്ങൾ ദഹിച്ചുപോകാതെ പ്രാണികളുടെ ഉദരത്തിൽനിന്നു പുറത്തുവരുന്നു. ഈ സംഗതിയാൽ കുമിളിനും തന്റെ വംശക്കാരെ പലേടങ്ങളിലും പരത്തുവാൻ സാധിക്കുന്നു. നിലത്തിരകൾ (Earth worm) ഇങ്ങിനെ ചില കുമിളുകളെ സഹായിക്കുന്നുണ്ട്.

രോഗകാരണങ്ങളായി നിൽക്കുന്ന അണുസസ്യങ്ങളുടെ ബീജങ്ങൾ ബാക്കിയുള്ള ജന്തുക്കൾ ഏതെല്ലാം വിധത്തിൽ പരത്തുന്നുണ്ടെന്ന കാര്യം ഗ്രന്ഥവിസ്തരം ഭയപ്പെട്ട് ഇവിടെ വിവരിക്കുന്നില്ല.



II

എന്റെ ജീവിതത്തിലെ ഒരു പ്രധാന സംഭവം.

[തിരുവിതാംകൂർ ഗവൺമെന്റിലെ ഒരു ഉദ്യോഗസ്ഥനും പ്രസിദ്ധനായ [illegible] കാവ്യനാടകങ്ങളുടെ കർത്താവാണ് ശ്രീമാൻ എം. ജി. കേശവപിള്ള. അദ്ദേഹം തന്റെ വിദ്യാഭ്യാസം വിജയമാക്കുവാൻ തന്നെ ബാല്യകാലത്തിൽ പ്രേരിപ്പിച്ച ഒരു സംഭവത്തെ ഇവിടെ വർണ്ണിച്ചിരിക്കുന്നു]

ജീവിതത്തിലെ ഒന്നു രണ്ടു പ്രധാന സംഭവങ്ങൾ അഹമഹമികയാ എന്റെ മനോദൃഷ്ടിയിൽ പ്രതിഫലിക്കുന്നുണ്ടു്. ഒന്നെഴുതാനെ പത്രാധിപർ അനുവദിച്ചിട്ടുള്ളു. അതുകൊണ്ടു് അതിൽ ആദ്യത്തേതു് ആദി കളയാമെന്നു വച്ചു. അതു ചുവടെ ചേർക്കുന്നു.

അന്നു ഞാൻ മലയാളം പള്ളിക്കൂടത്തിൽ പഠിക്കുകയായിരുന്നു. വ്യാകരണം തെററതെന്നതിൽ "പഠിച്ചുകഴിഞ്ഞു" എന്നു തീരുമാനം. എന്തെന്നാൽ അന്നത്തെ മലയാളവിദ്യാഭ്യാസത്തിന്റെ "സർവ്വജ്ഞപീഠ"മായ "നാട്ടുഭാഷാമുഖ്യപരീക്ഷ"—കുറെക്കൂടി മോടിയിൽ പറഞ്ഞാൽ "ഹയർപരീക്ഷ"—എഴുതിക്കഴിഞ്ഞു് അതിന്റെ ഫലം പ്രതീക്ഷിച്ചുകൊണ്ടിരുന്ന സന്ദർഭമാണു്. ചെറുപ്രായത്തിൽ തന്നെ ഇത്ര വലിയ ഒരു പരീക്ഷാവിജയത്തിൽ വലിയ ആശങ്കയ്ക്കു് അവകാശമില്ലാത്ത രീതിയിൽ, എഴുതിക്കഴിഞ്ഞിരുന്നതിനാൽ "അമ്പട ഞാനേ" എന്നുള്ള ഒരു ഭാവത്തിലാണു് ഞാൻ അന്നു നടന്നിരുന്നതു്. അതിനപ്പുറത്തു് പിന്നെ യാതൊന്നുംതന്നെ

പഠിക്കാനില്ല എന്നുള്ള സ്ഥിതിക്ക് ഗവണ്മെന്റും അനാ സ്ഥരല്ലെന്നു വിചാരമുണ്ടോ? ഹയർ പരീക്ഷയ്ക്കു ജയിക്കാത്ത പലരെയും പററി — ബി. എ. പരീക്ഷ ജയിച്ചവരായിരുന്നാലുംകൂടി — ഒരു പൂജ്യമാണെന്നു തോന്നിയിരുന്നു്. ഭാവിയെ പററി പല ആലോചനകളും അതിനിടയ്ക്കു കഴിച്ചുവച്ചിരുന്നു. പരീക്ഷാഫലം പുറത്തായാൽ — ജയിക്കമെന്നുള്ള കാര്യം നിർവിവാദമാണല്ലോ — ഉടൻ കിട്ടും ഒരു വാദ്ധ്യാരജോലി. സമുദായപ്രാതിനിധ്യവാദവും, സർവീസ് ലീഗും ഒന്നും ഉള്ള കാലമല്ല. പ്രസ്തുത പരീക്ഷയ്ക്കു് അക്കാലങ്ങളിൽ ജയിക്കുന്നവരുടെ സംഖ്യ നൂറിനു താഴെ മാത്രം. പിന്നെന്താ ജോലി കിട്ടാൻ വിഷമം? ജോലി കിട്ടിക്കഴിഞ്ഞാലോ, ഒരു കൊച്ചുസുന്ദരിയെ — അതാരാണെന്നറിയാൻ കൗതുകം തോന്നുന്നവർ നിരാശപ്പെടാതിരിക്കട്ടെ — യഥാകാലം വിവാഹവും ചെയ്തു് അങ്ങനെ സ്വസ്ഥമായും സന്തോഷമായും കഴിക്കാം ജീവിതം, എന്നെല്ലാം മോഹിച്ചിരുന്ന എനിക്കു് അവിചാരിതമായി കിട്ടിയ ഒരടി — എന്റെ ആത്മാഭിമാനത്തെ അത്യധികം ക്ഷതപ്പെടുത്തി, എന്നെ ഇന്നു കാണുന്ന ഞാനാക്കിത്തീർത്ത ഒരു സംഭവം — വായനക്കാർക്കു് പെട്ടെന്നു അസ്പഷ്ടമായിരിക്കും എന്നു വിശ്വസിക്കുന്നു.

ഇംഗ്ലീഷ്സ്കൂളിൽ മൂന്നും നാലും ഫാറങ്ങളിൽ പഠിക്കുന്ന ചില സ്നേഹിതന്മാരും ഞാനുംകൂടി ഒരു അവധിദിവസത്തിൽ കാഴ്ചബംഗ്ലാവു കാണാൻ പോകയായിരുന്നു. വഴിക്കു് കാളേജു (തിരുവനന്തപുരത്തെ ഇന്നത്തെ സയൻസ് കാളേജ്) വളപ്പിനകത്തെത്തിയപ്പോൾ പണി പൂർത്തിയായി വരുന്ന ഫിസിക്സ് ലാബറട്ടറി സന്ദർശിക്കാൻ ഞങ്ങൾക്കു് ഉത്സാഹം തോന്നി. എന്റെ കൂട്ടുകാരെക്കാളും

ആ വിഷയം അന്നു് എനിക്കറിയാമായിരുന്നു. അന്നത്തെ
ഹയർ പരീക്ഷയ്ക്കു് ഫിസിക്സും, കെമിസ്ട്രിയും, സുവോ
ളജിയും, ബോട്ടണിയും ഒന്നും നിർബന്ധവിഷയങ്ങളല്ലായിരുന്നു.
എങ്കിലും ആ കെട്ടിടത്തിന്റെ പരിസരവും, അതിന
കത്തു സംഭരിച്ചിരുന്ന ഉപകരണങ്ങളുടെ വിവിധതയും
എന്നെ അത്ഭുതപരതന്ത്രനാക്കി. ആർട്ട്സ്കാളേജിനടുത്തു്
ഇന്നും പഴയ സ്ഥിതിയിൽ കാണാവുന്നതായ പാലസ്സും
കണ്ടിട്ടുള്ളവർക്കു് എനിക്കു തോന്നിയ അത്ഭുതം മനസ്സി
ലാക്കാം. നിറവും പുറവും ആയിട്ടുള്ള ഒരു പഴയ നാലു
കെട്ടാണതു്. വിദ്യാർത്ഥികളെ “കണ്ണുമടനാക്കു”ന്നതി
നുള്ള ഒരു സ്ഥാപനത്തിൽ പ്രവേശനം കൂടി കണ്ണു കാ
ണാൻ പാടില്ലാത്ത വരാന്തയെന്നു് ഉദ്ദേശിച്ചായിരിക്കാം
നിര അവിടവിടെ വെട്ടിയിരുന്നു് ചെറിയ ജാലകങ്ങളും
ഉണ്ടാക്കിയിട്ടുള്ളതു്. ‘സമദർശി’യുടെ സ്ഥാപകനായ
ശ്രീമാൻ രാമൻമേനോൻ അന്നവിടെ ഒരു സഹാദ്ധ്യാ
പകനായിരുന്നു. അദ്ദേഹം ഞങ്ങളെ പഠിപ്പിച്ചുവന്ന
കെട്ടിടത്തിന്റെ തട്ടും അദ്ദേഹത്തിന്റെ തലപ്പാവുമായി
കഴിച്ചു് ഒന്നരച്ചാണിന്റെ അകലമേ കാണൂ. ഞങ്ങളു
ടെയായിരുന്ന ഒരു ഡ്രായിംഗ്മാസ്റ്ററുടെ തട്ടമ പുറകി
ലായിരുന്നതുകൊണ്ടു് അതു് ഉലാത്തിൽ തട്ടാറില്ല. അ
ങ്ങിനെയുള്ള വിദ്യാലയം കണ്ടു പഴകിയിട്ടുള്ള എന്റെ
കണ്ണുകളും ആ ഡ്രായിംഗ്മാസ്റ്റർ സ്വാമിക്കൊപ്പം
സ്വല്പമായി തിരിഞ്ഞു് തന്നെ കണ്ണു് മേലോട്ടുയർത്തി മുക
ളിലോട്ടു് ഉയർത്താൻ ഒരു വിദ്യുദ്ദീപവും ഇല്ലായിരുന്നു.
ആകാശസ്പൃശിയായ മൂന്നാംനിലയും കൈകളുയർത്തി നി
ല്പാറും, വരുന്ന വലുതായെങ്കിൽ അതിൽ അസാംഗത്യ
ത്തിനു് അവകാശം വകയില്ല. കണ്ണു മാത്രമല്ല വായും

നല്ലം ഇരുന്നിരിക്കണമെന്നാണു് എനിക്കിപ്പോഴും സം
ശയമുള്ളൂ. മെയ്യു കഴിച്ചു് വാദ്ധ്യാർവേലയ്ക്കു പോ
യിക്കഴിഞ്ഞാൽ ഇന്നത്തെ ഒരു വിദ്യാലയത്തിൽ ഒരു
പഠിക്കാൻ ഇനി ഈ തരത്തു് സാദ്ധ്യമാകുമോ എ
ന്നൊരു സന്ദേഹമിപ്പോൾ ഗൗരവമായി എന്നെ ബാധിച്ചു.

കാഴ്ചബംഗ്ലാവിലെ പക്ഷിമൃഗാദികളെ നോക്കി
രസിച്ചു നടക്കുമ്പോഴും പ്രസ്തുത വിചാരം എന്നെ വിട്ടു
മാറിയിട്ടുണ്ടായിരുന്നില്ല. നേരമ്പോക്കുകൾ പറഞ്ഞും
യഥാസഹജമായ വികൃതികൾ പലതും കാട്ടിയും നമ്മ്
ഞങ്ങൾ മൃഗീയം കെട്ടിടത്തിന്റെ മുൻവശത്തെത്തി.
അവിടെയാണല്ലോ ഫൌണ്ടൻ—ഒരു ആർട്ടിഫിഷ്യൽ
ഫൌണ്ടൻ (Artificial Fountain) എന്നതാണതു് കൂട്ടുകാ
രിൽ ഒരാൾ പറഞ്ഞുകേട്ടു് ഞങ്ങളുടെ മലയാളത്തിൽ
ഓരോ [illegible] പറയാതിരിക്കില്ല സന്ദർഭവ
ശാൽ ഞാനാണതു് പ്രയോഗിക്കാൻ മുതിർന്നു. ഇംഗ്ലീഷു
വിദ്യാലയത്തിൽ പഠിക്കുന്നവർ ഇന്നു ഉപയോഗിക്കുന്ന
“മണിപ്രവാള”ത്തിലായിരുന്നു വർത്തമാനം എന്നു് വിശേ
ഷിച്ചു പറയേണ്ടതില്ലല്ലോ.

മലയാളം പള്ളിക്കൂടത്തിൽ “[illegible]”ക്ക മാത്രം
ഇംഗ്ലീഷ് ഭാഷ പഠിപ്പിച്ചുവന്നു. “Dick had a hat
as well” എന്ന വാചകം “ഡിക്കിനു് കിണറുപോലെ
ഒരു തൊപ്പിയുണ്ടായിരുന്നു” എന്നു് ഒരു സഹപാഠി
പഠൻ പരിഭാഷപ്പെടുത്തിയതു് ഞാൻ നാലാംക്ലാ
സിൽ പഠിച്ചിരുന്നപ്പോഴാണു്. അതു മറന്നു് ഇംഗ്ലീഷുക്ലാ
സിൽ (അതായതു ഫോർത്തുക്ലാസ്) എത്തിയപ്പോഴേയ്ക്കും,

“Ba, Ba, Black Sheep
Have you any wool?”

എന്ന പദ്യശകലം

"കൃത്രിമമായ രചിക്കുന്ന പാപ
നിരാകരിക്കുന്നോ കിരാതിപ ഭോഗം?"

എന്നു് എന്റെ ഒരു സഹപാഠി തർജ്ജിമ ചെയ്തു. ഇം
ഗ്ലീഷുകാരോടു് അത്രത്തോളമൊക്കെ സഹവാസമുണ്ടായി
ട്ടേ എനിക്കു് ആ വസ്തുവിനെക്കുറിച്ചുള്ള സംഭാഷണ
ത്തിൽ അങ്ങും ഇങ്ങും ചില ഇംഗ്ലീഷുപദങ്ങൾ ഉച്ചരി
ക്കത്തിലുപയോഗിച്ചതിൽ അതു് എന്റെ സ്വന്തം
തന്നെ വലുതായ ഒരു ന്യൂനതയായിരിക്കും എന്നു തോ
ന്നി. ഞാനതു് മുൻ പറഞ്ഞ പുതിയ സമ്പ്രദായം ഒന്നു്
ഉപയോഗിക്കണമെന്നു് ഞാൻ ആഗ്രഹിച്ചു. അതി
ലാണു് എനിക്ക വളരെ ബുദ്ധിമുട്ടുണ്ടായതു്.

ആർട്ടിഫിഷ്യൽ എന്ന ഇംഗ്ലീഷുപദം അതിനു
മുൻപു് ഞാൻ കേട്ടിട്ടുള്ളതല്ല. അതിനോടു് സാമാന്യം
സാദൃശ്യമുള്ള മറ്റൊരു പദം അറിയാമായിരുന്നുതാനും.
അതാണു് "അഗ്രികൾച്ചറൽ" (Agricultural). ഈ
പദത്തിന്റെ അർത്ഥം അറിയാമായിരുന്നു എന്നല്ല
"അഗ്രികൾച്ചറു"മായി വിശേഷബന്ധമൊന്നും എനി
ക്കുണ്ടായിരുന്നുമില്ല. കരമനപ്പാലം കഴിഞ്ഞു് അല്പം
കിഴക്കോട്ടു പോയാൽ അവിടെ റോഡിന്റെ തെക്കു
വശത്തു് ഒരു ഗേറ്റിന്മീതെ അർദ്ധവൃത്താകൃതിയിൽ
ഒരു വലിയ ബോർഡ് കാണപ്പെട്ടിരുന്നു.
ഇംഗ്ലീഷും മലയാളവും വശമുള്ളവർ മാത്രമേ കാര്യം
മനസ്സിലാക്കാവൂ എന്നുള്ള നിർബന്ധംകൊണ്ടെന്ന
പോലെ മൂന്നു ഇംഗ്ലീഷുവാക്കുകളാണു് മലയാളലിപി
കളിൽ ആ ബോർഡിൽ എഴുതിയിരുന്നതു്. "അഗ്രി
കൾച്ചറൽ ഡെമൊൺസ്ട്രേഷൻഫാറം" (Agricultural
Demonstration Farm). കൃഷിയുടെ അഭ്യാസി ഭൂമി

പരിചയമുള്ള ഞാൻ ഈ വാക്കുകൾ മുഴുവനും ഹൃദിസ്ഥ മാക്കിയിരുന്നു. അതിലെ ആദ്യപദമാണ് കാര്യം ഗ്ലാവിലെ ഫൗണ്ടന് വിശേഷണമായി ഞാൻ പ്രയോ ഗിച്ചപ്പോഴാണ്. "നമ്മൾ ആ അഗ്രികൾച്ചറൽ ഫൗ ണ്ടന്റെ അടുത്തുവെച്ചു കണ്ടില്ലേ" എന്ന് സദസ്യരെയും ഞെട്ടിവിട്ടുകൊടുത്തു. കൂട്ടുകാർ പൊട്ടിച്ചിരിച്ച് ആർത്തു വിളിച്ചു തുള്ളിച്ചാടി പബ്ലിക്റോഡിൽ ഗതാഗതതട സ്സമുണ്ടാക്കിയിട്ടും എനിക്ക കാര്യം മനസ്സിലായില്ല. അതിലൊരാൾ സഹകരണം എന്റെ തെറ്റു തിരുത്തി തന്നു. ഞാൻ എന്റെ "താങ്ക്സും" പറഞ്ഞു. എന്നാൽ മറ്റൊരു വീരൻ വിട്ടില്ല. വീട്ടിലെത്തുന്നതി നിടയ്ക്ക് പതിനഞ്ചു പ്രാവശ്യം "അഗ്രികൾച്ചറൽ ഫൗണ്ടൻ" ആ നിർദ്ദയൻ ആവർത്തിച്ചു. ചുരുക്കിപ്പ റഞ്ഞാൽ ഞാൻ വെറും ഒരു ഇളിഭ്യനായിട്ടാണ് വീട്ടിൽ മടങ്ങിയെത്തിയത്. സാങ്കേതികം കയറാൻ ഒട്ടേറെ ഉള്ള മുപ്പും കൊട്ടി നടന്ന എനിക്ക് അതൊരു കണ്ടി തമുണ്ടാക്കി എന്ന് എഴുതി അറിയിക്കാൻ പ്രയാസം.

ഞാൻ പരീക്ഷയിൽ ജയിച്ച എന്നുള്ള വാർത്ത എന്നെക്കാൾ മുമ്പേ വീട്ടിലെത്തി എന്റെ സഹോ ദരന്മാരെയും സഹോദരിയെയും (അവർ മാത്രമേ അടുത്ത ബന്ധുക്കളായി ഉള്ളൂ) ആഹ്ലാദഭരിതരാക്കിയി രുന്നു. എന്നാൽ എനിക്ക് വലിയ സന്തോഷമൊന്നും ഉണ്ടായില്ല. "അഗ്രികൾച്ചറൽ ഫൗണ്ടൻ" എന്നെ നുറിച്ചുനോക്കിക്കൊണ്ട് മുമ്പിൽ നില്ക്കുമ്പോൾ സന്തോ ഷം എങ്ങിനെ ഉണ്ടാകും? പോരെങ്കിൽ ഫിസിക്സ് ലാബറട്ടറി കണ്ടപ്പോൾ ഉണ്ടായ അസംതൃപ്തിയും ഉണ്ട്. രണ്ടും കൂടി എന്നെ വല്ലാതെ വിഷമിപ്പിച്ചു. ദിവസങ്ങൾ കഴിയുന്തോറും കഴിച്ചുകൂട്ടുന്നം വരുത്തി ഞാൻ

വേഗം ഉറക്കറയിൽ കടന്നു. ഉറങ്ങാനല്ല. ഉറക്കം അന്നു സാദ്ധ്യമായിരുന്നില്ല. എന്തെന്നാൽ അവിടെയും ഉണ്ടായിരുന്നു "അഗ്രിക്കൾച്ചറൽ ഫെഡറേഷൻ." നേരേനേരെ നല്ല ആ സമയം കർണ്ണവിലാസിനിയായി നിവൃത്തയാകും നിദ്രാദേവി എങ്ങിനെ എന്നെ സമീപിക്കും? എന്തിനധികം. ഉരുണ്ടും പിരണ്ടും കിടന്ന് ഒരുവിധം നേരം വെളുപ്പിക്കുന്ന പുരാണത്തിൽ പറഞ്ഞാൽ വായനക്കാരെ മുഷിപ്പിക്കാതെ കഴിക്കാം.

ഇംഗ്ലീഷ് എന്തായാലും പഠിക്കണം എന്നുള്ള ഒരു ദൃഢവ്രതത്തോടെയാണ് പിറേറന്ന രാവിലെ ഞാൻ എണീററത്. "ജോലിക്ക് അപേക്ഷ കൊടുക്കണോ, അതോ ഇനിയും പഠിക്കണമോ?" എന്നായിരുന്നു എൻെറ രക്ഷകർത്താവായ മൂത്തജ്യേഷ്ഠൻെറ ആദ്യത്തെ ചോദ്യം. അതുകേട്ടിട്ടില്ലെന്നപോൽ, ദൈവം കല്പിച്ചതുപോൽ! ഇംഗ്ലീഷ് പഠിക്കണമെന്നുള്ള അത്യുൽക്കണ്ഠ "ഉത്താരം മേഘി" എന്ന പഴയ സാളൂരാന്തിയവർക്കാണ്ട് അത്യുൽപ്രാബല്യം തുടരെത്തുടരെ പറയിപ്പിച്ചപോലെ എൻെറ കാര്യത്തിലും പ്രവർത്തിച്ചില്ലയോ എന്ന് എനിക്കിന്നും സംശയമാണ്.

അന്നത്തെ കാളേജിനോട് അനുബന്ധിച്ചു നടത്തിവന്ന മഹാരാജാസ് ഇംഗ്ലീഷ് ഹൈസ്കൂളിലാണു ഞാൻ പ്രവേശനത്തിന് അപേക്ഷിച്ചത്. ഹെഡ്മാസ്റ്റർ സുപ്രസിദ്ധനായ മി. രഘുനാഥയ്യരായിരുന്നു. എൻെറ ഹയർപരീക്ഷാവിജയത്തെ ആദരിച്ച് അഞ്ചാം ഫാറത്തിൽ പ്രവേശനം നൽകാമെന്ന് അദ്ദേഹം പറഞ്ഞു. അപഹാസവിധേയനായ ആ സ്നേഹിതൻ അന്ന് ആ സ്കൂളിൽത്തന്നെ നാലാംഫാറത്തിൽ പഠിക്കുകയായിരുന്നതിനാൽ ഹെഡ്മാസ്റ്ററുടെ കാരുണ്യത്തെ ആശ്രയിച്ച് ആ യുവസാഹസികൻെറ മുകളിലത്തെ ക്ലാസ്സിൽ

കയറി ഇരിക്കാൻ എനിക്ക് ആഗ്രഹം തോന്നി. എങ്കിലും അപജയഭയം എന്നെ അതിന് അനുവദിച്ചില്ല. അതുകൊണ്ട് മൂന്നാംഫാറം ഞാൻ സ്വയം വരിച്ചു. അതു ഗുരുക്കന്മാരെ അത്യധികം വിസ്മയിപ്പിച്ചു. അങ്ങിനെയാണ് ഞാൻ ഇംഗ്ലീഷു പഠിക്കാനും ഇന്നത്തെ നിലയിൽ എത്തിച്ചേരാനും ഇടയായത്. മൂന്നാംഫാറത്തിലാണ് അന്ന ഞാൻ ചേർന്നതെങ്കിലും ഒരിക്കലും മറക്കാത്ത ആ സ്നേഹിതനെ അപ്പിഴനെ പിന്നിലാക്കിയെന്നു മാത്രമല്ല, ഞാൻ ബി. എ. പാസ്സായി കോളേജു വിട്ട സന്ദർഭത്തിൽ മാത്രമേ അദ്ദേഹത്തിന് ഒരു കോളേജു ക്ലാസ്സിൽ കാൽ കുത്താൻപോലും സാധിച്ചുള്ളു എന്നുള്ള പരമാർത്ഥം ഇവിടെ രേഖപ്പെടുത്തുന്നതു് ഒരു അഹങ്കാരമായി തോന്നിയാലും അനിവാര്യമാണ്.

ഇന്ന് തിരുവിതാംകൂറിന്ന വെളിയിൽ ഒരു ഉന്നത ഉദ്യോഗത്തിൽ പരിശോഭിക്കുന്ന ആ മാന്യസ്നേഹിതനോട് ഞാൻ ആജീവനാന്തം കടപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ അന്നത്തെ നിഷ്കളങ്കമായ സാഹസം കൊണ്ടല്ലെങ്കിൽ, എന്റെ ഹയർപരീക്ഷാവിജയം, ഫിസിക്സ് ലാബൊറട്ടറിയുടെ സ്മരണയെയും അതിലം ലിപ്പ് എന്നെ ഒരു മലയാളംസ്കൂൾ അദ്ധ്യാപകനാക്കുന്നതിന് സമർത്ഥമാകുമായിരുന്നു. എങ്കിൽ ഞാൻ ഇപ്പോൾ ഏതു സ്ഥിതിയിലായിരിക്കുമായിരുന്നു? കൂടി വന്നാൽ ഒരു വി. എച്ച്. സ്കൂൾ ഹെഡ്മാസ്റ്റർ! തല വെളുക്കാറായിട്ടും അപേക്ഷാഫാറത്തിൽ "മഹീയകളുടെ ദേശസേവനാപരിഹരണാർത്ഥം" എന്ന് കുറിക്കുന്ന മലയാളംസ്കൂൾ അദ്ധ്യാപകന്റെ മൂത്ത ചേട്ടൻ! അഹോ "നാഗിനംച്ചൂർ" ചെയ്ത ഉപകാരം!

III

തൃക്കണാമതിലകം

[പ്രസിദ്ധനായ മഹാകവി കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ പത്രാധിപരായിട്ട് ഒരു മാസികയും സ്വയം പ്രസിദ്ധീകരിച്ചിരുന്നു. എന്നിട്ടും സാഹിത്യം ചരിത്രപ്രബന്ധങ്ങളെല്ലാം എഴുതാറുണ്ടായിരുന്നതല്ലം അതിലൊന്നും ഒരു നവ്യ ചരിത്രലേഖനം കൂടി ചേർത്തിരുന്ന എന്ന തോന്നിക്കുന്നതു്. പണ്ട് മലയാളത്തെ ഭരിച്ചിരുന്ന പെരുമാക്കന്മാരുടെ രാജധാനിയായ കൊടുങ്ങല്ലൂരിന്റെ തെക്കേ അതൃത്തിയിൽ സ്ഥിതിചെയ്തിരുന്ന പ്രസിദ്ധപ്പെട്ട തൃക്കണാമതിലകം ക്ഷേത്രത്തിന്റെ നാശകാരണപ്രസിദ്ധമായ ചരിത്രവും അതിലൊരംശം ഈ ലേഖനത്തിൽ വിവരിച്ചിരിക്കുന്നു]

മലയാളത്തെക്കുറിച്ച് ശരിയായ ചരിത്രപുസ്തകങ്ങളൊന്നുമില്ലാതിരിക്കുന്നതു വലിയ പോരായ്മയാണെന്നും മററും നവീനവിദ്യാഭ്യാസമുള്ളവർ ആവലാതി പറയുന്നതു് ഏറെക്കുറെ വാസ്തവമായ ഒരു സംഗതിതന്നെയാണു്. പക്ഷേ നമ്മുടെ പൂർവന്മാർ നിർഭാഗ്യവശാൽ ഈ ഒരു വിഷയത്തിൽ അത്ര ദൃഷ്ടി വെയ്ക്കാതിരുന്നതിനാൽ, ഇപ്പോഴത്തെ പുതിയ കൂട്ടർ പ്രയത്നംകൂടി പരിശ്രമിച്ചാലും മലയാളത്തിന്റെ പൂർവചരിത്രം ഏതു വിധത്തിലെങ്കിലും ഒരു ഗ്രന്ഥമാക്കിത്തീർക്കുവാൻ അത്ര എളുപ്പത്തിലൊന്നും സാധിക്കയില്ലെന്നു തീർച്ചയായി പറയാം. എന്നാൽ അങ്ങു വിചാരിച്ചു് നാം ഈ കാര്യത്തിൽ ഒന്നും

പ്രാന്തികതിരിക്കാനും ഇപ്പോഴത്തെ പരിഷ്കൃതരീ
തിയെ വെന്നല്ല. അതുകൊണ്ട് നമ്മുടെ കാവ്യബന്ധന്മാർ
പറഞ്ഞുവരുന്ന ചില ഐതിഹ്യങ്ങളെ ശേഖരിച്ചിട്ട്,
നമ്മെ വൃദ്ധന്മാരെന്ന പറയുവാൻ തക്കവണ്ണം ഇനിയു
ണ്ടാവുന്ന അനന്തിരവന്മാരായ നവീനപണ്ഡിതന്മാർക്ക
സൂക്ഷ്മാസൂക്ഷ്മവിവേചനം ചെയ്ത ശരിയായ ഒരു ചരിത്ര
പുസ്തകം ഉണ്ടാക്കിത്തീർക്കുന്നതിന്ന വേണ്ട വകുപ്പ്
സമ്പാദിച്ചുവെപ്പാൻ മാത്രമെങ്കിലും നാം ഇപ്പോൾ
യഥാശക്തി ശ്രമിക്കാതെ കഴികയില്ലെന്നു വന്നിരിക്കുന്നു.
ചുരുക്കിപ്പറയുന്നതായാൽ നമ്മുടെ മലയാളത്തിന്ന ചരി
ത്രകാരന്മാരായിട്ടില്ല; ഐതിഹ്യകാരന്മാരേ ആയിട്ടുള്ളു. എ
ങ്കിലും 'കാലത്തിന്നൊത്ത കോലം' എന്ന പഴഞ്ചൊല്ലു
പ്രകാരം പഴമക്കാർ പറഞ്ഞുകേട്ടിട്ടുള്ള ഒരു വലിയ
ഐതിഹ്യത്തെ നമ്മുടെ ചരിത്രത്തിന്നുള്ള പ്രസ്താ
വനയായി ചേർക്കുന്നത് ഒട്ടുംതന്നെ അനാവശ്യമായിരി
ക്കുകയില്ലെന്നാണ് എന്റെ വിശ്വാസം.

പ്രാചീനകേരളത്തിൽ പരിഷ്കാരത്തിന്ന പരി
പൂർത്തി ഉണ്ടായിട്ടുള്ളതു പെരുമാക്കന്മാരുടെ വാഴ്ചക്കാല
ത്തായിരുന്നു എന്ന പ്രസിദ്ധമാണല്ലോ. അക്കാലത്തു
കേരളത്തിന്റെ തലസ്ഥാനം കൊടുങ്ങല്ലൂരായിരുന്നു. ഈ
പ്രധാന പട്ടണം കൊടുങ്ങല്ലൂർ മുതൽ 'തൃക്കണാമതി
ലകം' എന്ന കേൾവി കേട്ടിരുന്ന മഹാക്ഷേത്രത്തിന്റെ
വടക്കെ ഗോപുരത്തിവരെ നീണ്ടുകിടന്നിരുന്നു എന്നു മാത്രം
പറഞ്ഞാൽ ഇതിന്ന് അന്നുണ്ടായിരുന്ന വിസ്താരം എത്ര

യാതൊന്നും വായനക്കാർക്ക് സാമാന്യമൊന്നു ഊഹിക്കാമെല്ലൊ. ഈ മഹാക്ഷേത്രമായിരുന്നു അക്കാലത്തു കേരളത്തിലുള്ള മററെല്ലാ ക്ഷേത്രങ്ങളിലും വെച്ച് അധികം പ്രധാനപ്പെട്ടതും. പനിയൂർ, ശുകപുരം (ചൊവ്വരം) മുതലായ പ്രധാനപ്പെട്ട ഗ്രാമക്ഷേത്രങ്ങൾപോലും അന്ന് ഈ മഹാക്ഷേത്രത്തിന്റെ കീഴിലായിരുന്നു എന്നു തന്നെ പറയണം. എന്തുകൊണ്ടെന്നാൽ അവയെല്ലാം പ്രത്യേകം ഓരോ ഗ്രാമക്കാരുടെ ഗ്രാമപരദേവക്ഷേത്രങ്ങളേ ആയിരുന്നുള്ളൂ. തൃക്കണ്ണാമതിലകമാം, കേരളത്തിലുള്ള നമ്പൂതിരിഗ്രാമക്കാർക്കും പൊതുവിലുള്ള ഒരു ക്ഷേത്രമായിരുന്നു എന്നു മാത്രമല്ല, ധനപുഷ്ടി, പതിവായും വിശേഷിച്ചുമുള്ള ഓരോ അടിയന്തിരങ്ങൾ, ഉത്സവങ്ങൾ, ഉപാസനാക്രമങ്ങൾ, ഈശ്വരചൈതന്യം എന്നിവകൊണ്ടും തൃക്കണ്ണാമതിലകം തന്നെയാണ് അന്ന് മറെറല്ലാ ദേവാലയങ്ങളേയും അതിശയിച്ചു നിന്നിരുന്നത്. അക്കാലങ്ങളിൽ ഈ മഹാക്ഷേത്രത്തിന്റെ അതിവിശാലമായ കല്പ്പുരയിൽ കേരളത്തിലുള്ള സകല ബ്രാഹ്മണരുടെയും ഒരു മഹായോഗം (വലിയസഭ) നിത്യസന്നിഹിതമായിരുന്നു. അന്ന വേദശാസ്ത്രാദിപാഠങ്ങളുടെ പരിപൂർത്തി വരുത്തുക മാത്രമല്ല, മതവിഷയങ്ങളായും ആചാരവിഷയങ്ങളായുമുള്ള വരുന്ന കാര്യങ്ങളെ സംബന്ധിച്ചും, സമുദായത്തിന്റെ ഗുണദോഷങ്ങളെ ഉദ്ദേശിച്ചും മററുമുള്ള സകല കാര്യങ്ങളിലും വാദപ്രതിവാദം ചെയ്തു സംശയനിവൃത്തി വരുത്തി ഒരു തീർപ്പുവിധി കല്പിക്കുന്നതും ഈ മഹാബ്രാഹ്മണസമാജത്തിൽ തന്നെയായിരുന്നു. കേരള

ചക്രവർത്തികളായ പെരുമാക്കന്മാരുടെ ഒരു പാർല്ലിമെൻറുസഭ തന്നെയായിരുന്നു ഈ മഹാസമാജം എന്നു കൂടി പറഞ്ഞാൽ ഇതിൻെറ മാഹാത്മ്യാതിശയത്തെക്കുറിച്ചു് ചുരുക്കത്തിൽ എല്ലാ വിവരണവും കഴിഞ്ഞു.


പെരുമാക്കന്മാരുടെ വാഴ്ചക്കാലത്തിനു ശേഷവും കുറെ കാലത്തോളം ഈ മഹാക്ഷേത്രം വളരെ പുഷ്ടിയോട്ടുകൂടിത്തന്നെ നിന്നിരുന്നു. മഹാബ്രാഹ്മണരുടെ, എന്നുവെച്ചാൽ കേരളത്തിലുള്ള ജനസമുദായപ്രതിനിധികളുടെ, ആ മഹായോഗവും പിന്നീടു ചില ശതാബ്ദങ്ങളോളം ഇവിടെത്തന്നെയാണു കൂടിയിരുന്നതു്. എന്നാൽ കൊല്ലവർഷാരംഭത്തിന്നു മുമ്പായി കലിവർഷം ൩൬൬൬-ാമാണ്ടു് പന്നിയൂർ ഗ്രാമക്കാർ വരാഹമൂർത്തിയെ ചുട്ടുപൊളിച്ചതായി പറയുന്ന കാലത്തിനും, "കൊലാശ്ശേരി യോഗിയാതിരിപ്പാടു്" എന്ന പ്രസിദ്ധനായ മഹാപുരുഷൻ 'തൃശ്ശിവപേരൂർ തിലകം' പുഷ്ടി വരുത്തിയതായി പറയുന്ന കാലത്തിനും ഇടയ്ക്കാണു് 'തൃക്കണാമതിലകം' നശിച്ചുപോയതെന്നു് ഊഹിക്കപ്പെട്ടിരിക്കുന്നു. പന്നിയൂർ ഗ്രാമം ക്ഷയിച്ചതിൽ പിന്നെയാണു് ഇരിങ്ങാലക്കുട ഗ്രാമം ഉയർന്നതെന്നും, കൊലാശ്ശേരി യോഗിയാതിരിപ്പാടാണു് തൃക്കണാമതിലകത്തുണ്ടായിരുന്ന മഹാബ്രാഹ്മണയോഗം തൃശ്ശിവപേരൂർ ക്ഷേത്രപ്രിയക്ഷേത്രത്തിലേക്കു മാറിയതെന്നും പ്രസിദ്ധിയുണ്ടു്. തൃക്കണാമതിലകത്തിൻെറ നാശവും, ഇരിങ്ങാലക്കുട ഗ്രാമത്തിൻെറ ഉയർച്ചയും തമ്മിൽ എന്തോ ഒരു ദൃഢമായ സംബന്ധമുണ്ടെന്നു തോന്നുന്നതിനാലാണു് ഈ തൃക്കണാമതിലകം നശിച്ചതു് മുൻ പറഞ്ഞ കാലത്തായിരിക്കണമെന്നു് ഊഹിക്കുവാനിടവരുന്നതു്.

ഒടുക്കത്തെ ചേരമാൻപെരുമാളായിരുന്ന ഭാസ്കര രവിവർമ്മ കുലശേഖരപ്പെരുമാൾ രാജ്യാധികാരം വിട്ടൊഴിയുകയാൽ, കൊടുങ്ങല്ലൂർ നാട്ടകം മുഴുവൻ ചെറുതാണിക്കളും ഗ്രാമത്തിന്റെ അദ്ധ്യക്ഷനായ പടിഞ്ഞാറേടത്തു ഭട്ടതിരിക്കാണു ദാനപ്രകാരം അധികാരപ്പെടുത്തീട്ടുള്ളതെങ്കിലും, തൃക്കണാമതിലകം ക്ഷേത്രകാര്യം പടിഞ്ഞാറെ നടനാഷിച്ചുവന്നിരുന്നതു തെക്കേടത്തു നായരെന്നും വടക്കേടത്തു നായരെന്നും പേരായിരുന്ന രണ്ടു നായർ കുടുംബക്കാരായിരുന്നു. അതിനാൽ അദ്ദേഹം തന്റെ അധികാരകാലത്തു് അവരുടെ മേൽ ഒരു രാജ്യാധികാരം മാത്രമേ വഹിച്ചിരുന്നുള്ളു. ക്ഷേത്രത്തിലെ ഉത്സവാദികളുടെ നിലയിൽ സകല കാര്യങ്ങളും അവർ തന്നെയാണു നടത്തിപ്പോന്നിരുന്നതു്. ആ ക്ഷേത്രത്തിനു സകല വിധത്തിലും പുഷ്ടി വരുത്തുവാൻ ഇവർ സന്നദ്ധരായിരുന്നു. ഇവരുടെ പ്രാബല്യത്തിനും ധനപുഷ്ടിക്കും എതിരില്ലാതിരുന്നതിനാൽ ക്ഷേത്രത്തിനു ക്രമേണ അധികമായ പുഷ്ടി കൂടി വന്നിരുന്നു. തൃപ്പേക്കുളം, ഗുരുവായൂർ മുതലായ മഹാക്ഷേത്രങ്ങൾ പലതും ഈ ക്ഷേത്രത്തിന്റെ കീഴേടങ്ങളായിരുന്നതിനാൽ അവയും ഇവർ വേണ്ടപോലെ പുഷ്ടി വരുത്തിക്കൊണ്ടിരുന്നു. ഈ മഹാക്ഷേത്രത്തിന്റെ 'മതിലകം', 'തൃപ്പേക്കുളത്തു' വലവും, 'ചൊവ്വ'ക്കെണിയമ്പലവും പുറത്തുള്ള ചെറു ദേവന്മാരുടെ ക്ഷേത്രങ്ങളുമായി ഏതാണ്ടു ഒന്നര നാഴികയോളം വിസ്തൃതമായിരുന്നു. ഈ മതിലകത്തിന്റെ വിസ്താരം നിമിത്തമാണു് ആ ദേശത്തിനു തന്നെ 'മതിലകം' എന്ന പേരു വന്നതു്. ഇപ്രകാരം ആ മഹാക്ഷേത്രവും മതിലകവും പരിപൂർണ്ണമായിട്ടും

'മതിലകം' എന്ന പേർ മാത്രം ശേഷിച്ചിരിക്കുന്നു. ഇക്കാ
ലത്തു് ആ ക്ഷേത്രത്തിന്റെ സൂചകമായി വലിയകുളം
ഒന്നു മാത്രമേ അവിടെ കാണുന്നുള്ളു.

അക്കാലത്തു് അങ്ങിനെയുള്ള മതിൽക്കെട്ടിന്നു
പുറമേ ഒരു മതിൽക്കെട്ടും കൂടിയുണ്ടാക്കി അതാതിന്നു
ള്ളിൽ അവസ്ഥാനുസാരേണ ഓരോ ജാതിക്കാരുടെ ഭവ
നങ്ങളും ക്രമത്തിൽ ഉണ്ടാക്കിച്ചു് ആ പ്രദേശം 'ശ്രീരംഗം'
പോലെ ഭംഗിയാക്കിത്തീർക്കണമെന്നുള്ള ഉദ്ദേശ്യത്തോടു
കൂടി ഏകശാസനക്കാരും കേരളപ്രബലന്മാരുമായ നായ
ന്മാർ ഉത്സാഹിച്ചു പുറപ്പെട്ടു. അവരുടെ ഈ ഉദ്യമ
ത്തിന്നു് ഉടനെ വലിയ വിരോധക്കാരും ഉണ്ടായി. ഈ
വിരോധകക്ഷിക്കാർ ഇരിങ്ങാലക്കുടക്കാരല്ലാതെ മററാരു
മായിരുന്നില്ല. അവർക്കതിൽ പ്രത്യേകം തടസ്ഥം പറയു
വാൻ നല്ല കാരണവുമുണ്ടായിരുന്നു. ഒടുക്കത്തെ മതിൽ
ക്കെട്ടു് ഇരിങ്ങാലക്കുട ഗ്രാമത്തിന്റെ സങ്കേതത്തിൽ
കടന്നു കെട്ടേണ്ടിവന്നതിനാൽ അവർക്കതിൽ കലശ
ലായ വൈരസ്യം ജനിച്ചു. എന്നാൽ അതിപ്രബലന്മാ
രായ മതിലകത്തുകാരുണ്ടോ ദുർബ്ബലന്മാരും സാധുക്കളും
ആയ ഇരിങ്ങാലക്കുടക്കാരുടെ വൈരസ്യം വകവെയ്ക്കുന്നു?
ഇരിങ്ങാലക്കുടക്കാരുടെ ശൗര്യവും സങ്കടവും കണ്ടപ്പോഴും
ഒടുവിലെ മതിൽക്കെട്ടു് ആദ്യംതന്നെ തീർത്തുകളയാമെ
ന്നാണു് നായന്മാരുറച്ചതു്. അവർ മുറയ്ക്കു കിടങ്ങു
കോരി പണി നടത്തിച്ചുതുടങ്ങി. അതിൽ മററു കൂട്ടർക്കു
വളരെ സങ്കടമായി. ആ ഗ്രാമസങ്കേതവാസികളിൽ
പ്രമാണികളായ നമ്പൂരിമാർ ഒന്നിച്ചുകൂടി ആലോചിച്ചു്
നായന്മാരോടു നേരിട്ടുതന്നെ വിരോധം പറഞ്ഞുനോക്കി.
ബ്രാഹ്മണരെക്കൊണ്ടും തങ്ങളുടെ ഈശ്വരനോടും മഹാ
[illegible] ശ്രീനാഥനെ വിചാരിച്ചുറപ്പിച്ചിട്ടുള്ള മതിലകത്തു

നായന്മാർ ആ മഹാബ്രാഹ്മണവാക്കം നിരാകരിച്ചതേയുള്ളു.



ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രം.

ഇവരുടെ ഈ അതിക്രമത്തിൽ മതിലകത്തു യോഗക്കാരായ ബ്രാഹ്മണരുടെ മദ്ധ്യസ്ഥവിധിപോലും ഫലിച്ചില്ലെന്നേ വേണ്ടു. 'വിനാശകാലേ വിപരീതബുദ്ധിഃ' എന്ന പറഞ്ഞ മട്ടത്തിൽ, ആപത്തടുത്തിരിക്കുമ്പോൾ എന്തു സദുപദേശം ചെയ്താലും നേരെ തോന്നാൻ പ്രയാസമാണല്ലോ. ഇങ്ങനെയൊക്കെയായിട്ടും ഇരിങ്ങാലക്കുടക്കാരും ക്ഷമിച്ചുപോയില്ല. നിവൃത്തിയുണ്ടെങ്കിൽ ഇതു മുടക്കണമെന്നുതന്നെ അവർ നിശ്ചയിച്ചു. ഇരിങ്ങാലക്കുടക്കാരുടെ ഐക്യമത്യം നാനാമുതല്ക്കാണേ പ്രസിദ്ധമായിത്തീർന്നു; ആ ഗ്രാമസങ്കേതത്തിൽ പെട്ട സകലജാതിക്കാരും ആബാലവൃദ്ധം ഒത്തൊരുമിച്ച് മതിലു കെട്ടുന്ന സ്ഥലത്തു ചെന്നിട്ട് 'അയ്യോ, അരുതേ! ഞങ്ങളുടെ ഗ്രാമസങ്കേതത്തിൽ കടന്നു നിങ്ങൾ മതിലു കെട്ടരുതേ!', എന്നു വിളിച്ചു നിലവിളിച്ചു. ഇതുകൊണ്ട് അവരുടെ കണ്ണീരല്ലാതെ, മതിലകത്തുകാരുടെ ദുർനിശ്ചയത്തിനു ലവലേശവും ഇളക്കം തട്ടിയില്ല. ഒരു ഭാഗക്കാർ വന്നു നിലവിളി കൂട്ടുന്നു; മറ്റവർ മുറയ്ക്കു മതിലു കെട്ടുന്നു. ഇരിങ്ങാലക്കുടക്കാരും അവരെപ്പോലെ സ്വാർത്ഥപ്രതിപത്തി വിട്ടില്ല. മതിലകത്തുകാർ അതിപ്രബലന്മാരാകയാൽ അവരോടു കയ്യൂക്ക് പ്രയോഗിച്ചു ജയം നേടിക്കളയാമെന്ന് ഇരിങ്ങാലക്കുടക്കാർ വിചാരിച്ചതേയില്ല. അവർ കൂട്ടം കൂടി ഒന്നായി നിന്നു നിലവിളിച്ചു പറകയും, ഗ്രാമപരദേവതയായ ഭരതസ്വാമിയെ ('സംഗമേശ'നെന്നും 'കൂടൽമാണിക്യ'മെന്നും ഇവരുടെ പരദേവതയ്ക്കു പേർ സിദ്ധിച്ചതു പിന്നെയും കുറേക്കാലം കഴിഞ്ഞിട്ടാണ്) പിടിച്ചു ശപഥം ചെയ്കയും, എതിരാളികൾ നശിക്കുവാൻ പ്രാർത്ഥിക്കയും ചെയ്തുനോക്കി. അതുകൊണ്ടൊന്നും യാതൊരു ഫലവും ഉണ്ടായില്ല.

ഒടുവിൽ അവർ മതിൽ കെട്ടുന്ന സ്ഥലത്തു ചെന്നു നിരന്നു കിടന്നു് തന്താങ്ങളുടെ ശരീരംകൊണ്ടു തടസ്ഥം ചെയ്തു നോക്കുക എന്നായി. അതിൽ മതിലകത്തുകാൎക്കു വലിയ ധൎമ്മസങ്കടമായിത്തീൎന്നു. എങ്കിലും സ്ഥിരോത്സാഹന്മാരായ നായന്മാരുടെ ആളുകൾ ഇവരെ ഒരുപുറത്തു നീക്കുമ്പോഴേയ്ക്കും അവർ മറെറാരു പുറത്തു നിരന്നുകഴിയും. ഇങ്ങിനെ വലിയ ഒരു കോലാഹലമായിത്തീൎന്നു. ഒരു കക്ഷിയിൽ വേദവേദാംഗവേദികളും, ശ്രൌതസ്മാൎത്തവിധിവിശാരദന്മാരും, ഷൾകൎമ്മനിരതന്മാരും, വൎണ്ണാശ്രമനിഷ്ഠയുള്ളവരും, മഹാതപസ്വികളുമായ തരണനല്ലൂർ ഗ്രഹക്കാർ മുതലായ അനേകം ഉത്തമ ബ്രാഹ്മണരും, അവരുടെ അധീനത്തിലുള്ള മററു പല ജാതിക്കാരുമായിരുന്നു. മറുകക്ഷിയിൽ മഹാ ധീരന്മാരും, സ്ഥിരനിശ്ചയന്മാരും, ഏററവും ജനസ്വാധീനമുള്ളവരും, മഹാ ധനികന്മാരും, ആയുധപ്രയോഗത്തിൽ അതിവിദഗ്ദ്ധന്മാരും, ശൂദ്രന്മാരും, അപരാജിതന്മാരുമായ നായന്മാരും, അവരുടെ ആജ്ഞയിൻകീഴിൽ നില്ക്കുന്ന അസംഖ്യം മററു ജാതിക്കാരുമായിരുന്നു. ഇരുപക്ഷക്കാരുടെയും ഉദ്യമം കുലദൈവപ്രതിപത്തി മൂലമായിരുന്നതാനും. അവർ തമ്മിൽ നടന്ന ലഹളയിൽ മഹാബ്രാഹ്മണരെ മാത്രം ഉപദ്രവിക്കുവാൻ വളരെ മടിയുള്ള നായന്മാരുടെ കല്പനയനുസരിച്ചു് അവരുടെ ഭടന്മാർ ബ്രാഹ്മണരെ എല്ലാം ബലാൽക്കാരേണ കൊണ്ടുപോയി ഒരു വലിയ അഗ്രശാലയിലിട്ടടച്ചു തടവിൽ പാൎപ്പിക്കയും, മററുള്ളവർ ആരെങ്കിലും മതിൽ കെട്ടുന്നേടത്തു വന്നു നിരന്നു കിടന്നാൽ അവരുടെ മേൽ കല്ലു പടുത്തു മതിലു കെട്ടുകയും ചെയ്തു. എന്തിനധികം വിസ്തരിക്കുന്നു! സാഹസം നിറഞ്ഞതും ഇങ്ങിനെയുള്ള ആ പുരമതിലിന്റെ അസ്ഥിവാരം,

'അനധികാര'മായിത്തീൎന്നു എന്നു പറഞ്ഞാൽ കഴിഞ്ഞു
വല്ലോ.

മലയാളത്തിലുള്ള മഹാബ്രാഹ്മണർ മുതലായ
സകല ദ്വിജവൎഗ്ഗങ്ങൾക്കും സന്ധ്യാവന്ദനം തുടങ്ങിയുള്ള
നിത്യകൎമ്മങ്ങളിൽ നൈരന്തൎയ്യം വരുത്തിക്കൂടാ എന്നു
നിഷ്കൎഷയുണ്ടായിരുന്നതും ആദ്യമായി തെററിത്തുടങ്ങിയതു്
തന്നെമുതല്ക്കാണു്. തടവിൽപെട്ടുപോയതിനാൽ സന്ധ്യാ
വന്ദനം, ഔപാസനം മുതലായ നിത്യകൎമ്മങ്ങൾക്കു മുട
ക്കം പററിയ മഹാബ്രാഹ്മണൎക്കു് അന്നുണ്ടായ മനോ
വ്യസനം ഇന്ന പ്രകാരത്തിലായിരുന്നു എന്നു പറഞ്ഞറി
യിക്കുവാൻ തീരെ പ്രയാസംതന്നെ! അന്നു സംഭവി
ച്ചതായ ആ അത്യാപത്തിനെ സൂചിപ്പിച്ചിട്ടാണു് ഇന്നും
ഇരിങ്ങാലക്കുട ഗ്രാമത്തിൽ പെട്ട സകല ദ്വിജവൎഗ്ഗ
ക്കാരും സന്ധ്യാവന്ദനത്തിന്നു് ഏകാൎഘ്യം (ഒരു ഉരുക്കല്ലു്)
മാത്രമായി നടത്തിപ്പോരുന്നതു്. എന്നാൽ ഈ ഗ്രാമ
ത്തിൽ പെട്ട മൂന്നില്ലക്കാൎക്കു് ഇപ്പോഴും മൂന്നൎഘ്യമായിട്ടും
കഴിച്ചുവരുന്നുണ്ടു്. ഈ അപവാദത്തിനുള്ള കാരണം
അന്നു മൂന്നില്ലക്കാർ ഈ യോഗത്തിൽ ചേരാഞ്ഞിട്ടോ,
അവൎക്കു വല്ല സംഗതിവശാലും സന്ധ്യാവന്ദനം മുടങ്ങു
വാനിടവരാഞ്ഞിട്ടോ, എന്താണെന്നു സൂക്ഷ്മമായി പറയു
വാൻ സാധിക്കയില്ല. ശുകപുരം, പെരുമനം, ഐരാ
ണിക്കുളം, വെന്നനാട്ടു് ഈ ഗ്രാമങ്ങളിലുള്ള നമ്പൂതിരി
മാരിലും ഉദ്ദേശം ചിലർ ഏകാൎഘ്യക്കാരായിട്ടുണ്ടു്.
അവരും ഇതുപോലെ വല്ല കാരണത്താലും വിഘ്നസംഗം
വന്നുപോയവരുടെ വംശശാഖയിൽ പെട്ടവരായിരിക്കാം.
എന്തായാലും മേൽപറഞ്ഞ അപൂൎവ്വസംഭവത്തിന്നുശേഷം
ഇരിങ്ങാലക്കുടക്കാരെല്ലാവരും മതിലകത്തുള്ളതിന്നു പിൻവ

ലിച്ചു. മതിലകത്തുകാരുടെ ഈ സാഹസപ്രവൃത്തിയിൽ
മററുള്ള മഹാബ്രാഹ്മണർക്കും അവരുടെ മേൽ വൈരസ്യം
ജനിക്കുവാനിടയായി. ഇക്കണ്ടമതിലകത്തു കളപ്പുരയിൽ
കൂടിയിരുന്ന യോഗക്കാർ നമ്പൂതിരിമാരും ഓരോരുത്ത
രായി ഒഴിച്ചുപോകുവാൻ തുടങ്ങി. രക്ഷാധികാരിസ്ഥാനം
വഹിച്ചിരുന്ന പടിഞ്ഞാറേറടത്തു പട്ടേരിയും ഈ നായ
ന്മാർക്കു ചില നിരോധകല്പനകളയച്ചു. എന്നാലിത്രയൊ
ക്കെയായിട്ടും സ്ഥിരനിശ്ചയന്മാരായ നായന്മാർ ശ്രമിച്ച
കാര്യത്തിൽ നിന്നു് ഒരടിയെങ്കിലും പിന്നോക്കം വെച്ചു
തുമില്ല.

ഇരിങ്ങാലക്കുടക്കാർ കൂട്ടത്തോടെ മടങ്ങിപ്പോന്ന
തിന്റെ ശേഷം, മഹാബ്രാഹ്മണരെല്ലാരുംകൂടി "പട്ടിണി"
എന്ന ആഭിചാരകർമ്മത്തിന്നാരംഭിച്ചു. ഇതു് അത്യാപ
ത്തിൽ പെട്ട കേരളബ്രാഹ്മണർ ശത്രുക്കളുടെ നേരെ
പ്രയോഗിക്കുന്നതിനുള്ള ഒരു ബ്രഹ്മാസ്ത്രമായിട്ടാണു പണ്ടു
ള്ളവർ കരുതിപ്പോന്നിരുന്നതു്. ഇരിങ്ങാലക്കുടക്കാർക്കു്
ഇതല്ലാതെ മറെറാരു് ആയുധം പ്രയോഗിച്ചുനോക്കുവാ
നില്ലാതായിത്തീർന്നതിനാൽ അവരെല്ലാവരും അവിടെ
ക്ഷേത്രത്തിലൊത്തുകൂടി മേൽപറഞ്ഞ ആഭിചാരകർമ്മം
ആരംഭിച്ചു. അഹസ്സു പകുന്നാൽ കുളിച്ചു നിത്യകൃത്യങ്ങളും
കഴിച്ചതിനു ശേഷം എല്ലാവരും ശത്രുസംഹാരകരങ്ങളായ
മന്ത്രങ്ങളെക്കൊണ്ടു തങ്ങളുടെ പരദേവതയെ സേവിച്ചു
കൊണ്ടിരിക്കും. ഇങ്ങനെ മദ്ധ്യാഹ്നംവരെ സേവ കഴി
ഞ്ഞാൽ വന്നുകൂടിയ ബ്രാഹ്മണർക്കൊക്കെ ചതുർവ്വിധവിഭവ
ങ്ങളോടുകൂടിയ സദ്യയുടെ വട്ടമായി. ദൂരദേശങ്ങളിൽ നിന്നും

മററും വിശന്നുവരുന്ന അതിഥികളും വേറെയുള്ളവരും എല്ലാംകൂടി സമസ്തപന്തിയിൽ നിരന്നിരുന്നാൽ സകല ഭക്ഷണസാധനങ്ങളും വിളമ്പി "കഴിക്ക നിർവ്വിഘ്നം." ബ്രാഹ്മണർ ഉണ്ണു കഴിക്കുന്നതിനു മുമ്പായി ആ യോഗത്തിൽപെട്ട നാലു ബ്രാഹ്മണർ തങ്ങൾക്കു നേരിട്ട സങ്കടം ഇവരുടെ മുമ്പാകെ ചെന്നു "വിളിച്ചുചൊല്ലി കേൾപ്പിച്ചിട്ട്" ഈ സങ്കടത്തിനു നിവൃത്തി വരുത്തിത്തരേണ നിങ്ങൾ ഉണ്ണാവു എന്നു പ്രാർത്ഥിക്കുകയായി. "അങ്ങിനെ തന്നെ" എന്ന് അവർ ശപഥംചെയ്തു കൈകഴുകിത്തൊഴുതേററിട്ട് എല്ലാവരുംകൂടി ശത്രുസംഹാരമായ ഒരു വലിയ അഥർവ്വണഹോമവും ജപവും മററുമായി നേരം സന്ധ്യയാക്കും. സന്ധ്യാവന്ദനത്തിനു ശേഷവും ഈ ക്രിയയുടെ അവശേഷം നടത്തീട്ടു കേവലം പ്രാണരക്ഷയ്ക്കു മാത്രം പാകംചെയ്യാത്ത വല്ല ഫലമൂലങ്ങളും പച്ചവെള്ളവും കഴിച്ചു കിടന്നുറങ്ങും. അഹസ്സു പകർന്നാൽ പിന്നെ പിറെറദിവസവും കൃത്യം ഇതുതന്നെ.

അങ്ങിനെ ഇവർ ഒരു മണ്ഡലം (നാല്പത്തൊന്നു ദിവസം) ഈ ക്രിയ നടത്തിപ്പോന്നു. അപ്പോഴയ്ക്ക് മതിലകത്ത് ഊരാളന്മാരായ തെക്കേടത്തു നായരും വടക്കേടത്തു നായരും തമ്മിൽ ഒരു നിസ്സാരമായ സംഗതിയിൽവെച്ച് അന്തഃച്ഛിദ്രം മുഴുത്തുവശായി. തെക്കേടത്തു നായന്മാരിൽ ഒരു ചെറുപ്പക്കാരൻ ഒരു പന്നിയെ നായാടി ഓടിച്ച് വടക്കേടത്തു നായന്മാരുടെ സ്ഥലത്തു വെച്ച് എയ്തുകൊന്നു. വടക്കേടത്തു നായന്മാരിൽ ഒരുവൻ അതു

കഴിഞ്ഞിട്ടു് ഈ പന്നി ഞങ്ങളുടെ സ്ഥലത്തു വന്നു ചത്തതാ
കയാൽ ഞങ്ങൾക്ക കിട്ടേണ്ടതാണെന്നു നേരംപോക്കായി
പറഞ്ഞു. മറേറ ചെറുപ്പക്കാരൻ ഇതിനു കുറെ അധിക
പ്രസംഗവും അധിക്ഷേപവും ആയിട്ടാണു് മറുപടി പറ
ഞ്ഞതു്. അതു് ഈ ആൾക്കു രസിച്ചില്ല. എന്തിനധികം
പറയുന്നു? അവർ തമ്മിൽ വാക്കു മൂത്തിട്ടൊടുക്കം
ആയുധമെടുത്തു വെട്ടും കുത്തുമായി. കാരണവന്മാർ അതു
കേട്ടു വന്നു് ഇരുഭാഗവും അനന്തിരവന്മാരെ സഹാ
യിച്ചു് കലഹം മുഴുപ്പിച്ചു് ഇരുകക്ഷിക്കാരും ആൾശേ
ഖരത്തോടുകൂടി വലിയ യുദ്ധത്തിനൊരുമ്പെട്ടു. ചെറുവാ
മണപ്പുറത്തുകാർ മുഴുവനും ഇവരുടെ ഓരോ കക്ഷിയിൽ
ചേൎന്നു. ലഹളയും വളരെ ഭയങ്കരമായിത്തുടങ്ങി. ദരിദ്രാ
നോപജീവികളായ ഇരിങ്ങാലക്കുടെ ഗ്രാമിണികളും ആൾക്കാ
രോടുകൂടി ഇതിന്നിടയിൽ കടന്നു രണ്ടു ഭാഗത്തും അസം
ഖ്യം ആളുകളെ കൊന്നൊടുക്കി. ഈ വലിയ കലശലി
ന്നിടയിൽ തെക്കേടത്തു നായന്മാരുടേയും വടക്കേടത്തു നായ
ന്മാരുടേയും വംശം മുഴുവനും മുടിച്ചു വീടുകളും ചുട്ടുപൊ
ടിച്ചു. ഇതുകൊണ്ടും കഴിഞ്ഞില്ല, പിന്നത്തെ കലാപ
മാണു് ഇതിലും കഠോരമായിത്തീൎന്നതു്. ഇക്കണ്ണാമതി
ലകത്തെ മതിലുകൾ ഇടിച്ചുപൊളിച്ചു; ഗോപുരങ്ങൾ
ചുട്ടെരിച്ചു. അഗ്രശാലകൾക്കു തീവെച്ചു എന്നു മാത്ര
മല്ല, ആ മഹാക്ഷേത്രം മുഴുവനും പൊടിഭസ്മമാക്കിത്തീ
ൎത്തുകളഞ്ഞു. ആരാണു്, എന്താണു് എന്നൊന്നും "കേൾ
പ്പോരും കേൾവിയും" ഇല്ലാത്ത സ്ഥലത്തു് അത്യാരവ
ങ്ങളോടുകൂടിയ പലതരം കൊള്ളക്കാർ കടന്നുകൂടിയാൽ

ഗ്രന്ഥങ്ങളെ ഉദ്ധരിക്കാം, ഖണ്ഡനങ്ങളും, അന്തിലധി കവും കൂടി ഈ ദിക്കിൽ സംഭവിച്ചു എന്നേ പറയേണ്ടതുള്ളൂ. പറങ്കികൾ പള്ളികളും പാത്രങ്ങളും ഓരോരോ ത്തർ അപഹരിച്ചു. ചിലർ സ്ഥാവരസ്വത്തുക്കളും കൈവശപ്പെടുത്തി. ഈ കൂട്ടത്തിലാണ് ഇരിങ്ങാലക്കുട, തിരുവഞ്ചിക്കുളം മുതലായ പല ക്ഷേത്രങ്ങൾക്കും സ്വത്തു വർദ്ധിച്ചത്. തൃക്കണാമതിലകത്തിനു കീഴടങ്ങായി തന്നെ ഇപ്പോഴും, അന്തിക്കാട്, ഗുരുവായൂർ മുതലായ പല ക്ഷേത്രങ്ങൾക്കും സ്വാതന്ത്ര്യം സിദ്ധിച്ചു. കാലത്തിന്റെ ശക്തികൊണ്ടും, ഇരിങ്ങാലക്കുടക്കാരുടെ അതിപ്രാബല്യത്തിന്റെ ഫലമായിട്ടും, ഒട്ടുക്കൊണ്ടെങ്കിലും "തൃക്കണാമതിലക"ത്തിന്റെ മഹിമയും ഇങ്ങനെ കലാശിച്ചു.



IV

ഗ്രാമീണപുനരുദ്ധാരണം.

[ഈ ലേഖനത്തിലെ പല ശാഖോപശാഖകളുടേയും സംയോജനത്തെ സമ്പാദനങ്ങളുടേയും ഒരു ചരിത്രമിട്ടുള്ളതും, തീർപ്പിട്ടുള്ളതുമായ ഇന്നത്തെ സമുദായത്തെ പുനരുദ്ധരിക്കാനുള്ള പ്രായോഗികപദ്ധതികളിൽ പ്രധാനമായ ഗ്രാമീണപുനരുദ്ധാരണത്തെപ്പറ്റിയാണ് ഇതിൽ പ്രതിപാദിച്ചിരിക്കുന്നത്.]

ഇംഗ്ലണ്ടിലെ ജനങ്ങളിൽ ഇരുപത്തഞ്ചു ശതമാനത്തോളം മാത്രമേ ഈ ഗ്രാമങ്ങളിൽ നിവസിക്കുന്നുള്ളു. ബാക്കി ശേഷിച്ച എഴുപത്തഞ്ചു ശതമാനം ജനങ്ങളും ഇന്ന നഗരവാസികളാണ്. നേരെമറിച്ച് ഇന്ത്യയിലെ എഴുപത്തിരണ്ടു ശതമാനം ജനങ്ങളും അതിലെ ഗ്രാമങ്ങളിലാണ് പാർക്കുന്നത്. കേരളത്തിന്റെ സ്ഥിതിയും ഏറെക്കുറെ ഇന്ത്യയുടേതുപോലെതന്നെ. കേരളത്തിന്റെ മൂന്നു വിഭാഗങ്ങളായ മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നിവയിൽ, മലബാറിലെ തൊണ്ണൂറ്റിരണ്ടു ശതമാനം ജനങ്ങളും, കൊച്ചിയിലെ എൺപത്തിമൂന്നു ശതമാനവും, തിരുവിതാംകൂറിലെ എൺപത്തിരണ്ടു ശതമാനവും ഗ്രാമങ്ങളിലാണ് നിവസിക്കുന്നത്. അതിനാൽ ഇംഗ്ലണ്ടിനെപ്പോലെയുള്ള ചില പാശ്ചാത്യരാജ്യങ്ങളെ അപേക്ഷിച്ച് ഇന്ത്യയിലും കേരളത്തിലും ഗ്രാമങ്ങൾക്കു നഗരങ്ങളെക്കാൾ വളരെ അധികം പ്രാധാന്യമുണ്ടെന്നും, അവയിലാണ് ഇന്ത്യയുടേയും കേരളത്തിന്റേയും ഏതാണ്ടു ഗ്രസിച്ചുകൊണ്ടു സ്ഥിതിചെയ്യുന്നതെന്നും സ്പഷ്ടമാകുന്നതാണല്ലോ.

ഒരു ഇരുനൂറു വർഷങ്ങൾക്കു മുമ്പു് ഇൻഡ്യയിലും കേരളത്തിലും ഇന്നത്തേതിലും കൂടുതൽ ജനങ്ങൾ ഗ്രാമങ്ങളിൽ നിവസിച്ചിരുന്നു. ഇങ്ങിനെ ഇന്നും ഒരു ഇരുനൂറു വർഷങ്ങൾക്കു മുമ്പും ഇൻഡ്യയുടെയും കേരളത്തിന്റെയും ജീവൻ സ്ഥിതിചെയ്തിരുന്നതു് അവയുടെ ഗ്രാമങ്ങളിലാണെങ്കിലും, അന്നത്തെയും ഇന്നത്തെയും ഗ്രാമജീവിതങ്ങൾക്കു തമ്മിൽ അജഗജാന്തരം കാണാവുന്നതാണു്. അന്നു് വിഭവസമൃദ്ധിയും, ഐശ്വര്യവും, സംതൃപ്തിയും, സ്വാതന്ത്ര്യബുദ്ധിയും, ആരോഗ്യവും, കാലാനുസൃതവും പ്രായോഗികവുമായ വിദ്യാഭ്യാസവും, സഹകരണബുദ്ധിയും, യോജിപ്പും, സ്വയംഭരണവും കളിയാടുന്ന ഇടങ്ങളായിരുന്നു ആ ഗ്രാമങ്ങൾ. ഇന്നാകട്ടെ, ദാരിദ്ര്യവും, ക്ഷാമവും, തൊഴിലില്ലായ്മയും, അസംതൃപ്തിയും, പാരതന്ത്ര്യബുദ്ധിയും, അനാരോഗ്യവും, ഒന്നുകിൽ അനക്ഷരത്വം, അല്ലെങ്കിൽ പ്രായോഗികജീവിതത്തിനു് നേരിട്ടുതകാത്തതായ ശുദ്ധ സാഹിത്യപരമായ വിദ്യാഭ്യാസം, സഹകരണബുദ്ധിയുടെയും യോജിപ്പിന്റെയും അഭാവം, കൃത്യാന്തരബാഹുല്യത്താൽ ഗ്രാമകാര്യത്തിൽ ഉദാസീനരായി ഭവിച്ചിട്ടുള്ള ഗവൺമെന്റുദ്യോഗസ്ഥന്മാരുടെ ഭരണം എന്നിവ കൂത്താടുന്ന സ്ഥലങ്ങളായി പരിണമിച്ചിരിക്കുന്നു ഇൻഡ്യയിലെയും കേരളത്തിലെയും ഗ്രാമങ്ങൾ.

വ്യത്യസ്തങ്ങളായ ഈ സ്ഥിതികൾക്കു കാരണമെന്തു്? ശോചനീയമായ ഈ പരിവർത്തനം എങ്ങിനെ സംഭവിച്ചു? ആദ്യമായി (മദ്ധ്യ)കേരളത്തിലെ പ്രാചീന ഗ്രാമങ്ങളിലെ ജീവിതരീതി എങ്ങിനെ ആയിരുന്നു എന്നു വിവരിക്കാം. പ്രത്യേക പേരുകളുള്ള മൂന്നു ഭാഗങ്ങളായി

പണ്ടത്തെ ഒരു ഗ്രാമത്തെ വിഭജിച്ചിരുന്നു. ഗ്രാമം, തറ, ചേരി എന്നാണു് പ്രസ്തുത വിഭാഗങ്ങളുടെ പേരുകൾ. നമ്പൂതിരിമാരും, ചെട്ടികളും, നാഥവാ വണികരും അധിവസിച്ചിരുന്ന ഭാഗമാണു് ഗ്രാമം. നായന്മാരുടെ അധിവാസസ്ഥലം തറയും, ശേഷിച്ചു ജാതിക്കാരുടെ വാസസ്ഥാനം ചേരിയുമാണു്. ഇവർ ഇങ്ങനെ ഒരു ഗ്രാമത്തിന്റെ മൂന്നു ഭാഗങ്ങളിലായി പാർത്തിരുന്നു എങ്കിലും, ഗ്രാമത്തിനു പൊതുവായുള്ള കാര്യങ്ങളിൽ യോജിപ്പും സൌഹാർദ്ദത്തോടുകൂടിയും ഇവർ പ്രവർത്തിച്ചിരുന്നു. ഓരോ ഗ്രാമത്തിലെയും ജനങ്ങളുടെ മുഖ്യ ഉപജീവനമാർഗ്ഗം നെൽകൃഷിയും തെങ്ങുകൃഷിയുമായിരുന്നു. കടലോരത്തിൽനിന്നകന്നു സ്ഥിതിചെയ്തിരുന്ന ചില പ്രദേശങ്ങളിൽ ഗ്രാമീണർ കവുങ്ങുകൾ ധാരാളമായി കൃഷി ചെയ്തുവന്നിരുന്നു. ഗ്രാമത്തിലെ ഓരോ കുടുംബത്തിന്റെയും പാടങ്ങളും, തെങ്ങിൻതോപ്പുകളും, പറമ്പുകളും, അതിവിസ്തൃതങ്ങളായിരുന്നതിനാൽ, ആദായകരമായ വിധത്തിൽ കൃഷി ചെയ്യുവാൻ അവർക്കു സാധിച്ചു. കന്നുകാലികളെ ഗ്രാമീണർ ധാരാളമായി വളർത്തിയിരുന്നതിനാലും, ഫലങ്ങളുള്ള വൃക്ഷങ്ങൾ ധാരാളമായി ഗ്രാമപരിസരങ്ങളിൽ വളർന്നിരുന്നതിനാലും, ചാണകം മുതലായ മൃഗവളങ്ങളും, പച്ചിലവളങ്ങളും ഗ്രാമീണർക്കു സുലഭമായിരുന്നു. ഇതും നിമിത്തവും, ആറുകളും, തോടുകളും, കുളങ്ങളും ധാരാളമായി ഉണ്ടായിരുന്നതുകൊണ്ടും, കാടുകളുടെ ബാഹുല്യത്താൽ ഇന്നത്തേക്കാൾ മഴ കൂടുതലായി പെയ്തിരുന്നതു ഹേതുവായും, കൃഷി അഭിവൃദ്ധി പ്രാപിക്കുന്നതിനു വേണ്ട സകല പരിതസ്ഥിതികളും ഓരോ ഗ്രാമത്തിലും അന്നു കാണാമായിരുന്നു

ഗ്രാമങ്ങളിൽ നൂൽ നൂൽക്കൽ, കയറുപിരിക്കൽ, കൊല്ലപ്പണി, കന്നാപ്പണി, ആശാരിപ്പണി മുതലായ പല കുടിൽവ്യവസായങ്ങളും നടന്നു വന്നിരുന്നു. കൃഷി ചെയ്യുന്നതിനു മനുഷ്യരുടെ സമയം മുഴുവനും വേണ്ടിവരാത്തതിനാൽ, കൃഷിപ്പണിയ്ക്ക് ഇടയ്ക്കുള്ള ദീർഘങ്ങളായ വിശ്രമവേളകളിൽ പ്രസ്തുത കുടിൽവ്യവസായങ്ങളിൽ ഏർപ്പെട്ട് അന്നത്തെ ഗ്രാമീണർക്ക് തങ്ങളുടെ കൃഷിപ്പണിയിൽ നിന്നു ലഭിച്ചിരുന്ന ആദായത്തെ വർദ്ധിപ്പിക്കുവാൻ സാധിച്ചിരുന്നു. ദക്ഷിണേന്ത്യയിലെ തുണിത്തരങ്ങൾ അന്ന് ശ്രേഷ്ഠങ്ങളായിരുന്നു എന്ന് ഒരു പ്രാചീന തമിഴ്കവി തന്റെ ഒരു പാന്യമൊഴി പാട്ടുകളിൽ ഉപമിച്ചിട്ടുള്ളതിൽ നിന്നു സ്പഷ്ടമാകും. ഏറെക്കുറെ ഇത്തരത്തിലുള്ള തുണിത്തരങ്ങൾ അന്നു കേരളത്തിലെ ഗ്രാമീണരും നിർമ്മിച്ചിരുന്നു എന്നു നമുക്കു വിശ്വസിക്കാം.

കയറുപിരിക്കുന്നതിലും അന്നത്തെ കേരളീയഗ്രാമങ്ങൾ പ്രസിദ്ധി നേടിയിരുന്നു എന്നു വിശ്വസിക്കുവാൻ കാരണമുണ്ട്. അറേബ്യ, പേർഷ്യ, ബലൂചിസ്ഥാൻ എന്നീ അറബിക്കടലിലെ കരയ്ക്കുള്ള രാജ്യങ്ങളിലെ കപ്പലുകൾ നിർമ്മിക്കുന്നതിനു വേണ്ട തേക്കുതടികളും, ആ തടികളിൽനിന്നുണ്ടാക്കുന്ന പലകകളിലെ ചെറുദ്വാരങ്ങളിൽക്കൂടി കയറിട്ടു കെട്ടിയാണ് ബന്ധിച്ചു കപ്പലുണ്ടാക്കുന്നതിന് അന്ന് ഉപയോഗപ്പെടുത്തിയിരുന്ന ബലിഷ്ഠവും അസാധാരണ നീളമേറിയതുമായ കയറുകളും അന്ന് കേരളത്തിൽ നിന്നാണ് പ്രസ്തുത രാജ്യക്കാർ വാങ്ങിയിരുന്നത്. ഇത്തരം കപ്പലു

കൾ ഉയരുമ്പോൾ പലകകൾ പൊളിഞ്ഞുപോകുകയ ില്ലാതെ, പലകകൾ തമ്മിലുള്ള കെട്ടുകൾ അററ് പലകകൾ തമ്മിൽ വേർപെട്ടുപോയിരുന്നില്ല എന്നുള്ള സംഗതി ഈ കയറിന്റെ ബലം എത്ര അധികമായിരുന്നു എന്നു കാണിക്കുന്നുണ്ട്. ഇന്നത്തെ കപ്പലുകളിലെ പലകകളെ തമ്മിൽ ബന്ധിക്കുന്ന ഇരുമ്പ് ആണികളോടും ബോൾട്ടുകളോടും തുല്യബലമുള്ള കയറുകൾ അന്നു കേരളീയർ നിർമ്മിച്ചിരുന്നു് അന്നത്തെ ഗ്രാമങ്ങളിൽ കയറുപിരിക്കുന്ന വ്യവസായം അത്യുന്നതമായ അഭിവൃദ്ധി പ്രാപിച്ചിരുന്നു എന്നുള്ളതിന് ഉത്തമസാക്ഷ്യം വഹിക്കുന്നുണ്ട്.

അന്നത്തെ കേരളത്തിലെ കത്തിവ്യവസായവും പ്രസിദ്ധി നേടിയിരുന്നു. കേരളത്തിലെ അന്നത്തെ കൊല്ലന്മാർക്ക് ഉരുക്ക് അതിസൂക്ഷ്മമായി ഉരുക്കിയെടുക്കാനുള്ള ക്രമവും, തുരുമ്പുപിടിക്കാത്തതും സ്പ്രിങ്ങും ഉണ്ടാക്കുന്നതിന് ഇന്ന് ഉപയോഗപ്പെടുത്തുന്ന ഉരുക്കു പോലെ വളയുന്നതുമായ ഉരുക്ക് ഉണ്ടാക്കുന്ന രീതിയും അറിയാമായിരുന്നതിനാൽ, അവർ ഉണ്ടാക്കിയിരുന്ന കത്തികളും, "ഉറുമി" എന്ന ആയുധവും കണ്ടാൽ അവ ഇന്നത്തെ ഷെഫീൽഡ് കത്തികളാണെന്നു നാം വിചാരിച്ചുപോകും. വെള്ളോട്, ഓട് മുതലായവകൊണ്ടുണ്ടാക്കപ്പെട്ടിട്ടുള്ള കേരളത്തിലെ പഴയ മനോഹരങ്ങളായ പാത്രങ്ങളും, വിളക്കുകളും, കണ്ണാടികളും, അന്നത്തെ ലോഹപ്പണിയിൽ ഗ്രാമീണർക്കുണ്ടായിരുന്ന വൈദഗ്ദ്ധ്യം സ്പഷ്ടമാക്കുന്നുണ്ട്. മരത്തിലും ദന്തത്തിലുമുള്ള കലാചാരമായ കൊത്തുപണിയിലും അന്നത്തെ കേരളത്തിലെ ഗ്രാമീണർ അതിമായ പാടവം പ്രദർശിപ്പിച്ചിരുന്നു.

ഗ്രാമീണർ വിദേശങ്ങളിലെ വിപണികളിൽ വിററഴി
ക്കുവാൻ നിർമ്മിക്കുന്ന വ്യവസായസാധനങ്ങളുടെ ശ്രേഷ്ഠത
കുററന്യൂനതകളററതായിരിക്കുവാനായി അവയെ ഗ്രാമീണ
അധികാരികൾ പരിശോധിച്ച് അവയിൽ തങ്ങളുടെ
മുദ്ര അടിക്കുന്ന പതിവ് തെക്കേ ഇൻഡ്യയിൽ അന്ന്
ഉണ്ടായിരുന്നു എന്നു കാണിക്കുന്നതിനു രേഖകളുണ്ട്.
ഇതിൽനിന്ന് പഴയകാല കേരളത്തിലെ ഗ്രാമങ്ങളിലും
ഈ പതിവുണ്ടായിരുന്നു എന്നു നമുക്ക് അനുമാനിക്കാം.
നാണയങ്ങളുടെ ഉപയോഗം അന്നത്തെ കേരളീയഗ്രാ
മങ്ങളിൽ സാർവ്വത്രികമായി ഉണ്ടായിരുന്നില്ല. സാധനങ്ങൾ,
പ്രത്യേകിച്ചു നെല്ല്, കൈമാറിയാണു ക്രയവിക്രയ
ങ്ങൾ അന്നു നടത്തിവന്നിരുന്നതു. ഈ നെല്ല് ധാരാള
മായി ഗ്രാമീണർക്ക് അന്നു ലഭിച്ചിരുന്നതിനാൽ, ഇന്ന
ത്തെപ്പോലെ അത്രമാത്രം പലിശയ്ക്കു പണംകൊടുപ്പു
കാരോട് അവർക്ക് പണം കടം വാങ്ങേണ്ടിവന്നിരുന്നി
ല്ല.

അന്നത്തെ ഗ്രാമങ്ങളിലെ കുടിപ്പള്ളിക്കൂടങ്ങൾ
സാഹിത്യപരമായ പ്രാഥമികവിദ്യാഭ്യാസം നൽകിയിരു
ന്നുവെങ്കിലും, അതോടുകൂടിത്തന്നെ ഗ്രാമീണർക്ക് പ്രായോ
ഗികമായ തൊഴിൽവിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള
സൌകര്യങ്ങളുമുണ്ടായിരുന്നു. ഗ്രാമത്തിലെ കുടുംബങ്ങ
ളിലെ കാരണവന്മാർ, അഥവാ തലവന്മാർ കൂടിച്ചേർന്ന്
ആലോചിച്ച് ഗ്രാമത്തിലെ പൊതുകാര്യങ്ങൾ നിർവ്വ
ഹിച്ചു വന്നിരുന്നു. ഗ്രാമത്തെ മാത്രം ബാധിക്കുന്ന
ഇത്തരം കാര്യങ്ങളിൽ ദേശവാഴി അന്ന് ഇടപെട്ടിരു
ന്നില്ല. ഗ്രാമങ്ങളിലെ നെൽവയലുകളുടെ സമീപത്തിൽ
നിന്നും, വിസ്തീർണ്ണങ്ങളായ പറമ്പുകളിലെ പറമ്പുകൃഷി

യിൽനിന്നും പോഷകസാധനങ്ങളും നിത്യ ചെലവു്, വസ്ത്രങ്ങൾ മുതലായ ആവശ്യസാധനങ്ങളും തന്നെ ഗ്രാമീണർക്കു ധാരാളമായി ലഭിച്ചിരുന്നു. തന്മൂലം അന്നത്തെ ഗ്രാമീണർ ഐശ്വര്യസമ്പൂർണ്ണരായി ജീവിക്കുകയും ചെയ്തുവന്നിരുന്നു.

ബ്രിട്ടീഷുകാരുടെ ആധിപത്യസ്ഥാപനകാലത്തോടുകൂടി ഭാരതത്തിലെയും കേരളത്തിലെയും ഗ്രാമീണജീവിതത്തിൽ ഇന്നു കാണുന്ന പരിവർത്തനം ഉണ്ടാകുവാൻ തുടങ്ങി. തങ്ങളുടെ സ്വന്തം വ്യവസായങ്ങളുടെ അഭിവൃദ്ധിയെ പുരസ്കരിച്ചു് ബ്രിട്ടീഷുകാർ ഭാരതത്തിലെ ഗ്രാമീണവ്യവസായങ്ങളുടെ പുരോഗതിയെത്തന്നെ തടസ്സപ്പെടുത്തി. പതിനെട്ടാം ശതാബ്ദത്തിന്റെ അന്ത്യകാലത്തോടുകൂടി പാശ്ചാത്യലോകത്തു് പലതും കണ്ടുപിടിച്ചു് അവ മുഖേന യന്ത്രങ്ങളിലൂടെ വ്യവസായങ്ങൾ തുടങ്ങിയതിനാൽ, ഇന്ത്യയിലെ കൈത്തൊഴിൽസാധനങ്ങൾക്കു പാശ്ചാത്യവ്യവസായശാലകളിലെ സാധനങ്ങളോടു്, ഭാരതത്തിലെ വിപണികളിലും, വിദേശവിപണികളിലും ഒന്നുപോലെ, കിടനിൽക്കുവാൻ സാധിക്കാതെ വന്നു. ഇങ്ങിനെ ഭാരതത്തിലെ ഗ്രാമീണരുടെ മുഖ്യ ഉപതൊഴിലായ കൈത്തൊഴിൽവ്യവസായം നശിച്ചുതുടങ്ങി. അതേ സമയത്തുതന്നെ ഗ്രാമങ്ങളിലെ ജനസംഖ്യ വർദ്ധിച്ചുവന്നതിനാൽ അവയുടെ പാടങ്ങളും പറമ്പുകളും ചെറിയ ചെറിയ തുണ്ടുകളായി ഭാഗിക്കപ്പെട്ടു വന്നു. ഗ്രാമങ്ങളിലെ കൃഷിക്കുപയോഗമുള്ള കന്നുകാലികളും, കന്നുകാലിവളങ്ങളും, മേച്ചിൽ സ്ഥലങ്ങളും, ജലസേചന തോടുകളും, പുല്ലിടങ്ങളും കുറഞ്ഞുകുറഞ്ഞു വന്നു. ഗ്രാമത്തിന്റെ ആവശ്യങ്ങൾ അറിഞ്ഞു് പ്രവർത്തിക്കാ

യിരുന്ന പ്രാചീനഗ്രാമപ്രമാണികളുടെ സ്വയംഭരണാധികാരങ്ങൾ കൃത്യാന്തരബാഹുല്യത്താൽ ഗ്രാമകാര്യങ്ങളിൽ ഉദാസീനരായി ഭവിച്ച ഗവൎമ്മെന്റുദ്യോഗസ്ഥന്മാരുടെ കൈവശം ഈ സമയത്തു വന്നുചേൎന്നതു് ഗ്രാമത്തിന്റെ അധഃപതനത്തെ ത്വരിതപ്പെടുത്തി. ഇത്യാദി കാരണങ്ങളാൽ ഗ്രാമത്തിലെ കൃഷിയും ആദായകരമല്ലാതായിച്ചമഞ്ഞു.

ഗ്രാമങ്ങളിലെ കൈത്തൊഴിൽവ്യവസായങ്ങളും, കൃഷിയും ഇങ്ങനെ നാശോന്മുഖമായി ഭവിച്ചപ്പോൾ ഗ്രാമീണർ കടക്കാരായിത്തീൎന്നു. അവൎക്ക് അക്രമമായ പലിശയ്ക്കു പണം കടം കൊടുത്തിരുന്നവർ അവരുടെ കൃഷിഭൂമികളെ ലേലത്തിൽ വിളിച്ചു കൈവശപ്പെടുത്തിത്തുടങ്ങി. ദാരിദ്ര്യവും, ദുരാചാരവും, തൊഴിലില്ലായ്മയും, അനാരോഗ്യവും, വെളിച്ചില്ലായ്മയും, അനാക്ഷരത്വവും, ഇവ എല്ലാറ്റിന്റേയും ഫലമായി, നാം ഇന്നു കാണുന്നതുപോലെ, ഭാരതത്തിലെ ഗ്രാമങ്ങളിൽ കളിയാടുകയും ചെയ്തു.

കുറേ വർഷങ്ങൾക്കു മുമ്പു മാത്രമാണു് ഗ്രാമങ്ങളുടെ ഈ ശോചനീയമായ സ്ഥിതിയിൽ ഇൻഡ്യയിലെ ഗവൎമ്മെന്റുകളുടേയും പൊതുജനങ്ങളുടേയും ശ്രദ്ധ പതിഞ്ഞതു്. അതോടുകൂടി അവർ ഈ സ്ഥിതിക്കു പരിഹാരമുണ്ടാക്കുവാനായി ശ്രമിക്കുകയും, ഓരോ പ്രദേശത്തിലേയും പരിതസ്ഥിതികൾക്കനുസരണമായ പ്രത്യേക ഗ്രാമീണോദ്ധാരണപദ്ധതികൾ നിൎമ്മിച്ചു് അവയെ നടപ്പിൽ വരുത്തുവാൻ തുടങ്ങുകയും ചെയ്തു. ഇൻഡ്യയിലെ വടക്കുപടിഞ്ഞാറൻ അതിൎത്തിസംസ്ഥാനം മുതൽക്കു് ദക്ഷിണതിരുവിതാംകൂറിലുള്ള മാൎത്താണ്ഡം വരെ ഇന്നു ഗ്രാമീണപുനരുദ്ധാരണകേന്ദ്രങ്ങൾ പ്രവൃത്തി ആരംഭിച്ചി

ട്ടുണ്ട്. ഗ്രാമീണപുനരുദ്ധാരണാർത്ഥം ധാരാളം പണം ചെലവാക്കുവാനും ഇൻഡ്യയിലെ ഗവൺമെൻറുകൾ ഇപ്പോൾ സന്നദ്ധരായിരിക്കുന്നുണ്ട്. കൊച്ചിപോലെയുള്ള ചില നാട്ടുരാജ്യങ്ങളിൽ ഗ്രാമപ്പഞ്ചായത്തുകൾ പ്രവർത്തിക്കുന്നുണ്ട്. പൊതുജനങ്ങളോട് ഉത്തരവാദിത്വമുള്ള ഒരു ഗ്രാമോദ്ധാരണമന്ത്രിയും ഇപ്പോൾ കൊച്ചിയിലുണ്ട്. മററു ചില ഗവൺമെൻറുകൾ ഗ്രാമീണോദ്ധാരണത്തിന്റെ മേൽനോട്ടം വഹിപ്പാനായി പ്രത്യേകം ഡിപ്പാർട്ടുമെൻറുകൾ സ്ഥാപിച്ചിരിക്കുന്നു. കൊച്ചിയിൽ ഗ്രാമോദ്ധാരണപ്രവർത്തകന്മാരെ പരിശീലിപ്പിക്കുവാനായി ചേർപ്പ് എന്ന സ്ഥലത്ത് കൊച്ചിഗവൺമെൻറിൽ നിന്നും ഒരു കേന്ദ്രം സ്ഥാപിച്ചിട്ടുമുണ്ട്.

ഇന്ത്യയുടെ പല ഭാഗങ്ങളിലും തുടങ്ങിയിട്ടുള്ള ഗ്രാമോദ്ധാരണപദ്ധതികളിൽ ആ പ്രദേശങ്ങളുടെ പ്രത്യേക സ്ഥിതികൾക്കനുസരണമായ ചില വ്യത്യാസങ്ങൾ ദൃശ്യമാണെങ്കിലും, പ്രധാനമായി അവയെല്ലാറ്റിലും ആറു ഭാഗങ്ങൾ കാണാവുന്നതാണ്. ശാസ്ത്രീയമായ കൃഷിയും കന്നുകാലി വളർത്തലും, കുടിൽവ്യവസായം, പരസ്പര സഹായസംഘങ്ങൾ, ഗതാഗതസൌകര്യം, വിദ്യാഭ്യാസം, പൊതുജനാരോഗ്യം എന്നിവയാണ് പ്രസ്തുത ആറു ഭാഗങ്ങൾ.

കൃഷിയും കന്നുകാലി വളർത്തലും.

ഇന്നു ശാസ്ത്രീയമായ രീതിയിൽ കൃഷി ചെയ്യുന്നതിന് ഇന്ത്യയിലെ ജനങ്ങൾക്ക് അറിഞ്ഞുകൂടാ. അതിന് അവരെ അഭ്യസിപ്പിക്കണം. ഈ വിഷയത്തിൽ കൃഷിഡിപ്പാർട്ടുമെൻറുകാരുടെ ഉപദേശം കർഷകർ ആവശ്യപ്പെട്ടു വാങ്ങേണ്ടതും, ആ ഉപദേശമനുസരിച്ച്

കൃഷി നടത്തേണ്ടതുമാണ്. പഴയ കൃഷിയായുധങ്ങൾക്കു പകരം നമ്മുടെ നാട്ടിലെ കൃഷിക്കനുയോജ്യമായ പുതിയതരം ഉപകരണങ്ങൾ ഉപയോഗിക്കണം. ഉഴവു നടത്തുന്നതു് അടിമണ്ണിളകി വെളിച്ചവും കാററും കിട്ടത്തക്ക വിധത്തിലായിരിക്കണം. ഭൂമിയും പ്രസവിച്ചാൽ പ്രസവരക്ഷ ചെയ്യേണ്ടതു് അത്യാവശ്യമാണ്. ഭൂമിയിൽനിന്നും എത്രമാത്രം ഉരങ്ങാട്ടെടുക്കാൻ കഴിയുമോ അത്രയും എടുക്കുന്നതല്ലാതെ, അതിലോട്ട് കൊടുക്കേണ്ടതു കൊടുക്കുന്നതിൽ ഇൻഡ്യൻകൃഷിക്കാർ ശ്രദ്ധിക്കാറില്ല. അതാണ് കാലം വർഷം ചെല്ലുന്തോറും വിളവുകൾ കുറഞ്ഞു കുറഞ്ഞു വരുന്നതിനുള്ള കാരണം. അതിനാൽ മണ്ണിന്റെ ഉല്പാദകശക്തി വർദ്ധിപ്പിക്കുന്നതു് അത്യാവശ്യമാണ്. അതിനു പ്രധാനമായി വേണ്ടതു വളം ഉപയോഗിക്കയാണ്. മണ്ണിന്റെ തരാതരം പോലെയാണ് വളം ഉപയോഗിക്കേണ്ടതു്. വളങ്ങളെന്നും പല തരത്തിലുണ്ട്. ഏതുതരം വളമാണ് ഒരു നിലത്തിനാവശ്യമെന്നും, അതെത്ര വേണമെന്നും, അതെപ്പോൾ എങ്ങിനെ മണ്ണിൽ ചേർക്കണമെന്നും മനസ്സിലാക്കണം. രാസവളങ്ങളാണ് ആവശ്യമെന്നു വിശ്വസിച്ചിരുന്ന പലരും ആ മാതിരി വളങ്ങൾ വിദേശങ്ങളിൽ നിന്നും വരുന്നതിനെ ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഈ നാട്ടിൽ ആ മാതിരി വളത്തിന്റെ ആവശ്യം വളരെ കുറവായിട്ടേയുള്ളൂ. ഇവിടെ ചാണകം, ചാരം, പച്ചിലകൾ, ഉണങ്ങിയതും പച്ചയുമായ ഇലകൾ, അഴിച്ചുവാരിക്കളയുന്ന ചവറുകൾ, മനുഷ്യന്റെ മലം എന്നിവയാണ് വലിയ ചെലവോ പ്രയത്നമോ കൂടാതെ വളമാക്കി എടുക്കാവുന്ന സാമഗ്രികൾ. ഇവയെ

ചണ്ടവളമായോ, കമ്പോസ്റ്റുവളമായോ പാകപ്പെടുത്തി ഉപയോഗിക്കുന്നതാണു് നല്ലതു്. ചാണകം തീകത്തിച്ചുകളകയോ, ഉപയോഗശൂന്യമായിത്തള്ളുകയോ ചെയ്യാതെ വളത്തിനായി സൂക്ഷിക്കേണ്ടതു് ആവശ്യമാണു്. മനുഷ്യമലവും നികൃഷ്ടമെന്നോ നിസ്സാരമെന്നോ കരുതി ഉപേക്ഷിക്കാവുന്നതല്ല. ജപ്പാനിലും ചൈനയിലും നെൽകൃഷിക്കാർ അതിനെ വളരെ പിടിച്ച സാധനമായിട്ടാണു കരുതിവരുന്നതു്. അതിൽനിന്നുണ്ടാക്കുന്ന കമ്പോസ്റ്റുവളം വൃക്ഷങ്ങൾക്കും ചെടികൾക്കും കൂടി ഉപകാരപ്രദമാണു്. വളം ഡിപ്പോകൾ നാട്ടിന്റെ നാനാഭാഗത്തും ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമാകുന്നു.

മണ്ണിനെ വേണ്ടവിധം പാകപ്പെടുത്തുന്നതു് കൃഷിക്കു് അത്യാവശ്യമായ കാര്യമാണു്. ജലസേചനവും കൃഷിയുടെ അഭിവൃദ്ധിക്കു് ഒഴിച്ചുകൂടാൻ പാടില്ലാത്ത ആവശ്യമാണു്. നദികൾ, തോടുകൾ എന്നിവ മാർഗ്ഗമായിട്ടാണു് ജലസേചനം പ്രധാനമായി സാധിക്കേണ്ടതു്. നദികളിൽതന്നെ വലിയ അണകൾ കെട്ടി വെള്ളം തടഞ്ഞുനിർത്തി അവിടെനിന്നും തോടുകൾ മാർഗ്ഗമായി കൃഷിസ്ഥലങ്ങളിലേക്കു വെള്ളം കൊണ്ടുപോകുന്നതിനുള്ള സൌകര്യങ്ങൾ കേരളത്തിന്റെ സ്ഥിതി അനുസരിച്ചുണ്ടെങ്കിലും, ആ വിഷയത്തിൽ ഗവന്മെന്റുകളുടെ ശ്രദ്ധ പതിയുവാനിരിക്കുന്നതേയുള്ളു. കുളങ്ങളും, ചെറിയ തോടുകളും, കിണറുകളും ഗ്രാമീണർക്കു് ഒരുമയുണ്ടെങ്കിൽ ക്രമമായി അതാതു സ്ഥലങ്ങളിൽ ഉണ്ടാക്കാവുന്നതാണു്. ജലക്ഷാമം പല സ്ഥലങ്ങളിലും പലപ്പോഴും കൃഷിയെ ദോഷപ്പെടുത്താറുണ്ടു്.

“ വിത്തുഗുണം പത്തുഗുണം ” എന്ന പഴമൊഴി എത്രയും അർത്ഥവത്തായിട്ടുള്ളതാകുന്നു. കൃഷി നന്നായി

ഭിക്കുന്നതിന് നല്ല വിത്തു് ഉപയോഗിക്കുന്നതു് ആവശ്യ മാണു്. നല്ല വിത്തു ശേഖരിക്കുന്നതിൽ നമ്മുടെ കൃഷി ക്കാർ ശ്രദ്ധയില്ല. വിത്തു തിരഞ്ഞെടുക്കുന്ന രീതിയും അവരിൽ മിക്കപേർക്കും അജ്ഞാതമാണു്. പാശ്ചാത്യ രാജ്യങ്ങളിൽ പലതരം വിളകൾ കൃഷിചെയ്യുന്ന വർക്കാവശ്യമുള്ളതെന്നു വിവിധയിനം നല്ല വിത്തുകൾ വില്ക്കുന്ന കച്ചവടക്കാരുണ്ടു്. എന്നാൽ ഈ നാട്ടിൽ അങ്ങനെയുള്ള വ്യാപാരികൾ ഇല്ലാത്തതിനാൽ ഗ്രാമീണ രുടെ സംഘങ്ങളും കൃഷിഡിപ്പാർട്ടുമെന്റുകാരും ശ്രദ്ധ ിച്ചു് ഈ വിഷയത്തിൽ വേണ്ട ഏർപ്പാടുകൾ ചെയ്യേ ണ്ടതാണു്. വൃക്ഷങ്ങൾ കൃഷി ചെയ്യുന്നതിലും, തനിയായി മേലാൽ പടർപ്പുണ്ടാക്കുന്ന തരം തൈകൾ തന്നെ വെച്ചു പിടിപ്പിക്കുന്നതിനുള്ള സൌകര്യവും ശ്രദ്ധാ പൂർവ്വം ഉണ്ടാക്കേണ്ടതായിരിക്കുന്നു. വിത്തുകളും തൈ കളും ദൂരസ്ഥലങ്ങളിൽ അയച്ചുകൊടുക്കുന്ന ചില കച്ച വടക്കാർ പല വ്യാജങ്ങളും കാണിക്കുന്നതായി പലർക്കും അനുഭവപ്പെടുന്നുണ്ടു്.

ഓരോ സ്ഥലത്തിനും അനുയോജ്യമായ കൃഷി ചെയ്യുന്നതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാകുന്നു. തെങ്ങ് പിടിക്കാത്ത മണ്ണിൽ തെങ്ങു പിടിപ്പിച്ചു് ഒരു തേങ്ങ പോലും കിട്ടാതെ ബുദ്ധിമുട്ടുന്നവർ അ പൂർവമല്ല. ആ സ്ഥലങ്ങളിൽ മാവോ, പ്ലാവോ, മറു വൃക്ഷങ്ങളോ, ചെടികളോ കൃഷി ചെയ്യണം. തെങ്ങിനെ ക്കാൾ ചില വിളകൾ വാഴകൃഷിയും നല്ലതായിരിക്കും. ചിലപ്പോൾ മറ്റു വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുന്നതിനെ ക്കാളുപരി പ്രയോജനമുണ്ടായിരിക്കും. മണ്ണിലെ മറു സൌകര്യങ്ങളെല്ലാം നോക്കിയു് വേണം കൃഷി ചെയ്യാവു ഒരു സ്ഥലത്തുതന്നെ ഒരേ സാധനം തന്നെ

ധികം തരത്തിലുള്ള കൃഷികളും, കാലം മാറി പലവിധം കൃഷികളും ചെയ്യാവുന്നതാണ്. കാർഷികോല്പന്നങ്ങളുടെ ആവശ്യവും കമ്പോളവും കൂടി നോക്കി വേണം കൃഷി ചെയ്യാൻ. ചില കാർഷികോല്പന്നങ്ങൾക്ക് ശരിയായ വില കിട്ടാതെ വരുന്നപക്ഷം ആ കൃഷിയിൽ ഏർപ്പെട്ടവർക്ക് വലിയ നഷ്ടം നേരിടുന്നതാണ്.

ഗ്രാമീണർ നല്ല പഴങ്ങളുണ്ടാകുന്ന ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുന്നതിലും, അടുക്കളത്തോട്ടങ്ങൾ ഉണ്ടാക്കുന്നതിലും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഴങ്ങൾ യൂറോപ്യർ ധാരാളം ഭക്ഷണസാധനമായി ഉപയോഗിച്ചു വരുന്നു. ആരോഗ്യപരിപാലനത്തിന് പഴങ്ങൾ ധാരാളം നാമും ഉപയോഗിക്കേണ്ടതാണെന്ന് ഡോക്ടർമാർ നമ്മോടു ഉപദേശിക്കുന്നു. ഇൻഡ്യയിലും പഴവർഗ്ഗങ്ങളുടെ ഉപയോഗം ദിനംപ്രതി വർദ്ധിച്ചുതുടങ്ങിയിട്ടുണ്ട്. ഓരോ വീട്ടിലേയും ആവശ്യത്തിനുള്ള സസ്യാദികൾ അവരവരുടെ പറമ്പുകളിൽത്തന്നെ കൃഷി ചെയ്തുണ്ടാക്കുന്ന വിഷയത്തിൽ കർഷകന്മാരെക്കാൾ സ്ത്രീകളും കുട്ടികളും ശ്രദ്ധിക്കേണ്ടതാണ്. അപ്രകാരം ചെയ്യുന്നതുകൊണ്ട് പറമ്പുകൾ വൃത്തിയായും ഭംഗിയായും ഇരിക്കുന്നതിനു പുറമെ, സ്വാദുള്ളതും ആരോഗ്യപ്രദവും ആയ ആഹാരസാധനങ്ങൾ ധാരാളമായി വീട്ടിലുള്ളവർക്ക് ഭക്ഷണത്തിനുണ്ടായിരിക്കുന്നതുമാണ്.

കന്നുകാലിവളർത്തൽ നമ്മുടെ ഗ്രാമീണന്മാരുടെ പ്രത്യേക ശ്രദ്ധയെ ആകർഷിക്കേണ്ടതാണ്. ആരോഗ്യപരമായ ജീവിതത്തിന് ആവശ്യമായ നല്ല പാലും, തൈരും, മോരും കിട്ടുന്നതിനും, കൃഷിക്ക് ഉപയോഗമായോ

ഗ്യമായ കാളകളെ ലഭിക്കുന്നതിനും കന്നുകാലിവളൎത്തൽ ഉപകരിക്കുന്നു. പാലു മുതലായതിൽ നിന്നും നല്ല ലാഭമുണ്ടാക്കി ജീവിതം നയിക്കുന്ന കുടുംബക്കാർ നമ്മുടെ ഇടയിൽ ധാരാളമുണ്ടു്. ഡെൻമാൎക്കിൽ പാൽക്കച്ചവടം എത്രയും ആദായകരമായ ഒരു തൊഴിലായി നടത്തിവരുന്നു. നമുക്കും വേണ്ട സംഘടനയോടുകൂടി നടത്തുന്ന പക്ഷം ഇതു് ആദായകരമായ ഒരു തൊഴിലാക്കി നടത്താം. ഒന്നു രണ്ടു സംഗതികളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതായുണ്ടു്. ഒന്നു് കന്നുകാലികൾക്കു ശരിയായി തീററി കൊടുക്കുന്നതിൽ ഉണ്ടായിരിക്കേണ്ട നിഷ്കൎഷയാണു്. നമ്മുടെ കന്നുകാലികൾ മിക്കതും എല്ലും തോലിയുമായി നടക്കുന്നതു കാണാം. നല്ല മേച്ചിൽസ്ഥലങ്ങൾ എല്ലാ ഗ്രാമപ്രദേശങ്ങളിലും ഉണ്ടായിരിക്കണം. ഗിനിപ്പുല്ലു് മുതലായി നല്ല പുല്ലുകൾ നട്ടു വളൎത്തി വേണ്ടുവോളം തീററി കൊടുക്കണം. പുല്ലുകൾ അരിഞ്ഞെടുത്തു് ഭൂമിക്കടിയിൽ കേടു വരാതെ സൂക്ഷിക്കാവുന്നതും വേനൽക്കാലത്തു് കന്നുകാലികൾക്കു കൊടുക്കാവുന്നതുമാണു്. ഇപ്രകാരം മററു കൃഷികൾക്കു് ഉപയോഗിക്കുന്നതും ഒരു കൃഷിക്കും ഉപയോഗിക്കാതെ കിടക്കുന്നതുമായ സ്ഥലങ്ങൾ മേച്ചിൽമൈതാനങ്ങളായും പുല്ലു വളൎത്തുന്നതിനുള്ള സ്ഥലങ്ങളായും രൂപാന്തരപ്പെടുത്താം. യൂറോപ്പിലെ രാജ്യങ്ങളിൽ കൃഷിക്കാർ അവരുടെ കൃഷിയിടങ്ങളിൽ കുറെഭാഗം മാത്രമാണു കന്നുകാലികൾക്കുള്ള ഭക്ഷണപദാൎത്ഥങ്ങൾ വളൎത്തുന്നതിനായി തിരിച്ചിടാറുണ്ടു്. കൂടുതലായി നല്ല ജാതി പശുക്കളേയും കാളകളേയും സിന്ധു് മുതലായി നല്ലയിനം കന്നുകാലികളുള്ള സ്ഥലങ്ങളിൽനിന്നും വരുത്തി വളൎത്തണം. ബലഹീനങ്ങളായ നമ്മുടെ

നാടൻകോഴികളെ വെട്ടിക്കീറിക്കളയുകയൊ വില്ക്കുകയും, നല്ല തരം കോഴികളെ മാത്രം വിത്തുകോഴികളായി ഉപയോഗിക്കയും ചെയ്യുന്നു.

കോഴിക്കൃഷി വലിയ മൂലധനം കൂടാതെ ചെയ്യാവുന്നതും, സ്വന്ത ഉപയോഗത്തിനു പോഷകാംശമുള്ള മുട്ടകൾ ധാരാളമായി ലഭിക്കുന്നതിനു പുറമെ ആദായകരമായ ഒരു തൊഴിലായി നടത്താവുന്നതുമാകുന്നു. ഇന്ത്യയിൽ ഇതു പഴയ ഒരു വ്യവസായമാണ്. ചില ക്ഷേത്രങ്ങളിൽ പുരാതനകാലം മുതൽക്കെ കോഴികളെ ബലി ചെയ്യുന്ന സമ്പ്രദായം നടന്നുവന്നതിൽ നിന്നു തന്നെ കോഴിക്കൃഷി നമ്മുടെ ഇടയിൽ വളരെ പഴക്കം ചെന്ന ഒരു തൊഴിലാകുന്നു എന്നു തെളിയുന്നു. യൂറോപ്പിൽ മുട്ട ധാരാളമായി ഉപയോഗപ്പെടുത്തിവരുന്നുണ്ട്. ഇതിന്റെ പ്രചാരം ഇന്ത്യയിലും നാൾക്കുനാൾ വർദ്ധിച്ചുവരുന്നു. നല്ല ജാതി കോഴികളെ മാത്രമേ വളർത്തുകയുള്ളൂ എന്ന് കോഴിക്കൃഷിക്കാരൻ ദൃഢനിശ്ചയം ചെയ്യേണ്ടതാണ്.

തേൻ നല്ല പോഷകാംശമുള്ള ആഹാരവും, പ്രചാരത്തിൽ വന്നുതുടങ്ങിയതായി ഇപ്പോൾ കാണപ്പെടുന്നു. പറയത്തക്ക ചെലവു കൂടാതെ തുടങ്ങാവുന്നതാണ് തേനീച്ചവളർത്തൽ. നല്ല ജാതി ഈച്ചകളെ വരുത്തിക്കൂട്ടിലാക്കണം. സസ്യാദികളും പൂക്കളും ധാരാളമുള്ള ഈ രാജ്യത്ത് തേനീച്ചവളർത്തൽ ഒരു തൊഴിലാക്കാം. വലിയ ആദായമില്ലെങ്കിലും ഒരു ചെറിയ ആദായം പറയത്തക്ക ശ്രമമോ വ്യയമോ കൂടാതെ ഇതിൽ നിന്നും ലഭിക്കുന്നതാണ്.

കുടിൽ വ്യവസായങ്ങൾ.

സാമാന്യം ആദായകരമായ നിലയിൽ ചെയ്യാവുന്ന പല വ്യവസായങ്ങളും കേരളത്തിലുണ്ട്. മുണ്ടുനെയ്ത്തു പോലെ കൈത്തൊഴിലായി ചെയ്യാവുന്ന തൊഴിലുകൾ യന്ത്രശാലകൾ മൂലം ചെയ്ത് കൈത്തൊഴിൽ ചെയ്യുന്നവർ തൊഴിലില്ലാതായിത്തീരാതെ സൂക്ഷിക്കേണ്ട ചുമതല ഗവൺമെന്റുകൾക്കും പൊതുജനപ്രവർത്തകന്മാർക്കുമുണ്ട്. ഗ്രാമജനങ്ങൾക്ക് കൃഷികൊണ്ടു മാത്രം കഴിഞ്ഞുകൂടുവാൻ സാധിക്കയില്ല. കൃഷിയില്ലാത്ത സമയം വേറെ തൊഴിൽ ആവശ്യമാണ്. കേരളത്തിൽ പല കൈത്തൊഴിലുകളെയും പുനരുദ്ധരിക്കേണ്ടതായിട്ടുണ്ട്. പല ഗ്രാമങ്ങളിലും പല പുതിയ തൊഴിലുകളും നടപ്പാക്കാവുന്നതായിട്ടുമുണ്ട്.

തെങ്ങുള്ള പ്രദേശങ്ങളിൽ കയറുപിരി സാധാരണമാണല്ലോ. കയറുപിരി കൊണ്ടും ചിലയിടങ്ങളിൽ ഏർപ്പെടുത്താം. കൊപ്ര ഉണക്കലും വെളിച്ചെണ്ണ ആട്ടിയെടുക്കലും ആ സ്ഥലങ്ങൾക്ക് യോജിച്ച തൊഴിലുകൾ തന്നെ. ആധുനികരീതി വശത്താക്കിക്കൊടുത്തും ഗ്രാമജനങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. കൈത്തറിനെയ്ത്തു് ഇന്നും സാമാന്യം ലാഭകരമായി നടത്തിപ്പോരുന്നുണ്ട്. കൈത്തറികളിലുണ്ടാകുന്ന മുണ്ടുവസ്ത്രങ്ങൾ മാത്രമേ ധരിക്കൂ എന്ന വ്രതം പൊതുജനങ്ങളുടെ ഇടയിൽ കുറേക്കൂടി പ്രചാരത്തിൽ വരുന്നതായാൽ ഇതിനെ ഇന്നത്തേക്കാൾ വിജയത്തിലും ഒരു സ്ഥിരമായ തൊഴിലായി നിലനിർത്തിപ്പോരാവുന്നതാകുന്നു. കശുവണ്ടി വറുത്തു് ഓടും തോലിയും കളഞ്ഞു പാകപ്പെടുത്തിയെടുക്കുന്നതു

ചില പ്രദേശങ്ങൾക്കു യോജിച്ചതായിരിക്കും. മെത്ത
പ്പായ്, തഴപ്പായ്, പുല്ലുപായ് എന്നിവ നെയ്യുക, കുട്ട
കൾ, വട്ടികൾ, വിശറികൾ, ടേബിൾമാറ്റ്, കാൻവാസ്സ്,
സഞ്ചികൾ എന്നിവ തഴകൾകൊണ്ടും നാരുകൾകൊണ്ടും
ഉണ്ടാക്കുക എന്നിവയും ചെയ്യാവുന്നതാണ്. ലോഹ
ങ്ങൾകൊണ്ട് ആഭരണങ്ങൾ, പാത്രങ്ങൾ, വിഗ്രഹങ്ങൾ,
അലങ്കാരസാധനങ്ങൾ എന്നിവയും, ആനക്കൊമ്പ്,
മരം മുതലായവകൊണ്ടു ബട്ടൻസ്, വിശേഷതരം സാമാ
നങ്ങൾ, കളിപ്പാട്ടങ്ങൾ ഇവയും ഗ്രാമപ്രദേശങ്ങളിലും
ഉണ്ടാക്കാം. എള്ള്, മരോട്ടിക്കാ, പുന്നയ്ക്കാ തുടങ്ങിയ
എണ്ണക്കുരുക്കളിൽനിന്ന് എണ്ണയും, വെളിച്ചെണ്ണയിൽ
നിന്ന് സുഗന്ധതൈലങ്ങൾ, സോപ്പുകൾ എന്നിവയും,
നേന്ത്രക്കായ്, കൂവ, കപ്പ, കാച്ചിൽ, ചേന എന്നിവ
യിൽ നിന്നും ഭക്ഷ്യാഹാരങ്ങളും മററു ഭക്ഷണസാധന
ങ്ങളും, മാമ്പഴം, കൈതച്ചക്ക, പപ്പായ എന്നിവയിൽ
നിന്ന് ജാം, ജെല്ലി പാനീയങ്ങൾ എന്നിവയും നാട്ടിൻ
പുറങ്ങളിൽ ഉണ്ടാക്കാം. [illegible], കളിയടയ്ക്ക
യുണ്ടാക്കുക, സുഗന്ധപാക്കുപൊടി നിർമ്മിക്കുക എന്നി
വയും ലാഭമുള്ള തൊഴിലുകളാണ്.

വേറെയും പല തൊഴിലുകളും ഗ്രാമങ്ങളിൽ പുതു
തായി ഏർപ്പെടുത്താവുന്നതും പരിഷ്കരിക്കാവുന്നതുമായി
ട്ടുണ്ട്. നെല്ലുകുത്തിന്റെ കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ട
താണ്. മില്ലുകളിൽ നെല്ലു കുത്തുന്നതുകൊണ്ട് അരിയി
ലുള്ള പോഷകാംശങ്ങൾ [illegible] നശിച്ചുപോകുന്നുവെ
ന്നും, ആയതിനാൽ കഴിയുന്നതും തവിടുകളയാതെയുള്ള
കൈക്കുത്തരി ഉപയോഗിക്കേണ്ടതാണെന്നും, ഗവേഷണ

ങ്ങൾ നടത്തി വിദഗ്ദ്ധന്മാരായ ഡാക്ടർമാർ അഭിപ്രായ
പ്പെട്ടതു്. നെല്ലുകുത്തു ഗ്രാമങ്ങളിലെ സ്ത്രീകളുടെ ഒരു
പ്രത്യേക കുടിൽവ്യവസായമായി പരിരക്ഷിക്കേണ്ട
താണ്. അങ്ങനെ നെല്ലു കുത്തുന്നതു് തൊഴിലാക്കുന്ന
സ്ത്രീകൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും അതു
നിത്യമെന്നോണം ഗുണകരമായ ഒരു ഏർപ്പാടായി അനു
ഭവപ്പെടുന്നതുമാണ്.

സഹകരണസംഘങ്ങൾ.

ഗ്രാമീണരുടെ ഇടയിൽ കൃഷിയും കൈത്തൊഴിലും
അഭിവൃദ്ധിപ്പെടണമെങ്കിൽ അവരെ സഹായിക്കുന്ന
തിനു സഹകരണസംഘങ്ങൾ ആവശ്യമാണ്. ആ സംഘ
ങ്ങളെ കൃഷിസംഘങ്ങൾ, വ്യവസായസംഘങ്ങൾ, വില്പന
സംഘങ്ങൾ എന്നു പ്രത്യേകം പ്രത്യേകം സംഘങ്ങളായി
തരംതിരിക്കാം. ഈ മൂന്നു കാര്യങ്ങൾക്കും അത്യാവശ്യ
ത്തിനു പണം കടംകൊടുക്കുന്നതിനുമായി പൊതുഗ്രാമീ
ണസംഘങ്ങളും രൂപവൽക്കരിക്കാവുന്നതാണ്. ഒന്നാ
മതു പറഞ്ഞ തരത്തിലുള്ള സംഘങ്ങളെയാണ് ഇൻ
ഡ്യൻ റിസർവ്ബാങ്കും, ബോംബേ ഗവൺമെന്റും അനുകൂ
ലിക്കുന്നതു്. കൃഷിക്കാർ വിത്തും, വളവും, കൃഷിയായുധ
ങ്ങളും, കൃഷി സംബന്ധിച്ചു ആവശ്യമാണെങ്കിൽ അതി
ലേക്കു മാത്രം പണവും ഈ സംഘങ്ങൾ കൊടുക്കണം.
കൃഷി എടുക്കുന്ന അവസരത്തിൽ പണമോ കാർഷികോല്പ
ന്നമോ ആയി വായ്പ തിരിയെ വാങ്ങിക്കണം. കടം പിരി
കിട്ടാൻ ഇടയാകരുതു്. കൃഷിക്കർ അന്യായമായും നഷ്ട
പ്പെട്ടും ഉൾകൃഷി ഉല്പന്നങ്ങളെ വില്ക്കാതെ രക്ഷിക്കേ
ണ്ടതു് ഈ സംഘമാണ്. കരുമുളക പഴുക്കുന്നതിനു
മുമ്പുതന്നെ മൊത്തമായി വിറ്റു പണമാക്കി ഉല്പാദകർക്കു

കൊടുക്കുന്ന ഏർപ്പാട് ചെയ്തിട്ടുമുണ്ട്. അതുപോലെ തന്നെ മററു പല വിളവുകളെ സംബന്ധിച്ചും സംഘ കൃഷിക്കാർ നഷ്ടപ്പെട്ട് മുൻകൂട്ടി കച്ചവടം ചെയ്യുന്നുണ്ട്. കൃഷിക്കാരുടെ ഉല്പന്നങ്ങൾ ശേഖരിച്ച് പ്രത്യേക ശാലകളിൽ സൂക്ഷിച്ച് ന്യായമായ വിലയ്ക്കു വിററ് ഇടനിലക്കാർ കൃഷിക്കാരുടെ ആദായം മുഴുവൻ തട്ടിയെടുക്കാൻ ഇടയാക്കാതെ കൃഷിക്കാരെ സഹായിക്കുന്നതും ഈ സംഘങ്ങൾ തന്നെയാണ്. വ്യവസായികൾക്ക് സാധനസാമഗ്രികളോ യന്ത്രങ്ങളോ ന്യായമായ വിലയ്ക്കു കൊടുത്ത് അവയുടെ വില ഏതാനും തവണകളായി വാങ്ങിക്കുകയും, വ്യവസായോല്പന്നങ്ങളെയും ശേഖരിച്ചു ശാലകളിൽ സൂക്ഷിച്ച് പല സ്ഥലങ്ങളിലും അയച്ച് വില്പന നടത്തി തൊഴിലുകാരന് ന്യായമായ ആദായം ഉണ്ടാക്കി കൊടുക്കുകയും ചെയ്യുന്നതും ഈ സംഘങ്ങളാണ്.

തൊഴിൽ ചെയ്യുന്നതിലും കടം വീട്ടുമെന്നുള്ള ഗ്രാമീണർക്ക് അത്യാവശ്യങ്ങൾക്ക് പണം കടംകൊടുക്കേണ്ടതും, അവരുടെ പഴയ കടങ്ങളെ പുതുക്കി ദീർഘകാലംകൊണ്ടു വീട്ടിത്തീർക്കുന്നതിനുള്ള വ്യവസ്ഥയോടും തക്കതായ ഉറപ്പോടും കൂടി ഏർപ്പെടുത്തു വർദ്ധിച്ചുവരുന്ന കടത്തിൽ നിന്നും കൃഷിക്കാരെ രക്ഷിക്കേണ്ടതും ഈ ഗ്രാമീണസംഘങ്ങൾ തന്നെ. ഉല്പാദനപരങ്ങളായ ആവശ്യങ്ങൾക്കല്ലാതെ സാധാരണയായി കടംകൊടുക്കുന്നതല്ലെന്നുള്ള നിശ്ചയം ഈ സംഘങ്ങൾക്ക് ഉണ്ടായിരിക്കണം. പഴയ കടങ്ങൾ തീർക്കാൻ ശരിയായ ഈടിന്മേൽ ദീർഘകാലത്തേക്ക പണം കടം കൊടുക്കുന്ന പുതിയ ഭൂസ്വത്തുജാമ്യബാങ്കുകൾ നിർമ്മിക്കേണ്ടതാണ്. ഗ്രാമീണസഹകരണസംഘ

ങ്ങൾ ചെയ്യേണ്ട അതിപ്രധാനമായ കാൎയ്യം ഗ്രാമീണരുടെ കാൎഷികവും വ്യാവസായികവുമായ ഉല്പാദനത്തെയും, ഉല്പന്നങ്ങളുടെ വില്പനയേയും ഒരു പൊതുസംഘടനയുടെ നിലയിൽ സഹായിച്ച് വിജയകരമാക്കുകയെന്നുള്ളതാണ്. ഗ്രാമോദ്ധാരണത്തിന്റെ വിജയം ഗ്രാമജനങ്ങളുടെ സാമ്പത്തികനിലയെ തൃപ്തികരമായി ഉയൎത്തുന്നതിലാണു സ്ഥിതിചെയ്യുന്നതും.

ഗതാഗതസൗകൎയ്യങ്ങൾ.

ഗ്രാമങ്ങളിൽ ഗതാഗതസൗകൎയ്യങ്ങൾ വളരെ കുറവായിട്ടാണ് കാണുന്നത്. വീതിയുള്ളതും പൊടിയുടെ ശല്യമില്ലാത്തതുമായ റോഡുകൾ ഗ്രാമങ്ങൾക്ക് അത്യാവശ്യമാണ്. അടുത്ത പട്ടണങ്ങളിൽ പോകുന്നതിനും, അവരുടെ ഉല്പന്നങ്ങളെ കമ്പോളങ്ങളിൽ കൊണ്ടുപോയി വില്ക്കുന്നതിനും ഗതാഗതസൗകൎയ്യങ്ങൾ വൎദ്ധിപ്പിക്കേണ്ടതു് അത്യാവശ്യമാകുന്നു. കൃഷിസ്ഥലങ്ങളിലേക്ക് വള്ളം കൊണ്ടുപോകുന്നതിനും മൺവഴികളും വേണ്ടതാണ്. ഗതാഗതമാൎഗ്ഗങ്ങൾ പരിഷ്കരിക്കുകയും പുഷ്ടിപ്പെടുത്തുകയും ചെയ്യുന്നതുകൊണ്ട് ഗ്രാമീണോല്പന്നങ്ങൾക്ക് കൂടുതലായ കമ്പോളവും വിലയും ലഭിക്കുന്നതിനിടയുണ്ട്.

വിദ്യാഭ്യാസം.

ഗ്രാമോദ്ധാരണത്തിൽ പ്രധാനപ്പെട്ടതായ ഒരു വിഷയം വിദ്യാഭ്യാസമാണ്. സാമാന്യ വിദ്യാഭ്യാസം സാധാരണയിൽ, സ്ത്രീകൾക്കും കുട്ടികൾക്കും പുറമേ, വൃദ്ധന്മാൎക്ക പ്രായത്തിൽ വേണ്ട വ്യവസ്ഥകൾ ഗ്രാമോദ്ധാരകന്മാർ ചെയ്യണം. ഇന്ത്യയിലെ മറ്റു പ്രവിശ്യകളെ അപേക്ഷിച്ച് കേരളത്തിന്റെ സ്ഥിതി, പ്രത്യേകിച്ചും കൊച്ചി

യുടെയും തിരുവിതാംകൂറിന്റെയും സ്ഥിതി, വളരെ മെച്ച
മായനിലയിലും, അക്ഷരാഭ്യാസമില്ലാത്തവരുടെ സംഖ്യ
കേരളത്തിലും വളരെ കുറവല്ല. ഒരു സ്ഥലത്തെ ജനങ്ങ
ളുടെ ജീവിതരീതി ഉയരുന്നതിനും, സാമൂഹ്യജീവിത
ത്തെപ്പററി അവർ സാമാന്യമായ ഒരു ജ്ഞാനം സിദ്ധി
ക്കുന്നതിനും, രാഷ്ട്രീയമോ, സാമുദായികമോ, സാമ്പത്തിക
മോ ആയ വിഷയങ്ങളെക്കുറിച്ചു സാമാന്യമെങ്കിലും ശരി
യായ ഒരു അഭിപ്രായം രൂപവൽക്കരിക്കുന്നതു സാധ്യമാ
കുന്നതിനും, ആ സ്ഥലത്തെ ജനങ്ങൾക്കു് സാധാരണ
വിദ്യാഭ്യാസമെങ്കിലും ഒഴിച്ചുകൂടാൻ പാടില്ലാത്തതാണു്.

ഓരോ ഗ്രാമത്തിലും പ്രാഥമികവിദ്യാഭ്യാസത്തിനുള്ള
വിദ്യാലയം അത്യാവശ്യമാണു്. ഇതു് കുട്ടികളുടെ ഗുണ
ത്തെ മാത്രം ഉദ്ദേശിച്ചുള്ളതാണു്. എന്നാൽ ഏതു പരി
ഷ്കാരത്തിനും അടിസ്ഥാനം വിദ്യാഭ്യാസമാകയാൽ
ഗ്രാമവാസികളെ മൊത്തത്തിൽ വിദ്യാഭ്യസ്തരാക്കുന്നതിനാ
ണു ശ്രമിക്കേണ്ടതു്. ഇന്നു് ഇന്ത്യയിൽ പല സ്ഥലത്തും
നിരക്ഷരത്വത്തോടു മല്ലിടുന്നതിനുള്ള സന്നാഹം നട
പ്പിൽ വരുത്തിത്തുടങ്ങിയിട്ടുണ്ടു്. ഈ വിഷയത്തിൽ ബീ
ഹാർ ഗവൺമെന്റു് ഒരു കൊല്ലത്തെ പരിശ്രമഫലമായി
കുറെയൊക്കെ വിജയം സമ്പാദിച്ചു കഴിഞ്ഞു. കേരള
ത്തിൽ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരുടെ സംഖ്യ ധാരാ
ളമുള്ളതിനാൽ, നിരക്ഷരത്വത്തെ കേരളത്തിൽനിന്നും
നീക്കുന്നതു് വളരെ പ്രയാസമുള്ള കാര്യമല്ല. ഗ്രാമോദ്ധാ
രകർ അഭ്യസ്തവിദ്യരുടെ സഹായസഹകരണങ്ങളെ സം
ഘടിപ്പിച്ചു് ഈ വിഷയത്തിൽ ശ്രമിക്കുന്നതായാൽ വിജ
യം സിദ്ധിക്കുന്നതാണു്. പക്ഷേ, നിരക്ഷരത്വം തൽ

ക്ഷരം മാറിയാൽ മാത്രം മതിയാകുന്നതല്ല. അക്ഷരാഭ്യാസം ചെയ്തിട്ടുള്ള പലരും വായിക്കുകയോ എഴുതുകയോ പിന്നീടു ചെയ്യാത്തതുകൊണ്ടു വീണ്ടും നിരക്ഷരകക്ഷികളായിത്തീരുന്നുണ്ട്. അങ്ങനെ വരാതിരിക്കാൻ വായനശാലകളും ഗ്രന്ഥശാലകളും മുതലായ ഏർപ്പാടുകൾ ചെയ്യേണ്ടതാണ്.

എന്നാൽ നിരക്ഷരത്വം നീക്കിയതുകൊണ്ടു മാത്രം പോരാ, പ്രായപൂർത്തി വന്നവർക്കു വിദ്യാഭ്യാസം തന്നെ കൊടുക്കേണ്ടതാണ്. വാർദ്ധക്യമെന്നതു തന്നെ ഒരു വിധം നോക്കുന്നതായാൽ പുതിയ വിഷയങ്ങൾ പഠിക്കുന്നതിനുള്ള ശക്തിയുടെ ക്ഷയമാണ്. പുതിയ വിഷയങ്ങൾ പഠിക്കുന്നതിന്, അവരുടെ ജീവിതക്രമത്തെ നന്നാക്കുന്നതിനും നല്ല നിലയിൽ നടന്നു വാഴ്ചകൊണ്ടു പോകുന്നതിനും പര്യാപ്തമായ വിഷയങ്ങൾ പഠിക്കുന്നതിന്, വേണ്ട സൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കണം. അവർക്കു താല്പര്യം തോന്നുന്നതും ആവശ്യവുമായ വിഷയങ്ങൾ, ഇന്നത്തെ ലോകസംഭവങ്ങൾ, രാജ്യഭരണത്തിലുള്ള പ്രധാന സ്ഥിതിഗതികൾ, കലകൾ, സാഹിത്യം, ഗ്രാമീണപൌരത്വശാസ്ത്രം എന്നിവയാണ്. ഇവയെക്കൂടാതെ അതാതു സ്ഥലങ്ങളിലെ കൃഷിയെ പുഷ്ടിപ്പെടുത്തേണ്ടുന്ന മാർഗ്ഗങ്ങൾ, ആഹാരശാസ്ത്രം, അടുക്കളത്തോട്ടനിർമ്മാണം, പശുപാലനം, കോഴിവളർത്തൽ, ആരോഗ്യരക്ഷാമാർഗ്ഗങ്ങൾ മുതലായി ഗ്രാമീണർ അറിഞ്ഞിരിക്കേണ്ട വിഷയങ്ങളെപ്പറ്റിയും അവർക്ക് അറിവു നൽകേണ്ടതാണ്. ഈ വിഷയങ്ങളെപ്പറ്റി പ്രദർശനങ്ങൾ, മായാദീപപ്രദർശനങ്ങൾ എന്നിവയോടുകൂടിയ പ്രസംഗ

പരമായ നേട്ടങ്ങളാണു് ഗ്രാമവാസികളെ സംബന്ധിച്ചിടത്തോളം ഒരു പ്രധാന പ്രശ്നങ്ങളായിരിക്കും. പ്രായം ചെന്നവരുടെ വിദ്യാഭ്യാസത്തിന് നിശാപാഠശാലകളായിരിക്കും അധികം ഉപകരിക്കുന്നതു്.

ഒരു ഗ്രാമത്തിൽ സാധാരണ പ്രാഥമിക വിദ്യാലയങ്ങൾക്കും പുറമെ ഒരു സാങ്കേതികപാഠശാലയോ, പൊതുവിഷയങ്ങളും സാങ്കേതിക വിഷയങ്ങളും കൂടി പഠിപ്പിക്കുന്ന ഒരു പാഠശാലയോ ആവശ്യമാണ്. ആ ഗ്രാമവാസികൾക്കു്, അവരുടെ പരിതസ്ഥിതിക്കും ആ ദേശത്തിന്റെ ആവശ്യത്തിനുമനുസരിച്ചുള്ള കൃഷി, വ്യവസായം എന്നിവയിൽ അഭ്യസനം നൽകേണ്ടതാണ്.

പൊതുജനാരോഗ്യം

ആരോഗ്യപരിപാലനത്തിന്റെ അത്യാവശ്യകതയെയും, അസുഖങ്ങൾ വരുന്ന വിധവും, വ്യാധികൾ ഉണ്ടാകുന്നതിനുള്ള കാരണങ്ങളെയും പററി ഗ്രാമീണരെ ബോധവാന്മാരാക്കേണ്ടതാണ്. ഗ്രാമീണർ അവരവരുടെ ശരീരങ്ങളെ ശുചിയായി സൂക്ഷിക്കുന്നതിനും പുറമെ, വീടുകൾ, പരിസരങ്ങൾ, പുറമെ പോക്കുള്ള സ്ഥലങ്ങൾ, പബ്ലിക്ക് വഴികൾ, പൊതുജനങ്ങൾ കൂടുന്ന മററു സ്ഥലങ്ങൾ എന്നിവ വളരെ വൃത്തിയായി സൂക്ഷിക്കാൻ ശ്രമിക്കേണ്ടതാണ്. പലവിധം പകർച്ചവ്യാധികൾ ഗ്രാമങ്ങളിൽ നാശം ചെയ്യുന്നുണ്ടു്. രോഗങ്ങൾ പകരാതിരിക്കാനുള്ള മാർഗ്ഗങ്ങൾ അവർ ശീലിപ്പിക്കേണ്ടതാണ്. മസൂരി, കോളറ, മലമ്പനി മുതലായ രോഗങ്ങൾ പല ഗ്രാമപ്രദേശങ്ങളെയും ബാധിക്കാറുണ്ടു്. അവ വരാതിരിക്കുന്നതിനും വിവിധ തരത്തിലുള്ള നിവാരണമാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതു് ആവശ്യ

മാണ്. കുടിക്കുന്നതിനു ശുദ്ധജലം കിട്ടാത്ത അനേകം ഗ്രാമങ്ങളുണ്ട്. ഇന്നു പല പ്രവിശ്യകളിലും ഈ വിഷയത്തിൽ ശ്രദ്ധ പതിപ്പിച്ചു കാണുന്നു. ഗവൺമെൻറും പൊതുജനാരോഗ്യവകുപ്പും ഈ കാര്യത്തിൽ ഗ്രാമങ്ങൾക്ക വലിയ സഹായങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. ഗർഭിണികളുടെ ആരോഗ്യത്തെ സൂക്ഷിക്കുക, പ്രസവരക്ഷ ചെയ്യുക, ശിശുസംരക്ഷണം നടത്തുക, വിദ്യാർത്ഥികളുടെ ആരോഗ്യപരിശോധന ചെയ്യുക എന്നിവയും ഗ്രാമോദ്ധാരണത്തിൽ ഉൾപ്പെടുത്തി പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ്.



V

ഭാവനാശക്തി

[ഇന്നത്തെ ഒരു പ്രസിദ്ധ ശാസ്ത്രജ്ഞന്മാരനാണു് ശ്രീമാൻ ക്രൂക്ക്സ് കർത്താവ്. മഹാകവികളുടെ ഭാവനാശക്തി ഏതുമാതിരിയാണെന്നു് ഉള്ള വരണമെന്നറിയാം അദ്ദേഹം ഈ പ്രബന്ധത്തിൽ വിവരിച്ചിരിക്കുന്നു]

കഴിഞ്ഞ കാര്യങ്ങളെ ഓർമ്മിപ്പിക്കാനുള്ള വൈഭവത്തിനാണു സാധാരണയായി ഭാവനാശക്തിയെന്നു പേരെങ്കിലും, സാഹിത്യസംബന്ധമായി പറയുമ്പോൾ ഈ പദത്തിനു് അധികമായ ശക്തിയും സാരസ്യവും ഉണ്ടു്. ഈ അർത്ഥത്തിൽ ഓർമ്മശക്തി കൂടി അടങ്ങിയിരിക്കുമെങ്കിലും, അതിനെക്കാൾ അധികം പ്രാധാന്യമുള്ളതു് ഭാവനാശക്തി, ബുദ്ധിശക്തിയെ ആശ്രയിച്ചിരിക്കും. അത്യന്തം ബുദ്ധ്യതിശയനായിരിക്കും അധികം ഭാവനാശക്തിയുള്ളവൻ. ഭാവനാശക്തിയുള്ളവരെല്ലാം അവശ്യം ബുദ്ധിമാന്മാരായിരിക്കണമെങ്കിലും, എല്ലാ ബുദ്ധിമാന്മാർക്കും ഭാവനാശക്തി ഉണ്ടായിരിക്കുമെന്നോ, ഉണ്ടാകണമെന്നോ ഇല്ല.

മനുഷ്യരുടെ അറിവിന്റെയും, വാസനയുടെയും, പരിചയത്തിന്റെയും ഏറ്റക്കുറച്ചിലിനനുസരിച്ചു്, അവർ പഞ്ചേന്ദ്രിയങ്ങൾ വഴിയായി അറിയുന്ന സാധനങ്ങളുടെയും, കാര്യങ്ങളുടെയും ഗുണാഗുണങ്ങളെ മനസ്സിലാക്കുന്നതിനു വ്യത്യാസമുണ്ടായിരിക്കുമല്ലോ. ഒരു ചെടിയെയോ, പുഷ്പത്തെയോ, ഒരു സാധാരണ മനുഷ്യൻ കാണുന്നതിലും, ഒരു സസ്യശാസ്ത്രജ്ഞൻ കാണുന്നതിലും ഫലത്തിൽ

വ്യത്യാസമുണ്ടു്. ഒരു പാട്ടു കേൾക്കുമ്പോൾ "സംഗീതത്തിനു ചെവിയില്ലാത്ത" ഒരാൾക്കു് ഉണ്ടാകുന്ന ആനന്ദവും, ഒരു സംഗീതജ്ഞനുണ്ടാകുന്ന ആനന്ദവും, രണ്ടും, രണ്ടുവിധത്തിലായിരിക്കും. മനുഷ്യരുടെ വാക്കിൽനിന്നും, അവരുടെ മുഖഭാവത്തിൽ നിന്നും, അവരുടെ മനോഗതം അറിവാൻ ലോകവ്യവഹാരത്തിൽ അധികം ഇടപെട്ട വൃദ്ധന്മാർ സാധിക്കുംപോലെ ചെറുപ്പക്കാർക്കു സാധിക്കുകയില്ല. അതുകൊണ്ടാണല്ലോ "ഇളമാൻ കടവറിയാ" എന്നു പറയുന്നതു്.

ഇങ്ങിനെ തന്നെ, പല സാധനങ്ങളേയും കാണുന്ന മാത്രയിൽ അവയുടെ ദൃശ്യഗുണങ്ങൾ മനസ്സിലാക്കി, അവയോടു സാമ്യമുള്ള മറ്റു സാധനങ്ങളെ ക്ഷണത്തിൽ ഓർമ്മിച്ചു് അന്യോന്യമുള്ള തുല്യാതുല്യതകളെ ഗണിച്ചറിവാനുള്ള, ജന്മസിദ്ധമായ വൈഭവത്തെയാണു് ഭാവനയെന്നു പറയുന്നതു്. ചിത്രമെഴുത്തുകാർക്കും കവികൾക്കും ഭാവനാശക്തി അത്യാവശ്യമാണു്. മററുള്ളവർ നിസ്സാരങ്ങളെന്നു വിചാരിക്കുന്ന ഒരു ഇലയുടെ നില്പോ, ഒരു അംഗത്തിന്റെ സ്ഥിതിയോ, ചിത്രത്തിനു സ്വാഭാവികത നൽകുവാൻ ഏററവും ഉപയോഗമുള്ളവയായി ഒരു ചിത്രകാരൻ വിചാരിച്ചെന്നു വരാം. ഏറ്റവും വിപരീതങ്ങളായുള്ള വികാരങ്ങളെ ചിത്രത്തിൽ സൂചിപ്പിക്കുവാൻ, മുഖത്തിന്റെ ഒരു ചുളിവോ കണ്ണിലെ പ്രകാശത്തിന്റെ സ്ഥാനമോ അല്പം ഭേദിപ്പിച്ചാൽ മതി

ഗുണദോഷവിവേചനയിൽ അത്യന്തം പാടവമുള്ള ഒരാളു, സമർത്ഥനായ ഒരു ചിത്രമെഴുത്തുകാരൻ വരച്ചു

ഒരു ചിത്രം കാണിച്ചപ്പോൾ, ചിത്രം ശാസ്ത്രാനുസാര
മായ എല്ലാ ഗുണങ്ങളും അടങ്ങിയതാണെങ്കിലും അതു ആവ
ശ്യമായ ഒരു "ഇതു്" ഇല്ലാത്തതുപോലെ ഇരിക്കുന്നു
എന്നു പറയുമ്പോൾ. ആ "ഇതു്" എന്താണെന്നു
ഗുണദോഷവിവേചനജ്ഞന്മാർക്കു പറവാൻ സാദ്ധ്യമാ
യിരുന്നില്ല. ഭാവനാശക്തിയുള്ള ഒരു ചിത്രകാരന്റെ
തൂലികകൊണ്ടു് ഒരു ചെറിയ കൊട്ടലോ, നേരിയ ഒരു
വരയോ, ചിത്രത്തിന് ആ "ഇതു്" ഉണ്ടാക്കിത്തീർ
ക്കാം. കവിതയുടെ കാര്യവും ഇങ്ങനെ തന്നെയാണു്.
ചിത്രകാരന്റേയും കവിയുടേയും ഭാവനാശക്തിയുടെ
ഭാവാഭാവങ്ങൾ തിരിച്ചറിയേണ്ടതു മനസ്സിനു ഈ കൊട്ട
ലോ വരയോ പോലെ അത്ര സൂക്ഷ്മമായിട്ടാണുതാനും.

നമുക്കു് ഇവിടെ കവികളുടെ ഭാവനാശക്തിയെ
പ്പററി വിചാരിക്കേണ്ടതുള്ളൂ. അതിന്റെ വിവൃതി
യുള്ളൂ.

വല്ല സാധനവും വിവരിക്കുന്നതു് അതിന്റെ ഏററ
വും മുഖ്യമായി തോന്നുന്നവയിൽ നിന്നു ക്ഷണം തിരിച്ചറി
യത്തക്കതായ ഗുണങ്ങളെ കണ്ടുപിടിക്കണം. അങ്ങി
നെയുള്ള ഗുണങ്ങളെ കണ്ടുപിടിക്കാനാണു് ഭാവനാശ
ക്തിയുടെ സഹായം വേണ്ടതു്.

... ... ഒരു വൃദ്ധ
കുരങ്ങിന്റെ വടിവായി ചമഞ്ഞും കൈകളും കാലും
കുഴഞ്ഞു വാലുകളെപോലെ മെലിഞ്ഞ കൈകളെക്കൊണ്ടു
ചൊറിഞ്ഞു, രോമമെപ്പോഴും കൊഴിഞ്ഞു തോലിയും ചുക്കി-
ച്ചുളിഞ്ഞു കണ്ണിനു കാഴ്ച കുറഞ്ഞു, പീളയും വന്നു
നിറഞ്ഞു, താൻ വഴിയിൽക്കുത്തിരുന്നു, നെറ്റവും ചിറി-
ച്ചുരിച്ചു...............

ഈ മൃഗം കണ്ടു് മതിവരാത്ത കൈകേയനന്ദനന്റെ ചൊ-
റിഞ്ഞിരുന്നിട്ടു് കമ്പർവർണ്യയോടെ ചിത്രം ഒരി-
ക്കലും പ്രശംസാർഹമാകാതില്ലായിരുന്നു.

> വാനീരത്തിൽ ഒളിച്ചു പക്ഷികളിരി-
> ക്കുമ്പോൾ കൊഴിഞ്ഞുള്ള നൽ-
> സൂനത്തോടു സുഗന്ധമാർന്നതിൽ ജലം-
> പ്ലക്ഷപ്പൂവുകളുമവ തോട്ടം,
> താഴെ നോക്കും പൊഴിഞ്ഞു നീലനിറമാം
> ജംബൂഫലം കുട്ടിവൻ-
> യാനങ്ങളൊഴുകുന്ന ചോലകളിതാ
> ...വിളിക്കിലവരെ.

ഭവഭൂതിയുടെ ഈ വിവരണം വായിക്കുമ്പോൾ ആ ചോലകളുടെ ശീതളിമയും സുഗന്ധവും നൈർമ്മല്യം ഉള്ള വെള്ളത്തിന്റെ സാന്നിദ്ധ്യവും അനുഭവിക്കാൻ നമുക്കൊരനുഗ്രഹം നമ്മിലുണർത്തിക്കൊണ്ടു ആ വിവരണം അത്ര ഹൃദ്യവും സ്വാഭാവികവുമായിരിക്കുന്നു.

ലങ്കയിലേക്ക പോകാൻ ഭാവിക്കുന്ന രാമന്റെ മനോഭാവം ഏതുതരത്തിലായിരുന്നെങ്കിൽ താഴെ പറയുന്ന വിവരണത്തിനനുസരിച്ചിരിക്കും.

> ....വാക്യം നിജ-
> മെന്നോർത്തു പരന്നി കരങ്ങളും
> അഭിവീക്ഷ്യലങ്കയെ വ്യഗ്രമായ്പരമാകിനി-
> നാകമൊളിതാഴ്ത്തിനാൻ,

ഇങ്ങിനെ അന്നാണ്,

“സപക്ഷ്മം കടിഞ്ഞാണയച്ചിട്ടുടനെ
നീട്ടിക്കഴുത്തൊറവും
പുച്ഛാഗ്രങ്ങൾ ചലിപ്പിക്കാതെ, ചെവികളും
കൂർപ്പിച്ചുനടക്കുന്നതും”

ഓടിയ ദുഷ്ഷന്തന്റെ കുതിരയും,

“കണ്ഠനാളമഴകിൽത്തിരിച്ചുമുഖം
രഥം പിറകിൽ നോക്കിയും
കണ്ടുനായ് ശരഭയേന പൃഷ്ഠമതു
പൂർവകായഗതമാക്കിയും”

കൊണ്ട് ജീവരക്ഷയ്ക്കായി ഓടിയ മാനും.

അധികം ഉദാഹരണങ്ങളെക്കൊണ്ട് ഉപന്യാസം ദീർഘിപ്പിക്കുന്നില്ല. യഥാർത്ഥകവികളുടെ കൃതികളൊക്കെ ഇതിനു ദൃഷ്ടാന്തമായിരിക്കും.

ഇങ്ങനെ സാധനങ്ങളുടെ സ്വന്തഗുണങ്ങൾ കണ്ടറിക മാത്രമല്ല, തുല്യഗുണമുള്ള മററു സാധനങ്ങളെ പെട്ടെന്നു മനസ്സിൽ ഓർമ്മിക്കുകകൂടിയാകുന്നു ഭാവനാശക്തി ചെയ്യുന്നതു്. ഇങ്ങനെ ഓർമ്മിക്കുന്നതു് പണ്ടെങ്ങാൻ കണ്ടു മനസ്സിലാക്കിയതോ, കേട്ടതോ, വായിച്ചറിഞ്ഞതോ, ചെയ്തിട്ടുള്ളതോ ആയ സാധനങ്ങളായിരിക്കാം. തുല്യഗുണങ്ങൾ ആകൃതിയിലോ പ്രകൃതിയിലോ ആയിരിക്കാം. ഭാവനാശക്തിയുടെ ഈ പ്രകടനത്തിൽനിന്നാകുന്നു ഉപമാദി അലങ്കാരങ്ങളുടെ ഉത്ഭവം.

എന്നതു കേട്ടൊരു കംസൻതൻ കോപവും
മന്ദമായ് വന്നതായ് മെല്ലെ മെല്ലെ,
മന്ത്രംകൊണ്ടീഷൽ തളർന്നിന്നീടുമ-
പ്പന്നഗവീരന്റെ കോപംപോലെ.

ശോഭിതമായൊരു ദേവകി തന്നെയും
ആദരവോടങ്ങണച്ചു നിന്നാൻ.
വന്നൂലിവാതിൽനിന്നാവാതെ വീണ്ടുമൊ-
ഴ്ചുന്നവണ്ണപ്പൂണാരനാമെന്നപോലെ
മേവിനിന്നീടിന രോഹിണീദേവിതാൻ
കേവലം കംസനെ നോക്കി നിന്നാൾ.

ഇങ്ങനെയുള്ള അലങ്കാരങ്ങൾ ധാരാളമായി അടങ്ങിയിരിക്കുന്ന കൃഷ്ണഗാഥ രചിച്ച വിദ്വാന്റെ അസാധാരണമായ ഭാവനാശക്തി ഈ വിധത്തിലാണ് അധികവും പ്രകടിപ്പിച്ചിട്ടുള്ളത്. കുഞ്ചൻനമ്പിയാർ ഉപമാലങ്കാരം അത്ര വളരെ പ്രയോഗിച്ചുകാണുന്നില്ല.

ഘോഷയാനരവരപൂർത്തിയുള്ള സുരവാ-
ഹോമസമമാം ദ്യുതി വിലസതിതാൻ.

ഇതിലെ ചില കവികൾ സ്വർഗ്ഗലോകത്തെയും, താമരയേയും, അരയന്നത്തെയും, ചന്ദ്രനെയും പിടിച്ചുവലിച്ചു കൊണ്ടുവരുന്നവയെ ഭാവനാശക്തിയുടെ ഫലമായി ഞാൻ വിചാരിച്ചിട്ടില്ല. ആരും വിചാരിക്കയില്ല.

യാതീഹ മുമ്പോട്ടു വപുസ്സു മാത്രം
ചേതസ്സു പശ്ചാദ്വശം പ്രയാതി
വാതസ്യ വേഗം പ്രതിനീയമാനം
കേതോഃ പതാകാംശുകമെന്നവണ്ണം.

സ്വന്തം ഭാവനാശക്തിയുടെ ഉത്തമദൃഷ്ടാന്തങ്ങളായ ഈ വക ശ്ലോകങ്ങളുടെ ഗാംഭീര്യവും രസവും ഒന്നുവേറെതന്നെയാണ്. രാജാക്കന്മാർ പ്രജകളെ പരിപാലിക്കണമെന്നതിന്നാവശ്യപ്പെടുന്ന സങ്കടങ്ങളും, രാജപദവിക്കുള്ള രസികത്വ

ഷും അറിയാത്തവർ വെയിലിൽ കട പിടിപ്പു നടക്കുന്ന വഴിയിൽ ഒരുമ ഉണ്ടായിരിക്കയില്ല. പക്ഷെ,

ക്ഷിതിക്ഷിതത്തിൻ കൃത്യം ഇരവേഗം പോലെയും-
ഷത്തിനൊപ്പം ചൊല്ക്കാൻ സുകൃതങ്ങളെയും കടലെ

ഉദ്ധൃത പ്രയോഗിക്കാൻ പെട്ടിരുന്നതാ മഹാനായ
കവിക്ക് മാത്രമേ കഴിയുള്ളൂ.

"പാറ്റിക്കൂട്ടം പാതിരാവിലെ മുങ്ങാനായി കൊമ്പത്തി-
ഷാറംഭിക്കുന്നു അവരത്തിനായ് വന്നിരുന്നു."

ഇതും ഓരോ സാധാരണക്കാരുടെ ദൃഷ്ടിയാകുന്നു. അഹോ!
ഷും ഓർമ്മകളിലും നന്മയുടെ തെളിവും എന്ന
ഉല്ലവസ്തുക്കളും സംബന്ധപ്പെട്ട സംഗതികളും മനസ്സിൽ
ജനിപ്പിക്കാൻ കാരണമാകുന്നു.

പൊരിയുന്ന വെയിലിൽ പൊൻചിരിയിൽ
തെളിയുന്നൊരു കടലിൻ തിര
എരിയുന്നതിലിന്ധനമൊപ്പം
പൊരിയാറ്റിൻ അരുണിമ പോലെ.

ഇത് അറിയാത്തവർക്ക് തോന്നുന്ന സാദൃശ്യങ്ങളല്ല.

സുന്ദരമായൊരു നന്ദനത്തെ
വൃന്ദാവനത്തിൽ നിന്നകലെ
ഭംഗികൾ ചേലായിക്കാണുന്നതിലെ
മെയ്യുന്ന തിങ്കൾത്തെളിമ പോലെ.

ഇത് സാധാരണ കണ്ടുവരുന്ന സാധാരണ കാഴ്ചപ്പുറത്ത്
ഉണ്ടായ ഉപമയാണ്. മനസ്സിൽ ഏതൊരു ഉപമ
ഏതാണ്ട് ഒരു സാധാരണക്കാരുടെ സംബന്ധപ്പെട്ട അനുഭവ
കാര്യങ്ങൾ തോന്നിപ്പിക്കാനിടയുണ്ട്. ഒന്നു മറിച്ചു
വിവരം അറിഞ്ഞവരുടെ അനുഭവത്തെ മനസ്സിൽ ഒന്ന്

ചെയ്യുന്നതും അവനെ സംബന്ധിച്ചുള്ളതായ പ്രത്യേകതകൾ സംഗതികളും ഉൾപ്പെടുന്നു.

എന്നാൽ, അതെക്കുറിച്ചറിയാൻ സംഗതി വന്നില്ലെങ്കിലും ഒരു സാധനം ശരിയായി ഉപഹരിച്ചറിഞ്ഞു കൃത്യമായി വർണ്ണിക്കാൻ സാധിക്കുന്നവരുടെ ഭാവനാശക്തി ഏററവും വിസ്മയജനകമായതാകുന്നു. പറക്കുന്ന യന്ത്രങ്ങളെ പൂട്ടിയ രഥങ്ങളിൽ ഏറി ആകാശഗമനം ചെയ്യാൻ കാളിദാസന് സംഗതി വന്നിരുന്നുവെന്നോ, ബലൂൺ എന്ന ആകാശവിമാനം കാളിദാസൻെറ കാലത്ത് നടപ്പിൽ വന്നിരുന്നുവെന്നോ വിശ്വസിക്കാനെവിടെ. താഴെ എഴുതുന്ന ശ്ലോകത്തിൽ പ്രകടിപ്പിച്ചിരിക്കുന്ന ഭാവനാശക്തി നിരൂപകന്മാരെ വളരെ രസിപ്പിച്ചിരിക്കുന്നു.

> രഥാന്തിപ്പറന്നാംപോലുമുള്ളൊരിവിമാനത്തിൽ
> നിന്നയോദ്ധ്യേ യാത്രി
> തിരിപ്പുളെളാരു പാദികന്നന്തരീക്ഷവി-
> ല്ലൂതോർത്തിപ്പെ ഭാഗം
> ശരിപ്പെട്ടു പഴുത്തകാണുന്നതൊമാനവിക്കളഭി-
> പ്രകാരം ശമതി; കാണ്ണ-
> ഞ്ഞാടിപ്പാരമന്റ്റിപ്പോകുന്നനെയ്തെല-
> ങ്കായിക്കുന്നു കിം മേ?

മേഘത്തിൽ താഴേട്ടിറങ്ങും രഥത്തിൽനിന്നു കാണുന്ന ഭൂലോകത്തിൻെറ കാഴ്ച ഇങ്ങിനെ കാളിദാസൻ വിവരിച്ചതു വായിച്ചതിനു ശേഷം അങ്ങിനെതന്നെ ആയിരിക്കുമെന്നു നമുക്ക് തോന്നുന്നു. അതു വായിക്കുന്നതിനു മുൻപ് ഈ നിരൂപണം നമ്മുടെ മനസ്സിൽ തോന്നിയിരുന്നില്ലല്ലോ. ഭാവനാശക്തിയുള്ള കാളിദാസനെ അതി

ഗ്ഗത്തെ നാമുളം അന്യോന്യമുള്ള വ്യത്യാസമാണിത്. ഇതുകൊണ്ടുതന്നെയാണ് കേരളത്തിലെ ചില കവികൾ ചന്ദ്രനെയും താമരയേയും വിടാത്തത്. തൊണ്ടിപ്പൂഴങ്ങളെ ഇന്നും കാട്ടിൽനിന്ന് നാട്ടിലിറങ്ങാനും, ശംഖുകളെ കടലിൽനിന്ന് കരയിൽ കയറാനും നമ്മുടെ ചില കവികൾ സമ്മതിക്കാത്തതും ഇതുതന്നെയാണ്.

ഭാവനാശക്തിയെ ആലോചനാശക്തികൊണ്ടു നിയന്ത്രണം ചെയ്യുന്നില്ലെന്നാൽ കടിഞ്ഞാൺ പൊട്ടിയ കുതിരയെപ്പോലെ ഏതിലെ എങ്കിലും ഓടും. ഭ്രാന്തന്മാരുടെ സ്ഥിതി ഇങ്ങിനെയാണ്; വല്ല സാധനവും അവർ കാണുമ്പോൾ പലതരം ദുർവ്യവസ്ഥകൾ അവരുടെ ഓർമ്മയിൽ വരികയും, നല്ലതിനെ തിരിച്ചറിഞ്ഞു വ്യവസ്ഥപ്പെടുത്താൻ ആലോചനാശക്തി ഇല്ലായ്കയാൽ, പല വികൃതസ്വരൂപങ്ങളും, പ്രേതവും, പിശാചും മനസ്സിൽ തിക്കിത്തിരക്കി കടന്നുകൂടുക ചെയ്യുന്നു. രാത്രിയിൽ പെട്ടെന്ന് ഭയപ്പെട്ടുപോകുന്ന നേരം മനസ്സിന്റെ ക്ഷോഭംനിമിത്തം ഉണ്ടാകുന്ന ഭാവനകൊണ്ട് മുറിഞ്ഞ കുറ്റിയേയോ, ഇലയേയോ, നിഴലിനേയോ പിശാചായി സങ്കല്പിക്കുന്നു. ഭയംനിമിത്തം മനസ്സിൽ ആലോചനയ്ക്ക് ഇടയില്ലാതാകയാൽ വരുത്തുന്നതാണിത്.

ഭാവനാശക്തിയുടെ ഈവിധമുള്ള അതിർകവിഞ്ഞ ചലനം ഒഴിച്ചു പറയുന്നതായാൽ കവികൾക്ക് ഇതു അത്യാവശ്യമായ ശക്തി വേറെ ഇല്ലെന്ന് തീർച്ചയാക്കാം. കാര്യങ്ങളുടെ സാദൃശ്യം മനസ്സിലാക്കാൻ ഉപമകളെപ്പോലെ സഹായമായി മറ്റൊന്നുമില്ല. ഗോചരങ്ങളല്ലാത്ത വസ്തുക്കളെ ഗോചരങ്ങളായവയോടും നേരെ

മറിച്ചും ഉപമിക്കുന്നതായാൽ അവയുടെ ശരിയായ ഭംഗിയും ഉണ്ടാകാൻ എളുപ്പത്തിൽ സാധിക്കും.

> [illegible]
> [illegible]

എന്നു മാത്രം പറഞ്ഞുവെച്ചിരിക്കുന്നവയിൽ ഉണ്ടാകുന്ന തിരസ്കാരം എത്ര ദൃഢമായും വ്യക്തമായും ഉള്ള ഒരു ജ്ഞാനമാണ്,

> [illegible]
> [illegible]

എന്ന ഉപമ എത്ര മനോഹരമാകുന്നു! മനുഷ്യന്റെ ജീവൻ താമരയിലയിൽ വീണു കിടക്കുന്ന വെള്ളത്തുള്ളിയുടെ മാതിരിയാണ്,

> നളിനീദളഗത ജലമതിതരളം
> തദ്വജ്ജീവിതമതിശയ ചപലം.

എന്നിങ്ങനെ ഉപമിച്ചു പറയുന്നതിൽനിന്ന് അതിന്റെ അസ്ഥിരത്വത്തെയും ക്ഷണഭംഗുരത്വത്തെയും നമുക്ക് എത്ര ക്ഷണത്തിൽ എത്ര വ്യക്തമായി ഗ്രഹിക്കാവുന്നു!

ഇങ്ങനെയുള്ള അനേകം ശക്തികളുടെ സഹായം കൊണ്ട് അറിവ് ഉണ്ടായിത്തീരുന്ന ഒരു ജീവിതാനുഭവം, അതിൽനിന്ന് ലഭിക്കാവുന്ന ഒരു സന്തോഷവുമെല്ലാം നമ്മുടെ ചില വിദ്വാന്മാർ ധരിക്കുന്നതു മറവുള്ളവർക്ക് ഉപകാരപ്രദമായിരിക്കുന്നതാണ്.

VI

ആരാകുളം

[ആധുനിക [illegible] മുന്നണിയിൽ നിൽക്കുന്ന ഒരു ലേഖകനാണ് ശ്രീ. നാരായണ[illegible]. അദ്ദേഹം രചിച്ച '[illegible]പുത്രൻ' എന്ന ചരിത്രനോവൽ തുടങ്ങുന്ന രംഗമാണ് ഇവിടെ ചേർത്തിരിക്കുന്നത്. പണ്ടു പെരുമാക്കന്മാർ കേരളത്തെ ഭരിച്ചിരുന്ന കാലത്ത് അവരുടെ അന്നത്തെ രാജധാനിയായ കൊടുങ്ങല്ലൂരിനടുത്തുള്ള മഹോദയപുരത്തെ ആരാകുളത്തിന്റെ സമീപത്തു വച്ചു നടന്നതായി ഗ്രന്ഥകാരൻ സങ്കല്പിച്ചിട്ടുള്ള ഒരു സംഭവമാണ് ഇവിടെ വർണ്ണിച്ചിരിക്കുന്നത്]

മഹോദയപുരത്തിലെ ആരാകുളം എന്ന തടാകം പെരുമാക്കന്മാരുടെ രാജധാനിക്ക് തൊട്ടുകുറി പോലെ ശോഭിച്ചു. ഉളിയാടി മിനുസപ്പെടുത്തിയ ശിലകളെക്കൊണ്ടു കെട്ടിപ്പടുത്ത തറകളിൽ നിൽക്കുന്ന അരയാലുകളുടെ ചെന്തളിരുകൾ എളനീർവെള്ളത്തോടു കിടപിടിച്ചു കിടക്കുന്ന തോയരാശിയിൽ നിഴലിച്ചു നില്ക്കയും, പൊൻനാണ്യങ്ങൾ വാരി വിതറിയതുപോലെ പ്രകാശമാനങ്ങളായ ചെറുമീൻനിരകൾ ഒന്നിച്ചും മിന്നിച്ചും ആ വെള്ളത്തിൽക്കൂടി അങ്ങുമിങ്ങും പായുകയും ചെയ്യുന്നതു കണ്ടാൽ, തള്ളയില്ലാപ്പിള്ളയായ ഭദ്രയെ മോടിക്കൂട്ടുവാനുള്ള മോഹംകൊണ്ട് വീരവാളിപ്പട്ടിന്റെ നീരാളമേലായിടുവാൻ ഗംഗാദേവി ഉദ്യമിക്കുകയാണെന്നു തോന്നും. പാരസ്പര്യമല്ലാത്ത ഗൃഹിണീപട്ടം പരിഹാസ്യമാണെന്നു കരുതി കലാവല്ലഭനായ കാമുകനോട് ഈർഷ്യപൂണ്ട് ഇറങ്ങിപ്പോന്ന ഗംഗാദേവി, അമ്മയില്ലാപ്പെണ്ണിന്റെ ചാരിത്ര്യശുദ്ധിയെ കാപ്പാറേറണ്ടുന്ന കടമ പിതാവിനെന്നപോലെ തനിക്കാണെന്നു ശങ്കിച്ച് ഇടയ്ക്കിരിപ്പുമറ

ച്ചിട്ടുള്ളതുപോലെയാണു് ശൂദ്രാലയത്തിന്നും ദേവാലയത്തി
ന്നും മദ്ധ്യേ ആ തടാകം കിടക്കുന്നതു്. മേച്ചിപ്പുറം കേറി
ക്ഷീണരായ കാലിക്കൂട്ടങ്ങൾ നരിമുഴുത്ത ഗ്രീഷ്മദിനങ്ങ
ളിൽ വന്നിറങ്ങി ദാഹം തീർപ്പിച്ചിട്ടും മുഖം വെള്ളത്തിൽ
നിന്നെടുക്കാതെ ക്ലാന്തിമാറ്റത്തോടെ നില്ക്കുന്നതു കണ്ടാൽ
ആത്മജ്ഞാനതല്പരരായ ഗംഗയോടു് മാലിന്യെപ്പറ്റി
അവ എന്തോ മന്ത്രിക്കുകയാണെന്നു തോന്നും. മനസ്സി
നെ പരിഷ്ക്കരിച്ചു മാലിന്യത്തെ ദൂരീകരിച്ചു സ്വധർമ്മ
ത്തെ പരിപാലിക്കുവാൻ തക്ക കോപ്പും കെല്പുമുള്ള
സാധുപ്രകൃതികളിൽ വിനയാത്മകതയെ അടിക്കിട്ടും പരിക്കിട്ടും പ്രക്ഷോ
ഭണങ്ങളെല്ലാം പ്രത്യക്ഷീകരിക്കുന്ന വിധം കന്നാലിപ്പി
ള്ളർ കുളംചാടി കത്തിമറിഞ്ഞിട്ടും ആ നിർമ്മലതോയ
പൂരിതമായ വാപിയിൽ ലേശമെങ്കിലും കലങ്ങൽ
കണ്ടില്ല. കാലി മേയ്ക്കുന്നവർ കോലു കരയ്ക്കു വെച്ചു
വെള്ളത്തിൽ ഇറങ്ങി കളിക്കുന്നതിനിടയ്ക്കു് കുറക്കിടാ
ങ്ങൾ തങ്ങളെ വിട്ടു തെറ്റിപ്പോയി മറ്റു പയ്യുകളുടെ
അകിടു പറ്റി കുടിക്കുന്നതു കണ്ടു് ഉടമസ്ഥരുടെ ഏറി
ലോടുന്നവർ മുട്ടോളം പുതയുന്ന മണലിൽ മൂക്കു കുത്തി
വീഴുന്നുണ്ടു്. അവസ്ഥാഭേദം കൊണ്ടു കർമ്മത്തിന്റെ
ഫലഭോഗത്തിങ്കൽ ഏറക്കുറവു വന്നുപോകുമെന്നിരുന്നാ
ലും, പരോപകാരവിഷയത്തിൽ പ്രതിപത്തിവൃത്തി
യോടു കൂടിയവരുടെ പ്രവൃത്തിക്കു പ്രായേണ ഭേദമനുസരി
ച്ചുള്ള ഫലപ്രാപ്തിയുണ്ടാകുന്നതെന്ന പൈതാമഹന്മാരുടെ
പഴമയും പറഞ്ഞു് പാന്ഥന്മാർ പലരും ആൽത്തറക
ളിൽ വിശ്രമിക്കാറുണ്ടായിരുന്നു. കന്നാലിപ്പിള്ളരുടെ
അലട്ടലിനെ ഭയപ്പെട്ടു തീരം വിട്ടു് അകന്നുനിന്നിരുന്ന

ഒരു പെൺകിടാവു് കടവു് ഒഴിവായി എന്നു കണ്ടപ്പോൾ കയറിട്ടു പിടിച്ചിരുന്ന പശുവിനെ മേയാൻ വിട്ടുകൊണ്ടു് തടാകത്തിൽ വന്നിറങ്ങി. പശു മേഞ്ഞുകൊണ്ടു് ഒട്ടു വെട്ടി കടന്നു നിൽക്കുന്ന മറുതീരത്തെ പ്രാപിച്ചു. അവിടം നിർബ്ബാധകമെന്നായിരുന്നു അവളുടെ വിചാരം. ആയുധാഭ്യാസികളുടെ കായികാഭ്യാസത്തിന്നു വേണ്ടി ഒഴിച്ചിട്ടിരുന്ന ആ പ്രദേശത്തുകൂടി അന്യന്മാർ വഴി നടക്കുക പതിവില്ല. വിശേഷിച്ചു് അന്നു് അനദ്ധ്യായവുമായിരുന്നു. "പഠിപ്പുറവു"ള്ള കാലമാണെങ്കിലും ആശാനൊന്നിച്ചല്ലാതെ ആ സ്ഥലത്തു് ആരും വ്യായാമം ചെയ്യരുതില്ലെന്നുള്ളതും അവർക്കു് അറിവുള്ള കാര്യമാണു്". ശുക്ലപക്ഷത്തിൽ പ്രഥമ മുതൽ അഷ്ടമാം വരെ ആയുധാഭ്യാസം പരിശീലിക്കേണ്ടതാകുന്ന പഠിപ്പുറവു് എന്നു പറയുന്നതു്. കെട്ടുപ്പം വളർന്നുകിടക്കുന്ന തരിമുഴുത്ത തണൽപ്രദേശത്തു് നാലുദിക്കും നിഴലം വിട്ടു പൊങ്ങിനില്ക്കുന്ന "നീലപുഷ്പങ്ങ"ളെ പശു കാർന്നു തിന്നുതുടങ്ങി. കുലാചാരങ്ങളെ ലംഘിക്കാത്തതായ പൊതുവിധ ആചാരങ്ങളിൽ ആശ്രയിക്കുന്നതു് തിര്യക്കുകൾക്കു കൂടി ശിക്ഷിക്കപ്പെടാവുന്നതാണെങ്കിൽ, മതാചാരവിധി ലംഘന വേഷംകെട്ടി പരിഷ്കാരികളാണെന്നു ഭാവിക്കുന്നവരെ മതാചാര്യന്മാർ ഏതു പ്രകാരത്തിൽ ശിക്ഷിച്ചാലും മതിയാവാത്തതുകൊണ്ടായിരിക്കും അവർ മൌനം ഭജിക്കുന്നതു്. വെള്ളത്തിലിറങ്ങി അഴുക്കുകഴുകിക്കൊണ്ടിരുന്ന ആ യുവതി പശു സങ്കടപ്പെട്ടു കരയുന്നതു കേട്ടു കരയ്ക്കു കേറി നോക്കി. ഒരുവൻ പശുവിനെ ബലാൽക്കാരേണ പിടിച്ചു നിർത്തിയിരിക്കുന്നതും, അന്യൻ അടുത്തു നിൽക്കുന്നതും അവൾ കണ്ടു. അവർ ആരാ

ന്നേരം പശുവിനെ പിടിച്ചു നിൎത്തിയിരിക്കുന്നതു് എ ന്തിനാണെന്നും ആ കുട്ടിക്കു മനസ്സിലായില്ല. "അയ്യോ! അതിനെ ഒന്നും ചെയ്യല്ലേ" എന്നു പറഞ്ഞു് ഈറൻ ഞെക്കിപ്പിഴിഞ്ഞുകൊണ്ടു് അവളും കൂടെ മുമ്പോട്ടു ചെന്നു. അന്തൎന്നാദങ്ങൾ ഉറവുകൊണ്ടു് അവർ നാവിൽ കാണാൻ കഴിഞ്ഞില്ലെങ്കിലും പശുവിനെ പിടിച്ചിരുന്നാളും അതിനെ വിട്ടയച്ചു. പശു ചാടി ഓടി അകലെ ചെന്നു നിന്നു തിരിഞ്ഞുനോക്കി പിന്നെയും കുതിച്ചു പാഞ്ഞു. "ഒന്നാകെ ഒരു ചേതം! പശു പിണഞ്ഞാൽ പിന്നെ പിടിക്കാനുംകൂടി കിട്ടില്ല" എന്നു പറഞ്ഞു് പൈക്കിടാവു പശുവിനെ മാറിനിന്നെടുക്കുവാൻ പോയി. പശുവിനെ പിടിച്ചു നിൎത്തിയതിൽ യാതൊരു വിചാരവും ഇല്ലെന്നു് ആ യുവാക്കന്മാരുടെ സംഭാഷണംകൊണ്ടു നമുക്കറിയാം.

ഒന്നാമൻ:— ഇത്ര കൌതുകമുള്ള പശുവിനെ ഞാൻ ഇതിനു മുമ്പു കണ്ടിട്ടില്ല. കാമധേനു തന്നെ.

രണ്ടാമൻ:— കാമധേനുവെക്കുറിച്ചു് അറിയുന്നതി നു മുമ്പ് കാഴ്ചയ്ക്കു കൌതുകമുള്ളതെന്നൊന്നു കാമധേനു വാകില്ലല്ലോ; അതിന്റെ കാരണം മനസ്സിലായില്ല.

ഒന്നാമൻ:— വിഡ്ഢി! കാഴ്ചയിൽ കുറവില്ലാത്തതു് കാൎയ്യത്തിലും കുറവില്ല. കണ്ണല്ലേ പ്രമാണം?

രണ്ടാമൻ:— അല്ല, പ്രമാണം മനസ്സാണു്. കാഞ്ഞിരപ്പഴത്തിന്റെ സ്വാദു് കയ്പല്ലേ?

ഒന്നാമൻ:— എന്തോ, ഇങ്ങനെയാൽ നന്നാണെന്നാണോ താൻറെ വിചാരം? യുക്തി കൂട്ടാനൊന്നും എനിക്കു് ഉറച്ച സ്വാധീനതയൊക്കെ ഒന്നുമില്ലായിരിക്കാം. എന്നാൽ എനിക്കു് ഇത്ര പറയാം. മനസ്സാണു പ്രമാണം എന്നു പറഞ്ഞിട്ടു് ഇപ്പോഴും ഉഴലുന്നുണ്ടല്ലോ?

രണ്ടാമൻ:—ഒന്നാമനെപ്പോലെ എന്തോ കാര്യം കല്പിക്കുവാൻ ആരുമില്ല. അത്രം യോഗ്യത അപ്പുറത്തില്ല. ഞാൻ ഉദ്ദേശിക്കുന്നെങ്കിൽ കാര്യങ്ങളെ മുഴുവനും എനിക്കറിയാം.

ഒന്നാമൻ:—ശുദ്ധമിഥ്യ! താന്റെ മനസ്സാക്ഷി പ്രമാണത്തിൽ അത്രം പിഴച്ചുപോയി.

രണ്ടാമൻ:—എന്റെ പ്രമാണം പിഴച്ചിട്ടില്ല. അങ്ങയുടെ സമാധാനമാണ് തെറ്റിയത്. വരു, കുളക്കടവിൽ ചെന്നാൽ ബോദ്ധ്യപ്പെടുത്തിത്തരാം.

ഒന്നാമൻ:—എന്നിട്ട് താൻ പറയുമ്പോൾ ഞാൻ അവിടെ കിടന്ന് ഒരു ശ്ലോകം തന്റെ സമാധാനവും പ്രമാണവും അനുഭവിക്കാം, ഇല്ലേ?

രണ്ടാമൻ:—കാര്യമല്ല. വെള്ളത്തിൽ വെച്ചാണ് അങ്ങനെ ഉണ്ടെന്ന് ഞാൻ വിചാരിക്കുന്നത്. സന്ധ്യാവന്ദനം നടകത്തിന്റെ അരികെ പിടിച്ചിട്ട് എന്നല്ലേ അവിടുത്തെ ശപഥം.

ഒന്നാമൻ:—അതെ, അങ്ങിനെ തന്നെയാണ് എന്റെ പ്രതിജ്ഞ.

രണ്ടാമൻ:—ഉരുട്ടലും പിരട്ടലും കഴിഞ്ഞെന്നു തീരുമ്പോൾ അറിയാം. അങ്ങനെ പിടിച്ചു സന്ധ്യ വന്ദിക്ക എന്നു തീർച്ചയാണെങ്കിൽ അവിടുത്തെ നിത്യകർമ്മം മുടങ്ങും. ഞാനതു ചെയ്യേണ്ടതായും വരും. അതിന്നു ഞാൻ അധികാരിയുമല്ല.

ഒന്നാമൻ:—അതു മുടങ്ങാതെ കഴിക്കാം. വേണ്ടി വന്നാൽ അധികാരിയുമാക്കാം. പക്ഷേ നടക്കുന്നി കല്ലും കാലും കഴുകി തിരിച്ചാൽ എന്തിനെക്കൊണ്ടു നാ

ഞാൻ സാധിച്ചില്ലെന്നു വരും. അതു മാത്രം ഓൎമ്മ വേണം.

രണ്ടാമൻ:— എന്നാൽ പോകട്ടെ. ഇതിനാണു പഠിത്തു്.

ഒന്നാമൻ:— ഹരേ! അതു വെറുതെ കളയാൻ നോക്കേണ്ടു് എന്നാണു ഞാൻ പറഞ്ഞതു്.

രണ്ടാമൻ:— ഞാൻ ഭീരുവല്ല; കാൎയ്യത്തോടടുക്കുമ്പോൾ കാൽ പിന്നോക്കം വെയ്ക്കാൻ ഗുരു എന്നെ ഉപദേശിച്ചിട്ടില്ല.

ഒന്നാമൻ:— എന്നാൽ ഗുരൂപദേശം താൻ തെറ്റിച്ചു. കാൽ പിന്നോക്കം വെയ്ക്കാതെ നീന്താൻ സാധിക്കുമെന്നു് എനിക്കു തോന്നുന്നില്ല.

രണ്ടാമൻ:— അങ്ങയുടെ തോന്നലല്ല എനിക്കു്; തെറ്റിപ്പോയതു് ആൎക്കെന്നു ഉടനെ അറിയാം.

ഇങ്ങനെ വാഗ്വാദം ചെയ്തുകൊണ്ടു രണ്ടുപേരും തടാകത്തിന്റെ വക്കത്തെത്തി. ഇരുപേൎക്കും കൌമാരം മാറി യൌവനം സ്ഫുരിച്ചുതുടങ്ങീട്ടുണ്ടു്. പ്രായംകൊണ്ടും ആകൃതികൊണ്ടും ആ യുവാക്കന്മാർ സോദരന്മാരാണെന്നു തോന്നും. എന്നാൽ ഉത്തരീയങ്ങളിൽ വേദവൈദികരെപ്പോലെയാണു് അവരുടെ പെരുമാറ്റം. ആയാസപ്രിയന്മാരായ യുവാക്കന്മാർ അരയും തലയും മുറുക്കി ജലാശയത്തിന്റെ മറുകര പററുവാൻ നീന്തിത്തുടങ്ങി. വിളിപ്പാടകലം അവർ ജലക്രീഡയായി കഴിച്ചു. പിന്നെ കുറെ ദൂരം വാശി പിടിച്ചു നീന്തിക്കഴിഞ്ഞു. ഇനി ആയാസപ്പെടുവാൻ പ്രയാസമാണെന്നു് ഇരുവൎക്കും തോന്നി. ഊക്കു ശമിച്ചു, ദാഹം പിടിച്ചു. അവ

വിഷമിച്ചു പിന്നൊഴിച്ചു. സാഹസപ്രവൃത്തിയിൽനിന്നു വിരമിക്കുവാൻ സ്നേഹിതനെ വിളിച്ചു നിലവിളിച്ചു. മററ ആരും ശ്രദ്ധിക്കയില്ല.

മൂത്തവൻ മുഷ്കോടുകൂടി മുന്നോട്ടു നീന്തിക്കൊണ്ടിരുന്നു. തടാകത്തിന്റെ പകുതി ഭാഗവും തരക്കേടില്ലാതെ കഴി ഞ്ഞു. പിന്നീടു മാന്ദ്യം കണ്ടുതുടങ്ങി. കൈകാൽ കുഴ ഞ്ഞപ്പോൾ നില തെറ്റുമെന്നായി. ഒള്ളു കിട്ടുന്നില്ല. വന്നതുവന്നു എന്ന നിലയ്ക്കു കരേറുകി ഊഴ്ന്നുപൊന്നു. കയററം നിന്നു. വെള്ളത്തിന്റെ മീതെ പൊന്തിക്കിടപ്പാൻ ശ്രമിച്ചു; അതു സാധിച്ചില്ല. ആരും മയങ്ങി; അടുത്തുള്ള ഇരകളെ പിടിക്കാൻ നോക്കി. നിന്നൽ പൊതി ഏതലായി. എന്തൊക്കെയോ പറവാനുള്ള കരളും കതിരവനും ഒളിച്ച് അസ്തമിച്ചു.

ഓടിപ്പോയ പശുവിനെ തെളിച്ചിടിച്ചു നമ്മുടെ പൊൻകിടാവ് വീണ്ടും തടാകത്തിൽ വന്നിറങ്ങി. നേരം പോയതുകൊണ്ട് പശുവിനെ കളിപ്പിക്കുവാൻ ബദ്ധ പ്പെട്ടു കയർ പിടിച്ചു വലിച്ചു. പശു പിന്നോട്ടു നിന്നു. "നിന്റെ ഈ ഉതക്കൊന്നും കാച്ചു കണ്ടില്ലല്ലോ; അവർ പിടിച്ചപ്പോൾ പട്ടിയെപ്പോലെ നിലവിളിക്ക യല്ലേ ചെയ്തുള്ളു; എന്നോടാണോ ഇതെല്ലാം; ഇനിക്കു ശക്തിയില്ലെന്നു കരുതണ്ട. ഇറങ്ങു ഇങ്ങോട്ട്" എന്നു പറഞ്ഞു പശുവിനെ വലിച്ചിറക്കി തേച്ചുകഴുകി കയറലച്ചി ചളി കളഞ്ഞു കൈത്തണ്ടയിൽ വളയം ചുററി എടുത്തുകൊണ്ടു നിവൃത്തോൾ അടുക്കലേക്ക് എ ന്തോ ഒരു സാധനം ഒഴുകിവരുന്നതുപോലെ അവൾക്കു തോന്നി. മീൻകുട്ടിയാണെന്നു വിചാരിച്ചു ഒരടി പി

ന്നോക്കം കേറിനിന്നു. കരയ്ക്കടുത്തു വന്ന ജന്തു മുങ്ങി പ്പൊങ്ങുന്നതിനിടയ്ക്ക് ഒരു ഭയങ്കരശബ്ദവും പുറപ്പെടു വിച്ചു. ഭയങ്കരമായ, അനേകമായിരമായ ഏതാനും വളയം ചുററി എടുത്തിരുന്ന കയർ സാവധം വെള്ളത്തിലേയ്ക്ക് വലിച്ചെറിഞ്ഞു കരയ്ക്കു കേറി. കയർ വീണതോടുകൂടി അതു താണു. കയർ കീഴ്പോട്ടു വലിഞ്ഞു. പള്ള പരി ഭ്രമിച്ച് മുന്നോട്ടു പാഞ്ഞു. കഴുത്തിൽ കുടുങ്ങിയ കയ റോടുകൂടി ഒരു മനുഷ്യശരീരത്തെ പള്ള വലിച്ചു കര യ്ക്കടുക്കയും ചെയ്തു.



VII

നാടകകല

[കലയുടെ സാമാന്യതത്വങ്ങളും നാടകകലയുടെ പ്രത്യേകതകളും ഈ ലേഖനത്തിൽ വിവരിച്ചിരിക്കുന്നു. നമ്മുടെ ആധുനികനാടകങ്ങളുടെ ന്യൂനതകളും നാടകകലയിൽ ഉൾപ്പെടുന്നതും ഇതിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.]

സാധനങ്ങളുടെ സൃഷ്ടിയിൽ പ്രകടിതമാകുന്ന പാടവമാണ് കല. ഒരു മൺപാത്രം നിർമ്മിക്കുന്നതിലും, ഒരു കാവ്യം രചിക്കുന്നതിലും നിർമ്മാണസാമർത്ഥ്യം പ്രത്യക്ഷമാകുന്നുണ്ടെങ്കിൽ, അവ രണ്ടും കലാകൃതികളാണെന്നു പറയാം. അവ രണ്ടും നിർമ്മാണപാടവം കാണിക്കുന്നില്ലെങ്കിൽ, അവ കലാകൃതികൾ ആകുന്നതേയല്ല. കലയെ പ്രയോജനകരമായ കലയെന്നും, ലളിതകല, അഥവാ, സുന്ദരകലയെന്നും രണ്ടു തരമായി സാധാരണയായി വിഭജിക്കാറുണ്ട്. ഒരു മൺപാത്രം വെള്ളം കോരിവയ്ക്കുന്നതിന് ഉപയോഗപ്പെടുന്നു. തന്മൂലം അതു മനുഷ്യന്റെ ഒരു കായികമായ ആവശ്യത്തിന് ഉപകരിക്കുന്നു. അതുകൊണ്ട് അതിൽ പ്രകടിതമായ കലയ്ക്ക് പ്രയോജനകരമായ കല എന്ന പേരു കിട്ടി. നേരെ മറിച്ച് ഒരു കാവ്യം വായിക്കുമ്പോൾ അതു നമ്മുടെ ശാരീരികമായ യാതൊരു ആവശ്യവും നിറവേറ്റുന്നില്ല. അതു് നമ്മുടെ മനസ്സിൽ ആനന്ദം ജനിപ്പിക്കുന്നതേയുള്ളു. തന്നിമിത്തം അതു് മനുഷ്യന്റെ ഒരു മാനസികമായ ആവശ്യം നിറവേറ്റുകയാണു ചെയ്യുന്നതു്. അതിനാൽ അതിൽ പ്രകടിതമായ കലയ്ക്ക് ലളിതകല, അഥവാ, സുന്ദരകല

എന്ന നാമം ലഭിച്ചു. ഒരു ഓട്ടുപാത്രം ഉണ്ടാക്കുമ്പോൾ, അതു് ഇന്ന ഉപയോഗത്തിനാണെന്നുള്ളതു് ആദ്യമേ തന്നെ സുവ്യക്തമാണു്. നേരേ മറിച്ചു്, ഒരു കാവ്യം രചിക്കുമ്പോൾ അതിന്റെ പ്രയോജനം ആദ്യമേതന്നെ സുവ്യക്തമാകുന്നില്ല. ഇവയാകുന്നു പ്രയോജനകരമായ കലയ്ക്കും സുന്ദരകലയ്ക്കും തമ്മിൽ സാധാരണയായി സങ്കല്പിക്കാറുള്ള വ്യത്യാസങ്ങൾ.

പ്രയോജനകരമായ കലയ്ക്കും സുന്ദരകലയ്ക്കും തമ്മിൽ ദൈനംദിനജീവിതത്തിൽ നാം സങ്കല്പിക്കാറുള്ള പ്രസ്തുത വ്യത്യാസങ്ങൾ ശാസ്ത്രീയമായി സാധൂകരിക്കാവുന്നവയല്ലെന്നും ഇവിടെ ഓർമ്മിക്കേണ്ടതാണു്. നവീന മനശ്ശാസ്ത്രജ്ഞന്മാരിൽ ഒരുകൂട്ടർ മനസ്സിനും ശരീരത്തിനും തമ്മിൽ നാം സങ്കല്പിക്കാറുള്ള വ്യത്യാസം മിഥ്യയാണെന്നു വാദിക്കുന്നുണ്ടു്. ഒരു ഓട്ടുപാത്രത്തിൽ പ്രകടിതമായ നിർമ്മാണപാടവം കണ്ടു നമുക്കുണ്ടാകുന്ന ആനന്ദത്തിനും, ഒരു കവിത വായിക്കുമ്പോൾ നമ്മിൽ ജനിക്കുന്ന ആനന്ദത്തിനും തമ്മിൽ യഥാർത്ഥമായി യാതൊരു വ്യത്യാസവുമില്ല. മനസ്സിനും ശരീരത്തിനും തമ്മിൽ ഐക്യമോ, ഏറ്റവും അടുത്ത ബന്ധമോ ഉള്ളതിനാൽ, മാനസികമായ പ്രയോജനവും, ശാരീരികമായ പ്രയോജനവും തമ്മിലുണ്ടെന്നു തോന്നുന്ന വ്യത്യാസവും യഥാർത്ഥമായിട്ടുള്ളതല്ല. പ്രയോജനത്തെ സംബന്ധിച്ചുള്ള സുവ്യക്തതയും അവ്യക്തതയും ശാസ്ത്രീയമായി സ്ഥാപിക്കുവാൻ പ്രയാസമാണു്. ശാസ്ത്രദൃഷ്ട്യാ പ്രയോജനകരമായ കലയ്ക്കും സുന്ദരകലയ്ക്കും തമ്മിൽ വ്യത്യാസമില്ലെങ്കിലും, പ്രായോഗികമായി അവയ്ക്കു തമ്മിൽ ലോകർ വ്യത്യാസം

കല്പിച്ചിട്ടുള്ളതിനാൽ, നമുക്ക് അതു സ്വീകരിച്ചേ മതിയാവൂ.

കല അറുപത്തിനാലുണ്ടെന്നു ഹിന്ദുക്കളും, എഴുപത്തിരണ്ടുണ്ടെന്നു ജൈനന്മാരും വിശ്വസിച്ചുവന്നിരുന്നു. പാശ്ചാത്യരുടെ ദൃഷ്ടിയിൽ കലയുടെ സംഖ്യയ്ക്കു അതിരില്ല. കല ഇങ്ങിനെ അനവധി ഉണ്ടെങ്കിലും, അതിന്റെ ഒരു വിഭാഗമായ സുന്ദരകലയിൽ സംഗീതം, കാവ്യം അഥവാ സാഹിത്യം, ചിത്രമെഴുത്ത്, വാസ്തുശില്പം, പ്രതിമാശില്പം, നൃത്തം, നടനം അഥവാ നാട്യം എന്ന് ഏഴെണ്ണമുള്ളതായിട്ടാണ് സാധാരണയായി വിചാരിച്ചുവരുന്നത്. ഈ ഏഴു സുന്ദരകലകളിൽ ചിലതിനെ കൂട്ടിച്ചേർത്ത് സുന്ദരകലയിൽ തന്നെ ചില തരംതിരിപ്പുകളും ഇല്ലാതില്ല. ഉദാഹരണമായി, സംഗീതവും സാഹിത്യവും നാം ശ്രവണേന്ദ്രിയത്തിൽകൂടി അനുഭവിച്ചു രസിക്കുന്നതിനാൽ അവയ്ക്കു ശ്രാവ്യകലകളെന്നും, ശേഷിച്ച സുന്ദരകലകളെ നാം നയനേന്ദ്രിയത്തിൽകൂടി അനുഭവിച്ചു രസിക്കുന്നതിനാൽ അവയ്ക്കു ദൃശ്യകലകളെന്നും പേരുകൾ ലഭിച്ചിട്ടുണ്ട്. മററുള്ള തരംതിരിപ്പുകളെ ഇവിടെ പ്രസ്താവിക്കുന്നില്ല.

കാണികളിലോ, വായനക്കാരിലോ, രസം, അതായതു്, കലാപരമായ ഒരു ആനന്ദാനുഭവം, ജനിപ്പിക്കുകയെന്നതാണ് സകല സുന്ദരകലകളുടേയും ഉദ്ദേശം. ഇതിന് ഓരോ കലയും സ്വീകരിച്ചിട്ടുള്ള വഴികൾ മാറി മാറിയിരിക്കുന്നതാണ്. നൃത്തം നാട്യാദ്യങ്ങളായ അംഗവിക്ഷേപങ്ങളാൽ പ്രേക്ഷകനിൽ രസം ജനിപ്പിക്കുന്നു. രേഖകളും വർണ്ണങ്ങളുമാണ് കാണികളിൽ രസം അങ്കുരിപ്പിക്കുവാൻ ചിത്രകല ഉപയോഗപ്പെടുത്തുന്ന കരു

ക്കും. കാവ്യം വാക്കുകളെയും, സംഗീതം നാദത്തെയും, ശില്പം പദാർത്ഥത്തെയും കരുക്കളായി സ്വീകരിച്ചിരിക്കുന്നു. നടനാഭിനയകലകൾ, അനുഭാവങ്ങളുമായ അംഗചലനങ്ങളെയാണു് പ്രധാനമായി രസം ജനിപ്പിക്കുവാൻ ഉതകുന്ന കരുക്കളായി അംഗീകരിച്ചിരിക്കുന്നതു്. പ്രസ്തുത അംഗചലനങ്ങൾ മുഖേന നടനകല പ്രേക്ഷകന്റെ മനസ്സിൽ ഒരു മനോഭാവം ഉളവാക്കി അവനിൽ രസം ജനിപ്പിക്കുന്നു. താൻ ആരാണെന്നു ഭാവിക്കുന്നുവോ, ആ മനുഷ്യന്റെ ഭാവങ്ങളെയോ, ആശയങ്ങളു്, വികാരങ്ങളെയോ, അനുഭവങ്ങളെയോ പ്രേക്ഷകനിൽ ജനിപ്പിച്ചു് അവരെ രസിപ്പിക്കുകയാണു് നടന്റെ ഉദ്ദേശം. ഇവിടെ രസിപ്പിക്കുക എന്നു പറഞ്ഞതു് ചുവടെ വിവരിക്കുന്ന ഒരു വിസ്തൃതമായ അർത്ഥത്തിലാണെന്നു് ധരിക്കണം. പ്രേക്ഷകന്റെ തോന്നലു് സന്തോഷമായാലും ശരി, സന്താപമായാലും ശരി, കലാദൃഷ്ട്യാ അവ രണ്ടും ഒന്നുപോലെ അവരെ രസിപ്പിക്കുന്നതു്. സാധാരണയായി സന്താപംകൊണ്ടു് ഒരുതരം രസം ഉണ്ടാകുമെന്നു നാം പറയാറില്ല. നടന്റെ ഉദ്ദേശം തന്നിൽ അനസ്യൂതമായി വന്നുകൊണ്ടിരിക്കുന്ന ഭാവങ്ങളെ, സാധാരണ മനോവൃത്തികളുടെ സഞ്ചാരങ്ങളെക്കുറിച്ചും, അതുമൂലം തന്റെ വ്യക്തിത്വത്തെക്കുറിച്ചും, കാണികളിൽ ഒരു മിഥ്യയായ വിശ്വാസം ജനിപ്പിക്കുന്നതാണെന്നു പറഞ്ഞിട്ടുണ്ടല്ലോ. കാണികളിൽ ജനിക്കുന്ന പ്രസ്തുത മിഥ്യാബോധം പ്രത്യേകതരത്തിലുള്ള ഒന്നാകുന്നു. തന്റെ മനസ്സിൽ ജനിക്കുന്ന വികാരങ്ങൾ മായാവികാരങ്ങളാ

ണെന്നുള്ള ബോധവും, ആ വികാരങ്ങൾ യഥാർത്ഥമായി അനുഭവിക്കുന്നതിൽ നിന്നു ജനിക്കുന്ന ആനന്ദവും ഒരേ സമയത്തു തന്നെ പ്രേക്ഷകന്മാരുടെ മനസ്സിൽ കുടികൊള്ളുന്നതു്. നടന്റെ സാമർത്ഥ്യം കുറയുമ്പോൾ, പ്രേക്ഷകന്റെ പ്രസ്തുത മിഥ്യാബോധം, ആ ആനന്ദാനുഭൂതിയെ നശിപ്പിക്കത്തക്കവണ്ണം പ്രബലമായി വളർന്നുവരികയും ചെയ്യും.

നടനം, അഥവാ അഭിനയം നാലുതരത്തിലുണ്ടെന്നും, അവ ആംഗികം, വാചികം, ആഹാര്യം, സാത്വികം എന്നാണെന്നും ഭരതനാട്യശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. തല, കൈ, നെഞ്ചു്, പാർശ്വം, കടി എന്ന അംഗങ്ങളുടെയും, കണ്ണു്, പുരികം, മൂക്കു്, അധരം, കപോലം, താടി എന്ന ഉപാംഗങ്ങളുടെയാണും അഭിനയിക്കുന്നതിനാണു് ആംഗികം എന്ന പേരു നൽകിയിരിക്കുന്നതു്. വാക്കുകൊണ്ടു് അഭിനയിക്കുന്നതിനെ വാചികമെന്നും, വേഷഭൂഷാദികളെക്കൊണ്ടു് അഭിനയിക്കുന്നതിനു് ആഹാര്യമെന്നും, സ്വേദം, സ്തംഭം, രോമാഞ്ചം മുതലായ എട്ടു സാത്വികഭാവങ്ങളെക്കൊണ്ടുള്ള അഭിനയത്തിനു് സാത്വികമെന്നും പേരുകൾ പറഞ്ഞുവരുന്നു. നാടകത്തിൽ പ്രസ്തുത നാലുതരം അഭിനയങ്ങളും ഉണ്ടായിരിക്കും. കഥകളിയിലെ, അഥവാ ആട്ടത്തെപ്പോലെയുള്ള നൃത്യത്തിൽ വാചികം ഒഴിച്ചുള്ള അഭിനയങ്ങളെ കാണുകയുള്ളൂ. ആട്ടത്തിൽ നടന്മാർ നാടകങ്ങളിലെ നടന്മാരെപ്പോലെ സംസാരിക്കുകയോ, പാടുകയോ ചെയ്യുകയില്ലെന്നും, അവർ മുദ്ര, അഥവാ

ആംഗികാഭിനയം മാത്രമേ വേണ്ടുകയുള്ളൂ എന്നും പ്രത്യേകം പറയേണ്ടതില്ലല്ലോ.

നടനാഭിനയത്തെ അപഗ്രഥിച്ചുനോക്കിയാൽ, അതിൽ ഒന്നിനൊന്നിടകലർന്ന മൂന്ന് അംശങ്ങളുണ്ടെന്നു കാണാൻ കഴിയും. അനുകരണം, വ്യാഖ്യാനം, ധ്വനി അഥവാ വ്യഞ്ജനം എന്നാകുന്നു ഇവ. ലോകത്തിൽ നടക്കുന്ന ഒരു പ്രവൃത്തി ഒരു നടൻ കാണുന്നു. ആ പ്രവൃത്തിയിൽ അടങ്ങിയിരിക്കുന്ന അംഗചലനങ്ങളെ അതുപോലെ അയാൾ തന്നിലും ജനിപ്പിക്കുമ്പോൾ, ആ നടൻ ആ പ്രവൃത്തിയെ അനുകരിക്കയാണു ചെയ്യുന്നത്. ഇതുകൊണ്ടു മാത്രം അതു നടനമായിത്തീരുന്നതല്ല. കലകളിലൊന്നായ ഉയർന്ന പടിയിലുള്ള ഒരു ജനുസ്സിൽ ഇത്തരം അനുകരണം അസാദ്ധ്യമാണ്. "അനുകരണം അവസാനിക്കുമ്പോൾ മാത്രമേ കല ആരംഭിക്കയുള്ളൂ" എന്നാണ് ഓസ്കാർ വൈൽഡ് എന്ന പ്രസിദ്ധ ഇംഗ്ലീഷ് നാടകകർത്താവ് അഭിപ്രായപ്പെട്ടിട്ടുള്ളത്. പ്രസ്തുത പ്രവൃത്തി നടനമായി പരിണമിക്കണമെങ്കിൽ, രണ്ടു പടികൂടി അതു കടന്നു തീരണം. ഒന്നാമതായി, ആ നടൻ ആ പ്രവൃത്തിയെ തന്റെ സ്വന്തമാക്കി അതിൽ അയാളുടെ വ്യക്തിപരമായ സത്തയെ ഉൾക്കൊള്ളിക്കണം. പ്രസ്തുത പ്രവൃത്തിയെ അയാൾ സ്വതന്ത്രമായി വ്യാഖ്യാനിച്ചാൽ മാത്രമേ ഇതു സാദ്ധ്യമാകുകയുള്ളൂ. അനന്തരം, പ്രസ്തുത വ്യാഖ്യാനത്തോടുകൂടി നടൻ ആ പ്രവൃത്തിയിൽ അടങ്ങിയിട്ടുള്ള ചലനങ്ങളെയും, അവയുടെ ഭാവങ്ങളെയും പ്രായേണ ധ്വന്യാത്മകങ്ങളായ ചില ചലനങ്ങളാൽ പ്രത്യക്ഷപ്പെടുത്തുന്നു. ഇതോടുകൂടി നടനം പൂർണ്ണമാകുകയും ചെയ്യുന്നു. എല്ലാ അഭിനയത്തിലും പടിപ്പടിയായുള്ള ഈ മൂന്ന് അംശങ്ങളും ഉണ്ടാ-

വിഷ്കരിക്കുമെങ്കിലും, രംഗത്തിൽ പ്രേക്ഷകർ കാണുന്നതു് മുദ്രാംശത്തിലെ പ്രസ്തുത പ്രാദേശന ധ്വന്യാത്മകങ്ങളായ ചലനങ്ങൾ മാത്രമാണു്.

നടനത്തെ സാദൃശ്യാത്മകനടനമെന്നും, ധ്വന്യാത്മകനടനമെന്നും രണ്ടു പ്രധാന തരങ്ങളായി പാശ്ചാത്യകലാനിരൂപകർ വിഭജിച്ചിട്ടുണ്ടു്. ആധുനിക നാടകാഭിനയങ്ങളിൽ സാദൃശ്യാത്മകനടനവും, കഥകളിയിൽ ധ്വന്യാത്മകനടനവും കാണാം. നടനം സാദൃശ്യാത്മകമായാലും ശരി, ധ്വന്യാത്മകമായാലും ശരി, കലയെന്നതിലും ധ്വന്യാത്മകത്വം അതിൽ ഉണ്ടായിരുന്നേ മതിയാവൂ. ഇതിന്റെ ശാസ്ത്രീയമായ കാരണം "കലയെല്ലാം ധ്വന്യാത്മകമാകുന്നു. മനുഷ്യൻ ധ്വന്യാത്മകത്വമുള്ളതുകൊണ്ടാകുന്നു" എന്നുള്ള ഓസ്കർ വൈൽഡിന്റെ വാക്കുകളിൽ വിവരിക്കാം. സകല സൃഷ്ടികളേയും വിരചിക്കുന്നതിൽ സൃഷ്ടികർത്താവു സ്വീകരിച്ചിട്ടുള്ള പ്രധാന തത്ത്വങ്ങളെ, സൃഷ്ടികളിൽ വച്ചു് ഉത്തമനായ മനുഷ്യനിൽ നിന്നു മറച്ചുവെച്ചിരിക്കുന്നതാണു്. മനുഷ്യൻ സൃഷ്ടിതത്ത്വങ്ങളെ ധ്വനിപ്പിക്കണം എന്നതു് ഇതിനെ മറ്റൊരുവിധത്തിൽ പറയാം. ഈശ്വരൻ തന്നെ കലയുടെ വൈവിധ്യങ്ങൾ മാത്രം ഉത്തമകലാസൃഷ്ടിയും ധ്വനിപ്പിക്കുന്നതാണു്. വികാരങ്ങളെ അംഗവിക്ഷേപങ്ങൾ, അഥവാ ചലനങ്ങൾകൊണ്ടു മാത്രമേ പ്രത്യക്ഷപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. ഈ അംഗവിക്ഷേപങ്ങളിൽ, അഥവാ ചലനങ്ങളിൽ ചിലതിനു് ഒരുകൂട്ടമായി കൂടി ധ്വനിപ്പിക്കുവാൻ കഴിയും. ഒരു നടൻ അനുകരിക്കുന്ന പ്രവൃത്തിയിൽ അസംഖ്യം സന്ദർഭങ്ങളായ അംഗവിക്ഷേപങ്ങൾ അടങ്ങിയിരിക്കും. ഇവയെ മുഴുവനും അതേപടി അനുകരിക്കുവാൻ സാധിക്കായ്കയാൽ,

അവരെ എല്ലാം ധരിപ്പിക്കുന്ന ഏതാനും ചില അംഗ വിക്ഷേപങ്ങളെ നടന്മാർ തിരഞ്ഞെടുക്കേണ്ടതായി വരുന്നു. ഇങ്ങനെ കണ്ടെത്തിയ ധ്വന്യാത്മകങ്ങളായ ഏതാനും അംഗചലനങ്ങൾ കൂടാതെ വേണ്ടാത്തവ ഒന്നും സാദൃശ്യമുള്ള രംഗങ്ങളിൽ പ്രയോഗിച്ചുള്ളൂ.

നടനത്തെ സാദൃശ്യാത്മകനടനമെന്നും, ധ്വന്യാത്മകനടനമെന്നും രണ്ടായി തരംതിരിച്ചിട്ടുണ്ടെന്ന് മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇവയ്ക്ക് ഓരോ ഉദാഹരണമെടുത്ത് ഇവ തമ്മിലുള്ള പ്രധാന വ്യത്യാസം വിശദമാക്കാം. സാദൃശ്യാത്മകനടനത്തിന് ഉദാഹരണമായി റഷ്യയിലെ മോസ്കോ ആർട്ട് തിയേറ്റർ പ്രവർത്തകർ സ്വീകരിച്ചിട്ടുള്ള സ്റ്റാനിസ്ലാവ്സ്കിപദ്ധതി എടുക്കാവുന്നതാണ്. ഈ പദ്ധതി അനുസരിച്ച് നടന്മാർ അഭിനയിക്കുവാൻ പോകുന്ന നാടകത്തിലെ ഓരോ രംഗങ്ങളിലും കഥാപാത്രങ്ങൾക്ക് ഉണ്ടായിരിക്കേണ്ട മനസ്ഥിതിയെ പറ്റി റിഹേഴ്സൽ സമയത്ത് തന്നെ ബോധ്യപ്പെടുത്തുകയാണ്. നടന്മാരിൽ സന്ദർഭോചിതങ്ങളായ മനസ്ഥിതികൾ യഥാവസരം ജനിക്കുന്നതിനുള്ള പരിശീലനങ്ങൾ അവർക്ക് നൽകുകയും ചെയ്യും. ഇങ്ങനെ അഭിനയിക്കേണ്ട ഭാവങ്ങളെ പറ്റി നടന്മാർക്ക് നല്ല പരിശീലനങ്ങൾ നൽകിയതിനു ശേഷം, പ്രസ്തുത ഭാവങ്ങൾക്ക് ഉചിതമായിട്ടുള്ള അംഗചലനങ്ങളും യഥേഷ്ടം നാടകത്തിലെ സന്ദർഭങ്ങളിൽ ഉണ്ടാക്കുന്നതിനുള്ള സ്വാതന്ത്ര്യം അവർക്ക് തന്നെ വിട്ടുകൊടുക്കുകയാണ് ചെയ്യുന്നത്. ഭാവം ശരിയായി ഉണ്ടായാൽ, നടന്മാർ പൂർവ്വാഭ്യാസമെന്യേ അതിന് അനുരൂപങ്ങളായ അംഗചലനങ്ങൾ സ്വയമേവ ഉണ്ടാക്കിക്കൊള്ളും എന്നതാണ് ഇതിൽ അന്തർഭവിച്ചിരിക്കുന്ന മൌലികതത്ത്വം.

സാദൃശ്യാത്മകനാട്യം കണ്ടു രസിക്കുന്നതിനു പ്രത്യേക പരിശീലനം ഒന്നുംതന്നെ ആവശ്യവുമില്ല.

കഥകളിയിലെ നടനത്തിൽ ധ്വന്യാത്മകനടനത്തിന്റെ സമ്പൂർണ്ണമായ രൂപമാണു നാം കാണുന്നതു്. ഓരോ ഭാവങ്ങൾക്കും ഇന്ന ഇന്ന അംഗചലനങ്ങൾ വേണമെന്നു മുൻനിർദ്ദേശം അതിൽ ഉണ്ടായിരിക്കുകയും, ആ നിർദ്ദേശങ്ങളിൽ നിന്നും അണുമാത്രം വ്യതിചലിക്കാതെ കഥകളിയിലെ നടന്മാർ, അഥവാ ആട്ടക്കാർ ഭാവങ്ങൾ അഭിനയിക്കുകയും ചെയ്യും. പ്രസ്തുത മുൻനിർദ്ദേശങ്ങൾ ഏറിയകൂറും ധ്വന്യാത്മകങ്ങളായ ചലനങ്ങളെ നിർദ്ദേശിക്കുന്നവയും ആയിരിക്കും. ഇതിനും പുറമെ, ആട്ടക്കാരുടെ അഭിനയത്തിൽ മുദ്രകൾക്കു്—അതായതു് ഒററക്കൈമുദ്രകൊണ്ടും ഇരട്ടക്കൈമുദ്രകൊണ്ടും കാണിക്കുന്ന സങ്കേതാത്മകങ്ങളായ ആംഗ്യങ്ങൾക്കു്—സർവ്വപ്രാധാന്യം ഉണ്ടായിരിക്കുന്നതുമാണു്. ഉദാഹരണമായി, പതാകം എന്ന മുദ്ര എടുക്കാം. വിരലുകളെല്ലാം ചേർത്തുപിടിച്ചു നിവർത്തി നിർത്തുകയും, പെരുവിരൽ അല്പം വളയ്ക്കുകയും ചെയ്യുമ്പോൾ പതാകം, അതായതു് കൊടിക്കൂറ എന്നതിനു് മുദ്രയായി. മുഷ്ടിപിടിച്ചു മുഖത്തിനു നേരെയാക്കി മേലോട്ടു വെച്ചതു് അമ്മാനമാട്ടുന്നതുപോലെ കാണിച്ചാൽ പാട്ടു് എന്നതിനു മുദ്രയായി. ഈ മുദ്രകൾ ധ്വന്യാത്മകങ്ങളായ ചിഹ്നങ്ങളാകയാൽ, അവ ആട്ടത്തിലെ ധ്വന്യാത്മകങ്ങളായ അംഗചലനങ്ങൾക്കു് അന്തർഭാഗമായിട്ടുള്ളവതന്നെ. ആട്ടത്തിലെ അഭിനയം കണ്ടു രസിക്കുന്നതിനു് ഈ ധ്വന്യാത്മകതത്വത്തിന്റെ പ്രാചുര്യം നിമിത്തം പ്രത്യേകപരിശീലനം കൂടിയേ തീരൂ.

VIII

ശരീരവും, മനസ്സും തമ്മിലുള്ള ബന്ധം

[ഒരു നല്ല ശാസ്ത്രജ്ഞനും, പണ്ഡിതനുമായ ഖാൻസാഹിബ് ഡാ. എം. ചെറിയാൻ അവർകൾ. അദ്ദേഹത്തിന്റെ മനശ്ശാസ്ത്രസംബന്ധമായ ''മനസ്സിന്റെ മനോഭാവം'' എന്ന കൃതിയിൽ നിന്നെടുത്തിട്ടുള്ള ഈ പ്രബന്ധം ദൈനംദിനജീവിതത്തിൽ നാം അവശ്യം അറിഞ്ഞിരിക്കേണ്ടതായ ഒരു അതിപ്രധാന സംഗതി വിവരിച്ചിരിക്കുന്നു]

ശരീരവും മനസ്സും രണ്ടാണെന്ന് എന്ന് എല്ലാവർക്കും അറിയാം. അവയിൽ ഓരോന്നിന്റെയും സ്വഭാവത്തെയും ലക്ഷണങ്ങളെയും കുറിച്ച് തത്വചിന്തകന്മാരുടെ ഇടയിൽ വലിയ അഭിപ്രായഭേദങ്ങൾ ഉണ്ടായിട്ടുണ്ട്; ഇനിയും ഉണ്ടാവുകയും ചെയ്യും.

എന്നാൽ ശരീരം ഇന്നത്, മനസ്സ് ഇന്നത് എന്ന് നമ്മുടെ ജീവിതത്തിൽ നാം നിർണ്ണയംചെയ്തിട്ടുണ്ട്. സാധാരണ സംഗതികളെ സംബന്ധിച്ച് ആ നിർണ്ണയം കാര്യക്ഷമവും ആണ്. ഒരു മനുഷ്യന്റെ മനസ്സ് എന്നു പറഞ്ഞാൽ ആ മനുഷ്യന്റെ പ്രജ്ഞകളുടെയും, വികാരങ്ങളുടെയും, നിർണ്ണയങ്ങളുടെയും (Processes of will) സമുദായം ആകുന്നു എന്നു പഠിതാവു ക്രമേണ പരിശീലിച്ചു ഗ്രഹിക്കുന്നതായിരിക്കും. പ്രജ്ഞ, വികാരം, നിർണ്ണയം ഇവ മൂന്നും അന്യോന്യബന്ധമില്ലാതെ വെവ്വേറെ നിൽക്കുന്നു എന്നു ഗ്രഹിക്കരുത്. ഒരു മനഃപ്രവൃത്തിയിൽ ഒരംശം അധികമായും, മറ്റു രണ്ടും കുറഞ്ഞും ഇരിക്കാവുന്നതു തന്നെ; എന്നാൽ മൂന്നു ലക്ഷണങ്ങളും ഒരു

പോലെ സന്ദർഭങ്ങളിലും കാണാം. കൈ പൊള്ളുന്നതിനെ ഒരു കുട്ടി ഗ്രഹിക്കുന്നു എന്നിരിക്കട്ടെ. അതു വികാരപ്രധാനമാണ്, സംശയമില്ല. എന്നാൽ പൊള്ളൽ ശുദ്ധമല്ല, കാല്പനികമല്ല, യാഥാർത്ഥ്യമാണ്, എന്നു ചെയ്യുന്ന വിവേചനത്തിനും പ്രജ്ഞയും, നിർദ്ദേശം അനുസരിച്ചു തുടയെ കൈവിരലിനോടടുപ്പിക്കുന്നതിനാൽ നിർദ്ദേശവും പ്രത്യക്ഷമാകുന്നുണ്ട്. അതുപോലെ പ്രജ്ഞാപ്രധാനമായതോ, നിർദ്ദേശപ്രധാനമായതോ ആയ മനഃസ്പഷ്ടീകരണങ്ങളിൽ മറ്റു രണ്ടംശങ്ങളെയും അപ്രധാനങ്ങളായിട്ടെങ്കിലും വിവേചിച്ചു കാണാവുന്നതായിരിക്കും. എന്റെ മനസ്സിന്റെ ഒരു ഭാഗത്തു വികാരവും, അപരഭാഗത്തു പ്രജ്ഞയും, മൂന്നാമതൊരു ഭാഗത്തു നിർദ്ദേശവും സ്ഥിതിചെയ്യുന്നു എന്നല്ല—എന്റെ മുഴുവനായ മനസ്സ്, വികാരങ്ങൾക്ക് അധീനമാകുന്നു, ബോധിക്കുന്നു അല്ലെങ്കിൽ (ആലോചിക്കുന്നു), നിർദ്ദേശിക്കുന്നു എന്നാണ് ഇവിടെ പ്രസ്താവിക്കുന്നത്. കൃഷ്ണവർണ്ണം പക്ഷിയകത്തു സ്ഥിതിചെയ്യുന്നു എന്നല്ല, കൃഷ്ണവർണ്ണം പക്ഷിയുടെ ഒരംശമാണ്; കൊമ്പ് കാളയുടെ തലയിൽ പറ്റിപ്പിടിക്കുന്നു എന്നല്ല, കൊമ്പ് കാളയുടെ ഒരംശമാകുന്നു എന്നു നാം വിവേചിക്കാറുള്ളതുപോലെ—പ്രജ്ഞകളും വികാരങ്ങളും നിർദ്ദേശങ്ങളും മനസ്സിൽ സ്ഥിതിചെയ്യുന്നു എന്നല്ല, അവയെല്ലാം മനസ്സിന്റെ അംശങ്ങളാകുന്നു എന്ന് നാം ഓർക്കേണ്ടതാണ്.

എന്നാൽ മനുഷ്യന്റെ മനസ്സിന്റെ അംശമായ ഏതെങ്കിലും ഒരു പ്രജ്ഞ, വികാരം അല്ലെങ്കിൽ നിർദ്ദേശം എപ്പോഴും പ്രബുദ്ധമായിരിക്കണം (ബോധത്തിൽ ഉണ

ഖിരിക്കണം) എന്ന നിർബന്ധമില്ല. കഥ ഉപാഖ്യ പതി നാറാണ വിലാസമാണ്" എന്നുള്ള സംഗതി, ഇതു വായിക്കുന്ന ആളിന്റെ മനസ്സിന്റെ പ്രജ്ഞയിൽ ഉള്ളതാണ് എന്നിരുന്നാലും, ഇതു വായിക്കുന്ന സന്ദർഭത്തിൽ ആ പ്രജ്ഞ (പ്രബോധപൂർവിനന്ത) പഠിതാവിന്റെ ബോധത്തിൽ ഇല്ലായിരുന്നു, എന്ന ഞാൻ കരുതുന്നു. "കാണാതിന്ന വസ്തുക്കൾക്കു ഉണ്ടാകുക കേരളത്തിൽ സാധാരണമാണ്." ഈ പ്രജ്ഞയും ഈ ഗ്രന്ഥം വായിക്കുന്ന സന്ദർഭത്തിൽ വായിക്കുന്ന ആളിന്റെ മനസ്സിൽ ഉണ്ടായിരുന്നു എങ്കിലും ബോധത്തിൽ ഉണ്ടായിരുന്നിരിക്കാൻ ഇടയില്ല. മനസ്സിന്റെ ഘടകങ്ങളായ പ്രജ്ഞ, വികാരം, നിർദ്ദേശം എന്നിവകൾ ബോധത്തിൽനിന്ന് എല്ലായ്പ്പോഴും വേറായി നിൽക്കുന്നിരിക്കുമെന്നുള്ള സിദ്ധാന്തങ്ങളെ വർണ്ണിപ്പിക്കുവാൻ പ്രയാസമില്ല. ഇങ്ങനെ മുന്നിൽ നിൽക്കുന്ന പ്രജ്ഞകൾ മുതലായവയും മനസ്സിന്റെ അംശങ്ങൾ തന്നെ. ആയതിനാൽ മനസ്സ് എന്നതിന് മുൻ പറഞ്ഞ വിവരണത്തെ ഇങ്ങനെ വികസിപ്പിക്കാം. ബോധത്തിൽ ഇപ്പോൾ ഉള്ളവയും മുമ്പിൽ ഉണ്ടായിരുന്നവയും ആയ പ്രജ്ഞകൾ, വികാരങ്ങൾ, നിർദ്ദേശങ്ങൾ എന്ന വാസ്തവങ്ങളുടെ സമുദായമാകുന്നു മനസ്സ്. മനസ്സ് എന്താകുന്നു എന്ന് ഇവിടെ വിവരിക്കുന്നില്ല; താത്വികന്മാരുടെ ഇടയിൽ, ആ ഭാഗം ഇന്നും ഒരു വാദവിഷയമാണ്. പ്രജ്ഞാസ്കന്ധമായും വികാരസ്കന്ധമായും നിർദ്ദേശസ്കന്ധമായും സ്വയം താനേ പ്രത്യക്ഷമാകുന്ന, അതിനെ വിദ്വാന്മാർ മനസ്സ് എന്ന പറയുന്നു.

പ്രവൃത്തി എന്ന വിഷയത്തിൽ മനസ്സും ശരീരവും എത്ര ഗാഢമായി സംബന്ധപ്പെട്ടിരിക്കുന്നു

എന്നുള്ള സംഗതി മിക്കവർക്കും അറിവുള്ളതാകുന്നു. എന്നാൽ അതുകളെ തമ്മിലുള്ള സംബന്ധപ്രകാരങ്ങളെ പ്രത്യക്ഷീകരിക്കുവാൻ വലിയ പ്രയാസമില്ല. നമ്മുടെ നിർദ്ദേശങ്ങളെ അനുസരിച്ച് (എന്നു പറഞ്ഞാൽ മനസ്സിനെ അനുസരിച്ച്) ദേഹം ചെയ്യുന്ന പണി എടുക്കുന്നതും, സന്തോഷം, സന്താപം, കോപം, ഭയം, അസൂയ മുതലായ വികാരങ്ങളെ അനുസരിച്ച് (എന്നു പറഞ്ഞാൽ മനസ്സിനെ അനുസരിച്ച്) ചുണ്ടിന്മേൽനിന്നു ചിരി മായുക (ചിരിക്കുക), കണ്ണുനീർ ഒഴുകുക, മുഖമാംസം മുറുകുക, മുഖമാംസം അയയുക, മുഖവർണ്ണം മാറുക എന്നിങ്ങനെ രീതികളെ കാണാവുന്നതും, ഉഗ്രമായ വിചാരം തലവേദനയെ ഉണ്ടാക്കിത്തീർക്കുന്നതും, മനസ്സ് ശരീരത്തിന്മേൽ പ്രവർത്തിക്കും എന്നുള്ളതിന്നു ലക്ഷ്യങ്ങളാണ്. അതുപോലെ തന്നെ അധികം ശരീരം ക്ഷീണിക്കുകയോ, വിഷവസ്തു ഭക്ഷിക്കുകയോ ചെയ്ത മനുഷ്യൻ മനസ്സിനെ പ്രവർത്തിപ്പിക്കുവാൻ അശക്തനാണ് എന്നുള്ളതു്, ശരീരരോഗങ്ങൾ മനോവികാരങ്ങളെ കെടുക്കുന്നു എന്നുള്ളതു്, ഔഷധങ്ങളുടെ ശരീരപ്രവേശം മനസ്സിന്നു രൂപാന്തരം ചെയ്യുന്നു എന്നുള്ളതു്, ദേഹത്തിന്റെ സ്ഥിതി മനസ്സിനെ ആശാസന്തോഷസമ്പൂർണ്ണമാക്കുകയോ, നിരാശാസന്താപസമ്പൂർണ്ണമാക്കുകയോ ചെയ്യുന്നു എന്നുള്ളതു്—എന്നിതുകളെല്ലാം, ശരീരം മനസ്സിന്മേൽ പ്രവർത്തിക്കുന്നു എന്നുള്ളതിന്റെ ലക്ഷ്യങ്ങളാണ്. ഇതുകളെ ഇങ്ങനെ എടുത്തുപറഞ്ഞു കാണിക്കുവാൻ കാരണം വിചാരിക്കുന്നവരിൽ പലരും ഇതുകളെ സ്മരിക്കുകയോ, അഭ്യാസകാര്യത്തിൽ ഉപയോഗിക്കുകയോ സാധാരണ ചെയ്യാറില്ല.

ബാലന്മാരുടെ മനസ്സും ശരീരവും വളൎന്നുറച്ചവയല്ല. ആയതിനാൽ അവരെ സംബന്ധിച്ചിടത്തോളം ശരീരം മനസ്സിനേയും മനസ്സു ശരീരത്തേയും അന്യോന്യം അധികം ചലിപ്പിച്ചുകൊണ്ടിരിക്കും. ഒരു് അടി ഏറ്റാൽ അശ്രുധാരാനിരോധം ചെയ്യുന്നതിനോ, ഒന്നു ഭയപ്പെട്ടുപോയാൽ മനസ്സിനെ ശരിയായി നിൎത്തുന്നതിനോ ബാലന്മാർ സാധാരണ ശക്തന്മാരല്ല. ശരീരവും മനസ്സും അന്യോന്യം സംബന്ധമുള്ളതുകളാണു്. ആ സംബന്ധത്തിന്റെ വ്യാപാരപ്രകാരങ്ങളെ അദ്ധ്യാപകന്മാർ അറിഞ്ഞിരിക്കേണ്ടതും തന്നെ.



IX

ആഹാരം

[ഗഹനങ്ങളായ ശാസ്ത്രീയവിഷയങ്ങളെ പ്രതിപാദിക്കുന്ന സരസ ശൈലീകാരന്മാരിലൊരാളായ ഡോക്ടർ കെ. രാമകൃഷ്ണപിള്ള മനുഷ്യരുടെ ആരോഗ്യപരിപാലനത്തിൽ അവരുടെ ഭക്ഷണസമ്പ്രദായങ്ങൾക്കും ആഹാരം കഴിക്കുന്ന രീതികൾക്കും ഒരു പ്രധാന പങ്കുണ്ട് എന്ന് ഈ ലേഖനത്തിൽ വിശദീകരിച്ചിരിക്കുന്നു]

ആധുനികപരിഷ്കാരവലയത്തിൽ പെട്ടു നട്ടംതിരിയുന്ന മനുഷ്യർക്ക് സാംക്രമികരോഗങ്ങൾ ലഭിക്കുന്നത് അവരുടെ മഹാതന്ത്രീയവീഥിമാർഗ്ഗമാണെന്ന സംശയമെന്യേ പറയാവുന്നതാണ്. വായ് മുതൽ നീണ്ടുകിടക്കുന്ന പ്രസ്തുത സജീവപാതയുടെ രണ്ടറ്റത്തും സദാ പിതമായിരിക്കുന്ന 'ടോൾഗേറ്റുകളും' പരിസരങ്ങളും മനുഷ്യന്റെ ആരോഗ്യമുൻസിപ്പാലിറ്റിയുടെ യാഥാർത്ഥ്യാവസ്ഥയെ വ്യക്തപ്പെടുത്തുന്നു. പ്രകൃതിനിയമലംഘികളായി ജീവിക്കുന്ന ആധുനിക മനുഷ്യർ, അവരുടെ ബുദ്ധിവൈകല്യത്താൽ, ഈ 'ഗേറ്റു'കളെ "സൂചികുഴ"ത്തുല്യമാക്കി, പാതയെ നാരകസാമ്രാജ്യത്തിലേക്കുള്ള 'പെരുവഴി'യാക്കി രൂപാന്തരപ്പെടുത്തിയതിൽ ആർക്കും കുണ്ഠിതത്തിനോ അത്ഭുതത്തിനോ അവകാശമില്ല. സാമാന്യബുദ്ധി (Common sense) എത്ര തന്നെ മുറവിളി കൂട്ടിയാലും പരിഷ്കാരമത്തപ്രമത്തരായി, സുഖലോലുപരായി, Society (സമുദായം) എറ്റിക്കറ്റ് ഇത്യാദി നിരർത്ഥകങ്ങളായ പരിഷ്കൃതശൃംഖലകളാൽ ബന്ധിതരായി, കാലം

കഴിക്കുന്ന പ്രാഥമികബുദ്ധിക്കു യാതൊരുണർവ്വുമുണ്ടാക്കാൻ സാധിക്കുന്നില്ലതന്നെ. വാഹനം ഏതു തന്നെയാകിലും വേണ്ടില്ല; വഴിയുടെ സ്ഥിതി എത്ര പരിതാപവുമാകട്ടെ, ടോൾ കൊടുത്താൽ ഏതിനും സഞ്ചാരസ്വാതന്ത്ര്യം ലഭ്യമാണ്. പക്ഷേ, ഈവിധം മനുഷ്യനെ “ആരോഗ്യടോൾ” എത്ര കാലം കൊടുപ്പാൻ സാധിക്കുമെന്നുള്ള കാര്യം മാത്രമെങ്കിലും ഗൗരവമായ ആലോചനയ്ക്കു വിഷയീഭവിക്കേണ്ടതാണ്.

ആരോഗ്യജീവിതത്തിൽ എത്രയോ മഹത്തായ സ്ഥാനമാണ് ദഹനേന്ദ്രിയവീഥിയുടെ പ്രവേശനദ്വാരമായ ‘വായ്’ അർഹിക്കുന്നതെന്നു പറയേണമെന്നില്ല. ഈ വീഥിയുടെ രണ്ടറ്റവുംപോലെ (അതായത് വായും, ഗുദവും) അശുദ്ധവും, വൃത്തിഹീനവുമായ മററു ദേഹഭാഗങ്ങൾ ഒന്നുംതന്നെയില്ല. നിത്യവും, ശുഷ്കാന്തിപൂർവ്വം ശുചിപ്പെടുത്താതിരുന്നാൽ മാലിന്യങ്ങൾ വർദ്ധിച്ചു കെട്ടിക്കിടന്നു ദുഷിച്ചുണ്ടാക്കിത്തീർക്കുന്ന അസുഖങ്ങൾക്കതിരില്ല. തന്നെത്തന്നെയും പാർശ്വവർത്തികളേയും ഒന്നു പോലെ ദുരിതമനുഭവിപ്പിക്കാൻ മറെറാരംഗത്തിനും ഇത്രയ്ക്കു സാധിക്കുമെന്നു തോന്നുന്നില്ല.

അധരകവാടങ്ങൾ തുറന്നകമേ പ്രവേശിച്ചാൽ ഏതൊന്നിനും, ദ്വാരപാലന്മാരായ 32 ദന്തവീരന്മാരുടെയും സമ്മർദ്ദനപരിശോധനകൾക്കു ശേഷമേ പിന്നീട്ടുള്ള യാത്ര സാധിക്കയുള്ളു. എന്നാൽ, പല്ലുകൾ പുഴുപിടിച്ചും, ഇത്തിൾ നിറഞ്ഞും, അടന്നും, ഇളകിയും ഇരിക്കയാണെങ്കിൽ, സമ്മർദ്ദനവേളയിൽ പല്ലുകളിലുള്ള മലിനതകൾ ആഹാരപദാർത്ഥങ്ങളിൽ കലർന്ന് ആമാശയപക്വാശയങ്ങളിൽ പ്രവേശിച്ച് അവയേയും വിഷലിപ്ത

മാകിത്തീരുന്നു. ഇനിയും ആഹാരസാധനങ്ങളിൽ ഒരു കഷണം കെട്ടപിടിച്ച പല്ലുകൾക്കിടയിൽപെട്ട ദ്രവിച്ച്, വായിലുള്ള അനേകതരം അണുക്കൾക്ക് ആഹാരമായിത്തീരുകയും, അതിനാൽ പല്ലുകൾക്ക കൂടുതൽ കേടിനിട വരുത്തുകയും ചെയ്യുന്നു. കൂടാതെ, പുഴുപെട്ട ശക്തിക്ഷയം ഭവിച്ച പല്ലുകളിൽനിന്നും ചില ദ്രവ്യങ്ങൾ ക്രമേണ മോണയിൽ വ്യാപിച്ച്, നാം സാധാരണയായറിയുന്ന Pyrrohoea (പയോറിയ) അല്ലെങ്കിൽ മോണപഴുപ്പായും പരിണമിക്കുന്നു. എന്നാൽ മൃഗജാലങ്ങളിൽ വച്ച പരിഷ്കൃതമനുഷ്യനു മാത്രം ദന്തരോഗങ്ങൾ (പുഴു, പയോറിയ) ബാധിച്ചുകാണുവാനുള്ള കാരണമെന്തെന്ന് ഈയവസരത്തിൽ ചിന്തിക്കുന്നത് അനഘാനത്തിലാകയില്ല. കാരണം ഏററവും നിസ്സാരമായ ഒന്നാണ്. അതായത്, സർവ്വജീവികളിലും വച്ച ബുദ്ധിമാനായ മനുഷ്യനു മാത്രമെ അവൻെറ ശരിയായ ആഹാരപദാർത്ഥമെന്തെന്നു തിരിച്ചറിവാനുള്ള ശക്തിക്കുറവുള്ളൂ. പ്രകൃതി കൃപാപൂർവ്വം അറിഞ്ഞു നിശ്ചയിച്ചിട്ടുള്ള ആഹാരസാധനങ്ങൾ മാത്രം ഭക്ഷിച്ച തൃപ്തിപ്പെട്ടിരുന്നുവെങ്കിൽ, മനുഷ്യനും ദന്തരോഗങ്ങൾ കൂടാതെ തന്നെ ജീവിക്കാമായിരുന്നു. ധ്രുവപ്രദേശങ്ങളിലും മററും വസിക്കുന്ന മൃഗപ്രായരായ എസ്കിമൊ, മാവോറിസ് എന്നിവരുടെയിടയിൽ ദന്തരോഗങ്ങൾ കേട്ടറിഞ്ഞിട്ടപോലുമില്ല. അവരുടെ ആഹാരപദാർത്ഥങ്ങളെല്ലാം പ്രകൃതി നിശ്ചയിച്ചിട്ടുള്ളവയും, പരിഷ്കാരജന്യമായ പാചകവിദ്യകളാൽ ഫലശൂന്യമാക്കപ്പെടാത്തവയുമാണെന്നു കാണാം.

പ്രകൃത്യനുസരണമായ ആഹാരപദാർത്ഥങ്ങൾക്കുള്ള പ്രത്യേകത അവ എന്തുതന്നെയായിരുന്നാലും ഉമിനീർ

ധാരാളം പ്രവഹിപ്പാൻ സഹായിക്കുന്നു എന്നുള്ളതാണു്.
പുരാതനമനുഷ്യന്റെ ആഹാരങ്ങളെക്കുറിച്ചു് പര്യാ
ലോചിക്കുമ്പോൾ ഈ ഗുണം വിസ്മരിക്കാൻ പാ
ടില്ല. പല്ലിനേയും അവയ്ക്കുണ്ടാകാവുന്ന രോഗങ്ങളേയും
സംബന്ധിച്ചിടത്തോളം, ഉമിനീരിനുള്ള പ്രാധാന്യത്തെ
പ്പററി ഒരുവനും ശരിയായി ധരിച്ചിട്ടുണ്ടെന്നു തോന്നു
ന്നില്ല. ഉമിനീരിൽ (Ptyalin) ടയാലിൻ എന്നൊരു
സാധനമുണ്ടെന്നും, അതു് ആഹാരത്തോടു യോജിച്ചു്
ആമാശയപാകപാത്രങ്ങളിൽ പ്രവേശിച്ചു് അനന്തരം
ദഹനത്തെ സഹായിക്കുന്നുവെന്നും മാത്രമേ മുഖ്യമായി
എല്ലാവരും ഗണിച്ചിട്ടുള്ളു. ഉമിനീരിന്റെ പ്രസ്തുത കൃത്യ
ത്തിന്റെ പ്രാധാന്യത്തെ ഇവിടെ വിഗണിക്കയോ നി
ഷേധിക്കയോ ചെയ്യേണ്ട ആവശ്യമില്ല. എന്നാൽ ഇതി
ലുപരിയായിട്ടുള്ളതു് ഉമിനീരിന്റെ ക്ഷാളനശക്തി
യാണു്. കണ്ണുനീർ നയനങ്ങളെ എന്നവണ്ണം ഉമിനീർ,
വാ, പല്ലു് ഇവയെ സദാ ശുദ്ധിപ്പെടുത്താനുദ്ദേശിച്ചി
ട്ടുള്ള ഒരു ദ്രാവകമാണു്. പ്രസ്തുത കൃത്യനിർവ്വഹണത്തി
നുള്ള സാധനങ്ങളാണു് ഉമിനീരിലധികമായുള്ളതു്.
മനുഷ്യനു മൂന്നു ജോടി ഉമിനീർസ്ഥാനങ്ങളുണ്ടു്. ഇതുകളിൽ
നിന്നും ദിനംപ്രതി അനേകമിടങ്ങഴി നീരോളം വായി
ലേക്കു പ്രവഹിക്കുന്നു. രാപകൽ വ്യത്യാസംകൂടാതെ
ഉമിനീർ ഒഴുകിക്കൊണ്ടിരിക്കുന്നു. എങ്കിലും ചില പ്ര
ത്യേക സാധനങ്ങൾ കാണുമ്പോഴും വായിലിടുമ്പോഴും
(ചിലർക്കു മണക്കുമ്പോഴും ഓർമ്മിപ്പിൽതന്നെയും) ഉമി
നീർ കൂടുതലായി പ്രവഹിക്കുന്നു. മററു ചില പദാർത്ഥ
ങ്ങൾ ഈ പ്രവാഹത്തെ തടയുന്നവയെന്നുള്ളതും ഓർക്കേ
ണ്ടതാണു്. റൊട്ടി, നെയ്, ചായ, മാംസം ഇത്യാദികൾ

ഉഷ്ണവീര്യത്തിനെ കുറയ്ക്കുകയാണ് ചെയ്യുന്നത്. ഇതിൽനിന്നും പ്രകൃത്യായുള്ള ലവണസാരങ്ങൾ, ആഹാരത്തിനനുയോജിച്ചിരിക്കുമെന്നു തെളിയുമല്ലോ. അതായത് പാചകം ചെയ്യും മറ്റും പ്രകൃത്യായുള്ള ഗുണങ്ങൾ നഷ്ടപ്പെടാത്തതായ ആഹാരപദാർത്ഥങ്ങളാണ് നമുക്കും നമ്മുടെ പല്ലുകൾക്കും അത്യാവശ്യമെന്നു ധരിക്കണം.

മനുഷ്യൻ സകല ജീവികളുടെയും ചക്രവർത്തിപദമലങ്കരിച്ചിരുന്നത്, അവൻ പ്രകൃതിദത്തമായ വിറ്റാമിൻ കലർന്ന ആഹാരങ്ങൾ അനുഭവിച്ചുകൊണ്ടിരുന്നപ്പോഴാണ്. എപ്പോഴെങ്കിലും, ഏതു വിധമെങ്കിലും അവന് ആ സ്ഥിതിയിൽ നിന്നും അധഃപതനമുണ്ടായിട്ടുണ്ടെങ്കിൽ, അത് അവന്റെ ലൗകിക സുഖാന്വേഷണത്തിനാൽ ആഹാരരീതിയിൽ വരുത്തിക്കൂട്ടിയ വ്യത്യാസംകൊണ്ടു മാത്രമാണ്. സ്വാദിനു വേണ്ടി മാത്രം ക്രമേണ അവൻ ആഹാരങ്ങളിലുള്ള വിറ്റാമിൻ കുറച്ചു കുറച്ച്, ഇപ്പോൾ ഒട്ടുംതന്നെയില്ലെന്നുള്ള മട്ടിലാക്കിത്തീർത്തു. ഈ കുറെയേറെ കാലത്തിനിടയിൽ വല്ല നാട്ടിൻപുറങ്ങളിലുമൊഴിച്ച്, ഇത് അതിന്റെ മൂർദ്ധന്യത്തെ പ്രാപിക്കാനും ഇടയായി. മനുഷ്യനുണ്ടാവുന്ന രോഗങ്ങൾ സകലത്തിന്നും അതാണ് മൂലകാരണമെന്നും, അവയെ നശിപ്പിക്കുവാനും അനുകൂലം രോഗനിവാരണത്തിനുമുള്ള ഏകമാർഗ്ഗം ആഹാരപദാർത്ഥങ്ങൾ നല്ലപോലെ പാചകം ചെയ്യുന്നതാണെന്നും ഉള്ള ധാരണകൂടിയായപ്പോൾ എല്ലാം ശരിയായി. തൊട്ടിൽ മുതൽ ശ്മശാനം വരെ മനുഷ്യർക്കുള്ള ആഹാരങ്ങൾ എല്ലാംതന്നെ "കണിശമായും, ശരിയായും" പാചകം ചെയ്യാതെ ഉപയോഗിക്കാതെ പാടില്ലെന്നുള്ള പതനത്തിലെത്തി. ശിശുക്കൾക്കു

മുലപ്പാൽ കൊടുക്കുന്നതുതന്നെ മുലക്കണ്ണുകൾ പൂട്ടലോഷ്യനിൽ വൃത്തിയായി കഴുകിയതിനു ശേഷമേ പാടുള്ളു; മുല കറന്ന പാലെടുത്തു തിളപ്പിച്ചു മാത്രമേ കുട്ടികൾക്കു കൊടുക്കാവൂ എന്ന വിധിക്കാരനു് ഭാവി ജനതയുടെ മഹാരോഗ്യമാചി കരുതാം. രോഗാണുശാസ്ത്രം (bacteriology) പഠിച്ചുകഴിഞ്ഞതു മുതൽ തുവാല മുക്കിൽ നിന്നു് എടുക്കാതെയും, മാമ്പഴം, ചക്കപ്പഴം, സാധാരണ വാഴപ്പഴം ഇതുകളെല്ലാം തിളപ്പിച്ചും, സകല സാധനങ്ങളും ചൂടായിട്ടും ആഹരിച്ചിരുന്ന വൈദ്യശാസ്ത്രജ്ഞന്മാരുള്ളപ്പോൾ മറ്റുള്ളവരുടെ കഥ എന്തായിരിക്കും! ആകപ്പാടെ, നാട്ടിൽ ശ്മശാനത്തിന്ന് ഏറ്റവും അടുത്തുതന്നെ കൊണ്ടു പ്രതിഷ്ഠിച്ചെന്നു പറഞ്ഞാൽ മതിയല്ലോ.

പുതിയ പുതിയ രോഗങ്ങളും ശുദ്ധിയവും ഏതെങ്കിലുമൊരു വിധത്തിൽ വിററമിന്റെ അഭാവം മൂലം ഉണ്ടാകുന്നവ (deficiency diseases) ആണെന്നു വിചാരിക്കുന്നതിൽ വലിയ അബദ്ധമുണ്ടെന്നു തോന്നുന്നില്ല. വിററമിന്റെ കുറവു മൂലം ദേഹത്തിനുണ്ടാവുന്ന രോഗനിവാരണശക്തിയുടെ ന്യൂനത നിമിത്തം രോഗബീജവൈരിസഞ്ചയം ഒന്നോടെ എതിർത്തു നിഷ്പ്രയാസം മനുഷ്യദേഹത്തെ കീഴടക്കുന്നു. യഥാർത്ഥ കാരണമറിവാൻ പാടില്ലാഴികയാലും, ചികിത്സ കണ്ടുപിടിക്കാഴികയാലും "ഭേദപ്പെടാത്തവ"യെന്നുള്ള മുദ്രാവാക്യത്തോടുകൂടി, സാധാരണമെങ്കിലും നിശ്ചിതവൈദ്യശാസ്ത്രസമേതം, ജനതതിയിൽ വ്യാപിച്ചിട്ടുള്ള അനേകതരം "കർമ്മവ്യാധികളെ"പ്പററി ദിവാനിശം ദീർഘചിന്തനം ചെയ്തുകൊണ്ടു് എണ്ണയും സമയവും തലയും പുകച്ചു പുണ്ണാക്കുന്ന ശാസ്ത്രാന്വേഷികൾ, അവരുടെ ഗവേഷണശാല വിട്ടു കുറേനേരമെ

ങ്കിലും ശ്രദ്ധയിൽ അന്വേഷിച്ചാൽ, അവയ്ക്കു തക്കതായ കാരണങ്ങളോ, പ്രകൃതിയെ പ്രസാദിപ്പിച്ചാൽ ചില്ലറ ഔഷധങ്ങളോ, നിവാരണമാർഗ്ഗങ്ങളോ കണ്ടുപിടിച്ചു് പക്ഷെ ജന്മസാഫല്യം വരുത്താമായിരിക്കാം!

മനുഷ്യന്റെ ആരോഗ്യജീവിതത്തിന് ആവശ്യമുള്ള സകലതും പാകം ചെയ്യാത്ത പദാർത്ഥങ്ങളിൽ പ്രകൃത്യാ തന്നെ വേണ്ടുവോളവും, അതിൽ കൂടുതലും, ഉണ്ടെന്നു നിസ്സംശയം സമ്മതിക്കാം. ആഹാരപദാർത്ഥങ്ങൾ പാകം ചെയ്താൽ അവയിൽ മനുഷ്യാരോഗ്യത്തിന് ആവശ്യമായ വിററമിൻ നഷ്ടപ്പെട്ടുപോകുന്നതുകൊണ്ടുതന്നെ, മനുഷ്യർ പാകം ചെയ്യാത്ത ആഹാരങ്ങൾ കൊണ്ടു് ഉപജീവിച്ചുകൊള്ളേണമെന്നുള്ളതാണു് പ്രകൃതിശാസനയെന്നു തീർച്ചപ്പെടുത്താം. എന്നാൽ പാകം ചെയ്ത സാധനങ്ങൾ ഉപയോഗിക്കുന്നതുകൊണ്ടു വലിയ ദോഷങ്ങളൊന്നും വരാനില്ല. പക്ഷെ അസ്ഥാനത്തും, സകല സ്ഥാനത്തും ഉപയോഗിക്കയരുതെന്നേയുള്ളു. അവയെ മദ്യം, പുകയില എന്നീ സാധനങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്താം. മിതമായി ഉപയോഗിച്ചാൽ യാതൊരു ദോഷവുമില്ല. അവയിൽ നിന്നു് ആശിക്കാവുന്ന ഏററവും വലിയ ഗുണം യാതൊരു ദോഷവും വരുത്തുന്നതല്ലെന്നുള്ളതു മാത്രമാണു്. മദ്യം, പുകയില എന്നിവ രണ്ടും മനുഷ്യസമുദായത്തിനു വരുത്തിക്കൂട്ടുന്ന ആരോഗ്യഹാനിയെപ്പററിയുള്ള മുറവിളി കൊണ്ടു് വായുമണ്ഡലം മാറെറാലിക്കൊള്ളുന്ന ഇക്കാലത്തു്, പരിഷ്കാരനിർമ്മിതമായ പാചകവൃത്തി കാട്ടിക്കൂട്ടുന്ന കടുംകൈകളെപ്പററി ആരെങ്കിലും പറയുന്ന ഭാവമേയില്ല.

പാകം ചെയ്യുന്നതുകൊണ്ട് ആഹാരസാധനങ്ങളി
ലുള്ള സകല വിററാമിനും നഷ്ടപ്പെട്ട് കേവലം 'ചവറ്'
മാത്രമേ ശേഷിക്കയുള്ളുവോ, എന്നു ചോദിച്ചേക്കാം.
കുറെ വിററാമിൻ അതിൽ ശേഷിക്കാതെ തരമില്ല. അല്ലാ
ത്തപക്ഷം മനുഷ്യനും അവന്റെ പരിഷ്കാരവും ഇതിനു
മുമ്പുതന്നെ നാമാവശേഷമാകുമായിരുന്നു. പക്ഷെ, പാ
ചകവിദ്യയിൽ വന്നിട്ടുള്ള ഓരോ പരിഷ്കാരവും
ശേഷിച്ച വിററാമിൻപോലും നഷ്ടപ്പെടുത്തുകയാണു ചെ
യ്യുന്നത്. നമ്മുടെ മുൻസിപ്പാലിററികളും, വിളക്കുവെ
ച്ചലും, ബോർഡ്സ്ഥാപനവും, നഗരശുചീകരണവും,
കായികവിനോദങ്ങളും, ബുദ്ധിവർദ്ധനവും, വൈദ്യശാല
കളും മററും കൊണ്ട്, വ്യക്തികൾക്കു പുകഴ്ചയും, സാമാ
ന്യേന ഒരു കാര്യവുമുണ്ടാകാതെയെന്നല്ലാതെ, ജനതതിക്കു
ശരിയായ ആരോഗ്യത്തെ നമുക്കായി, സസ്യഭുക്കുജീവ
ശരീരത്തിലുള്ള ആശ കുറഞ്ഞ്, ഉൽകൃഷ്ടതമമായ
ജീവിതം നയിക്കാതിരിക്കുന്നിടത്തോളം കാലം, അവരുടെ
ആരോഗ്യപ്രമാണം കീഴ്പോട്ടുതന്നെയാവാനേ നിവൃ
ത്തിയുള്ളു.

ഇപ്പോഴുള്ള രീതി ഒരുകാലം ത്യജിച്ച് പ്രകൃത്യനു
രൂപമായ ഒരു ആഹാരരീതി അംഗീകരിക്കത്തക്ക വിധം
ജനങ്ങളെ മനസ്സാന്തരപ്പെടുത്തുന്നതിലുള്ള വിഷമത
കൾ സീമാതീതങ്ങളാണ്. ദേഹരക്ഷയ്ക്കും ആരോഗ്യ
ത്തിനുമായി മാത്രം മത്സ്യമാംസാദികൾ നിത്യം വിശ്വ
സിച്ച് ആഹരിക്കുന്നവരോട്, അവ ഉപേക്ഷിച്ച് സസ്യ
ഫലാദികളും, വെണ്ണ, തൈര് ഇത്യാദികളും മാത്രം ഭുജി
ക്കുന്നതാണ് ദേഹത്തിന് ഏററവും ഉപയുക്തമെന്നു
പറഞ്ഞുപോയെങ്കിൽ, പറഞ്ഞയാളിന്റെ തലയിൽ

"സ്ക്രൂ" എല്ലാം ഉറപ്പായിരിക്കുന്നോ എന്നു പരിശോധന ചെയ്യാതെ വിട്ടയച്ചാൽ കൃതാർത്ഥനാവാം. മറിച്ച്, സസ്യഭുക്കുകളെ മാംസഭുക്കുകളാക്കാൻ ഉപദേശിക്കയാണെങ്കിൽ, അവർക്ക് അതോടുള്ള അറപ്പുകൊണ്ടുള്ള വെറുപ്പ് പ്രദർശിപ്പിക്കുമെന്നല്ലാതെ ഉപദേഷ്ടാവിന്റെ ബുദ്ധിസ്ഥിരതയെപ്പററി സംശയിക്കയില്ല. പാശ്ചാത്യരാജ്യങ്ങളിലെപ്പോലെ ശവമാംസംകൊണ്ടു മാത്രം ഉപജീവിക്കുന്ന "സ്വാമിമാർ" നമ്മുടെ നാട്ടിൽ ദുർല്ലഭമായിരിക്കുന്നതു തന്നെ വലിയ ഒരു ആശ്വാസമാണ്. മനുഷ്യന്നു മാംസം ഭുജിക്കാനവകാശം ലേശമെങ്കിലുമുണ്ടെങ്കിൽ, അതു് അവന്റെ ദേഹം നല്ലപോലെ അദ്ധ്വാനിപ്പിച്ചു തന്റെ താൻ നായാടി സമ്പാദിച്ച മാംസം മാത്രമാണ്. അല്ലെങ്കിൽ അവൻ അതുപോലുള്ള വ്യായാമം ദിനംതോറും ചെയ്തുകൊണ്ടിരിക്കണം.

പക്ഷേ, ഇപ്രകാരം അവകാശം സമ്പാദിച്ച ഒരുവനായാലും അതനുഭവിക്കുന്നതു് പ്രകൃതി നൽകിയ രൂപത്തിൽ തന്നെ വേണംതാനും. എന്നാൽ ശരിയായ ദേഹാദ്ധ്വാനവും വ്യായാമവും നിത്യമുള്ളവർക്ക്, മാംസമില്ലെങ്കിൽ യാതൊരു കുറവുമില്ലെന്നു ചില പ്രസിദ്ധ ഭാരതീയമല്ലന്മാരുടെ ജീവിതചരിത്രം വിളിച്ചു പറയുന്നുമുണ്ട്. ഈ സ്ഥിതിക്കു മാംസങ്ങൾ മനുഷ്യന്റെ ആഹാരലിസ്റ്റിൽ നിന്നും വെട്ടിക്കുറയ്ക്കുന്നതു് അനുചിതമായിരിക്കയില്ല. വേണമെങ്കിൽ, നിർബന്ധമെങ്കിൽ, ചിലപ്പോഴെല്ലാം അവന്റെ രുചിഭേദത്തിനു വേണ്ടി, മാംസങ്ങൾ കഴിച്ചുകൊള്ളട്ടെ. ഒരിക്കൽ വല്ല വിധേനയും മാംസാഹാരങ്ങൾ ത്യജിക്കാൻ സാധിച്ചെങ്കിൽ പിന്നീട് അതിൽ വലിയ അഭിരുചി അവർക്കുണ്ടാവുന്നതായി

സാധാരണ കാണാറില്ല. പക്ഷെ, ഒരിക്കലെങ്കിലും ഉപേക്ഷിച്ചിട്ടല്ലേ ഇതു സാധിക്കയുള്ളൂ? മാംസാഹാരങ്ങൾ, പ്രത്യേകിച്ചും പാകംചെയ്യുവ നമ്മുടെ ദേഹേന്ദ്രിയങ്ങളുടെ ഉദ്ദീപനശക്തിയെ വളർത്തുന്നു, സ്വാദുകൂട്ടുന്നു, അമിതഭക്ഷണത്തിനു സഹായിക്കുന്നു. സദാനേരം ഉദ്ദീപനശക്തിയെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന ദേഹേന്ദ്രിയങ്ങൾക്കു പെട്ടെന്നതു നഷ്ടമാകുമ്പോൾ പല മാതിരി അസുഖങ്ങൾക്കും ഇടവരുന്നു. രുചിക്കുറവു കൊണ്ടു ഭക്ഷണത്തിനുള്ള ആസ്വാദ്യത കുറയുന്നു. വയറു നിറയുന്നതിനാലുള്ള തൃപ്തിയും നഷ്ടപ്പെടുന്നു, ക്ഷീണം തോന്നിപ്പിക്കുന്നു, എന്നുവേണ്ട സകലതും കുഴപ്പം തന്നെ. കുടി നിറുത്താൻ ശ്രമിക്കുന്ന മദ്യപാനിയെപ്പോലെ, മാംസാഹാരം നിറുത്താനുദ്യമിക്കുന്ന മാംസഭോജിയും, അതു വീണ്ടും തുടരേണ്ട ആവശ്യകതയെ പുരസ്കരിച്ചു് ഒരു പതിനായിരം കാരണങ്ങൾ ഹാജരാക്കുന്നു. മാംസം ത്യജിച്ചതിനാൽ വലിയ ക്ഷീണം തോന്നിക്കുന്നു. അതെ, ആലസ്യമെല്ലാം നിശ്ശേഷമായും ക്ഷീണം തോന്നിപ്പിക്കുന്നുണ്ടു്. മാംസം ഉപയോഗിക്കുമ്പോൾ ആരോഗ്യം കൂടുതലായിരിക്കുന്നു. അതും ശരി. പക്ഷെ താൽക്കാലികമായ ഈ ആരോഗ്യം എത്രനാൾ നിലനില്ക്കുമെന്നു് ആരറിയുന്നു! മാംസമില്ലായ്കയാൽ വിശപ്പും രുചിയും കുറയുന്നുവെന്നും വാദിക്കാം. അതും അടിസ്ഥാനരഹിതമല്ല. ഭക്ഷിക്കാൻ ആരംഭിക്കുന്നതോടുകൂടി വിശപ്പുണ്ടാകാനുള്ള ശക്തിയും, അമിതഭോജനത്തിനുള്ള ഒരു പ്രത്യേകതയും മാംസാഹാരങ്ങൾക്കു മാത്രമുള്ളതാണു്. പാചകം ചെയ്യാത്ത സസ്യാഹാരങ്ങളും, പഴങ്ങളും, വെണ്ണ, തൈരു് ഇത്യാദികളും ഒരുവൻ എത്ര തന്നെ ശ്രമിച്ചാലും അമിതമായി കഴിക്കാനിടവരികില്ല.

വേവിച്ച മാംസത്തെപ്പററി മുൻ പറഞ്ഞതെല്ലാം, പാകം ചെയ്ത എല്ലാത്തരം പദാർത്ഥത്തേയും ബാധിക്കുന്നതാണ്. സസ്യാദികളും പാകം ചെയ്യുന്നതുകൊണ്ട് അവയിലുള്ള വിററമിൻ മിക്കവാറും നഷ്ടപ്പെടുന്നു. പോരെങ്കിൽ അവയെ പാകംചെയ്യുന്നതു കഴിയുന്നത്ര സ്വാദുള്ളതാക്കുന്ന വിധത്തിലാണ്. അതിനാൽ അവയും ഭോജനേന്ദ്രിയങ്ങളെ ഉദ്ദീപിപ്പിക്കാനുള്ള ശക്തിയുള്ളവയാകുന്നു. ആഹാരം കഴിക്കുന്ന ഒരാൾക്ക് അയാളുടെ പാചകനു നൽകാവുന്നതിൽ പ്രഥമമായ ഒരു സർട്ടിഫിക്കററ്, അവൻ അയാൾക്കു വിളമ്പിയതും കൂടുതലും, ആവശ്യമില്ലെങ്കിലും, കൈകൊണ്ടോ അഥവാ ആർത്തികൊണ്ടോ അകത്താക്കിയ ശേഷം, പാത്രങ്ങൾ 'വടിച്ചുനക്കി' ഭേഷായിരുന്നെന്ന് ഒരു ഏമ്പക്കത്താലറിയിച്ച്, ഇരുന്നിടത്തുനിന്നു പൊന്തുവാൻ പരാശ്രയമപേക്ഷിക്കുന്ന ഭാവം തന്നെയാണ്. രുചികരമായി പാകപ്പെടുത്താത്ത പക്ഷം ഇത്തരം ഒരു സർട്ടിഫിക്കററു ലഭിക്കുവാനിടവരികയില്ല. നാം സാധാരണയായി ആവശ്യത്തിലധികം ആഹരിക്കുന്നുവെന്നുള്ളതു തർക്കമററ സംഗതിയാണ്. ആരോഗ്യവാനായ ഒരുവന് സാധാരണമായ പ്രകൃത്യാഹാരങ്ങൾ വേണ്ടുവോളം തൃപ്തി നൽകുന്നവയാണ്. അവനു വിശപ്പോ, ഉദ്ദീപനശക്തിയോ വർദ്ധിപ്പിക്കുന്നതിന്, ഏതു സാധനവും വേവിച്ചും, മസാല ചേർത്തും, മുളകരച്ചും, പുളി പിഴിഞ്ഞും മററുമായിരിക്കേണ്ട. വിശപ്പുണ്ടാവാനുള്ള ശരിയായ മാർഗ്ഗം ഉപവാസം ഒന്നു മാത്രമാണ്. 'അമിതഭക്ഷണം' നാം പ്രകൃതിയോടു കാട്ടുന്ന ഏററവും കഠിനമായ ഒരപരാധമാണ്. ഈ മഹാപാതകത്തിൽനിന്നും നമ്മെ ത്രാണനംചെയ്യാൻ ഉപ

വസിച്ചു ശരീരത്തോടു പ്രാർത്ഥിക്കയാണു വേണ്ടതു്. ഉപവാസം നമുക്കു വിശപ്പും രുചിയും ആരോഗ്യവും നൽകുന്നു.

വിശപ്പില്ലാത്തപ്പോൾ ആഹാരം കഴിക്കുന്നതിൽ നിന്നുണ്ടാവുന്ന അനർത്ഥങ്ങൾ പലതാണു്. പരിഷ്കാരം മൂലം നമ്മുടെ ആഹാരസമയത്തെക്കുറിക്കുന്നതു ഘടികാരമാണു്; അല്ലാതെ വിശപ്പല്ല. ഔദ്യോഗികന്മാരാകട്ടെ മണി പത്തടിക്കുമ്പോൾ ഉച്ചയ്ക്കു മുമ്പിൽ ക്ഷീണമനസ്കനായി ഹാജർ കൊടുക്കുന്നു. വിശപ്പില്ലാത്ത പിറുപിറുത്തും, വയറു തിരുമ്മിയും, സങ്കടപ്പെട്ടും 'അല്പമിതും' കുറെ വാരി വയററിലാക്കുന്നു. ആനന്ദമോ തൃപ്തിയുമില്ല. ദിനം മുഴുവനും ഉത്സാഹമില്ല, വിശപ്പുമില്ല, ഉന്മേഷമില്ല—സദാ മന്ദതതന്നെ മിച്ചം. വിശപ്പുണ്ടാവാൻ എന്നു പറഞ്ഞു് വല്ല "കാർബ്യുറേറ്റർ" മരുന്നും കൊടുക്കുന്ന ഡാക്ടറും ചീത്തയായി; അന്നത്തെ ശോധനാശ്രമങ്ങളും വിഫലം. ഒടുവിൽ കിട്ടിയ കാശിന്റെ കഷ്ടകാലം! അല്ലാതെ ആരോടെന്തു ചെയ്യാനാണു്? എന്നാൽ ആരെങ്കിലും ഈ സാധുവിനോടു വിശപ്പില്ലാത്തപ്പോൾ ആഹാരം കഴിക്കരുതെന്നു പറയുമോ? ഒന്നുമില്ല. നേരെ മറിച്ചു്, "വല്ലതും കുറച്ചു കഴിക്കൂ, അല്ലെങ്കിൽ ക്ഷീണമാവുമേ"; "ഒന്നുകിൽ ഇതു്, അല്ലെങ്കിൽ മററതു കുറെ" എന്നോ! ആകപ്പാടെ കുറെയെല്ലാം വലിച്ചുകയററും. പിന്നെയും വിശപ്പു നാസ്തിതന്നെ. വിശപ്പില്ലാത്തപ്പോൾ 'കുറച്ചു' ആഹരിക്കാൻ ശ്രമിക്കാതെ, പുറമേ പുറമേ നാലുവട്ടം ഓടുകയോ, പത്തു കസർത്തുകളോ ചെയ്തിരുന്നെങ്കിൽ എത്ര നന്നായിരുന്നു!! വിശപ്പുണ്ടായാലും ഇല്ലെങ്കിലും മണി അടിച്ചുപോയതുകൊണ്ടു് ആഹാര

ത്തിന് തെളിവെട്ടപോലെ ഒരു ശോഷണവും ആരോഗ്യ ശാസ്ത്രജ്ഞന്മാർ കാണാനില്ലതന്നെ. എങ്കിലും, നല്ല സുഖശോധനവും, അറിവുമുള്ള അനേകായിരം ജനങ്ങൾ ദിനംപ്രതി ഇതു നടത്തുന്നുമുണ്ട്.

വിററമിൻ നിറഞ്ഞ, പ്രകൃതിദത്തമായ, സാധാരണ ആഹാരപദാർത്ഥങ്ങൾ പല പ്രകാരേണയും ആരോഗ്യസംരക്ഷകങ്ങളാണ്. ഇതിൽ ഏററവും പ്രധാനമായത് പരിഷ്കൃതമനുഷ്യന്റെ ബ്രഹ്മശത്രുവായ മലബന്ധരോഗോപദ്രവം ദൂരീകരിക്കയാണ്. ആഹാരസാധനങ്ങളിലുള്ള വിററമിൻ മലശോധനയെ സഹായിക്കുന്നു. ധാരാളം വിററമിൻ ഉണ്ടെങ്കിൽ കടൽ സ്വയമേവ ഇച്ഛിതാംവണ്ണം വിസർജ്ജനകൃത്യം നിർവഹിച്ചുകൊള്ളും. ഇതില്ലെങ്കിൽ എല്ലാതരം ശോധനൌഷധങ്ങളും, ഗുളികകളും, എണ്ണകളും, ചൂർണ്ണം, തിരുമ്മും സകലതും ഉപയോഗശൂന്യം തന്നെ. പഞ്ഞും കപ്പലും കൊട്ടുമായി ദിവസംപ്രതി കിടക്കുമ്പോൾ എന്തെങ്കിലും ഗുളികയോ ലേഹ്യമോ സേവിച്ചാൽ മാത്രം ഒരുവിധം ശോധന നിർവഹിച്ചു നടത്തിക്കൊണ്ടിരുന്നവർക്ക്, വിററമിൻ ചേർന്ന ആഹാരങ്ങൾ കഴിക്കാനാരംഭിച്ചതുമൂലം യാതൊരു കഷ്ടതയും കൂടാതെ ശരിയായും ക്രമമായും നിത്യം ശോധനയുണ്ടായതായി പല അനുഭവങ്ങളുമുണ്ട്.

X

പൊതുജനാരോഗ്യം

[ഈ ലേഖനത്തിൽ ഗ്രാമശുചീകരണത്തെപ്പറ്റി സാമാന്യമായും സംക്ഷിപ്തമായും പ്രതിപാദിച്ചിരിക്കുന്നു. ഈ വിഷയത്തെപ്പറ്റി ആധികാരികവും പ്രായോഗികവുമായ അറിവുള്ള ഡോക്ടർ സി. രാമകൃഷ്ണപിള്ള ഇംഗ്ലീഷിൽ എഴുതിയ ഒരു ലേഖനത്തിന്റെ തർജ്ജമയാണ് ചുവടെ ചേർക്കുന്നതു്]

ഗ്രാമശുചീകരണം.

ശുചീകരണം (Sanitation) എന്നുള്ളത് ആരോഗ്യകരമായ പരിതഃസ്ഥിതി പരിപാലിച്ചുകൊള്ളേണ്ടതിനെ വിവരിക്കുന്ന ഒരു ശാസ്ത്രവും കലയും ആകുന്നു. പുറമെനിന്നുത്ഭവിക്കുന്ന സകല രോഗാണുക്കളെയും ചെറുക്കുവാൻ പ്രയോഗിക്കുന്ന സകല ഉപായങ്ങളും ശുചീകരണത്തിൽ ഉൾപ്പെടുന്നതാണ്. ശുചീകരണവും ആരോഗ്യശാസ്ത്രവും അഥവാ ഹൈജീനും തമ്മിൽ ഋജുവായ ഒരു വിഭജനരേഖയില്ല. എങ്കിലും, ആരോഗ്യത്തിനും ദീർഘായുസ്സിനും സഹായകമാകുന്ന വിധം നിത്യ ശാരീരിക ജീവിതചര്യകളെ നിയന്ത്രിക്കുന്നതിനു വേണ്ട ഉപദേശങ്ങൾ നൽകുന്ന ആരോഗ്യപരിപാലനശാസ്ത്രത്തിന്റെ വിഭാഗത്തിന് ആരോഗ്യശാസ്ത്രം, അഥവാ, ഹൈജീൻ എന്ന പേര് നീക്കിവയ്ക്കുന്നതു നന്നായിരിക്കും. ശുചീകരണം പൊതുജനാരോഗ്യത്തിന്റെ (Public Health) ഒരു ഭാഗമാകുന്നു. ഇതിൽ രോഗനിവാരണവും ആരോഗ്യ

പരിപാലനവും സംബന്ധിച്ചുള്ള സകല സംഘടിത മായ സാമുദായികപ്രവർത്തനങ്ങളും ഉൾപ്പെടും.

ശുചീകരണം മനുഷ്യശരീരത്തിന്റെ ആരോഗ്യപരി പാലനത്തിന് അനുകൂലമായ ബാഹ്യപരിതസ്ഥിതിയെ വച്ചു പുലർത്തിക്കൊണ്ടു പോകുന്നതിനുള്ള ശാസ്ത്രത്തിന്റെ ഒരു വിഭാഗമാണെന്നു മേൽപറഞ്ഞതിൽനിന്നും സ്പഷ്ടമാ കുന്നുണ്ടല്ലോ. ഈ ശാസ്ത്രവിഭാഗത്തിന്റെ മൗലികങ്ങ ളായ ഉദ്ദേശങ്ങളെ ചുവടെ ചേർന്ന നാലു തലക്കെട്ടുക ളിൽ സംക്ഷിപ്തമായി വിവരിക്കാം.

(1) ചുറ്റുമുള്ള പഞ്ചഭൂതങ്ങളായ വായു, വെള്ളം, ഭൂമി മുതലായവയെ വേണ്ട വിധത്തിൽ പരിപാലിച്ചു കൊണ്ടു പോവുക.

(2) വിഷമയമോ, ആരോഗ്യനാശകരമോ ആയ അംശങ്ങളും കലർപ്പുകളും കൂടാതെ വേണ്ടിടത്തോളം ആഹാരസാധനങ്ങൾ സംഭരിക്കുക.

(3) രോഗബീജങ്ങളുടെ ആക്രമണം ചെറുക്കുക.

(4) ചതവ്, മുറിവു മുതലായ ഉപദ്രവങ്ങളായ കേടുകൾ യന്ത്രങ്ങളിൽനിന്നുണ്ടാകാതെയിരിക്കത്തക്കവി ധം വേണ്ട മുൻകരുതലുകൾ ചെയ്യുക.

ഏതൊരു ജീവിയുടെയും ജീവസന്ധാരണം മേൽ പ്പറഞ്ഞവയെ ആശ്രയിച്ചിരിക്കുമെന്നു സാമാന്യേന പറയാവുന്നതാണ്.

ഒരു ജന്തുവിന്റെ ജീവന് ആരോഗ്യം പരിപാ ലിച്ചുകൊണ്ടു പോകുന്നതിന് അവശ്യാവശ്യമായി വേണ്ട ആവശ്യങ്ങൾ കൂടാതെ, അതു ജീവിക്കുന്ന ചുറ്റുപാടിന്— അതായത്, വായു, വെള്ളം മുതലായവയിൽ— ഭൗതിക

ചേരവും പോഷകശാസ്ത്രപരവുമായ അനുകൂല ഘടകങ്ങൾ വായു മണ്ഡലത്തിലുണ്ടായിരിക്കേണ്ടതാകുന്നു. ശ്വാസോച്ഛ്വാസത്തിന് ആവശ്യം വേണ്ടിടത്തോളം പ്രാണവായു (Oxygen) ആദ്യമായി വായുവിൽ വേണ്ടതാണ്. ശരീരത്തിലെ ജീവകോശങ്ങളിൽ (protoplasm) സദാ നടന്നുവരുന്ന വിഘടന നിർമ്മാണ പ്രവർത്തന(Metabolism)ങ്ങളുടെ ഫലമായി ജനിക്കുന്ന വിസർജ്ജനസാധനങ്ങളെ വായുവിൽ നിന്നു ക്ഷിപ്രം മാററിക്കളയുന്ന സ്ഥിതിയാണു രണ്ടാമത്തെ ആവശ്യം. മൂന്നാമതായി വായുവിൽ പ്രത്യേക വിഷമയമായ സാധനങ്ങൾ ഉണ്ടായിരിക്കരുത്. നാലാമതായി വായുവിന് വേണ്ട വിധത്തിലുള്ള ശീതോഷ്ണാവസ്ഥ ഉണ്ടായിരിക്കണം. അവസാനമായി വായുവിലെ ഇളക്കം, അതായത് അതിലെ ജലബാഷ്പത്തിന്റെ കലർപ്പ് (Humidity) വേണ്ട വിധത്തിലായിരിക്കുകയും വേണം.

ഏഴുപത്തിയെട്ടു ശതമാനം നൈട്രജൻവാതകവും, ഇരുപത്തി ഒന്നു ശതമാനം ഓക്സിജൻവാതകവും, ഒരു ശതമാനം ആർഗോൺ വാതകവും, കാർബോണിക് ആസിഡ് മുതലായ മററു ചില വാതകങ്ങളുടെ സൂക്ഷ്മങ്ങളായ അംശങ്ങളും, ഏറി മാറിക്കൊണ്ടിരിക്കുന്ന തോതിലുള്ള ജലബാഷ്പവും നാം ശ്വസിക്കുന്ന വായുവിൽ അടങ്ങിയിരിക്കുന്നു. വിദ്യാലയങ്ങൾ, വീടുകൾ, വ്യവസായശാലകൾ, നാടകശാലകൾ മുതലായവയിലെ വായുവിന്റെ സ്ഥിതി മുകളിൽ വിവരിച്ചു അതേച്ച് ഉപാധികളുടെ സാന്നിദ്ധ്യത്തിൽ ഉണ്ടാകുന്ന പരിവർത്തനം ഒട്ടുമാറി മനുഷ്യന്റെ ആരോഗ്യപരമായ ജീവിതത്തിന് ഹാനികരമായി വായുവിലെ പ്രാണവാ

യുവിന്റെ അംശം കുറഞ്ഞുപോയേക്കാം. ഭാഗ്യവശാൽ ആഴമേറിയ ഖനികൾ, ഉപയോഗിക്കാത്ത ആഴമുള്ള കിണറുകൾ, അത്യുന്നതങ്ങളായ പ്രദേശങ്ങൾ മുതലായ അസാധാരണങ്ങളായ പരിതഃസ്ഥലങ്ങളിൽ മാത്രമെ ഈപ്രകാരം (ഓക്സിജൻ) പ്രാണവായു കുറഞ്ഞുകാണുകയുള്ളു. വായുപ്രവേശം തീരെ കുറഞ്ഞ മുറികളിലും ഭാഗ്യവശാൽ ഓക്സിജൻവാതകത്തിന്റെ ശതമാനം ഇരുപതിൽ കുറഞ്ഞിരിക്കുകയില്ല.

വായു ദോഷകരമായി ഭവിക്കുന്നതിനുള്ള മറ്റൊരു കാരണം ഉച്ഛ്വസിക്കുന്ന വായു (വാതകം) വെളിക്കു പുറത്തു പോകാത്തതിന്റെ ഫലമായുണ്ടാകുന്ന കർബോണിക് ആസിഡ് വാതകത്തിന്റെ ആധിക്യമാണ്. ഇതിലും അത്ര അധികം ആപത്തുണ്ടാകുവാനിടയില്ല. എന്തെന്നാൽ, വായുപ്രവേശം തീരെ കുറഞ്ഞ മുറികളിലും കർബോണിക് ആസിഡ് വാതകത്തിന്റെ ശതമാനം അഞ്ചു ദശാംശത്തിൽ കൂടുവാനിടയില്ല. സാധാരണയായി വായുവിൽ ·03 ശതമാനമേ ഈ വിഷവാതകമുണ്ടായിരിക്കയുള്ളു. അഞ്ചു ദശാംശം ശതമാനം കൂടുതലായാൽ മാത്രമേ ഇത് അപകടമായി ഭവിക്കയുള്ളു. അഞ്ചു ദശാംശം ശതമാനത്തിൽ കവിയാത്ത കർബോണിക് ആസിഡ് വാതകത്തിന്റെ വർദ്ധനവുകൊണ്ടുണ്ടാകുന്നതിന്റെ ഫലം, അത്തരം വായു ശ്വസിക്കുന്ന മനുഷ്യന്, നമുക്കു വ്യായാമവേളകളിൽ തോന്നാറുള്ള ശ്വാസംമുട്ടൽ തോന്നുമെന്നുള്ളതു മാത്രമാണ്. ഇങ്ങിനെ സാധാരണ ഭവനങ്ങളിലെ മുറികളിലെ വായുവിൽ ഉണ്ടാകുന്ന ഓക്സിജൻവാതകത്തിന്റെയും കർബോണി

ക് ആസിഡ് വാതകത്തിന്റേയും ശതമാനത്തിലെ പരിവർത്തനങ്ങൾ ആരോഗ്യത്തിന് ഹാനികരമായിത്തീരുന്നമെന്നില്ല.

വിഷമയമായ സാധനങ്ങളുടെ സാന്നിദ്ധ്യത്തെ സംബന്ധിച്ചിടത്തോളം, പാശ്ചാത്യരാജ്യങ്ങളിൽ ഉപയോഗിച്ചുവരാറുള്ള ഗ്യാസ് വിളക്കുകളിൽ നിന്ന് ഉണ്ടാകുന്ന വാതകച്ചോർച്ചമൂലം ജന്യമാകുന്ന ഗൌരവതരമായ കർബോണിക് ആസിഡ് ഗ്യാസ് വിഷബാധകളിനെപ്പറ്റി, നാം കേട്ടിട്ടുണ്ട്. വ്യവസായശാലകളിലെ വായുവിൽ മററുതരം വിഷമയമായ സാധനങ്ങൾ കലർന്നിരിക്കുവാൻ ഇടയുണ്ട്. ഉദാഹരണമായി, വിഷമയമായ വാതകങ്ങൾ, പൊടി മുതലായവ ഇതിൽ ചേർന്നിരുന്നേക്കാം. ഈ വിഷസാധനങ്ങളെ അകററുവാനായി അവിടെ എക്സ്ഹാസ്റ്റ്ഫാൻസ് മുതലായ ഉപകരണങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

വായുപ്രവാഹം കുറഞ്ഞ ഒരു മുറിയിൽ വച്ചു നമുക്കു തോന്നാറുള്ള അസുഖത്തിനു കാരണം വായുവിന്റെ രസതന്ത്രപരമായ സ്വഭാവമല്ലെന്നും, ചൂടിന്റേയും ഈർപ്പത്തിന്റേയും ആധിക്യം മാത്രമാണെന്നും കണ്ടുപിടിച്ചിട്ടുണ്ട്. ശരീരത്തിലെ ഉഷ്ണനിയന്ത്രണത്തിന്റെ പ്രവർത്തനത്തെ സാരമായി തടസ്സപ്പെടുത്തുന്ന പ്രവൃത്തിപോലും ഗൌരവതരങ്ങളായ ഫലങ്ങളെ ജനിപ്പിക്കുവാൻ പര്യാപ്തമാണെന്ന് പരീക്ഷണങ്ങൾ കാണിച്ചിരിക്കുന്നു. പുറമേയുള്ള ചൂടു കൂടിയ വായുവിനേക്കാൾ ഉപദ്രവകരമായിരിക്കുന്നതു് ചൂടു കുറഞ്ഞതാണെങ്കിലും, ചലനശൂന്യമായ മുറിയിലെ വായുവാണ്.

ഇങ്ങിനെ, മിതമായ വിധത്തിലുള്ള കറഞ്ഞ ചൂട്, മിതമായ വിധത്തിലുള്ള ഈർപ്പം, മിതമായ വിധത്തിലുള്ള വായുചലനം എന്നിവയാണ് വായുവിനേയും വായുപ്രവേശനത്തേയും സംബന്ധിച്ചുള്ള കാര്യമായ സ്ഥിതിയുടെ ഘടകങ്ങൾ. ഈ സ്ഥിതി വീടുകളിലും, ജനങ്ങൾ കൂട്ടം കൂടാറുള്ള സ്കൂളുകൾ, നാടകശാലകൾ, ആസ്പത്രിവാർഡുകൾ മുതലായ സ്ഥലങ്ങളിലും വച്ചു പരിപാലിച്ചുകൊണ്ടു പോകുന്നതായിരിക്കണം പൊതുജനാരോഗ്യപ്രവൎത്തനങ്ങളിൽ ഏർപ്പെടുന്നവരുടെ ഒരു ഉദ്ദേശം.

ആഹാരവും ആരോഗ്യവും

ഒരു സമുദായത്തിന് വേണ്ടിടത്തോളം ശുദ്ധമായ ആഹാരസാധനങ്ങൾ സംഭരിക്കുന്നതു് പൊതുജനാരോഗ്യസംബന്ധമായ വേലകൾ ചെയ്യുന്നവരുടെ ജോലികളിൽ ഒന്നാണ്. ശരീരയന്ത്രം അതിന്റെ വേല ചെയ്തു കൊണ്ടു പോകുന്നതിനും ശരീരത്തിൽ വേണ്ട ചൂട് നില നിർത്തി കൊണ്ടുപോകുന്നതിനും ആവശ്യമുള്ള ജീവശക്തി ലഭിക്കുകയാണ് ശരീരത്തിന്റെ പ്രഥമവും മൗലികവുമായ ആഹാരആവശ്യം. പ്രായപൂർത്തി വന്ന ഒരു പുരുഷന് മൂവായിരത്തോളവും, പ്രായപൂർത്തി വന്ന ഒരു സ്ത്രീക്ക് രണ്ടായിരത്തിഅഞ്ഞൂറോളവും, പതിമൂന്നു വയസ്സ് പ്രായമുള്ള ഒരു ബാലന് മൂവായിരത്തോളവും, ഏഴ് വയസ്സ് പ്രായമുള്ള ഒരു ശിശുവിന് രണ്ടായിരത്തോളവും ചൂട് (clacry) വേണ്ടിവരും. ഇതു് ഏറിയകൂറും ആഹാരസാധനങ്ങളിലെ സ്റ്റാർച്ച്, അഥവാ പഞ്ചസാര, കൊഴുപ്പ് എന്നിവയിൽനിന്നു ലഭിക്കുന്നതാണ്.

ആഹാരം സംബന്ധിച്ചുള്ള രണ്ടാമത്തെ ആവശ്യം ശരീരത്തിലെ കോശങ്ങളുടെ (Cells) നിർമ്മാണപരമായ പ്രവർത്തനങ്ങൾക്കു വേണ്ട പ്രോട്ടീൻ അംശം നൽകുന്നതാണ്. ദിനംപ്രതി എഴുപത്തിയഞ്ചു ഗ്രാമോളം ഇതു കൂടിയേ തീരൂ. ഇതിന്റെ കുറവ് ആരോഗ്യത്തിനു ഹാനികരമായി ഭവിക്കും. ആഹാരസംബന്ധമായ മൂന്നാമത്തെ ആവശ്യം വേണ്ടിടത്തോളം ലവണങ്ങൾ (Salt) നൽകുന്നതാണ്. ഒരു മനുഷ്യന് ദിവസവും ഒന്നര ഗ്രാം ഫോസ്ഫറസ്സും, അര ഗ്രാം കാൽസിയവും, പതിനഞ്ചു മില്ലി ഗ്രാം ഇരുമ്പും വേണ്ടിവരുമെന്നു കണ്ടുപിടിച്ചിട്ടുണ്ട്.

നമുക്ക് അധികം അറിവു ലഭിച്ചിട്ടില്ലാത്ത വിറ്റാമിൻ എന്ന സാധനങ്ങളും ശരീരത്തിന് ആവശ്യമുണ്ട്. വിറ്റാമിൻ ആറു തരമുണ്ട്. വിറ്റാമിൻ ഏ. ശരീരവളർച്ചയ്ക്കും, വിറ്റാമിൻ ബീ. ഞരമ്പുകളുടെ ആരോഗ്യത്തിനും, വിറ്റാമിൻ സി സ്കർവി എന്ന രോഗത്തിന്റെ നിവാരണത്തിനും, വിറ്റാമിൻ ഡി. രോഗബീജങ്ങളെ ചെറുക്കുന്നതിനും, വിറ്റാമിൻ ഇ. ഉല്പാദനശക്തിക്ഷയത്തെ തടുക്കുന്നതിനും, വിറ്റാമിൻ ജി. രോഗങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും വേണ്ടതാണ്.

നമ്മുടെ നാട്ടിലെ സാധാരണ ആഹാരസാധനങ്ങളിൽ സ്റ്റാർച്ചും, അഥവാ പഞ്ചസാരയും, കൊഴുപ്പും കൂടുതലായിട്ടും, പ്രോട്ടീനും, ലവണവും, വിറ്റാമിനും കുറവായിട്ടുമാണ് കാണുന്നത്. സ്റ്റാർച്ചിന്റെയും കൊഴുപ്പിന്റെയും ആധിക്യം വേണ്ടിടത്തോളമോ, വേണ്ടതിൽ കൂടുതലോ ആയ ജീവശക്തി ജനിപ്പിക്കുമെങ്കിലും, ശരീര

ത്തിലെ പുനരുദ്ധാരണത്തിനും, ദീർഘായുസ്സിനും, ആവശ്യമുള്ള ശക്തി നൽകുന്നതിനും, ഇതു് പര്യാപ്തമാകുന്നില്ല. ഇങ്ങിനെയുള്ള ആഹാരത്തിലെ പോഷകാംശക്കുറവു നിമിത്തം സങ്കടപ്പെടുന്ന നമ്മുടെ നാട്ടിലെ പാവകുടുംബങ്ങളേയും ധനസഹായംകൊണ്ടു് സഹായിക്കേണ്ട കർത്തവ്യം പൊതുജനാരോഗ്യപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുണ്ടു്. ശുദ്ധമായ പാലും, പഴങ്ങളും, സസ്യങ്ങളും നിത്യആഹാരത്തോടുകൂടി ഉപയോഗിക്കുന്നതായാൽ, പ്രസ്തുത പോഷകാംശക്കുറവു് ഇല്ലാതായി ഇവർക്കു് ആരോഗ്യജീവിതം നയിക്കുവാൻ കഴിയും.

കൃമിരോഗങ്ങളുടെ നിവാരണം.

വേണ്ട വിധത്തിലുള്ള പരിസ്ഥിതിയും ആഹാരവും മാത്രം പോരാ, മറ്റു ജന്തുക്കളുടെ ആക്രമണങ്ങളിൽ നിന്നു് നിവാരണവുംകൂടി വേണം, ഒരു ജന്തുവിന്റെ ആരോഗ്യജീവിതത്തിനു്. മനുഷ്യനെ സംബന്ധിച്ചിടത്തോളം ഇതു് പ്രധാനമായി സാംക്രമികരോഗങ്ങളെ ജനിപ്പിക്കുന്ന കൃമികളോടുള്ള ഒരു പോരാട്ടമായി പരിണമിച്ചിരിക്കുന്നു. പൊതുജനാരോഗ്യപരിപാലനവേലകളിൽ വച്ചു് ഏറ്റവും പ്രധാനപ്പെട്ടതു് ഇതു സംബന്ധിച്ചുള്ളതാണു്.

പകരുന്ന രോഗങ്ങളുടെ നിയന്ത്രണത്തിലെ മൗലികതത്വം ഇത്തരം രോഗങ്ങൾ ജനിപ്പിക്കുന്നതു് മനുഷ്യന്റെയോ മൃഗത്തിന്റെയോ ശരീരത്തിൽ ജീവിക്കുന്നതിനുള്ള ശേഷി മാത്രമുള്ളവയും അതിനു പുറമെ ദീർഘകാലം ജീവിക്കുന്നതിനു ശേഷിയില്ലാത്തവയുമായ പരാന്നഭോജികളായ അണുപ്രാണികളാണെന്നുള്ള ജ്ഞാനമാകുന്നു. ഇത്തരത്തിലുള്ള ചില അണുക്കൾ പാലിലും ജീവിച്ചുവരുന്നുണ്ടു്. എങ്കിലും സാധാരണയായി ഇവ വെള്ളം, ഭൂമി, വായു എന്നിവയിൽ വേഗം

നശിക്കുകയാണു ചെയ്യുന്നതു്. അതിനാൽ നിവാരണം ചെയ്യേണ്ട ആപത്തു്, ഒരു മനുഷ്യന്റെ ശരീരം വിസർജ്ജിക്കുന്ന സാധനങ്ങൾ, മററാളുകൾ സ്പർശിക്കുന്നതാകുന്നു. തങ്ങൾക്കു രോഗം പിടിപെടാതെ രോഗബീജവാഹകരായി നടന്നു വർത്തിക്കുന്ന ചില മനുഷ്യരുണ്ടു്. ചിലപ്പോൾ ചില രോഗങ്ങൾക്കു വശംവദരാകുവാനുള്ള പോക്കു് ചില മനുഷ്യരിൽ കൂടുതലായി നാം കാണുന്നു. ഇവയുടെ നിവാരണാർത്ഥം രോഗം പകരുന്ന വിവിധ മാർഗ്ഗങ്ങളെ കുറിച്ചുള്ള ശരിയായ അറിവു വേണ്ടതാണു്.

ഇങ്ങിനെ രോഗം പകരുന്ന മാർഗ്ഗങ്ങൾ മൂന്നാകുന്നു. ഒന്നാമതായി, ചില ആഹാരസാധനങ്ങളിൽ കൂടി, പ്രത്യേകിച്ചു വെള്ളത്തിലും പാലിലും കൂടി. ഇങ്ങിനെയാണു് സന്നിപാതജ്വരം, വയറുകടി, കാളറ മുതലായ രോഗങ്ങളുണ്ടാകുന്നതു്. രണ്ടാമതായി മനുഷ്യശരീരത്തിന്റെ അന്തർഭാഗത്തിലുള്ള കൃമികളിൽ നിവസിക്കുന്ന അണുക്കളുടെ സംക്രമണംകൊണ്ടും രോഗങ്ങളുണ്ടാകാം. മലമ്പനി, വാതപ്പനി എന്നീ രോഗങ്ങൾ ഇപ്രകാരം ജനിക്കുന്നവയാണു്. മൂന്നാമതായി, സ്പർശനത്തിൽനിന്നു രോഗം നേരിട്ടു പകർന്നേക്കാം. ജലദോഷം മുതലായ രോഗങ്ങൾ ഇങ്ങിനെ പകരുന്നു. ഇവ ഓരോന്നിനെയും പററി ചില വിവരങ്ങൾ പറഞ്ഞുകൊള്ളട്ടെ.

വെള്ളത്തിന്റെ ഉല്പത്തിസ്ഥാനം കാർമേഘം നിറഞ്ഞ ആകാശമാണു്. ആകാശത്തിൽനിന്നു വെള്ളം മഴയായി ഭൂമിയിൽ വീണു് അതിന്റെ ഉപരിതലങ്ങളിൽ കെട്ടിനില്ക്കുകയോ, ഒഴുകുകയോ ചെയ്യുമ്പോൾ, അതിൽ പല വിഷസാധനങ്ങളും കലരുന്നു. ഭൂമിയിൽ പതിക്കുന്ന ജലത്തിന്റെ ഒരു ഭാഗം ഭൂമിയുടെ അടിയിൽ ചെല്ലുന്നുണ്ടു്. ഈ വെള്ളമാണു് നമ്മുടെ കിണറു

കളിലും ഉറവുകളിലും നിന്നു നമുക്കു കിട്ടുന്നു. ഇങ്ങിനെ ഭൂമിയുടെ ഉപരിതലത്തിലുള്ള ജലാശയങ്ങളിൽ നിന്നോ, അന്തർഭാഗത്തുള്ള കിണറുകളിൽ നിന്നോ നമുക്കു ലഭിക്കുന്ന വെള്ളത്തിലും രണ്ടുപോലെ പല വിഷദ്രവ്യങ്ങളും കലർന്നിരിക്കുവാൻ എളുപ്പമുണ്ടു്. ഈ വെള്ളം രോഗത്തെ ജനിപ്പിക്കാതെയിരിക്കുവാനായി അതിനെ ശേഖരിച്ചു ശുദ്ധി ചെയ്യുന്നതു് പൊതുജനാരോഗ്യപരിപാലനത്തിനു് അത്യാവശ്യമായി വേണ്ടതാണു്.

വെള്ളം കഴിഞ്ഞാൽ ആഹാരസാധനജന്യങ്ങളായ രോഗങ്ങളെ ഉല്പാദിപ്പിക്കുന്നതിൽ പാലിനാണു പ്രധാന പങ്കുള്ളതു്. പാലു് മനുഷ്യർക്കു മുഖ്യമായ ഒരു ആഹാരസാധനമാകയാൽ അതു ശുദ്ധീകരിക്കേണ്ടതു വളരെ പ്രധാനപ്പെട്ട ഒരു കാര്യമായി തീർന്നിരിക്കുന്നു. പശുക്കളിലുള്ള രോഗബീജങ്ങളെ മനുഷ്യരിലേക്കു പകർത്തിയും, മനുഷ്യരുടെ പ്രത്യേക സാംക്രമികവ്യാധികളുടെ ബീജങ്ങളെ പരത്തിയും, ശിശുക്കളിൽ വയറിളക്കം ജനിപ്പിച്ചും പാലിനു രോഗങ്ങളെ ജനിപ്പിക്കുവാൻ കഴിയും. പാലു് ഒരു പ്രത്യേക രീതിയിൽ തിളപ്പിച്ചാൽ അതിന്റെ ദൂഷ്യങ്ങളെ മാറ്റുവാൻ സാധിക്കുന്നതാണു്.

വെള്ളത്തിനും പാലിനും പുറമെ രോഗം പകരുന്ന മറ്റു ആഹാരസാധനങ്ങളുമുണ്ടു്. രോഗബീജം പകർന്നിട്ടുള്ളതും ചീഞ്ഞതുമായ മത്സ്യം, മാംസം മുതലായ ആഹാരസാധനങ്ങളിൽ നിന്നു ജനിക്കാവുന്ന കടുത്ത രോഗങ്ങളെപ്പറ്റി നമുക്കു് അറിവുണ്ടു്. രോഗമുള്ള ജന്തുക്കളുടെ മാംസം ഭക്ഷിക്കുന്നതും രോഗോല്പാദകമാകുന്നു. വിരരോഗവും അതിനോടു സംബന്ധിച്ചുള്ള മറ്റു രോഗങ്ങളും ഇത്തരം ആഹാരസാധനങ്ങളിൽ നിന്നുണ്ടാകുന്നു. ചിലപ്പോൾ ആഹാരസാധനങ്ങളിൽ ചില കച്ചവടക്കാർ കൃത്രിമപ്പൊടികളും സാധനങ്ങളും നിറങ്ങളും

രോഗങ്ങൾ ഉണ്ടാകുന്നതാണു്, ഭാരതം പാശ്ചാത്യരാജ്യങ്ങളിലെ പോലുള്ള ശുചിത്വ ക്രമീകരണങ്ങൾ നടപ്പാക്കുന്ന പൊതുജനാരോഗ്യപ്രവർത്തനങ്ങളുടെ ഒരു പ്രധാന ഭാഗമാകുന്നു.

ഇതിനെ "അശുചിത്വപൂർണ്ണമായ അന്തരീക്ഷങ്ങളിൽ പ്രധാനമായി വളരുന്നു് ഉണ്ടാകുന്ന ഈച്ച, കൊതുകു്, എലി, വിരകൾ എന്നിവ പെരുകുന്ന അവസ്ഥകളിൽ ഉണ്ടായിട്ടുള്ളതും, മനുഷ്യരുടെയും മൃഗങ്ങളുടെയും പ്രത്യേക രോഗബീജങ്ങൾ കലർന്നതുമായ അപകടമാകുന്നു."

വിസർജ്ജിതസാധനങ്ങളെ മാററിക്കളയൽ.

മനുഷ്യരെ സംക്രമിക്കാറുള്ള രോഗങ്ങൾ ബാധിക്കാതെ രക്ഷിക്കുവാനായി അവരുടെ വിസർജ്ജിതസാധനങ്ങളെ മാററിക്കളയുന്നതു് പൊതുജനാരോഗ്യശാസ്ത്രത്തിന്റെ വളരെ പ്രധാനമായ ഒരു ഭാഗമാകുന്നു. രോഗബീജങ്ങൾക്കു കാരണമായ ഈ വിസർജ്ജിതസാധനങ്ങൾ ഹാനികരങ്ങളും അപകടകരങ്ങളും ആകാതിരിക്കുവാനായി ഇവയെ മാററി നശിപ്പിക്കേണ്ടതാണു്. നാം സംശയിക്കാത്ത രോഗബീജവാഹകർ ഉണ്ടായിരിക്കുവാൻ ഇടയുള്ളതിനാൽ, മലം, മൂത്രം, തുപ്പൽ മുതലായ സകല വിസർജ്ജിതസാധനങ്ങളെയും അപായകാരികളായി കരുതിയേ തീരൂ. നിർഭാഗ്യവശാൽ നാം ഇതിന്റെ പ്രാധാന്യം മനസ്സിലാക്കിയിട്ടില്ല. പബ്ളിക് റോഡുകളിലും, കുളങ്ങളുടെയും നദികളുടെയും കടലിന്റെയും കരകളിലും നാം മലമൂത്രവിസർജ്ജനം ചെയ്യാറുണ്ടു്. തെരുവുകളിൽ തുപ്പുകയും, കഫവും മൂക്കളയും മററും റോഡുകളിൽ വലിച്ചെറിയുകയും നാം ചെയ്യുന്നു. പൊതുജനങ്ങളുടെ ആരോഗ്യത്തിനു ഹാനികരമായ ഇത്തരം പ്രവൃത്തികളെ പൊതുജനാ

ആരോഗ്യപ്രവർത്തകർക്ക് ഇതെല്ലാം ചെയ്യുവാൻ സാധിക്കുന്നതല്ല. ഇങ്ങിനെയുള്ള പ്രവൃത്തികൾ ഉണ്ടാകാവുന്ന സാംക്രമികരോഗങ്ങളിൽ നിന്ന് അസംഖ്യം മരണങ്ങൾ സംഭവിക്കുന്നതുമുണ്ട്.

കുഴൽവെള്ളമേർപ്പാട് കൂടാതെ പ്രത്യേകം പ്രത്യേകമായി നിൽക്കുന്ന ഏർപ്പാടുകളിലെ വിസർജ്ജിതസാധനങ്ങൾ മാറ്റുന്ന പ്രശ്നം വൈഷമ്യമുള്ള ഒന്നാകുന്നു. രോഗബീജങ്ങളെ നശിപ്പിക്കുന്ന മരുന്നുകൾ കലർത്തിയ ലോഹനിർമ്മിതപാത്രങ്ങളിൽ വിസർജ്ജിതപദാർത്ഥങ്ങൾ ചെന്നു വീഴുന്ന ഏർപ്പാടാണ് ഏറ്റവും തൃപ്തികരമായതു്. ഇതിന് അധികം പണം വേണ്ടിവരും. വെള്ളം നിറഞ്ഞ ഒരു മുറിയിൽ വിസർജ്ജിതങ്ങൾ ചെന്നു വീണ് അവിടെ വച്ച് അതിലെ ഘനദ്രവ്യങ്ങൾ ഔഷധശക്തിയാൽ ദ്രവിക്കുന്നതായി പൊതുജനാരോഗ്യവകുപ്പുകാരുടെ കക്കൂസുകളുണ്ട്. ഇതും സാധാരണ വീടുകളിൽ സ്ഥാപിക്കുവാൻ സാധിക്കുകയില്ല. സാധാരണ ജനങ്ങളെ സംബന്ധിച്ചിടത്തോളം, തൊട്ടികൾ വെച്ച കക്കൂസോ, കുഴിക്കക്കൂസോ, ബോർഹോൾ കക്കൂസോ ആണ് സാധ്യമായിട്ടുള്ളതു്. തൊട്ടികൾ ഉപയോഗിക്കുന്ന കക്കൂസേർപ്പാടിൽ വിസർജ്ജനസ്ഥാനത്തിന്റെ കീഴിൽ തൊട്ടികൾ വെക്കുകയും അവയെ ഇടയ്ക്കിടയ്ക്ക് മാറ്റുകയും ചെയ്യുന്നു. കുഴിക്കക്കൂസിൽ ഒരു കുഴിയിൽ വിസർജ്ജിക്കുകയും, അതിന്റെ മൂന്നിൽ രണ്ടു ഭാഗം നിറയുമ്പോൾ ആ കുഴി മൂടി മറ്റൊരു സ്ഥലത്ത് കുഴി കുഴിച്ച് വിസർജ്ജിക്കുകയും ചെയ്തുവരുന്നു. ബോർഹോൾ കക്കൂസിന്റെ പുറവും വിസർജ്ജിതസാധനങ്ങൾ ഭൂമിയുടെ അടിയിൽ പരക്കാത്ത വിധമുള്ള കെട്ടുകൾ കാണാം. അതിലെ കുഴിയുടെ മുകളിൽ ഒരു ദ്വാരമുള്ള കോൺക്രീറ്റ് പലകയും ഉണ്ടായിരിക്കും,

ഏതുതരം കക്കൂസായാലും ശരി, അതു് കഴുകുന്നതിനു് ഉപയോഗിക്കുന്ന വെള്ളത്തിനും, വാസസ്ഥാനത്തിനും അകലെയായി സ്ഥാപിച്ചിരിക്കണം. സ്പർശനത്തിനോ, ഈച്ചകളുടെ നിവാസത്തിനോ ഇടകൊടുക്കാത്ത വിധത്തിൽ കക്കൂസുകൾ നിർമ്മിക്കേണ്ടതു് അത്യാവശ്യമാണു്.

കുഴൽവെള്ള സമ്പ്രദായമുള്ള ഭവനങ്ങളിൽ വിസർജ്ജിതപദാർത്ഥങ്ങളെ അകറ്റുന്നതിനെ സംബന്ധിച്ചുള്ള പ്രശ്നം ലഘുവായിട്ടുള്ള ഒന്നാണു്. ഇവിടെ സാനിട്ടറി എഞ്ചിനീയറന്മാരും, ഇൻസ്പെക്ടർമാരും ഉണ്ടാകുവാൻ സാധിക്കും. ഇവിടെ വിസർജ്ജനത്തിനിരിക്കുന്ന സ്ഥാനങ്ങളുമായി സ്പർശനമുണ്ടാകാത്തവിധത്തിലും, അവിടെ ഒഴിക്കുന്ന വെള്ളം കെട്ടിനിൽക്കാത്തവിധത്തിലുമുള്ള ഏർപ്പാടുകൾ ചെയ്തേ തീരൂ. ഒരു പബ്ലിക് വിസർജ്ജനിർഗ്ഗമനപദ്ധതി സ്ഥാപിക്കുന്നതാണു് ഒരു വീട്ടുകാരന്റെ ദൌർഭാഗ്യങ്ങളെ അകറ്റുന്ന ഉത്തമമായ പരിഹാരമാർഗ്ഗം.

ഭവനങ്ങളിലെ ചവറു മുതലായ സാധനങ്ങളെ പറമ്പിലും റോഡിലും വലിച്ചെറിയാതെ ചുട്ടുകളയുകയാണു വേണ്ടതു്. ഈ സാധനങ്ങൾ ദ്രവിച്ചു് പല തരം കീടങ്ങളെയും ജനിപ്പിക്കുമെന്നു് നാം ഓർക്കേണ്ടതാണു്.

പ്രാണികളും രോഗവും.

ആരോഗ്യത്തിനു ഹാനികരമായി ഇനി ഒരു ശല്യമുള്ളതു് പ്രാണികൾമുഖേന പരക്കുന്ന പലതരം സാംക്രമികരോഗങ്ങളാകുന്നു. ഈ ക്ഷുദ്രപ്രാണികളിൽ വച്ചു് ഏറ്റവും അപകടകരമായതു് വീടുകളിൽ സാധാരണ കാണാറുള്ള ഈച്ചകളാകുന്നു. ഈ ഈച്ചകൾ ദ്രവി

ക്കുന്നു. ഏതെങ്കിലും സാധനത്തിൽ, പ്രത്യേകിച്ചു് വെള്ളം, പാൽ മുതലായവയിൽ, കലർന്നാൽ. അല്ലെ ങ്കിൽ [illegible] ഈ കൃമികളിൽനിന്നു് പുതിയ ഈ ച്ചകൾ ഉണ്ടാകുകയും ചെയ്യുന്നു. ഇങ്ങനെ ഭക്ഷ്യസാധന ങ്ങളെ [illegible]ത്തിൽ മാറ്റിക്കളയുന്നതാണു് ഈ [illegible] പ്രവൃത്തി. വിഷ ങ്ങൾ ഉണ്ടാകുന്നില്ല, [illegible] ഉപയോഗ ിച്ചും ഈ കൃമികളെ നശിപ്പിക്കാവുന്നതാണു്.

മലമ്പനി, വാതപ്പനി, കഫപ്പനി മുതലായ പലതരം രോഗങ്ങൾക്കു കാരണങ്ങളായ കൃമിക ളെ നശിപ്പിക്കുന്നതാണു് ഈ വിഷയത്തിൽ പ്രധാന മായി പരിഗണിക്കേണ്ടതു്. ഓരോ [illegible] ഓ പ്രത്യേക [illegible] വിഷയമാകയാൽ, ഇനിയൊരിക്കൽ കൂടു തൽ വിവരങ്ങൾക്കു് പ്രത്യേക ലേഖനം [illegible] തന്നെ വേണം.

ഈച്ച, കൊതുകു്, ചെള്ളു് മുതലായ പ്രാണികളും മനു ഷ്യരുടെ ഇടയ്ക്കു് രോഗം പരത്തുവാൻ സഹായിക്കുന്നു. അവസാനമായി എല്ലാ രോഗങ്ങളിലുംവെച്ചു് ഏറ്റവും ഭയങ്കരമായ പ്ലേഗിനെ എലികളിൽനിന്നു പരത്തുന്ന ചെള്ളുകളുമുണ്ടു്. എലികളുടെ മേൽ ഒരു [illegible] ത്തുന്നതിനു് എലികൾ [illegible] ഉണ്ടാകുന്ന [illegible] ടുകളും ഉണ്ടാകുകയും, അവയെ [illegible] സാധനങ്ങളെ നശിപ്പിക്കുകയും, [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible].

[illegible]

വെൻസാ, ന്യൂമോണിയ (നീർക്കെട്ട്), തൊണ്ടവ്യാധി, ക്ഷയം, വില്ലൻകുരിപ്പ, അഞ്ചാംപനി, വസൂരി മുതലായ രോഗങ്ങളും ഇതിനു ഉദാഹരണങ്ങളാകുന്നു. ഇത്തരം രോഗങ്ങളെ നിയന്ത്രിക്കുന്നത് ഏററവും വിഷമമായ ഒരു കാര്യമാണ്. എന്തെന്നാൽ ഇവയുടെ കാരണഭൂതർ മനുഷ്യർ മാത്രമാകുന്നു. മനുഷ്യരെ നിയന്ത്രിക്കുന്നത് വൈഷമ്യമേറിയ ഒരു കാര്യവുമാണ്. ഇവിടെ വായിൽ നിന്നും മൂക്കിൽനിന്നുമുള്ള വിസർജ്ജിതസാധനങ്ങളാണ് രോഗം പകർത്തുന്നത്. കാലവും സ്ഥലവും നോക്കാതെ സദാ തുപ്പിക്കൊണ്ടിരിക്കുന്ന നമ്മുടെ അപരിഷ്കൃതമായ ശീലം ഇത്തരം രോഗങ്ങൾക്കു മുഖ്യകാരണമായി ഭവിക്കുന്നു.

ഇത്തരം രോഗങ്ങളുടെ നിവാരണം ചെയ്യുന്നതിന് മൂക്കിൽനിന്നും തൊണ്ടയിൽനിന്നുമുള്ള വിസർജ്ജ്യസാധനങ്ങളേയും, സന്നിപാതജ്വരം, ചൊറുകടി മുതലായ രോഗങ്ങൾ ബാധിച്ചിട്ടുള്ള മനുഷ്യരുടെ മലമൂത്രാദികളെയും, വേണ്ടവിധം നിയന്ത്രിക്കുകയാണ് ആദ്യമായി ചെയ്യേണ്ടത്. രോഗികളെ മാററിക്കിടത്തുകയും അവരുമായി സമ്പർക്കം ഉണ്ടാകാതെയിരിക്കുകയും അവരുടെ വിസർജ്ജിതങ്ങളിൽ വിഷനാശകങ്ങളായ ഔഷധങ്ങൾ ചേർക്കുകയും മററുമാണ് ഇതിന് പിന്നീട് ചെയ്യേണ്ടത്. മനുഷ്യരുടെ കൈകളും രോഗം പകർത്തുന്നതിന് സാർവ്വത്രികമായി സഹായിക്കുന്നു എന്നുള്ള പ്രധാന സംഗതി ഇവിടെ ഓർക്കണം. രോഗികളെ മാററിക്കിടത്തുകയും, രോഗം ബാധിച്ചിട്ടുണ്ടെന്ന സംശയമുള്ളവരെ അന്യന്മാരുമായി സമ്പർക്കമില്ലാത്ത വിധത്തിൽ പാർപ്പിക്കുകയും വേണ്ടതാണ്. വിദ്യാലയങ്ങളെ സംബന്ധിച്ചിടത്തോളം, വിദ്യാർത്ഥികളുടെ നിത്യസമ്മേളനങ്ങളിൽ പെട്ട് രോഗം ബാധിക്കുവാനുള്ള ലക്ഷണമുള്ളവരെ മാററേണ്ടതാണ്. ഇത്തരം രോഗ

ങ്ങൾ പകരാതെയിരിക്കുന്നതിനുള്ള വേലകൾ ചെയ്യുന്നതിന് പൊതുജനങ്ങളുടെ സഹായവും, ഈ രോഗങ്ങളെപ്പററി പൊതുജനങ്ങൾക്ക് അറിവും, പൊതുജനങ്ങളിൽ ഒരു ആരോഗ്യബോധം വളർത്തിയെടുക്കലും വേണ്ടതാണ്. ഈ രോഗങ്ങളെ നിയന്ത്രിക്കുവാനായി മനുഷ്യരെ അവ ബാധിക്കാതെയിരിക്കുവാനുള്ള പ്രയോഗങ്ങളുമുണ്ട്. പക്ഷെ, അവ നിവാരണചികിത്സയിൽ പെടുന്നതാകയാൽ ഇവിടെ അവയെപ്പറ്റി പര്യാലോചിക്കേണ്ടതില്ല.

യാന്ത്രിക അപകടങ്ങളും മററും.

വ്യവസായീകരണം വർദ്ധമാനമായി വരുന്ന ഇന്ന് യാന്ത്രികസംഭവങ്ങളിൽ നിന്നുള്ള ക്ഷതങ്ങളും മരണങ്ങളും വർദ്ധിച്ചുവരുന്നതിൽ അത്ഭുതപ്പെടാനൊന്നുമില്ല. ഇത്തരം അപകടങ്ങൾ ഉണ്ടാകാതെ നോക്കുന്നതും, ഉണ്ടായാൽ പ്രഥമ ശുശ്രൂഷ ചെയ്യേണ്ടതും, പൊതുജനാരോഗ്യപ്രവർത്തകരുടെ കർത്തവ്യമാണ്. ഇവയിൽനിന്നുള്ള രക്ഷാമാർഗ്ഗങ്ങളും, ഇവയുണ്ടായാൽ പ്രഥമശുശ്രൂഷ ചെയ്യേണ്ട വിധവും പൊതുജനങ്ങളെ പഠിപ്പിക്കുകയും വേണം.

ഇതുവരെ എന്തു സാധിക്കുവാൻ കഴിഞ്ഞു എന്ന് പൊതുജനങ്ങൾ മനസ്സിലാക്കുന്നിടത്തോളം, പൊതുജനാരോഗ്യപ്രവർത്തനപ്രസ്ഥാനത്തിന് അവരുടെ സഹായം ലഭിക്കുന്നതാണ്. ഇതു മനസ്സിലാക്കുവാൻ പാശ്ചാത്യരാജ്യങ്ങളിലെ പൊതുജനാരോഗ്യപ്രവർത്തനങ്ങളിൽ കണ്ണോടിച്ചു മതിയാവൂ. നമ്മുടെ നാട്ടിൽ പൊതുജനാരോഗ്യപ്രവർത്തനത്തിൽ പലതും മേലാൽ ചെയ്യേണ്ടതായിട്ടാണിരിക്കുന്നത്.



I

പാർത്ഥസാരഥിയായ ശ്രീകൃഷ്ണൻ

[illegible]

കവി, അഥവാ മതകവി കൂടിയാണ്. അവന്റെ ചിന്താഗതി സമ്പ്ര-
ദായപരമായിരുന്നാൽ മാത്രമോ—ഉടനീളം മതകവിതകൾ രചിച്ചാൽ
പോരാ—ഒരു കവിക്ക് മതകവിയെന്ന നാമത്തിന് അർഹതയുണ്ടാക
ണമെങ്കിൽ. ഒരു മതകവി താൻ അനുസരിക്കുന്ന മതത്തിന്റെ സിദ്ധാ-
ന്തങ്ങളെയല്ല, പ്രത്യുത, ആ സിദ്ധാന്തങ്ങൾ മാനുഷികഹൃദയങ്ങ-
ളിൽ ജനിപ്പിക്കുന്ന ഫലങ്ങളെയാണ് വർണ്ണിക്കേണ്ടത്. ഈ രണ്ട്
ഉപാധികളും എഴുത്തച്ഛൻ അനുസരിക്കുന്നതുകൊണ്ട് അദ്ദേഹം ഒരു
മതകവിയായി ഭവിച്ചു. ഭാരതയുദ്ധാരംഭത്തിൽ സ്വജനങ്ങളോട് യുദ്ധം
ചെയ്യുവാൻ പുറപ്പെട്ട അർജ്ജുനന്റെ സാരഥിയായി പരിലസിച്ച
ശ്രീകൃഷ്ണനെ അർജ്ജുനന്റെ സാരഥിയായ കവി അർജ്ജുനനെ വർണ്ണിച്ചു
കൽപ്പിക്കുന്ന ഭാഗമാണ് ചുവടെ ചേർത്തിരിക്കുന്നത്. ഇതു വർണ്ണന
(Descriptive poetry) എന്ന പദ്യവിഭാഗത്തിന്റെ, അഥവാ പദ്യ
പ്രസ്ഥാനത്തിന്റെ ഉദാഹരണം എന്ന നിലയിൽ ഉൾപ്പെടും]

(അന്നനട)

നിരന്ന പീലികൾ നിരക്കവേ കുത്തി
നെറുകയിൽ കൂട്ടി തിറമൊടു കെട്ടി
കരിമുകിലൊത്ത ചികുരഭാരവും
മണികൾ മിന്നിടും മണികിരീടവും
കുനുകുനെ ചിന്നും കുറുനിരതന്മേൽ
നനുനനെപ്പൊടിഞ്ഞൊരു പൊടിപാറി
തിലകവുമൊട്ടു വിയർപ്പിനാൽ നന-
ഞ്ഞുലക സൃഷ്ടിച്ചു രക്ഷിച്ചു സംഹരി-
ച്ചിളക്കുന്ന ചില്ലീയുഗളഭംഗിയും
അടിയാരെക്കനിഞ്ഞൊരു കരുണയും
കഠിനദുഷ്ടരോടെഴുന്ന കോപവും
മടുമൊഴിമാരിൽ വളരുന്ന രാഗവും

കളഹംസകമനീയതരസങ്ങളും
ചപലന്മാരോടു കലർന്ന ഹാസവും
എതിരിട്ടുനോക്കിൽ ഭയങ്കരതാപവും
ചലവുമിങ്ങനെ നവനവരസ-
മിടയിടക്കുളുടെകലർന്ന നേത്രവും
മകരകുണ്ഡലം പ്രതിബിംബിക്കുന്ന
കവിൾത്തടങ്ങളും മുഖസരോജവും
വിയർപ്പുതുള്ളികൾ പൊടിഞ്ഞ നാസിക
സുമന്ദഹാസവുമധരശോഭയും
തുളസിയും നല്ല സരസിജങ്ങളു-
മിളതായീടിന അളികകളുമാ-
യിടകലർന്നൊന്നിളകും മാലകൾ
തടവും മുത്തുമാലകളും കൗസ്തുഭ-
മണിയും ചേരുന്ന ഗളവും ചമ്മട്ടി
പിടിച്ചരുളും കരതലവും കങ്കണം
മുഴുക്കെപ്പൂശിന തിരുമാറും
നിറഞ്ഞ മഞ്ഞപ്പൂന്തുകിലും കാഞ്ചികൾ
പലരസഭാവഗുണവൃന്ദങ്ങളെ
ഉളവന്തനിലങ്ങിരിക്കുംപോലെയ-
മ്മണിമേനിതന്നിലകം കലർന്നോ
മണിവർണ്ണൻതന്നെത്തെളിഞ്ഞു കണ്ടു ഞാൻ.

II

കോമളമായ ഒരു പ്രണയം

[ഭാഷയിലെ നവീന ഭാവകാവ്യപ്രസ്ഥാനത്തെ, അതായത് മനോരാജ്യങ്ങളോടു കൂടിയ ഖണ്ഡകാവ്യങ്ങളും രചിക്കുന്നതിനെ, മുന്നിൽ നിന്നു നയിച്ചവരിൽ ഒരാളാണിയാൾ. ആധുനിക കവിത്രയത്തിലൊരാൾ. തിരുവിതാംകൂറിലെ പ്രസിദ്ധ മഹാകവിയായ കുമാരനാശാന്റെ ജനനസ്ഥലം തിരുവിതാംകൂറിലെ ചിറയിൻകീഴ് താലൂക്കിലുള്ള കായിക്കരയും, ജീവിതകാലം ക്രിസ്ത്വബ്ദം ൧൮൭൩–മുതൽക്ക് ൧൯൨൪–വരെയും ആണ്. പ്രധാനമായ വിഷയം, പ്രകൃതിയോടുള്ള പ്രതിപത്തി, വിഷയത്തിന്റെ സമ്പ്രദായത്തിലും ശൈലിയിലും മനുഷ്യരോടുള്ളതിനേക്കാൾ ജീവിതപ്രകൃതിയോടുള്ള അടുപ്പം, മനുഷ്യന്റെ സ്വാതന്ത്ര്യബോധത്തെ സീമയില്ലാതാക്കുന്ന നിലയും, കവിഞ്ഞൊഴുകുന്ന പ്രതിപാദനം, ഉറിയർത്ഥം വിശേഷ്യങ്ങളിലൂടെയുള്ള അസാധാരണങ്ങളായ വികാരങ്ങളുടെയോ വസ്തുനം, ആത്മനിയന്ത്രണത്തിന്റെ കുറവ്, വികാരതീക്ഷ്ണത, ശാലീനരീതിയിലാക്കുക തോന്നൽ മുതലായവയാണ് കാല്പനികപ്രസ്ഥാനത്തിന്റെ സ്വഭാവവിശേഷങ്ങൾ. മനുഷ്യരെ ചിന്തയേയും വികാരത്തെയും ഒരുപോലെ ഉദ്ദീപിപ്പിക്കുന്ന തട്ടിയുണർത്താൻ പ്രത്യേക പാടവമുള്ള ഒരു മഹാകവിയാകയാൽ കുമാരനാശാനെ ഭാഷയിലെ റിയലിസ്റ്റിക്, അഥവാ സാമൂഹ്യയഥാർത്ഥപ്രസ്ഥാനത്തിന്റെ സ്ഥാപകരിൽ ഒരാളായും പരിഗണിക്കാം. ജീവൽസാഹിത്യപ്രസ്ഥാനത്തിലെ മുൻഗാമികളുടിൽ അഗ്രഗണ്യനായും അദ്ദേഹത്തിനെ ഭാഷാസാഹിത്യലോകത്തിൽ ഒരു പ്രധാന സ്ഥാനമുണ്ട്. 'ദുരവസ്ഥ', 'ചണ്ഡാലഭിക്ഷുകി' എന്നി രണ്ടു കൃതികൾ രചിച്ചതിനാലാണ് അദ്ദേഹം ജീവൽസാഹിത്യപ്രസ്ഥാനത്തിന്റെ മുന്നണിപ്പോരാളികളിൽ മുഖ്യനായി ശോഭിച്ചത്. ജീവൽസാഹിത്യത്തിന്റെ ലക്ഷണങ്ങളെ പിന്നീട് വിവരിക്കുന്നതാണ്. പ്രണയസങ്കൽപത്തിൽ അദ്ദേഹത്തിനുള്ള വീക്ഷണം ഭാഷാകവികളിൽ വെച്ച് ഉജ്ജ്വലമാണ്. അദ്ദേഹത്തിന്റെ പ്രധാന കൃതികൾ നളിനി, ലീല, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി, ചിന്താവിഷ്ടയായ സീത, കരുണ എന്നിവയാണ്. നളിനിയിൽ നിന്നാണ് ചുവടെ ചേർത്തിരിക്കുന്ന ഭാഗം എടു

ഞെട്ടിയുണർന്നു്. തന്റെ പ്രണയം അറിയാതെ വനത്തിൽ പോയി സന്ന്യസിച്ച ദിവാകരനെ, അതിനു ശേഷം സന്ന്യസിച്ചു വനത്തിൽ സഞ്ചരിക്കവേയാണ് നളിനി കണ്ടെത്തുന്നതു്. അപ്പോഴും താൻ അവളെ ഒരു പതിവ്രതികയായി പോലും സ്വീകരിക്കുന്നതല്ലെന്നു് ദിവാകരൻ അവളെ ധരിപ്പിക്കുന്നു. ഇതു കേട്ടപ്പോൾ ഉണ്ടായ കഠിനമായ ദുഃഖത്താൽ ബോധം കെട്ടുവീണ നളിനിയെ ദിവാകരൻ എടുത്തു തന്റെ തോളിൽ കിടത്തിയതിനു ശേഷം അത്ഭുതം വിലപിക്കുന്ന ഭാഗമാണു് ഇവിടെ ഉദ്ധരിക്കുന്നതു്. ഇതു് ഭാവഗീതം (Lyric) എന്ന കാവ്യവിഭാഗത്തിന്റെ വിലാപം എന്ന ശാഖയിൽ ഉൾപ്പെടും]

കോമളാംഗമുഖമതിന്നു നിർഗ്ഗമി-
'ച്ചോ'മിതിശ്രുതി നിഗൂഢവൈഖരീ;
ധാമമൊന്നുടനുയർന്നു മിന്നൽപോൽ
വ്യോമമണ്ഡലമണഞ്ഞു മാഞ്ഞുതേ. ൧

ക്ഷീണയായ് മിഴിയടച്ചു, നിശ്ചല-
പ്രാണയായുടനവന്റെ തോളതിൽ
വീണു, വായു വിരമിച്ചു കേതുവിൽ
താണുപററിയ പതാകപോലവൾ. ൨

ഞെട്ടിയൊന്നു കുലഞ്ഞു സംയമം
വിട്ടു വീർത്തു നെടുതായ് മഹായതി
പട്ടിടഞ്ഞ തനുതന്റെ മേനി വേർ-
പെട്ടിടാഞ്ഞു ബത! ശങ്ക തേടിനാൻ. ൩

സ്വസ്ഥമായ് ഹൃദയ,മേറി ഭാരമേ-
സ്ഥൂലഹാർമ്മുടലെയ് തണുത്തുപോയ്,
സുപ്തിയല്ല, ലയമല്ല, യോഗമ-
ല്ലപ്പൊഴാർന്നതവളെന്നറിഞ്ഞവൻ. ൪

പൂവ്

എന്തു സംഭവ? മിതെന്തു ബാധ? യി-
തെന്തു ഹേതു? വിധിയെന്തൊരത്ഭുതമോ!
ഹന്ത! കർമ്മഗതി! ബാലയെൻറെ ബാ-
ഹാന്തരം ചരമശയ്യയാക്കിനാൾ! ൫

സ്നേഹഭാജനതയാർന്ന ഹൃത്തിതിൽ
ദേഹമിങ്ങിനെ വെടിഞ്ഞു പാറവേപോൽ
മോഹമാർന്ന പരമാം മഹസ്സഹോ
മോഹനാംഗി തഴുകിക്കഴിഞ്ഞിവൾ. ൬

ആരറിഞ്ഞു തവ ഭൂതകർമ്മജ നി-
സ്സാരമേവമസുബന്ധമെന്നഹോ!
നാരി! നിന്നിളവയസ്സിതെന്തു? ഏ-
ന്താണിയന്ന പരിപാകമേതയേ! ൭

ഒത്തുവന്ന ലവമാം തൃണാഭവം
വിട്ടിടുന്ന ഹിമബിന്ദുതന്നതേ
ഒട്ടു ദുഃഖമിയലാം, വപുസ്സു വേ-
റിട്ടു നിൻസുഖമഹോ കൊതിക്കിലാം. ൮

ഹന്ത! സാദ്ധ്വി, മധുരീകരിച്ചു നീ
സ്വാന്തമൃത്യു സുകുമാരമേതനെ!
എന്തു നാണമിയലാം മറഞ്ഞിതൻ
അന്തരീക്ഷകഠിനൻ ചരൻ യമൻ? ൯

ജാതമേഘപടലം കുറയ്ക്കുവാൻ സ്വയം-
ജാത തിങ്ങളുടെ മാറണഞ്ഞപോൽ
നീ ഇനിതു നിവേശിച്ചിരിക്കിൽ ഞാ-
നെന്തു സാഹസികനാമഹോ! പ്രിയേ! ൧൦

ത്യാഗമേവന്ന വന്നം സമഗ്രമീ
ഭോഗലോഭനജഗത്തിലെന്തഹോ,
വേഗമിന്നു വെടിഞ്ഞു ഹാ! മഹാ-
ഭാഗയാം നളിനി! ധന്യതന്നെ നീ! ൧൧

ഉത്തമേ! വിഗതരാഗനാകമേ-
ന്തരംതടത്തെയുമുലച്ചു ശാന്ത നീ;
ഇത്തരം ധരയിലെങ്ങു ശുദ്ധമാം
ചിത്തവും മധുരമായ രൂപവും? ൧൨

നേരു, ശൈശവസഖികളാണു, നിൻ-
ശ്രീയിയാം ഗുണമറിഞ്ഞതില്ല ഞാൻ;
കോരകത്തിൽ മധുവെന്നപോലെയുൾ-
ത്താരിൽ നീ പ്രണയമാർന്നിരുന്നതും. ൧൩

ഇന്നഹോ! ചിരസമാഗമം സ്വയം
തന്ന ദൈവഗതിയെത്തൊഴുന്നു ഞാൻ
എന്നുമല്ലനുതപിച്ചിടുന്നു, തേൻ-
വെന്ന നിന്മൊഴികൾ നിന്നുപോകയാൽ. ൧൪

ബദ്ധരാഗമിഹ നീ മൊഴിഞ്ഞൊരാ-
ശുദ്ധവാണി വനവായുലീനമായ്,
ബുദ്ധയാന്തിമനയാസചലിച്ചു ഹാ!
സിദ്ധസന്തതി സുഖിക്കമോമലേ! ൧൫

നീലവിൺനടുവുറച്ചു ഭാനു, കാ-
ണ്മീല കാട്ടിലുമനക്കമൊന്നിനും;
ബാല നീ ധൃതി പൊങ്ങുമുകളിനാൽ
കാലചക്രഗതി നിന്നുപോയിതോ? ൧൬

മാനസം പരിപവിത്രമായി നിൻ-
ധ്യാനയോഗ്യചരിതം സ്മരിച്ചുയോ!
ജ്ഞാനി നീ ഭവതി സിദ്ധിയാർന്നൊരെൻ-
മേനിയും മഹിതതീർത്ഥമിന്നഹോ. ൧൭

III

വർഷകാലം

[മലയാളഭാഷ തമിഴിനും സംസ്കൃതത്തിനും അടിമപ്പെട്ടിരി ക്കുമ്പോൾ ജനിച്ചു വളർന്നിട്ട് അതിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി ഉൽക്കണ്ഠാപൂർവ്വം പ്രയത്നിച്ച ഒരു കവിയാണ് ചെറുശ്ശേരി നമ്പൂതിരിപ്പാട്. അദ്ദേഹം ജനിച്ച കുലത്തിന്റെ പേര് ചെറുശ്ശേരിയില്ലമെന്നും, അദ്ദേഹത്തെ വളർത്തിയ കുലത്തിന്റെ നാമം സ്ഥാനത്തിലില്ലം എന്നും ആയിരുന്നു. കൃഷ്ണഗാഥ, ചെറുശ്ശേരിഭാരതം എന്നീ കൃതികളുടെ കർത്താവായ ഇദ്ദേഹത്തിന്റെ ജന്മസ്ഥലം വടക്കേമലബാറിലെ ചിറയ്ക്കൽതാലൂക്കിലുള്ള പള്ളിക്കുന്ന് അംശത്തിലെ കാനത്തൂർ ഗ്രാമമാണ്. കൊല്ലം ൬൨൦ മുതൽക്ക് ൬൮൦ വരെ (ക്രി. പി. ൧൪൪൫ മുതൽക്ക് ൧൫൦൫ വരെ) കോലത്തുനാടു ഭരിച്ചിരുന്ന ഉദയവർമ്മൻ കോലത്തിരിയുടെ സമകാലീനനായിരുന്നു ചെറുശ്ശേരിനമ്പൂതിരിപ്പാട്. ക്രിസ്ത്വബ്ദം, അഥവാ ജാലന്ധരീതിപ്രബന്ധത്തിൽ പെട്ട ഒരു കവിയത്രെ ചെറുശ്ശേരി. അദ്ദേഹത്തിന്റെ ഉത്തമകൃതിയായ കൃഷ്ണഗാഥയിലെ, അഥവാ കൃഷ്ണപ്പാട്ടിലെ മാധുരീഭരിതങ്ങളായ സരസവും ലളിതവുമായ രീതികൾ രസികന്മാരെ ആനന്ദിപ്പിക്കുന്നു. ഭാഷാസാഹിത്യത്തിൽ ശബ്ദാർത്ഥവിലാസത്തിനും, അലങ്കാരപ്രൗഢതയ്ക്കും പാരമ്യത്തിൽ ചെറുശ്ശേരിയോടു കിടനിൽക്കുന്ന മറ്റൊരു കവി

ഉണ്ടെന്നു തോന്നുന്നില്ല. പ്രധാന ഉദ്ധരിച്ചിരിക്കുന്ന [illegible] കൃഷ്ണഗാഥയിൽ നിന്ന് എടുത്തിട്ടുള്ളതാണ്. ഈ [illegible] എന്ന കാവ്യരൂപത്തിന്റെ ഇടയകാവ്യം (Pastoral) എന്ന ശാഖയിൽ ഉൾപ്പെടും.]

(മഞ്ജരി)

മേചകകാന്തി കലർന്നു തുടങ്ങീതേ
മേഘങ്ങളെല്ലാമേ മെല്ലെ മെല്ലെ,
വല്ലവീവല്ലഭൻതന്നുടെ കാന്തിയെ
വെല്ലണമെന്നവർ ചിന്തിച്ചിട്ടോ?
ഡംബരമാണ്ടു മുഴങ്ങിത്തുടങ്ങീത-
അംബരം തന്നിലേ മെല്ലെ മെല്ലെ;
അംബുജജാലങ്ങളംബുധിതന്നിലു-
മംബരം തന്നിലും മേവിനിന്നു.
ഹംസങ്ങളും മെല്ലവേ പോയ്ത്തുടങ്ങീതേ
കംസൻ തൻജീവിതമെന്നപോലെ.
പാരിച്ചുനിന്നൊരു പൊടി തൂകീട്ടു
പാരിടമെങ്ങുമേ മുങ്ങിക്കൂടി.
വർഷത്തെക്കണ്ടുള്ള കർഷകന്മാരെല്ലാം
ഹർഷത്തെപ്പൂണ്ടു തുടങ്ങീതെങ്ങും.
കപ്പുതുടങ്ങിന മുപ്പുകരോരോന്നി-
ലിപ്പു തുടങ്ങി ചലക്കമപ്പോൾ,
പത്ഥ്യമില്ലാതങ്ങിട്ടും ച്യൂട്ടുമണ്ണായി
പിച്ചയായുള്ളൊന്നിക്കാലമിപ്പ.
ചീറ്റുള്ള മേഘത്തിൻ ചാറ്റു പരന്നപ്പോൾ
മാർത്താണ്ഡബിംബം മറഞ്ഞുപോയി.
മായയിൽ മൂടിന മാനസം തന്നിലെ
ജ്ഞാനം മറഞ്ഞു പോകുംപോലെ.

നീപങ്ങൾ പൂത്തതു കണ്ടൊരു വണ്ടുകൾ
നീളവേ പാറിത്തുടങ്ങി തന്നിൽ.
നന്മ പെരുത്തൊരു മന്ദമെന്നി വേണ്ടീലാ-
യന്നമഷമാണ്ടുള്ളോക്കെന്നെയുള്ളൂ.
ബാധകനാമൊരു വാതം വരുന്നേരം
വാതിലടച്ചു തുടങ്ങീതെങ്ങും
ജാലപ്രമാണികളെന്നപോലന്നേരമെന്നുമേ
മാനുഷരായെന്നുമേ വന്നു കൂടാ.



IV

ഒരു മഴത്തുള്ളി

[ഇന്നു ജീവിച്ചിരിക്കുന്ന പ്രസിദ്ധരായ മഹാകവികളിൽ ഒരാളും, ഒരു കേമനായ കേരള സാഹിത്യഗവേഷകനുമാണ് മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യർ അവർകൾ. ഇദ്ദേഹത്തിന്റെ ചില കൃതികൾ ക്ലാസ്സിക്, അഥവാ യാഥാസ്ഥിതികപ്രസ്ഥാനത്തിലും, മറ്റു പലതും റൊമാന്റിക്, അഥവാ കാല്പനികപ്രസ്ഥാനത്തിലും ഉൾപ്പെടും. ഉമാകേരളം, പിംഗള, കർണ്ണഭൂഷണം, ഭക്തിദീപിക, കിരണാവലി, താരഹാരം, തരംഗിണി, മണിമഞ്ജൂഷ, ഹൃദയകൗമുദി മുതലായവയാണ് ഇദ്ദേഹത്തിന്റെ പ്രധാന കൃതികൾ. താരഹാരത്തിലുള്ളതും കാല്പനികപ്രസ്ഥാനത്തിൽ പെട്ടതുമായ "ഒരു മഴത്തുള്ളി" എന്ന കവിതയുടെ പ്രാരംഭത്തിൽനിന്ന് തിരഞ്ഞെടുത്ത ശ്ലോകങ്ങളാണ് ചുവടെ ചേർത്തിരിക്കുന്നത്. ഇത് അനുഗീതം എന്ന പാശ്ചാത്യഗാനത്തിന്റെ ഗീതം (Ode) എന്ന ശാഖയിൽ ഉൾപ്പെടും. ഒരു ഭാവത്തെ ആസ്പദിച്ചു രചിച്ചിട്ടുള്ള അനുഗീതമാണ് ഗീതം.]

ആഹാ! പതിക്കുന്നു വിയത്തിൽനിന്നും—
അന്യായം—ആലംബനമാതുമെന്യേ,
കാലപ്പകർച്ചയ്ക്കിടപെട്ടു, ഹാഹാ!
കല്യാണമെയ്യാളുമൊരംബുബിന്ദു. ൧

വാനത്തു തൂവെൺമഴമുത്തുപോലെ
സ്വച്ഛോതനാസേചനകത്വമേന്തി,
ലസിച്ചൊരീയോമനയെച്ചുവിട്ടി-
ത്താഴത്തു വീഴ്ത്താൻ കഴലാക്കയെന്തോ? ൨

നീയാര്? സന്താനമരത്തിൽനിന്നു
ഞെട്ടററു വീഴും മലർമൊട്ടുപോലെ;
മന്ദാകിനീസൈകതഭൂവിൽനിന്നു
പതിക്കുമന്നച്ചെറുമുട്ടപോലെ; ൩

വിധാതൃയാനദ്വിജചഞ്ചു വിട്ട
സിതാംബുജസ്വാദുമൃണാളിപോലെ;
ശക്രന്റെ കൊററക്കുടയിങ്കൽനിന്നു
തെറിച്ച വൈരക്കുളിർചില്ലുപോലെ; ൪

സ്ഥാനംപിഴച്ചംബരവീഥി വിട്ടു
താഴത്തിറങ്ങും പുതുതാരപോലെ;
പുണ്യക്ഷയത്തിൽ ത്രിദിവം ത്യജിച്ചു
ഭൂലോകമെത്തും സുമനസ്സുപോലെ; ൫

വരുന്നു? പാടക്കുളിർതെന്നലേററും
വാനാററുനീററിൻകണതുല്യജം നീ;
അതല്ലയെന്നാൽ മദമാർന്ന ദിക്കു-
മൈരാവതത്തിൻകരശീകരം നീ; ൬

മധുസ്രുതാസ്വാദിതശിഷ്ടമാകും
മന്ദാരമാധ്വീകണികാവതംസം;
പൌലോമിതന്നെതൽ സഖിമാർ തളിക്കും
ഗന്ധദ്രവാംഭഃപൃഷതപ്രകാണ്ഡം; ൧

വാചസ്പതിക്കായ് ശതമന്യു നൽകും
പാദ്യാംബുവിൻ പാവനമായ ബിന്ദു;
സ്വർഗ്ഗസ്ഥപീയൂഷതലത്തിൽനിന്നു
ഉൾക്കിളുർപ്പാൻ ഉന്നിവന്ന തുള്ളി. ൨

[കുളകം]

അല്ലല്ല! നീരാട്ടുകഴിഞ്ഞു മന്ദാത്തി-
നാശാംഗനത്തുമ്പുഴിഞ്ഞുലയ്ക്കും
കൊടക്കരിങ്കാർകുഴലിങ്കൽനിന്നു
ചെററിററു വീഴും ചെറുനീർക്കണം നീ. ൩

ദേവാനനയും ഭേസാമനൊന്നുമൊരാൾ-
കാദംബിനീകാമിനി, തൻവയററിൽ
ചുമന്നുകൊണ്ടെത്ര ദിനങ്ങൾ വാണു
സ്വപർവപാദാങ്കിതമാം നഭസ്സിൽ! ൧൦

....

തായയ്ക്കു ഗർഭം പരിപൂർണ്ണമായി;
കട്ടക്കിടാവിൻജനനം കഴിഞ്ഞു;
അന്തപ്പിൽ നാം കാണുമാറു കാഴ്ചയെന്തോ
സന്താനഗോപാലകഥാപ്രമേയം! ൧൧

സഞ്ജാതമാത്രങ്ങൾ കിടാങ്ങളെല്ലാം
താഴോട്ടു താഴോട്ടു പതിച്ചിടുന്നു;
ഇല്ലൊററയുണ്ണിക്കുമിരിപ്പു വാനിൽ:—
ഊററില്ലമേ! നിൻനില ശൂന്യശൂന്യം!! ൧൨

മിന്നൽപ്പിണർക്കാപ്പണിയും കരങ്ങ-
ളെങ്ങോട്ടു നീട്ടുന്ന പയോദമാലേ!
നിന്മക്കൾ പൊയ്പ്പോയി; നിനക്കു കാലം
സർവ്വസ്വാപഹക്രൂരമായ്ച്ചമഞ്ഞു!! ൧൩

. . . .

ജന്മക്ഷണത്തിൽ ജനയിത്രിയാളെ-
പ്പിരിഞ്ഞു നക്ഷത്രപഥത്തിൽനിന്നും
അധഃപതിക്കുന്ന കിടാങ്ങൾ നിങ്ങൾ,
ഹേ വത്സരേ! മർത്ത്യലോകപാന്ഥർ. ൧൪

തലോടുവാ,നു,മ്മവെയ്ക്കാനും,
താരാട്ടു പാടാൻ സുരനാരിമാർക്കും,
അമ്മിഞ്ഞ നൽകാൻ സുരഭീകുമാരേ;
ഹാ! നിങ്ങളത്യുദ്ഭിജാതരൂപർ! ൧൫

ആരെന്തിനോർക്കുന്നു? കുഴങ്ങിടട്ടെ-
യാക്രന്ദനം നിസ്തുലമംബരത്തിൽ;
ഇല്ലില്ല നിങ്ങൾക്കുമിവർക്കുമൊട്ടി-
ലിതഃപരം ലേശമൃണാനുബന്ധം. ൧൬

സഹിക്കയില്ലിഗ്ഘനപുത്രശോകം
കാദംബിനിത്തയ്യൽ; കുറെക്കഴിഞ്ഞാൽ
ദിങ്നാരിമാർതൻനിടിലത്തിൽനിന്നാ-
ക്കസ്തൂരികപ്പൊട്ടു മറഞ്ഞുപോകും. ൧൭

V

ശ്രീകൃഷ്ണനും യശോദാനന്ദന്മാരും

[ചെറുശ്ശേരിയുടെ വർണ്ണനങ്ങളിലുള്ള തന്മയത്വവും ഹൃദയംഗമത്വവും നല്ലപോലെ പ്രകാശിക്കുന്ന ഒരു ഭാഗമാണ് ഇവിടെ ഉദ്ധരിച്ചിട്ടുള്ളത്. ഗോകുലത്തിൽനിന്നുള്ള പ്രയാണവും മധുരയിലുള്ള നിവാസവും കൊണ്ടു തനിക്കുണ്ടായ വിയോഗവേദനയെ കുമാരനായ കൃഷ്ണൻ ഈ ഭാഗത്തിൽ നന്ദഗോപരെ ധരിപ്പിക്കുന്നു. ഇത് ആഖ്യാനം (Narrative poetry) എന്ന കാവ്യവിഭാഗത്തിൽ ഉൾപ്പെടും]

(ഗാഥ)

അമ്മയ്ക്കു നൽകുവാൻ പൊന്നുള്ള ചേലകം
നന്ദൻതൻ കൈയ്യിലേ നൽകിച്ചൊന്നാൻ:
"നൽച്ചേല നാലുമെന്നമ്മ തൻ കൈയ്യിലേ
ഇപ്പൂയിൽ നൽകേണമിന്നുതന്നെ.
എന്നമ്മ തന്നോടു ചൊല്ലേണം പിന്നെ നീ
എന്നെ മറക്കൊല്ലായെന്നിങ്ങനെ.
പാൽവെണ്ണയുണ്ണാഞ്ഞു വേദനയുണ്ടുള്ളിൽ
പാരമെനിക്കെന്നു ചൊൽക പിന്നെ.
വെണ്ണയും പാലുമിങ്ങാരാനും പോരുന്നോ-
രുണ്ടെങ്കിൽ മെല്ലെ വരുത്തവേണം
വാഴപ്പഴങ്ങളും വണ്ണം തിരണ്ടവ
കേഴുവനല്ലായ്കിലെന്നു ചൊൽവൂ;
ചിററാടയുണ്ടു ഞാൻ പെട്ടകം തന്നുള്ളിൽ
മററാരും കാണാതെ വച്ചുപോന്നു,

ഉത്തനപ്പെട്ടില്ലല്ലീയെന്നോതേ ചിന്തിച്ചു
ദീനമാകുന്നതെന്മാനസത്തിൽ.
ഞങ്ങടം പിഴിഞ്ഞുള്ള മുറകളൊന്നുമേ
ഞങ്ങാതെ മാനിച്ചുകൊള്ളണം നീ.
വെററില തിന്നു ചൊരുകിന നേരത്തു
തെററെന്നു പൂട്ടുവാൻ ചെന്നോനല്ലോ
കൂലിയായന്നതിനമ്മ താൻ നൽകിന
ചേലയും മാലുററുപോകല്ലാതെ
പിള്ളരെ നുള്ളിനാരെന്നങ്ങു ചൊല്ലീട്ടു
പീലികൊണ്ടെന്നെയടിച്ചാളമ്മ
കേണുകൊണ്ടന്നു വഴിക്കായിപ്പോയി ഞാൻ
ഉണ്ണിന്നു വാരാതെ നിന്നനേരം
തെണ്ടമായെന്നതിന്നന്നു നീ നൽകിന
കണ്ടിക്കയല മറക്കൊല്ലാതെ
കൊഞ്ചിനോരാരംഭം പുലമ്പി നിന്നീടുന്ന
കിങ്ങിണിയെങ്ങാനം വീഴൊല്ലാതെ
പാവകളൊന്നുമേ പാഴായിപ്പോകാതെ
പാലിച്ചുകൊള്ളണം പാരാതെ നീ,
ചെണ്ടറവുന്നിന്നുള്ളോരോണവില്ലൊന്നുമേ
തൊണ്ടറവു പോകല്ലാ ഞാൻ വരുമ്പോഴം."

VI

ബാലിയും രാവണനും

[തിരുവിതാംകൂറ് ഭാഷയിലെ ആട്ടക്കഥകളുടെ മുന്നണിയിൽ ഒരു സ്ഥാനമുള്ള ബാലിവിജയം ആട്ടക്കഥയുടെ കർത്താവായ കല്ലൂർ നമ്പൂതിരിപ്പാട്ടിലെ ജന്മസ്ഥലം തൃശ്ശിവപേരൂരിനു സമീപമുള്ള കല്ലൂർ ഇല്ലവും, ജീവിതകാലം കൊല്ലം ൯൫൦–മുതൽക്ക് ൧൦൨൦–വരെയും (എ. ഡി. ൧൭൭൫–മുതൽക്കു ൧൮൪൫–വരെ) ആകുന്നു. ബാലിവിജയത്തിനു പുറമേ ഘടോൽക്കചവധം, സുഗ്രീവസ്വയംവരം, സുഭദ്രാഹരണം എന്നീ മൂന്നു ആട്ടക്കഥകളും കൂടി അദ്ദേഹം രചിച്ചിട്ടുണ്ട്. ആട്ടക്കഥ നടനം എന്ന സുന്ദരകലാവിലാസത്തിന്റെ നൃത്യം എന്ന ശാഖയിൽ ഉൾപ്പെടും. നടനം, അഥവാ നാട്യം രസപ്രാധാന്യമുള്ളതും താളാശ്രയവും, നൃത്യം പദാർത്ഥാഭിനയവും താളാശ്രയവുമാകുന്നു. ആട്ടക്കഥയിൽ, അഥവാ കഥകളിയിൽ രസാഭിനയം ഇല്ലാതിരിക്കുകയില്ല. ആട്ടക്കഥകളിലെ കഥാപാത്രങ്ങൾ പുരാണപ്രസിദ്ധന്മാരായിരിക്കുന്നതാണ്. ആട്ടക്കഥയിലെ കഥയിലെ കവിവാക്യം ശ്ലോകത്തിലും, പാത്രങ്ങളുടെ സംഭാഷണം പദത്തിലും, അതായതു് പാട്ടിലും ആയിരിക്കും. കവിവാക്യത്തിനു ചിലപ്പോൾ ദണ്ഡകവും ഉപയോഗിക്കും. പദത്തിൽ പല്ലവി, അനുപല്ലവി, ചരണം എന്നീ വിഭാഗങ്ങൾ സാധാരണയായി ഉണ്ടായിരിക്കുകയും ചെയ്യും. പുറകെ ഉദ്ധരിച്ചിട്ടുള്ള ഭാഗം ആഖ്യാനം എന്ന പദ്യഭാഗത്തിൽ ഉൾപ്പെടും. ബാലി രാവണനെ വാലാൽ വരിഞ്ഞുകെട്ടി അദ്ദേഹത്തെ സങ്കടപ്പെടുത്തിയതിനു ശേഷം, ഒന്നും അറിയാത്ത ഭാവത്തിൽ രാവണനെ അഴിച്ചുവിടുന്നതാണ് ഇവിടെ വിവരിച്ചിരിക്കുന്നതു്]

(ദണ്ഡകം)

അന്നേരമങ്ങു ദിക്പാലന്മാരെ ഭീതികര-
നിന്ദ്രാത്മജൻ സ ബല ബാലി
കപിതിലകനെഴലി കനകമണിമാലി

സമരമതിലെപ്പുരമൊരു വിമതബലവും പാതി-
വരികഴിവനെന്നു വരശാലി. ൧

എന്നും മനസ്സിലറിയാതെന്നാ ഭാവേന
കൌതുഹലത്തോടുമുദാരൻ
അധികതരധീരൻ അവനതിഗഭീരൻ
നിജ വപുഷി മേവുമൊരു നിശിചരനെയുംകൊണ്ടു
നിരവധികബാഹുബലസാരൻ. ൨

അൻപോടു ചാടി പുനരംഭോധി തന്നിലതി-
കമ്പംവിനാ വിരവിൽ മുങ്ങി
ജപമഥ തുടങ്ങി സ്വചിരമഥ പൊങ്ങി
പരിചിനൊടു തർപ്പണവുമഖിലമപി ചെയ്തു പുന-
രർക്കപതി വരുണനെ വണങ്ങി. ൩

ബാലാഗ്രവാസിയൊരു നീലാദ്രിശൃംഗമിവ
പൌലസ്ത്യനങ്ങനൊരമിച്ചു
കിമപി വിഷമിച്ചു കിമപി സഹിച്ചു
സ്നാനമപി ലവണജലപാനമതു ചെയ്തളവിൽ
മാനസവിശുദ്ധിയുമുദിച്ചു. ൪

ഏവം കഴിച്ചു നിജ ദേവാർച്ചനം പുരിയി-
ലാരവാളവും ഝടിതി പോന്നു
സഭയതിലിരുന്നു സചിവരുമഥ വന്നു
അപ്പൊഴുതു വീരമതിലാശയൊരു ശേമുഷെന-
മായന്ത വേദന വളർന്നു. ൫

ഖേദം വളർന്ന ബഹുരോഷങ്ങളും ചെയ്യുമൊരു
നാദങ്ങളും കേട്ടഥ തെളിവൊടു
കിമപി ച തിരിഞ്ഞു കാരണമറിഞ്ഞു
സ്വാന്തത്തിലേറിയൊരു സന്തോഷഭാവേന
ബന്ധനമഴിച്ചുടൻ പറഞ്ഞു. ൬

[illegible]

ചരണം.

പങ്ക്തികണ്ഠാ! രാക്ഷസേന്ദ്ര പാകവൈരി തന്നെ
ബന്ധിച്ച സമർത്ഥൻ തന്റെ താതനോ നീ?
കൈലാസമെടുത്തു നിജ പാണികളിൽ പല
ലീലാവിനോദങ്ങളും ചെയ്ത വീരനോ നീ?
എന്തിനിഹ നമ്മുടെ ലാംഗൂലത്തിൽ വന്നു?
ഹന്ത! പറഞ്ഞീടുക നീ കാര്യമെല്ലാം.



VII

ലങ്കാദഹനം

[[illegible] അദ്ധ്യാത്മരാമായണ[illegible]ത്തിലെ സുന്ദരകാണ്ഡത്തിൽ നിന്നാണ് [illegible] എടുത്തിട്ടുള്ളത്. ഹനുമാൻ സീതാദേവിയുടെ [illegible] ലങ്കയെ ദഹിപ്പിക്കുന്നതി[illegible] ഇവിടെ വർണ്ണിച്ചിരിക്കുന്നു. ഇത് [illegible] ത്തിൽ ഉൾപ്പെടും]

(കളകാഞ്ചി)

ചരമഗിരിഗോപുരാഗ്രേ വായുവേഗേന
ചാടിനാൻ വാഹകന്മാരെയും കൊന്നവൻ,
ഉദധിപതിയൊടുരസ്സുഗമവ്യയമിയലുന്ന ര-
ത്നോത്തുംഗസൗധാഗ്രമേറി മേവീടിനാൻ.
ഉപവസിതനികരമുടനടനുപരി വേഗമോ-
ടുൽപ്ലുത്യ പിന്നെയുമുൽപ്ലുത്യ സത്വരം,

കനകമണിമയനിലയമഖിലമതിലാത്മജൻ
കത്തിച്ചു കത്തിച്ചു വർദ്ധിച്ചിതഗ്നിയും.
പ്രകൃതിചപലതയൊടവനചലമാരോ മണി-
പ്രാസാദജാലങ്ങൾ ചുട്ടുതുടങ്ങിനാൻ,
ഗജതുരഗഖരമഹിഷാദികൾ ചാകതിയും
ഗൃഹങ്ങളുമുള്ള ദ്രവ്യരാശ്യങ്ങളും
അനലശിഖകളതിലസുരവൃന്ദത്തെയും തെളി-
ഞ്ഞാഹൂത വിണ്ണുപദം ഗമിച്ചു തദാ.
വിബുധപതിയോടു നിശിചരേശ്വരൻ വെന്തൊരു
വൃത്താന്തമെല്ലാമറിയിച്ചുകൊള്ളുവാൻ
അമരമരുദികയിതാ പാവകജ്വാലക-
ളംബരത്തോളമുയർന്നുചെന്നു മുദാ.
ഉപവനതലഗതവിമലദിവ്യരത്നങ്ങളാൽ
ശ്രുതിപരിപൂർണ്ണമായുള്ള ലങ്കയും
പുനരതിലസുതനിള മറിച്ചിട്ടിതങ്ങിലും
ശ്രുതി പരിപൂർണ്ണമായ് വന്നിതന്നുടനേ!
ദശവദനസഹജഗൃഹമൊന്നൊഴികെ മറ്റുള്ള
ദേവാരിഗേഹങ്ങൾ വെന്തുകൂടീ ജവാൽ.
കപികുലപതിപ്രിയഭൃത്യനാം മാരുതി
രക്ഷിച്ചുകൊണ്ടാൻ വിഭീഷണമന്ദിരം.
കനകമണിമയനിലയനികരമതു വെന്തൊരോ
കാമിനിവർഗ്ഗം വിലാപം തുടങ്ങിനാർ.
വികടതരവദനചരണാദികൾ വെന്തുരു
ജീവനാം വേർപെട്ടു ഭ്രമിച്ചു പതിക്കയും
ഉടലുരുകിയുരുകിയുമൊഴറിയലറിപ്പാഞ്ഞു-
മുന്നതമായ സൌധങ്ങളിലേറിയും
ദഹനതനവിടെയുമതു മറിപ്പിച്ചു
താഴത്തുവീണു പിടച്ചു മരിക്കയും;

മമ തനയ! ജനക! രമണ! പ്രാണനാഥ! ഹാ!
മാമകം കർമ്മമയ്യോ! വിധി! ദൈവമേ!
മരണമുടനടലുതകിമുറുകിവരികെന്നതു
മാറ്റുവാനാരുമില്ലയ്യോ ശിവശിവ!
നിശിചരികൾ ചുറ്റുവിയലൊരോരോന്നു പറകയും
നിൽക്കുംനിലയിലേ വെറുമരിക്കയും,
ശരണമിഹ കിമിതി പലവഴിയുമുടനോടിയും
ശാഖികൾ വെന്തു മുറിഞ്ഞുടൻ വീഴ്കയും
ബാല്യകലവറതെല്ലാത്തതൻ ത്രിയാമാചര-
രാജ്യമെഴുന്നൂറു യോജനയും ക്ഷണാൽ
സരസബഹുവിധരസയുതഭോജനം നൽകിനാൻ
സന്തുഷ്ടനായിതു പാവകദേവനും.

VIII

ഭേകോപാലംഭം

[പല ഉൽകൃഷ്ടകാവ്യങ്ങളും രചിച്ച് ഭാഷാസാഹിത്യത്തിൽ ഒരു ഉന്നതസ്ഥാനം പിടിപെടുത്തി ജീവിച്ചുവരുന്ന വാസനാസമ്പന്നനായ ഒരു കവിയാണ് കുറ്റിപ്പുറത്തു കേശവൻനായർ അവർകൾ. കാവ്യോപഹാരം, നവ്യോപഹാരം മുതലായവയാണ് ഇദ്ദേഹത്തിന്റെ പ്രധാന കൃതികൾ. ഇദ്ദേഹത്തെ റൊമാന്റിക്, അഥവാ കാല്പനിക പ്രസ്ഥാനത്തിൽ പെട്ടുന്ന ഒരു കവിയായി പരിഗണിക്കാം. ഇദ്ദേഹത്തിന്റെ ഒരു ലഘുകവിതയാണ് കാവ്യോപഹാരത്തിൽനിന്നെടുത്ത് ഇവിടെ ചേർത്തിരിക്കുന്നത്. ഇത് ആത്മഗീതം എന്ന പദ്യരൂപത്തിന്റെ ഗീതം എന്ന ശാഖയിൽ ഉൾപ്പെടും]

'ഒരു വയസ്സു കഴിഞ്ഞു, കവിഞ്ഞുപോ-
കരളു ജീവിതകാലമൊരാൾക്കുമേ
കരളുകെ'ന്നലവന്നിതു കൊണ്ടലാ-
ണറുതി കണ്ടിറ കാലഭയങ്കരം. ൧

ദിനകരന്റെ കരം വഴി ജീവനം
വിനയമാഴിഞ്ഞതിയലും ഘനമേ, ഭവാൻ
അനവലമിത്ര മഹസ്സു മറച്ചു ദുർ-
ദ്ദിനത ചേർപ്പു ദുസ്സഹമെത്രയും. ൨

വിഷമമന്നപ്പുഴിൽ പോക്കമകറ്റിക്കുമേ
വിഷമബാധ വിധിപ്പവനാകയാൽ
വിഷദ, നിന്നുടെ ജീവനമാത്തുതാ-
വിഷയമൊരാദ്ഭുതമദ്ഭുതം! ൩

അചലമാരുതവേഗമിതേറ്റുടൻ
ഇളയുമേ തവ ജീവനമെങ്കിലും
ജലദ, ഹേ, ജഡ, നിന്നിടിവാൾപ്പുയ-
റവലകിന്നിപ്പൊഴുമല്ലതിന്നല്ലയോ? ൪

IX

കൃഷിക്കാരുടെ പാട്ട്

[illegible]

മനസ്സോടു് ഒരു പ്രത്യേക അനുഭാവം കാണിക്കുന്നതുമാണ്. ജീവൽസാഹിത്യത്തിന്റെ ഈ പ്രവണതകൾക്കു് ഇവിടെ ഉദാഹരിച്ചിട്ടുള്ള "കൃഷിക്കാരുടെ പാട്ടി"ൽ കാണാവുന്നതാണ്. ഇതു് ... ഗീതം എന്ന സമാഹാരത്തിന്റെ ഗീതം എന്ന ഭാഗത്തിൽ ചേർക്കപ്പെട്ടു]

(ഗാനം)

പോരുന്നോമിതിൽ വിനാം കണ്ണീരെങ്കിലും, തി-
ങ്ങിറ്റുവീണീടും ഞങ്ങളുടെ പ്രാണാവലയനേ:—
"ജീവരക്തത്തെപ്പോററിപ്പലൎത്തും കൃഷിയ്ക്കുള്ള
കേവലായുധങ്ങളാം" ഞേവേണ്ടമെൻ കൂട്ടുകാർ
ജീവരക്തത്തെപ്പോർക്കൊളളച്ചൊഴിക്കിക്കളയുന്നോ
കൈകൾവല്ലപ്പൊഴുതൊവുകയല്ലോ ഭയപ്പു:
വ്യഞ്ജനാമെന്താ ശിരസ്സാണയന്നതായ് ക്കണ്ടോ-
ല, ഞങ്ങൾനേരെ ചലിപ്പിച്ചിപ്പുകാട്ടും ബന്ധം,
കത്തിപ്പൂപ്പാറം ഗന്ധം, കരുപ്പൂപ്പും ഒന്നാകെ-
ന്നിതുകളുകണ്ടിക്കപ്പെട്ടവൻ നാം
ദൃഷ്ടിപ്പെട്ടവർക്കാരെയും പോൾക്കാല നമ്മുന്നി-
ലി?—പ്പാവകരുപ്പെട്ട നീങ്ങുന്ന നമുക്കെല്ലാം!"

ആർപ്പ് ചായിപ്പാനെങ്കിൽ, നങ്ങൾ കൃഷി-
ക്കാരധിവസിയ്ക്കുകീക്കരുതു നാമല്ലാതെ?
പീരങ്കിപ്പുകകളാൽത്തിരിക്കട്ടെ കരപ്പിച്ചു
പോരിനെ വെളുപ്പിച്ചും വീരപ്പി രാജ്യക്കാർ.
അന്യരെയടിച്ചമർത്താൻ ഞങ്ങളൊരോന്നാത്യ-
മന്യായവിഷബോധങ്ങൾക്ക് മിത്ഥ്യാനാത്യം:
മററു പാർത്തങ്ങളെത്താൻ ഗ്ഗിനിർത്തിയിട്ടേണോ
മുറവുന്നതി പൊവതിന്ത്യൻകൊണ്ടീടുൻ?

ആ മഹാത്മാവെന്നെന്നുമവതൻ ശോകം കണ്ടു
സാമോദം ചിരിച്ചുകൊണ്ടരുളുന്നു തെളിമയോടാൽ!

ഒന്നിദം കാലക്കേടു നേരിടാതിരുന്നില്ലി
നിന്നുകൊള്ളട്ടേ നാനാസസ്യങ്ങൾ വയൽകളിൽ;
എന്നോളം മുളയ്ക്കുകില്ലസ്സമസ്തസ്വാതന്ത്ര്യസ്നേഹ-
മന്നോളം നമ്മളവ തരിശുനിലങ്ങൾതാൻ!
ചാണകം വാരാൻ വെള്ളിക്കമ്പിട്ടുകൊൾകെന്നെല്ലൊ,
താണുനില്ക്കേണ്ടല്ലൊ കെട്ടനീതിതൻതിരുമുമ്പിൽ;
പൂമാല, വഹിച്ചുകൊൾകാന്ധയാം കലപ്പയെ,-
ച്ചുമന്നുപോകായ്ക നീ സ്വാതന്ത്ര്യത്തിൻനിയോഗത്തെ.
പോരിനെ വിളിയ്ക്കുന്നില്ലാരെയും, കതിർകളിൽ-
ച്ചൂതുവായ്ത്തിരിയുമിച്ചുണ്ടികളുടെ ശബ്ദം;
പാരതന്ത്ര്യത്താൽ നഗ്നപ്രായരായോരെ പ്രിയ-
ശീതിനാൽസ്സമാശ്വസിപ്പിയ്ക്കുകയേ ചെയ്യുന്നുള്ളു.
പരർതൻ കണ്ഠപൂജയ്ക്കപ്പാവതി നെയ്യുണ്ടാകാൻ—
പരർതൻ മുഷ്ടികല്ലാൽസ്സൗധതോരണം കെട്ടാൻ—
പരർതൻ ശവങ്ങളാൽ സംഗ്രാമസോപാനം തീർപ്പാ-
നൊരുങ്ങില്ലൊരുനാളുമഹിംസയുടെ രാജ്യം.

കാമമെപ്പോലുലകിനെക്കശക്കിപ്പിഴിയാന-
ല്ലീ, മഹാകർമ്മക്ഷേത്രമാമീയകരങ്ങളെ
ആമത്തിൻകട്ടക്കിളക്കിനിന്നൂരിയെടുപ്പതി,-
ങ്ങാശയവ്യാപ്തിതരെത്തലോടുന്നതിന്നത്രേ—
ഭാരതമാതംഗജം ചങ്ങല പൊട്ടിച്ചതു
പാരിനെ ഞെരിച്ചുകൊണ്ടങ്ങിങ്ങു പായാനല്ല;
വാരിയിൽ വീഴിയ്ക്കപ്പെട്ടിട്ടിലും തൻകൂട്ടരെ-
യുദ്ധാരബുദ്ധിയെക്കയ്യാൽപ്പിടിച്ചു കേറാനത്രേ—

ഒട്ടേറെനാളുംകൊണ്ടാക്രമിയ്ക്കു ചിര-
ക്കെട്ടുകൾ പൂട്ടിക്കന്നതുഴിയേ കുടാനല്ല;
വൃക്ഷത്തിൽ പൊരിക്കൊള്ളും വിവിധദേശങ്ങളു-
ക്കൊത്തമാം ദേഹം പോക്കിജ്ജീവിപ്പിപ്പതിനത്രെ.
മംഗളാത്മകമാവാം ജഗൽക്കർത്താവിൻ സൃഷ്ടിയില-
ന്തങ്ങളെ മനുഷ്യരാം പാപികൾ തിരയാക്കുമ്പോൾ,
അങ്ങനാം വിനകളെപ്പുറത്താട്ടിക്കളയുവാ-
നെങ്ങിനെ വീശിയ്ക്കാ നാം പ്രാണവായുവെപ്പോലും?
നന്നായിസ്സുഖിയ്ക്കുമാറാകട്ടെ ലോകം സർവ്വ-
മെന്നല്ലോ ഭരതാവി പണ്ടു പാടിയ ഗാനം!



X

മയൂരസമാഗമം

[ആധുനിക മലയാളസാഹിത്യത്തിന് അതിന്റെ ആധുനികരൂപം നൽകുവാൻ ആദ്യമായി പ്രയത്നിച്ചവരിൽ അഗ്രഗണ്യനാണ് കേരളവർമ്മ വലിയകോയിത്തമ്പുരാൻ. അദ്ദേഹത്തിന്റെ ജനനസമയം ചങ്ങനാശ്ശേരിയും, ജീവിതകാലം ക്രിസ്ത്വബ്ദം ൧൮൪൫-മുതൽക്ക് ൧൯൧൪-വരെയുമാകുന്നു. ശാകുന്തളം, മയൂരസന്ദേശം എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാന ഭാഷാകൃതികൾ. അദ്ദേഹം ക്ലാസ്സിക്, അറബി മലയാളപാഠപുസ്തകങ്ങളിൽക്കൂടെ ഒരു രീതിയും, ഭാഷയിലെ ആധുനിക ഗദ്യസാഹിത്യപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവും. പദ്യത്തിലും "കേരളവർമ്മപ്രസ്ഥാനം" എന്ന പേരിൽ പ്രസിദ്ധമായ ആധുനിക ഭാഷാസാഹിത്യത്തിലെ പദ്യപ്രസ്ഥാനത്തിന്റെ നായകനാകുന്നു. ശ്ലോകങ്ങളിൽ, പ്രാസ്യം ഉപേക്ഷിച്ചതിനും, ഭാഷാപ്രയോഗത്തിൽ, തനി

[illegible]

ഇഷ്ടപ്രാണേശ്വരിയുടെ വിയോഗത്തിനാലും നരേന്ദ്ര-
ദ്വിഷ്ടത്വത്താലൊരുവനുളവാം മാനനഷ്ടത്തിനാലും
കഷ്ടപ്പെട്ടുൾപ്പൂതക്ഷമമായ നാലഞ്ചു കൊല്ലം കഴിപ്പാൻ
ദിഷ്ടക്കാരൻ വരുവതു പരിഹാരമില്ലാത്തതല്ലോ. ൧

ആവിഷ്ടീതാഭരണവനതിപ്പൂട്ട വാണനോതു കാമദാ [നം
നേസവിദാനായ് ഗ്രഥമനവന്ന നാട്ടാന്ധയായപായന-
മാവിന്റെയുച്ചിസ്ഥാനകനാം കണ്ടപോൽ നീലകണ്ഠം
കോവിൽക്കെട്ടിൽക്കുപന ഭഗവദ്ധാമനാമോമനാള്ളം.
൬

കൊണ്ടൽച്ചാർത്തുകലിതകളുകംപീലിയെല്ലാംപരത്തി-
ക്കൊണ്ടെൻകേകിപ്രവരനഴകോടാട്ടമാടുന്ന ഭംഗീം
കണ്ടാരമി നിജകമനീയാം നീലവേണീം നിനച്ചി-
ട്ടിണ്ടൽക്കൊറ്റം വശഗനായിട്ടെത്തന്നെമിണ്ടാതെനിന്നാൻ.
൭

സന്താപപ്പേട്ടം സകലജഗതാം സ്വന്തമോ വന്ദനംചെ-
യ്യെണ്ടതാവാം വിഷമശിഖിനോരെന്നമില്ലെന്നറച്ചു
ചിന്താമഗ്നൻ ചിരമവിടെനിന്നെഴുന്നേറ്റദേവം
ഹന്താരണ്യം പരവശതയാലന്തരെത്തെന്നെ ചൊന്നാൻ. ൮

“ധന്യാമാകേ! ഖഗവര! മല്ലപുഷ്പമുള്ളം കനിഞ്ഞേ-
ട്ടന്യാംഗത്താലഴകിലുഴലുന്നെന്നെ നീ താൻ തുണയ്ക്കൂ
വന്യാവാസേ വിഹഗനിവഹേ ബാഹുലേയൻഗ്രഹിച്ചാ-
നന്യാസ്വാദ്യം തനതുഗുണഗണം കാമമായത്തന്നെ നിന്നെ.
൯

പാരിൽപ്പാർത്താലിനമണികലാന്തനിൽ നിന്നൊട്ടുമല്ലും
വൈവർണ്യം പൂണ്ടതു പതഗമാം പത്രമേറിക്കുതിക്കം
ശൌരിക്കന്താ ഗാത്രപ്രതിമമതായാൽത്തന്നെ നിൻപ്രസാദം
ശ്രീരുദ്രീയം തനയനതു മൂർദ്ധനി ചൂടുന്ന ദേവൻ.
൧൦

ആകാരത്തിൽ സുഷമയിലുമീ ദേവസ്സപക്ഷികൾ പാരിൽ?
കേകാരാവം ശ്രവണസുഖമേ കേൾക്കിലേ തൃപ്തിയാകാ
ലോകാനന്ദപ്രദമസ്യത്രം നിന്നിയും നീ മേകമേ!
ശോകാന്ധ്യം മേ ഗുണഗണമിഹ ദേവനീലാനാം നായകായ. ൧

ദ്ദൂനം ദൂരസ്ഥിതമയി തന്നാശ്വസ്തമാശ്വാസമില്ലാ-
ഞ്ഞെന്നും ദീനം ജനമനകനിഞ്ഞാൻ ചെയ്യാലുമിപ്പോൾ
സ്യാനന്ദത്തെപ്പുരവരമതിൽ ചെന്ന മൽപ്രാണനാഥ-
സ്സാനന്ദം നീയരുളുക പറഞ്ഞെന്റെ സന്ദേശവാക്യം. ൮

പക്ഷിശ്രേഷ്ഠ! പറയുമവിടെ നീ പോകിലെൻപ്രാണനാ-
ഥൻ കണ്ടില്ലെന്നുറപ്പുസ്വഷമകൊണ്ടൊട്ടു ദുർലോകവക്ത്രീ [ഥാം
അക്ഷിദ്വന്ദ്വാംബുപരിപ്ലവമാകുന്നതിൽ പ്രാണനെന്നും-
രക്ഷിപ്പിക്കാൻ മാതുതന്നരം പുണ്യവും ഗണ്യമല്ലോ. ൯

. . . .

കോകങ്ങൾക്കൊന്നിച്ചലിയലുതിയംബരം കാണവേ മാൻ-
പേടക്കണ്ണാൾ വിരഹവിധുരീഭാവമെന്നെന്റെ നാഥാ
ക്രൂരക്ഷുരതകളെണ്ണുന്നതിനാലാദ്യ നീയന്തികേ ചെ-
ന്നോതൽ ചെല്ലാമരുതിയരുവാക്കെണ്ണമെൻകേതമോതി.

൧൦

. . . .

പ്രേയാനാമെൻ പിതൃപിതൃഗണപ്രൗഢചണ്ഡാതപത്താ-
ലായാസപ്പെട്ടതിവിവശയായ് പിച്ചിപോൽ വാടിവാഴും
ജായായാമെ പ്രിയസഖി ഭവാനെന്റെ സന്ദേശമാകും
തോയാസാരാൽ തപതിമരുമീടുന്നമുന്നമാക്ഷാന്തിം. ൧൧

ത്വന്മുഖം ചെന്നണവതിന്ന നേ ചൊല്ലുവോൻ മാറ്റുമാത്ര
സന്ദേശം ചൊന്നപടി സപദി ഞാൻ യാത്രയാക്കാം ഭവാനെ
സന്ദേഹം വേണ്ട പരോപകാരത്തിനാകാത്തതെങ്കിൽ
കിന്ദേഹംകൊണ്ടൊരുഫലമിഹ പ്രാണിനാം ക്ഷോണി-
[തന്നിൽ. ൧൨

XI

മരണത്തിന്റെ ആവശ്യകത

[കേരളക്കരയിൽ കുടിലു തൊട്ടു കൊട്ടാരംവരെയുള്ള സകലതരം ജനങ്ങളുടെയും ഇടയ്ക്കു പ്രചാരമുള്ള കാവ്യങ്ങൾ രചിക്കുവാൻ ആദ്യമായി ശ്രമിച്ചു വിജയിച്ചവരിൽ എഴുത്തച്ഛനും, പിന്നീട് പ്രശസ്തനായ കുഞ്ചൻനമ്പ്യാർക്കും മാത്രമേ ഇതുവരെ സാധിച്ചിട്ടുള്ളൂ. ഹാസ്യരസവും കൂടി ചേർത്തിട്ടു ഫലിതമയമായ കാവ്യങ്ങൾ രചിക്കുന്നതിൽ അനന്യസദൃശമായ കരവിരുതുള്ള മഹാകവിയായ കുഞ്ചൻനമ്പ്യാരുടെ ജനനസ്ഥലം തിരുവില്വാമലയ്ക്കു സമീപമുള്ള കിള്ളിക്കുറിശ്ശിമംഗലവും ജീവിതകാലം ഉദ്ദേശം കൊല്ലം 880-നും 945-നും ഇടയ്ക്കും ആകുന്നു. ഒരു ക്ലാസ്സിക് കവിയും, തുള്ളൽപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവുമായ അദ്ദേഹം അറുപതിൽപരം തുള്ളൽക്കഥകളും, പഞ്ചതന്ത്രം, ശ്രീകൃഷ്ണചരിതം മുതലായ മറ്റു കൃതികളും രചിച്ചിട്ടുണ്ട്. സാധാരണ ജനങ്ങൾക്കുകൂടി മനസ്സിലാകുന്ന ലളിതഭാഷ, ചലനാത്മകത്വം നിറഞ്ഞൊഴുകുന്ന വൃത്തം, ഫലിതവും നർമ്മവും നിറഞ്ഞുനിൽക്കുന്ന വർണ്ണനാപാടവം, സാമൂഹ്യവിമർശനം എന്നിവയാണ് കുഞ്ചൻനമ്പ്യാരുടെ തുള്ളലുകളുടെ പ്രത്യേക ഗുണങ്ങൾ. കാവ്യത്തിന്റെ മേന്മയുള്ള ഗുണമായ ചലനാത്മകത്വം പ്രത്യക്ഷപ്പെടുത്താൻ പറ്റിയ ഒരു പ്രസ്ഥാനമാണ് കുഞ്ചൻനമ്പ്യാർ രൂപീകരിച്ച തുള്ളൽപ്രസ്ഥാനം. പാഠ്യഭാഗം പറയൻതുള്ളലിൽ നിന്നെടുത്തിട്ടുള്ളതാണ്. പുരാണ കഥയെ അവലംബിക്കുന്ന ഭാഗം. പണ്ട് യമധർമ്മൻ ശിക്ഷ കൊടുക്കാതെ സന്ദർഭത്തിലുണ്ടായ ഒരു സംഭവം അവതരിപ്പിക്കുന്നതായി. ... ജനങ്ങൾക്കും മരണമില്ലാതെയായിത്തീർന്നു. ഇതിൽ നിന്നു ജനിച്ച പ്രശ്നങ്ങളാണ് കവി ഇവിടെ വിവരിച്ചിരിക്കുന്നതു. ഈ ഭാഗം മുഴുവനും ഈ പാഠ്യഭാഗത്തിൽ ഉൾപ്പെടും]

ഒപ്പറയപ്പറയപ്പെരുകുന്ന ജീവജന്തുക്കൾക്കു പാർത്താൽ
അറുതിയില്ലാ പാരിടത്തിലൊരു ദിക്കിലൊരിടവില്ലാ,
മററു മാംസം ഭുജിക്കുന്ന ജന്തുക്കൾക്കിതുകാലം
കൊററുകെപാലും നാസ്തിയായി മരിപ്പാനൊരുങ്ങല്ലാ;
ചെള്ളരാട പുലി പന്നി സിംഹവും തങ്ങളിൽത്തന്നെ
പച്ചമാംസം കടിച്ചൂറ്റി ഭുജിക്കുന്നു സർവകാലം;
കൊച്ചുമത്സ്യങ്ങളെപ്പോലെ വിഴുങ്ങും വലിയ മത്സ്യങ്ങൾ,
സമുദ്രമായ് മഹാനദി ഉലകത്തിലുള്ള ജലാശയങ്ങളെല്ലാം.
ഉഷ്ണജന്തുക്കളെക്കൊണ്ടു നിറഞ്ഞു മുതലയെല്ലാം
ഭക്ഷിക്കുന്ന ജന്തുക്കൾക്കൊരു മാററം കൊടുപ്പാനില്ലാതെവന്നു
പട്ടിണിക്കു വഴി വിധിച്ചു വരുമോ ജനങ്ങൾക്കു കഷ്ടം
പട്ടണത്തിലെങ്ങുമിപ്പോൾ പണവും കാണ്മാനില്ലാതായ്.
ഇരുട്ടത്തുവന്നു നമസ്കരിക്കും ബ്രാഹ്മണർക്കിരിപ്പാൻ
ഇരുട്ടിലെങ്ങും ചോറു കിട്ടാ പ്രയാസം തീർന്നുവരും
അട്ടമാടി നടക്കുന്നോരെട്ടുമെല്ലാം ചൊൽക്കിളിപ്പൂ
കൂട്ടമായിപ്പിരിഞ്ഞവരൊക്കെ കൊട്ടിലൊതുങ്ങിയിരിക്കുന്നു.
പാട്ടുകാർക്ക് വിശന്നിട്ടു സ്വരവും ശ്രുതിയുമായി
നാട്ടിലെങ്ങും നടന്നു ചിരിപ്പാനും വകയില്ല;
പാട്ടുകേട്ടാലാർക്കും സൗഖ്യം പട്ടിണിയായിരിക്കുമ്പോൾ—
കൂട്ടുകേട്ടാൽ ആരും കേൾപ്പാനും മനസ്സില്ല;
വെട്ടനെയും തമ്പിയേയും തങ്ങളിലുള്ളവരെയും
വെട്ടുകൾക്കു നാസ്തിയായി കുട്ടികൾ പൂകുന്നോർ.
വെട്ടനെന്നാലെന്തെല്ലാം തീർത്തുള്ളൂ നാട്ടുകാരും
ഇട്ടുവെപ്പാനൊന്നുമില്ലാതെ വന്നതുപോലെ ചോറുമില്ല.
. . . .
കവടികളൊന്നായുള്ള ശാന്തിക്കാർ വശീകരിപ്പാൻ
കപടങ്ങൾ പറഞ്ഞൊന്നും പെരിപ്പിപ്പാൻ വകയില്ല;

ഗണിതഗ്രന്ഥവും കെട്ടു തലയിൽ വെച്ചുകൊണ്ടിങ്ങിൽ
കണിശന്മാർ വിശന്നവശരായിക്കാണും പലരുമുണ്ടു്.
ഗ്രഹദോഷം വിധിയിത്ര പറഞ്ഞാലെങ്കിലും നാലു-
പണം കിട്ടാൻ തരമില്ല പാരം, തിരിപ്പോളർത്ഥശൂന്യമായി.
ഗ്രഹമെന്തു്? ഫലമെന്തു്? ഗണനമില്ലാത്താളും
ഗണിതംകൊണ്ടവരൊന്നു് ഗ്രഹിച്ചറിയുന്നവനും.
ചികിത്സിപ്പാനൊരു ദിക്കും തൊടേണ്ടില്ല ശരീരത്തിൽ;
രോഗമില്ലാത്തവർക്കെന്റെ സഹിതരായവർ പിന്നെ
യാഗങ്ങൾ ശ്രമിക്കുന്ന നമ്പൂരാൻ കൂടെയില്ലാ.
യോഗഗ്രന്ഥവും നല്ലോരഷ്ടാംഗഹൃദയവും
തുകൽപ്പെട്ടിയിലാക്കി കെട്ടിവെച്ചു വൈദ്യരെല്ലാം
....
രസികന്മാരെന്ന ഭാവം നടിച്ചു സഖിയുമായി-
ട്ടസുരന്മാരെന്നപോലെ തെരുവീട്ടിൽ ചെന്നുകൂടി,
ഗുളികയും കഷായവും കൊടുത്തു പാർത്തീടുമ്പോൾ
കള്ളവും വല്ലതും ചൊല്ലിത്തീർക്കും വൈദ്യനിക്കാലം.
തലകെട്ടി തനിക്കു ഭേദമെന്നതിനു വകയില്ലാ-
തെണ്ടിരന്നു നടക്കുന്ന ദീനക്കാരനൊന്നുമില്ല;
“ധനാഗമനങ്ങളുണ്ടു പ്രബലം പാട്ടിലേശീവനായിതം”
മനസ്സിലുണ്ടിവയെല്ലാം പ്രയോഗിപ്പാനൊരുമില്ല.
യമനും വൈദ്യനും തമ്മിൽ പ്രാണവിശ്വാസമെന്നാലും
യമനെഴുത്തുകൂടാതെ കൊൽവാൻ വൈദ്യനേകനെന്നതു്.

XII

കാദംബരീവിലാപം

[illegible]

ഇപ്പോഴെന്നാൽ പ്രയാസം, സഖി! ഗുണനിധിയാ-
മുണ്ണിമാർക്കും ശമിപ്പാൻ
മൽപ്രാണേശൻ മഹാത്മാവൊരുവഴിയിതിലേ-
കിന്നു കാണിച്ചുതാനും. ൧

നാണംവിട്ടു കരഞ്ഞതില്ല വിലപി-
ച്ചീലിപ്പൊനാഥനേതിന്നാ-
പ്രാണൻപൂകി വെടിഞ്ഞു വല്ലഭനെനി-
ക്കാമാർഗ്ഗമില്ലെന്നതോ
ന്യൂനം ദൈവതയാഹിതാൽ സഖി! മഹാ-
ശേഷമതി നിന്ദ കല്പിയൻ-
താനെന്നാലിപ്പുമാനൈനൊരാശ്രയനിന്നൽ-
ജീവിപ്പതും യുക്തമാം. ൨

ഞാനെന്നാലും പുഷ്പമൈശ്വര്യവിപുല മനോ-
രാജ്യമെല്ലാം മുടിക്കെ
സ്വന്തമാം കല്യാണമില്ലാത്തവൾ കരുവിഷമ-
പ്രാണനാലെന്തുകാര്യം
നീ നേരിട്ടെൻറ മാതാവിനെയുറവിധമാ-
പ്പുത്രമെൻ നാശമോർത്താൽ
താനേ തന്നെ വെയിൽക്കറവയി മമലാ-
ഭോ ശമിപ്പിച്ചിടേണം. ൩

എൻശോഭിതാകൽ നീതാൻ വിമലമണിഗണോ-
ജ്ജ്വലാംഗം മാറാല പുറമാ-
ക്കെങ്കിലും ഞാൻതാനെഴുതിവെച്ച കമ-
ലന്റെ ചിത്രസൗന്ദര്യം

ശംഗ്യാ രക്ഷിച്ചുവെച്ചീടണമഴകെഴുമ-
        ദ്ദേഹമാകാന്തിപൂരം
കളയാതെ ചിത്രമായെങ്കിലുമവനിയിൽ നി-
        ല്ക്കട്ടെയാചന്ദ്രതാരം. ൪

എന്നെത്തഴ്ച്ചതലയ്ക്കൽവെച്ചു വെറുതേ
        പുഷ്പിച്ചപോന്നെടുത്താരാ-
നന്ദത്തിൻ കാരണം പാടുമ്പോ?
        കീർത്തികളുടെയതെങ്ങനെ
വെണ്മ നമ്മുടെ കേളികളെല്ലാംപോൽ
        വാണാനന്ദമയം തോന്നാം
ശുദ്ധമതിയെ കൂട്ടുകാർ മറന്നാലും
        പാർത്താൽ കണ്ണിലെത്തിൽ. ൫

....

എന്നെക്കണ്ടാലൊരു വിളക്കും ചപലമിഴിയതു-
        ണ്ടെന്റെ ദേഹത്തിൽ മാഴ്കം
പൊന്നണിഞ്ഞുതലയിൽ സഖി! സരളി വന്നു
        കേറിവിട്ടീടണം
പിന്നെക്കൊളുന്തിയെൻ പൊങ്ങി മമ പരിതാ-
        സാദ്ധ്യമാം തന്നെയോടാ-
യന്ന തമ്മിൽപ്പിണങ്ങും പതിവൃതയടനി-
        ല്ലാതെന്നാകെണമേ നീ. ൬

കൂനം ഞാൻ മടികേറിവെച്ചു സന്തോഷ-
        ലാളിച്ചു കീർത്തിടാ-
വണ്ണം നിൻമടിമേൽ കിടന്നുമകല-
        ന്നൂറമനുച്ചീടൊല്ല

ഇതെന്നാതിങ്ങനെ വിസ്മരിപ്പൂതു ഞാ-
        വാരങ്ങളല്ലെന്നാകിലും
തന്നെത്താനെരിഞ്ഞീ പടർന്ന ചിന്തയാ-
        നാശമാകിടേണം ക്ഷണം. ൧

അയ്യോ ഞാൻ കരയുന്നതെന്തിനിനിയും
        കാരണമങ്ങെന്നതിൻ
പോയിട്ടൻപോട്ടെ കൊള്ളിക്കൂട്ടിയെരിഞ്ഞ്!
        വെള്ളന്റെ കേശുമാ!
തീയീ രാജകുമാരനോത്തു ഴക്കെഴും-
        ദെയ്യിൽ കൊള്ളുന്നതാവതാ-
ല്ലായിട്ടുറക്കിട്ടുണ്ടു കൊണ്ടു സഖിലേ
        വാടുന്നതാണുത്തമം. ൨

തിരുവനന്തപുരത്തിനാടിങ്ങടലട്ടനെ വെടി-
        ഞ്ഞിടകാരൻ ശമിപ്പി-
ട്ടിടയ്ക്കു ജീവനന്തിയുതി സമയത്തിലു-
        ള്ളൂന്ന ചങ്ങിച്ചിട്ടെന്നാൻ
പാർത്തിട്ടില്ലെന്നെന്നിവളൊടൊരുള്ളിയാ-
        ണാമെന്നാൻ പോയതെന്നാൽ
പാർത്തിട്ടിന്നിനിമാന്തിച്ചുവളിതി കരങ്ങും
        നിശ്ചയം ജീവനാഥൻ. ൩

XIII

അനന്തശയനം

[കുഞ്ചൻനമ്പ്യാരുടെ സമകാലീനനായി കൊല്ലം 10-ാം ശതാബ്ദ ത്തിൽ (എ. ഡി. 18-ാം ശതാബ്ദത്തിൽ) ജീവിച്ചിരുന്ന രാമപുരത്തു വാര്യർ ക്രാന്തദർശിയായ, അദ്ദേഹം മാർത്താണ്ഡവർമ്മമഹാരാജാവിന്റെ ആശ്രിതനായ ഒരു കവിയാണ്. കുചേലവൃത്തം വഞ്ചിപ്പാട്ടാണ് അദ്ദേഹത്തിന്റെ പ്രസിദ്ധ കൃതി. തിരുവനന്തപുരത്തെ അനന്തശയനക്ഷേത്രത്തിന്റെ ദിവ്യമായ കുചേലവൃത്തം വഞ്ചിപ്പാട്ടിൽ നിന്നു പുറമേ ഉദ്ധരിച്ചിട്ടുള്ള ഈ ഭാഗം ക്ഷേത്രവർണ്ണനം എന്ന പദ്യഭാഗത്തിൽ ഉൾപ്പെടും.]

(വഞ്ചിപ്പാട്ട്)

ഒററക്കല്ലാലനാടിവന്ന മുഖമണ്ഡപം ദീപിച്ചു
മററൊന്നിതിൽപ്പരം മന്നിൽക്കാണതെ കാണുമോ?
കാരമററ തിരുക്കാപ്പു, ശ്രീകണ്ഠമുററവും, തിരു-
മുററത്തുള്ള മണ്ഡപവുമമ്പലം നാലും,
പുററിനകത്തും പുറത്തും ബലിശിലകളും, വെണ്മ-
പെററ വേദികയും, പൊന്നിൻകൊടിമരവും,
അററത്തിങ്കലന്തരീക്ഷം പൊക്കിക്കളഞ്ഞാതമ്പീരം
പാറിയേതാ പക്ഷിരാജപരിഷ്കാരവും,
ഇന്ദ്രനീലശിലയാൽ നിർമ്മിതമാം ശീവേലിപ്പുരയിൽ
ഇന്ദ്രിയങ്ങൾക്കാനന്ദമാകുന്നങ്ങളും,
ചന്ദ്രശാലാവലഭങ്ങളും, ചാരുതരഹർമ്മ്യങ്ങളും,
ചന്ദ്രികാചർച്ചിതങ്ങളാം പ്രാസാദങ്ങളും,
ഗോപുരം നാലും വളർന്ന് വാനത്തിന്റെ വട്ടമേറും
ത്തുപുരംചാരവേ വിളങ്ങും പൊൻപ്രാകാരവും,

ദീപിക്കുന്ന ദീപി [illegible], ചൊല്ലപ്പെട്ടതെല്ലാം
ചൊരിപ്പിക്കു [illegible] കല്ലും ഭവ്യമാവൂ.
ശ്രീമഹിപ്പിട്ടു [illegible] ശയിക്കമാനന്ദ-
ശ്രീയാം [illegible] പുരി, സഹസ്രം-
സ്തൂപികളുള്ളകൊണ്ടാകാശം മുട്ടുന്ന ഭാസാ വിശാലം
വ്യാപിക്കുന്ന വിശാലത പൂക്കുത്തിട്ടുള്ള.
വാതകളും, ഗോപുരങ്ങളും [illegible] വിളയാട്ടം
വാടികളും, വള്ളിക്കുടിലുകളും പൂങ്കാവുകളുടെ
വാടകളും, [illegible] കളും [illegible]
വീടുകളും മഠങ്ങളും വിളങ്ങിടുന്ന
[illegible]-
ചിത്ര [illegible]
പത്രിവാഹനന്റെ പുരി [illegible]
പുത്രികളൊന്നപോലെ പരിലസിച്ചീടുന്നു

XIV

കൊച്ചി [illegible]

[illegible]

കൊടുങ്ങല്ലൂർ പ്രധാനം [illegible] [illegible] [illegible] ഷ്ഠിച്ചതു പറയാം. [illegible] [illegible] [illegible] ഉണ്ടായിരിക്കാവുന്നത് ഈ പ്രധാനമായും നിരാകരിക്കേണ്ടു. [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] ണിച്ചു സാമർത്ഥ്യം [illegible] [illegible] [illegible] [illegible] ത്തെ പറയാം. കൊച്ചി കോവിലകത്തെ തമ്പുരാൻ എന്ന വല്ല [illegible] നിന്നുള്ള [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] വാനര പിടിക്കാൻ കൊച്ചി കോവിലകത്തെ തമ്പുരാൻ രാത്രിയിൽ [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible]]

പാട്ടിൽപ്പെരുമക്കളുവു കണ്ടുപിടിയ്ക്കുവാനാ-
ണിട്ടിങ്ങു മന്നവനറിഞ്ഞുവരണമല്ലോ
കാട്ടിലെ കൊറ്റപ്പതിയെ ഞാനിനിയെന്തിനെന്നും-
ത്തട്ടികളൊത്തപെരിയവെളിച്ചപ്പോയ് മറന്നു. ൧

രാവണനെ കെട്ടിയവനിങ്ങിനെ വിട്ടതോർത്തു
കൈകവർന്നോരല്ലലൊട്ടു ചിന്തിയ ക്രൂരതപോലെ
ആ വരമ്പഴയൊന്നാരിരമംകരെഞാൻ മന്നവൻതാൻ
കാർവാഴ്ത്തിടും മുകിലെഴും ദേവാലയത്തോർത്തു. ൨

അത്തികരം കെട്ടിയവരിൽ ചിലർ മണമാ വാ-
നത്തികൾനിന്നൊഴിയുവാൻ മടിവാന്റെകൊണ്ട്
തത്തികളിയ്ക്കുമൊരു മാറാവരാതിരുട്ടി-
ലെത്തികരച്ചതിനാ വന്നു കരച്ചനിന്നു. ൩

മീനങ്ങളിങ്ങുമിളകീട്ടിയലും വെളിച്ച-
മാ നസ്സ ക്രിയമെല്ലാമൊരൊന്നായ പൊയ്ക്കതന്നിൽ
മാറത്തു തിങ്കളുടെ മകംകളെന്നപോലെ
താനന്ന മിന്നി, മലർ കുന്തലിലെന്ന മട്ടിൽ. ൪

തന്നിൽകടന്ന തകരാറുകൾ ചെയ്തതെന്ന
നിന്നീടുമെന്നതറിയാതെഴുമല്ലലാലെ
വന്നീടുമോരോ നെടുവീർപ്പുകളാണിതെന്ന
തോന്നീടുമാറലകളാലെയുലഞ്ഞു കായൽ. ൫

നേരക്കാരിരുൾ അണ്ടുകൾ വലിപ്പമേറുന്നതോടി
നക്രത്തിലപ്പുറിയ കായലിലായനേരം
പാക്കങ്ങളാകമെതിലെവരെ വളർന്നിഴന്ന
ശൃംഗങ്ങളും കടലിലപ്പുവനന്ന കേട്ടു. ൬

വമ്പാന്ന കാററിലുലയും മടലാന കുന്തൽ-
ത്തുമ്പാലെ കാരതൊടുമേന്തലയിട്ടിളക്കി
അമ്പാരി കരയുള്ള കടലൊച്ചയലച്ചയാക്കി-
യിമ്പാച്ചിപോലെയിതളിൽ ചില തെങ്ങുനിന്നു. ൭

മന്നിൻമണാളനെഴുന്നള്ളുവതൊത്തു കായൽ-
തന്നിൽപരക്കുമിതളാ വഴി വിട്ടുമാറാൻ
ചെന്നിട്ടു നാലുപുറവും കരയിൽത്തിരക്കി
നിന്നീടുമാനില കലന്ന മരങ്ങൾനിന്നു. ൮

XV

പാഞ്ചാലിയുടെ ആക്ഷേപം

[കുഞ്ചൻനമ്പ്യാരുടെ ഉൽകൃഷ്ടമായ പരിഹാസവൈഭവം നല്ലപോലെ പ്രത്യക്ഷപ്പെടുന്ന ഒരു ശ്രേഷ്ഠകൃതിയാണ് പതിനാലുവൃത്തം. ശ്രീകൃഷ്ണനെ കൌരവന്മാരുടെ അടുക്കലേക്ക് സന്ധിയാലോചനയ്ക്കു് ദൂതനായി അയയ്ക്കുവാൻ പാണ്ഡവന്മാരുടെ തലവനായ യുധിഷ്ഠിരൻ നിശ്ചയിച്ചപ്പോൾ പാഞ്ചാലി ഇതിനെ ആക്ഷേപിച്ച് കൃഷ്ണനോടു പറയുന്ന ഭാഗമാണ് പതിനാലുവൃത്തത്തിൽനിന്നെടുത്തു ചേർത്തിരിക്കുന്നത്. ഈ ഭാഗം ആക്ഷേപഗീതം (Satire) എന്ന പദ്യരൂപത്തിൽ ഉൾപ്പെടും.]

കരുണവാരിധേ കൌരവപാഴരിൽ
കരുണയാലിതം കാട്ടുന്നതോ ഭവാൻ?
മരണദാസിയാം പാഞ്ചാലിയെയൊട്ടു
സ്മരണം ചെയ്താലും ദേവനാരായണ!
അവരു ചെയ്യുന്ന ധിക്കാരമൊക്കവേ
ഭുവനനായകാ നീയും മറന്നിതോ?
അവനിനാഥന്മാരെന്നുടെ കാന്തന്മാ-
രറിയുന്നീലൊന്നും ദേവനാരായണ!
മലകളും കാടുകളും തോടും പുഴകളും
കലകളും പന്നികളെന്നിവവൃന്ദവും
സുലഭമാം ദിക്കിലെൻപ്രിയന്മാർക്കിപ്പോൾ
സുഖമെന്നാട്ടുണ്ട ദേവനാരായണ!
ഇഹലോകങ്ങളിലാഗ്രഹമെന്നിയും
അഹമമതകളൊരു ഭാവവും കൂടാതെ
മഹിതമായുള്ള വേദാന്തശീലമാ-
ണുപതിമാർക്കാക ദേവനാരായണ!

വിമതന്മാരുടെ വീര്യം ശമിപ്പിപ്പാൻ
ക്ഷമയും നന്നല്ല സാമവും നന്നല്ല
സമരം ചെയ്യേണം സാഹസം ചെയ്യേണം
ശ്രമവും ചെയ്യേണം ദേവനാരായണ!
നയങ്ങൾ പിഴച്ചു നാട്ടുമുപേക്ഷിച്ചു
ജയവും കൂടാതെ കാലം കഴിക്കുമ്പോൾ
ഭയംകൊണ്ടിങ്ങനെ മേവുന്നയെന്നിപ്പോൾ
അയശസ്സുണ്ടാകും ദേവനാരായണ!
ബലങ്ങളില്ലാഞ്ഞോ ബന്ധുക്കളില്ലാഞ്ഞോ
വിഭവമില്ലാഞ്ഞോ വീര്യമതില്ലാഞ്ഞോ
ഖലജനത്തിന്റെ കാൽപിടിച്ചീടുന്നു
വലിയ വീരന്മാർ? ദേവനാരായണ!
അപരാധം പണ്ടു വൈരികൾ ചെയ്യതും
ഉപകാരമെന്നു കല്പിച്ചു കാന്തന്മാർ
അപവാദം കേട്ടാലാധിയുമില്ലല്ലോ
നൃപതിമാർക്കിപ്പോൾ ദേവനാരായണ!

. . . .

കനത്ത സങ്കടത്തോടു മരുവുന്ന
ജനത്തെയോർക്കാതെ ദ്യൂതിന ഭാവിച്ചു
ധനത്തെ നേടുന്ന വൈരിയെ സേവിപ്പും
നൊഴുന്നുള്ളതുണ്ടോ ദേവനാരായണ!
കഴിഞ്ഞവസ്തുക്കൾ മാനികളാറായി
അഴിഞ്ഞു നമ്മുടെ പൌരുഷബന്ധനം
ഒഴിഞ്ഞു ഭാഗ്യവും ധർമ്മവും ശർമ്മവും
വിരവിലിങ്ങനെ ദേവനാരായണ!
കുരുകുലാധിപൻ തന്നോടു മെല്ലവേ
സുരസമാംവണ്ണം ദ്യൂതങ്ങൾചെയ്യുമ്പോൾ

മുരഹര ഭവാനന്റെ തലമുടി
നിരൂപിച്ചുകണം ദേവനാരായണ!
അരിയെക്കൊന്നു ഞാൻ ഘോരപുരണ്ണൊത്ത
കരതലംകൊണ്ടു നിന്നുടെ കേശത്തെ
തിരുകീട്ടുന്നതെന്നെന്നേരം കോപംകൊ-
ണ്ടരുളീ ഭീമനും ദേവനാരായണ!
വിഫലമായ്ത്തീന്നു വീരന്റെ ഭാഷിതം
വിളുതയില്ലാത്തതല്ലിഹ കാരണം
വിശദഭാഗ്യയാമെന്നുടെ ദോഷത്താ-
ലഖിലം നിഷ്ഫലം ദേവനാരായണ!

. . . .

പഴുതിലെന്തിനു ഞാൻ പറഞ്ഞീടുന്നു?
പഴമയുള്ളവർ നിങ്ങളെല്ലാവരും
വഴികളെല്ലാം ഗ്രഹിച്ച മഹാജനം
പഴുതിൽ പാടുമോ? ദേവനാരായണ!
അഴകല്ലാതുള്ളോരാരംഭം കാണുമ്പോൾ
അഴൽ പിടിച്ചു പറഞ്ഞീടും നാരിമാർ
വഴിയെ ബോധിച്ചു ചൊല്ലണമെന്നില്ല
പിഴയും വന്നീടും ദേവനാരായണ!
കിഴിയുന്നാകിലും ശത്രുജനങ്ങൾക്കു
കിഴിയും വച്ചു നമസ്കരിച്ചീടിലും
പിഴകൾ ചെയ്കിലും ദുര്യോധനാദിയെ
തൊഴുതു വാഴ്കിലും ദേവനാരായണ!
യുവതിമാർക്കുള്ള ചൊല്ലമെന്നിങ്ങനെ
ഭുവനവീരന്മാർ ചൊല്ലുമെൻ കാന്തന്മാർ
ശിവനെന്നല്ലാതെ മിണ്ടുന്നിക്കാലം
ഭുവനനായകി ദേവനാരായണ!

XVI

മരിച്ചുകിടക്കുന്ന പ്രസേനൻ

[കേശവീയം, ആംഗലസാമ്രാജ്യം ഭാഷ, നാരായണീയം ഭാഷ, സാഹിത്യവിലാസം, രാഘവമാധവം നാടകം, സദാരാമ നാടകം മുതലായ കൃതികൾ രചിച്ച് ഭാഷാകവികളുടെ കൂട്ടത്തിൽ ഒരു ഉന്നതസ്ഥാനം കരസ്ഥമാക്കിയിട്ടുള്ള ഒരു പ്രസിദ്ധ ഗായകകവിയാണ് പരവൂർ കെ. സി. കേശവപിള്ള. ഇദ്ദേഹം കൊല്ലം ൧൦൪൩-ൽ കൊല്ലം താലൂക്കിലുള്ള പരവൂരിൽ ജനിക്കുകയും, ൧൦൮൯-ൽ മരിക്കുകയും ചെയ്തു. ക്ലാസ്സിക്, അഥവാ യഥാസ്ഥിതികപ്രസ്ഥാനത്തിൽ പെട്ട ഇദ്ദേഹം "രാജരാജവർമ്മപ്രസ്ഥാനം" എന്ന പ്രസ്ഥാനത്തിന്റെ ഉപനായകനും കൂടിയായിരുന്നു. രാജരാജവർമ്മപ്രസ്ഥാനത്തിന്റെ നായകൻ പ്രൊഫസ്സർ എ. ആർ. രാജരാജവർമ്മ ആണ്. അന്ത്യാലങ്കാരങ്ങളെ ഉപേക്ഷിച്ചു ദ്വിതീയാക്ഷരപ്രാസം തുടങ്ങിയ ശബ്ദാലങ്കാരങ്ങൾക്കു പ്രാധാന്യം നൽകുക, സംസ്കൃതപദപ്രയോഗബാഹുല്യം കഴിയുന്നിടത്തോളം കുറയ്ക്കുക എന്നിവയാണ് രാജരാജവർമ്മപ്രസ്ഥാനത്തിന്റെ മുഖ്യ ലക്ഷണം. "കേരളവർമ്മപ്രസ്ഥാന"ത്തിന് എതിരായിട്ടാണ് ഇതു ഉദിച്ചതു്. പ്രാസത്തിലുള്ള ഭ്രമത്തിന് ഒരു ദൃഷ്ടാന്തമായിത്തീരുന്നതു കല്പന കാണിക്കാനായി കെ. സി. കേശവപിള്ള സ്യമന്തകോപാഖ്യാനത്തെ ആസ്പദിച്ചു രചിച്ച മഹാകാവ്യമായ കേശവീയത്തിൽനിന്നാണ് ചുവടെ ചേർത്തിരിക്കുന്ന ഭാഗം എടുത്തിട്ടുള്ളതു്. കാട്ടിൽ വച്ചു സിംഹം പ്രസേനനെ കൊന്നു സ്യമന്തകം അപഹരിച്ചുകൊണ്ടുപോയതിനുശേഷം, അദ്ദേഹത്തെ തേടിവന്ന ശ്രീകൃഷ്ണൻ അദ്ദേഹം മരിച്ചുകിടക്കുന്നതു കണ്ട കാഴ്ചയെ ഉത്പ്രേക്ഷാരൂപത്തിൽ വർണ്ണിച്ചിരിക്കുന്നു. ഈ വർണ്ണനം മൂന്നു പദ്യരൂപത്തിൽ ഉൾപ്പെടും]

മൃതിവശഗതനായ് പ്രസേനവീരൻ
ക്ഷിതിയൊടൊത്തുവിടെക്കിടന്നിരുന്നു
വിധിമഹിമയലംഘനീയമാണെ–
ന്നതിദയനീയമുരച്ചിടുന്നവണ്ണം. ൧

കടുനിണമൊഴുകിപ്പുരണ്ട പുറവും
കഠിനത പൂണ്ടു കറുത്തു നിന്നിരുന്നു;
സ്ഫുടരുചി തടവും വിശാലവക്ഷ-
സ്ഥലമവഗാഢതരം പിളർന്നിരുന്നു. ൧

ഹരിതനിറമിയന്ന വാരവാണം
പല വഴി പൊട്ടി വിടർന്നിരുന്ന മെയ്യിൽ;
വിഘടിതജഠരാന്തരത്തിൽ നിന്നും
കുടലുകളും ചാടി വെളിയിലായ് വീണിരുന്നു. ൨

സുരുചിരത കലർന്ന വില്ലുമമ്പും
കരയുഗസന്നിധിയിൽ പതിച്ചിരുന്നു;
കടവൊളി തിരളുന്ന തൊപ്പിയുരി-
ത്തലയൊടു ചേർന്നരികിൽ കിടന്നിരുന്നു. ൩

ഘനതതിയുടെ കാന്തിയെജ്ജയിക്കും
ഘനതരകോമളമായ കേശജാലം
പലവഴി ചിതറിപ്പിണഞ്ഞു മന്നിൽ
പൊടിയുമണിഞ്ഞു കിടന്നിരുന്നു പുറവും. ൪

മിഴി പകുതിയടഞ്ഞു കൃഷ്ണമാകും-
മണിയെ മറച്ചു നിരാശയമായിരുന്നു
കമലിനിയെ വെടിഞ്ഞലഞ്ഞു, കത്തും
വെയിലിലലഞ്ഞു കരിഞ്ഞ പങ്കജംപോൽ. ൫

അധരയുഗളമല്പമായ് വിടർന്നി-
ട്ടിടയിൽ വിളങ്ങിന ദന്തപങ്ക്തി കണ്ടാൽ
അധികചപലമായ മർത്ത്യജന്മ-
സ്ഥിതിയെ നിനച്ചു ഹസിക്കയെന്നു തോന്നും. ൬

ഹന്നർ

പ്രകൃതിയുടെയ ശാംബരീവിലാസം
ദൃഢമറിയുന്നവനെങ്കിലും മൂകൻ
ഝടിതി ഗളതല തടഞ്ഞ ബാഷ്പോൽ-
ഗമമൊട്ടു നിന്നു നിലയ്ക്കു നിന്നുപോയി. ൮

XVII

സന്ധ്യാതാരം

[ഇന്നത്തെ സാഹിത്യകാരിൽ അഗ്രഗണ്യനായ ജി. ശങ്കരക്കുറുപ്പ് അവർകളും ഒരു തനി റൊമാൻറിക്, അഥവാ കാല്പനികകവിയാണ്. ഇതുവരെ പ്രസ്താവിച്ചിട്ടുള്ള റൊമാൻറിക് കവികളിൽ—കുമാരനാശാനിൽ പോലും—ക്ലാസ്സിക് പ്രസ്ഥാനത്തിന്റെ ചൈതന്യം പ്രകടമായി കാണാവുന്നതാണ്. വാസനാസമ്പന്നനായ ശ്രീമാൻ ശങ്കരക്കുറുപ്പിൽ ക്ലാസ്സിക് പ്രസ്ഥാനത്തിന്റെ ഒരു തരിപോലും കാണുന്നതല്ല. അദ്ദേഹത്തിന്റെ പ്രധാന പദ്യകൃതികൾ സൂര്യകാന്തി, സാഹിത്യകൗതുകം, ധാരഗ്ഗി, വിലാസലഹരി, സ്വപ്നസൗധം മുതലായവയാകുന്നു. അദ്ദേഹത്തിന്റെ മറ്റിലത്തെ ഗാനങ്ങളിൽ ഗൂഢഗാമിത്വയോക്തി, അഥവാ ധ്വന്യാത്മകങ്ങളായ പ്രയോഗങ്ങൾ പ്രചുരമായി കാണാവുന്നതാണ്. "സന്ധ്യാതാരം" എന്ന ഖണ്ഡകാവ്യത്തിന്റെ പ്രഥമഭാഗമാണ് മുകളിൽ ചേർത്തിരിക്കുന്നത്. ഇത് ആത്മഗീതം എന്ന പദ്യസമാഹാരത്തിന്റെ ശീർഷ എന്ന ശാഖയിൽ ഉൾപ്പെട്ടു]

(മഞ്ജരി)

ആരു നീ ഭാനന്ദകന്ദമേ? ലോകത്തിൻ
ചാരുത ചാർത്തിന പൊട്ടുപോലെ
വാരണിമിക്കിന്റെ കണ്ണാടിതംസമാം
വാരൊളി വാടാമലരുപോലെ

ശ്യാമള നിശ്ചല ശുഭ്രജലപൂർണ്ണ-
വ്യോമതീർത്ഥത്തെ വണങ്ങിപ്പോകെ
മേഘനും വാസരലക്ഷ്മിയറിയാതെ
വീണതാം രത്നാംഗുലീയംപോലെ!

വേല വെടിഞ്ഞും പൊടിഞ്ഞ വിയർപ്പാലാ-
ലോലനവമുത്തണിഞ്ഞും ലോകം
ആനന്ദനാമകമാസവമാകണ്ഠം
പാനം കഴിച്ചതിമത്തമായി
ലാളനീയാകൃതേ! നോക്കുന്ന വിശ്രാമ-
വേളയ്ക്കകംപടി നിൽക്കും നിന്നെ!

നാണം കുണുങ്ങുന്ന നായികതന്നല്പ-
ശോണമധുരമാം ഫാലത്തിലെ
സ്വേദകണികയെ വിട്ടുമരുത്തോ-
ന്മാദം കവിഞ്ഞെഴും കാമുകാക്ഷി
പാടല പശ്ചിമദിക്കു വിളക്കും നി-
ന്നോടണയുന്നിതുൽഫുല്ലമായി
ഉത്സവമായികയാകും യുവജന
വത്സലരാത്രിയെയാത്തെത്തും നിന്നെ
മുഗ്ദ്ധനീലാളക മാലയൊതുക്കിയും,
സ്നിഗ്ദ്ധനിബിഡമിമ നനഞ്ഞും,
ഹർഷവികസിതനേത്രത്താലുന്മുഖ-
കന്ദുകബാലികയാളിപ്പൂ!
ഓമനപ്പൂതലിൻചെമ്പവിഴപ്പൊട്ടി-
ക്കോമളചുണ്ടിലെ വെണ്ണിലാവിൽ
അഞ്ജനകൺമുന നിഷ്പീലതുള്ളുത-
പ്പുണ്യമേ, നീയന്തിച്ചോപ്പിൽ നില്ക്കെ

കാളുന്ന കോപത്തോടാഞ്ഞു,രിതൻ നേർക്ക്
വാളുലച്ചെത്തുന്ന വീരയോധൻ,
നീയേവം പ്രത്യക്ഷമാവുകിൽ വാളൂന്നി
പോരയേറെ നേരം നിശ്ചേഷ്ടം നിൽക്കും!
തീക്കനൽ ചാടുന്ന കണ്ണുകളീ നവ്യം
പാൽക്കതിരേറ്റു കുളിർത്തുപോകും!
നിറുപമശ്രീനത്താലെ,തിമറ-
ന്നറുമനായ്പ്പോകമാട്ടിയെൻ,
സ്ഫീതമാമാഹ്ലാദമുള്ളിലൊതുങ്ങാതെ
ഗീതമധുരമാക്കുന്നു മാറ്റും!
കൂടിയ ദാരിദ്ര്യതാപാഗ്നിജ്വാലയാൽ
വാടിയ ചുണ്ടാം തളിരിൻ മദ്ധ്യേ
സുന്ദരമന്ദഹാസാങ്കുരം നീ വിശ്വാ-
നന്ദന,സഞ്ജാതമാക്കിക്കൊൾവൂ!
പാരമഴിഞ്ഞു കിടക്കുന്ന പൊൻനിറ-
നീരാളകഞ്ചുകം ചാർത്തും സന്ധ്യാ
ചന്തം വളർന്ന നിൻ നേർക്കിതേ പേലവ-
ച്ചെന്തളിരംഗുലി നീട്ടി നിൽപ്പൂ;
വാടുമോ തൊട്ടാകിലെന്ന ഭയത്താലോ
വാഴ്ത്തുന്ന സംഭ്രമാൽ കൈവലിപ്പൂ!



XVIII

ചന്ദ്രോദയം

[അല്പകാലം ജീവിച്ചു പ്രതിഭാശാലിയായ കവി വി. സി. ബാലകൃഷ്ണപ്പണിക്കരുടെ ജന്മദേശം മലബാർജില്ലയിലെ ഏറനാട്ടു താലൂക്കിലുള്ള ഊരകം അംശവും, ജീവിതകാലം കൊല്ലം മുതൽക്ക് വരെയും ആകുന്നു. വിശ്വരൂപം, ഒരു വിലാപം, ഇന്ദുമതീസ്വയംവരം മുതലായവയാണ് അദ്ദേഹത്തിന്റെ പ്രധാന കൃതികൾ. ബാലകൃഷ്ണപ്പണിക്കർ ഒരു ക്ലാസ്സിക്ക്, അഥവാ യഥാസ്ഥിതിക കവിയാണെങ്കിലും, അദ്ദേഹത്തിന്റെ വിശ്വരൂപം എന്ന കൃതിയിൽ റൊമാന്റിക്, അഥവാ കാല്പനികപ്രസ്ഥാനത്തിന്റെ ലക്ഷണങ്ങളിൽ ചിലതു കാണാവുന്നതാണ്. അദ്ദേഹത്തിന്റെ ഏറ്റവും ശ്രേഷ്ഠമായ കൃതി വിശ്വരൂപമാകുന്നു. അതിലെ ചന്ദ്രോദയവർണ്ണനയാണ് താഴെ ചേർത്തിരിക്കുന്നതു. ഇതു വസന്തതിലകം എന്ന വൃത്തത്തിൽ ഉൾപ്പെടും]

പാശ്ചാത്യപദ്ധതി പിടിച്ചുടലും ജനത്തെ-
പ്പുഷ്ടിച്ചുകൊണ്ടു നിജ ശോഭപ്രസരം പരത്തി
പൂർവ്വാശയാം കമനിതൻ തിലകായമാനൻ
പീയൂഷദീധിതി ജനോത്സവമൊത്തുദിച്ചു. ൧

നിത്യം തമോജനനിയായ് ജഡഭാവമാർന്നും,
മിത്രക്ഷയത്തിനൊരു കാരണമായിരുന്നും,
അത്യന്തമോഹകരിയായുമണഞ്ഞ സന്ധ്യ
സമ്പത്തുപോലെ സഹസാ തിരിയെഗ്ഗമിച്ചു. ൨

അംഭോജരാശികളകന്നമൃതദ്രവത്തി-
ലാലഗ്നമാമംബരമകന്മഷമായ് വിളങ്ങീ
ആവൃത്തിശൂന്യപദമെത്തുവതിന്നുഴന്ന-
സാധുപ്രമോദിനിയുടെ മാനസമെന്നപോലെ. ൩

ചന്ദ്രിക

സർവ്വജ്ഞമൌലിമണിയാമൊരു ഓഷധീശൻ
തങ്കൈകളാൽ തിമിരമാശു ഹരിച്ചുമൂലം
പൂർവ്വാശയാം കമനി പൂർണ്ണവിലാസപൂർവ്വം
പൂവെണ്ണിലാവണി മുഖസ്മിതമാർന്നു മിന്നി. ൧

ഐശ്വര്യസിന്ധുവിലെ വൻതിരമാല തള്ളി
വാനിൽക്കയറിയൊരു വെൺനുരപോലെയായും,
കാററത്തുനിന്നയ പർവ്വതശൃംഗഭൂവിൽ
പൂക്കൈതതൻ പൊടി പറന്നതുപോലെയായും,

രാജാവുരിച്ചുള്ള നിന്ദ്യമുഷിഞ്ഞ വേഷം
കൈവിട്ടു ശുദ്ധജനാവലിപോലെയായും,
പൂവെണ്ണിലാവൊളി പുരണ്ടുവെണ്മ പൂണ്ടും
ചിന്നിച്ചുമഞ്ഞു മേഘകാറുകളുല്ലസിച്ചു. ൨

സ്വാഭാവികം മഹിമ തിങ്ങി വിളങ്ങിടുന്ന
'ചന്ദ്രപ്രഭാരസ'മികളു ചെലുത്തിയപ്പോൾ
പണ്ടേ കിടന്ന പതിരിക്കരയോടടിച്ചു
ദുഗ്ദ്ധാബ്ധിസംഘമായി കവിഞ്ഞലറിക്കളിച്ചു. ൩

പാടേ പരന്ന പൊടിവെണ്മണലാം നിലാവു
തട്ടിത്തിളങ്ങി മറിയുന്നതു കണ്ടുവെങ്കിൽ
ദുർഭേവിക്രിയകളാലുടനൽഗമിച്ച
വെള്ളിത്തടാകമിതു നൂതനമെന്നു തോന്നും. ൪

XIX

അസ്തി

[വംഗദേശീയ പ്രസിദ്ധനായ ഇന്നത്തെ ഒരു യുവകവിയാണ് ശ്രീ
മാൻ [illegible]. [illegible]
നം, അസ്തി, [illegible] തുടങ്ങിയ [illegible] കാവ്യങ്ങളും അദ്ദേഹം രചി
ച്ചിട്ടുണ്ട്. ഒരു [illegible], അഥവാ പ്രകൃതികവിയാണ്
ശ്രീമാൻ [illegible]. ഇവിടെ ചേർത്തിട്ടുള്ള "അസ്തി" എന്ന
കവിത [illegible] എന്ന [illegible] ഗീതം എന്ന പേരിൽ
ഉൾപ്പെട്ടു]

മാനത്താരമേ! തങ്കമഷിയിലി-
മൊഴിയിലെഴുതുന്നു നിത്യവും,
ചോദനങ്ങൾ; കല്പങ്ങളിലാനന്ദ-
പ്പൂവുകൊണ്ടൊരെഴുതിയതിക്കൃതി!
ഏതു ഭാഷയിലാണീയെഴുത്തുക,-
ളെന്തിതിൻശീ,ലമെന്താണറിഞ്ഞീല;
എങ്കിലു; മതിൽ നിന്നൊരു മട്ടിലോ-
യെന്മനസ്സിൽ പതിയുന്നൊരക്ഷരം.
അസ്തിയുണ്ടോ മർത്ത്യാ നിൻ മീതെയായ്
ശക്തിയോ,—നാഴികതോറും മീതെയായ്
താർക്കൃതങ്ങളിലൊക്കെയുമുണ്ടാവും
നോക്കുകിലതിൻ കൈവിരൽപ്പാടുകൾ.
വാരയും മഴവില്ലു,മിപ്പോൾപ്പനി-
നീരമേഘം രചിച്ചോരക്ഷരങ്ങളെ

വാല്മീകിയാ,അനാദികാലം മുതൽ
പെറ്റുപെറ്റീയാനന്ദഗാഥകൾ.
ഭദ്രമിപ്പിവച്ചു ത്വത്തതി,ലെങ്ങു നീ-
യേതു ഭാഷയിൽ വായിച്ചാലും ശരി!
കേവലമിതിൻ തർജ്ജിമയാവണം
പാവനമായ നിന്നുടെ രോദവും.
പാടവിരല്ല പുലരിയന്തിൽച്ചില-
മൊട്ടുകളിങ്ങു പൈങ്കിളിയൊച്ചയിൽ?
വിശാലമാനമാകിലെന്നാ,ലൊധ്യ-
റിഷ്യന്ദികളും ദിവ്യഗാനങ്ങളെ
ഉള്ളലിവി,ന്നൊളിച്ചുകാണാതെകണ്ണീ രെനട്ടം-
കല്ലുകൾപോലും ഹാ! പൊഴികയൊളുന്നു!
പല്ലവപൂർണ്ണമനസ്സിയുംകൊണ്ടു പൂ-
വല്ലികൾ തലയാട്ടുന്നു നിന്നഹോ!
പുണ്യജന്മാക്കളാകിന വാരിളം-
പുല്ലുകളാനന്ദാശ്രു പൊഴിക്കുന്നു.
ത്വമയീലതിൽനിന്നു നിനോകാന്ത-
പ്രേമമല്ലി കിനിയുന്നു ദൈവമേ!
ഞാ,നാത്മ നാകമെന്നു ചെയ്യേണ്ടു ഹാ!
കേണു മണ്ണിൽ കിടന്നുരുളട്ടയോ?
പത്രമില്ലല്ലോ വിണ്ണുപോലത്തിലാ-
ബ്ഭക്തഗാനങ്ങൾ പാടിപ്പറക്കുവാൻ.

XX

പ്രഭാതം

[ക്ലാസ്സിക് അഥവാ യഥാസ്ഥിതികമാർഗ്ഗത്തിലൂടെ സൽകാവ്യങ്ങൾ രചിച്ച് ഭാഷയെ പോഷിപ്പിക്കുന്ന ഒരു കവിയും പണ്ഡിതനുമാണ് വടക്കുംകൂർ രാജരാജവർമ്മരാജാ അവർകൾ. [illegible]വിജയം, രാഘവാഭ്യുദയം എന്നീ മഹാകാവ്യങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. വിശ്വാമിത്രൻ ദശരഥന്റെ അടുക്കൽ വന്ന് ശ്രീരാമലക്ഷ്മണന്മാരെ യാഗരക്ഷയ്ക്കായി കൂട്ടിക്കൊണ്ടുപോകുന്നതു മുതൽക്ക് ശ്രീരാമൻ പരശുരാമവിജയാനന്തരം അയോദ്ധ്യയെ പ്രാപിക്കുന്നതുവരെയുള്ള രാമായണകഥയെ അനുസരിച്ച് അദ്ദേഹം രചിച്ചിട്ടുള്ള "രാഘവാഭ്യുദയ"ത്തിന്റെ ൧൯-ാം സർഗ്ഗത്തിൽ നിന്ന് എടുത്തിട്ടുള്ളതാണ് ചുവടെ ചേർക്കുന്ന ഭാഗം. സീതാസ്വയംവരദിവസത്തെ പ്രഭാതം ഇതു വർണ്ണിക്കുന്നു. ഇതു [illegible]പ്രസാദത്തിന് [illegible] ഉദാഹരണമാണ്. ഈ വർണ്ണനം എന്ന പദ്യഭാഗത്തിൽ [illegible]]

സ്മരാകലിതകാമിനീപദതലാലക്തനിർമ്മഗ്നമായ്
പരാഗമസിതം ധരിച്ചുഷസി രാഗശോഭോജ്ജ്വലർ
വിരാജിതപയോജിനീഗൃഹഗണങ്ങളിൽ തത്ര നിർ-
ഭരാർദ്രതയൊടു മാതൃതമഞ്ചിയർ വഹിച്ചു ഭിക്ഷാസുഖം. ൧

അനാരതമഹോ പൂർവ്വദിക തനി തങ്കമൊരർക്കനാം-
കുമാരനെ വഹിക്കുന്ന താൻ പ്രസവമേൽക്കവേ ദിക്കുകൾ
സമാകലിതകൗതുകം കുരവയിട്ടു പക്ഷിസ്വനാല്
ദ്രുമാളി ഹിമബിന്ദുവാം നവമുദശ്രു വീഴ്ത്തീ തദാ. ൨

ഹിമാലയമഹാപർവ്വതാസനഗതാർക്കനെന്നങ്ങിതാ-
ലതാന്തികയൊട്ടുഷഃപുരോഹിതനണഞ്ഞതു കാഞ്ചനജലം
ചിതാഭമഭിഷേകമങ്ങിവനു നാഥനായ് ചെയ്തിവു; തൽ-
സ്മിതാബ്ജകനകാംബുവാതപരിഷേണ വീഴുന്നിതാ! ൩

നികത്തധികമുൾക്കടം ഭ്രമരവൃന്ദമാം വൻവിഷം
പകന്നതണനാംശ്രുവാം പുതുമതന്നതൻസേവയാൽ
തികച്ചുമുടനെ വഹിച്ചൂതു പയോജിനിത്തയ്യലാ-
ളുകണ്ടകിതചിത്തയായ് തെളിവുമുറ്റുമേറീടിനാൾ. ൪.

. . . .

വെളുപ്പുടയ മഞ്ഞുനീർക്കണിക ലേശലേശങ്ങളാ-
യിളന്തളിരിലാടിടും ചെറിയ പല്ലവാഗ്രങ്ങളിൽ
മിളദ്രുധിരമാകെയുള്ളൂഴും മെയ്യിലുത്തിട്ടപോലകം-
കളും കളിതമായിയും പരിചിലിപ്പു പത്രാഞ്ചലം. ൫

വഹാരപസമയത്തെ നായകനമാൻ ഭാഷിയുമീ-
യഹസ്സുതനെ വീക്ഷണത്തിനു ഹിമങ്ങൾ വ്യാകഥകളാൽ
മഹസ്സകലുമിന്ദുവെന്നലവരാശയാം വേശ്യ നിശ്..
പ്രഭാതം സപദി തള്ളിവിട്ടിനകരാഗ്രസംലഗ്നയായ്. ൬

പരക്കമുതപ്പുതൊടിയ്ക്കുടയ പത്ര തെയ്യുകവേ
പരത്തിയുമിടയ്ക്ക തൻറെ പുളിയിൽ വിനോദൻ മുങ്ങിയും
ചരത്ഭ്രമരഗീതകങ്ങൾ തെളിമയൊട നാകത്തിയും
മരന്ദ്ലിത്തുകുത്തുമഭരത്തോടു വഹിച്ചു വിലോലസ്വം. ൭

സമസ്തവിധ കാലനാമരിയ ചതുരകാരാഗ്രിമൻ
ഹിമർത്തുവെമൊഴിച്ചു തച്ചനാലമാം ദിഗ്ഭിത്തിയിൽ
ക്രമത്തൊടിനതുലികാഞ്ചലമണച്ചു വർണ്ണാഞ്ചിതം
സഗ്ഗീനചിത്രമെഴുതിന്ന കാണ്മേച്ചുതം. ൮

XXI

നിശാഗാനം

[ഇന്നു ജീവിച്ചിരിക്കുന്ന മഹിളാമണികളായ കവയിത്രികളിൽ ഒരു ഉയർന്ന സ്ഥാനം തന്റെ സരസകോമളങ്ങളായ ഖണ്ഡകാവ്യങ്ങളാൽ കരസ്ഥമാക്കിയിട്ടുള്ളവരാണ് ശ്രീമതി കടത്തനാട്ട് മാധവിഅമ്മ. റൊമാൻറിക്, അഥവാ കാല്പനികപ്രസ്ഥാനത്തിൽ ഇവരുടെ ചില കാവ്യങ്ങളും ഉൾപ്പെടും. ആകാശത്ത് ചന്ദ്രനെ നോക്കി പാടുന്ന പാട്ടാണ് ഇവിടെ ഉദ്ധരിച്ചിട്ടുള്ളത്. ഇത് ആത്മഗീതം എന്ന വൈയക്തിക ഭാവത്തിന്റെ ഗീതം എന്ന ശാഖയിൽ ഉൾപ്പെടും]

(മഞ്ജരി)

മാനത്തിൽ, ദൂരത്തായ് മിന്നിത്തിളങ്ങുമെ-
ന്നോമന തങ്കമേ! തിങ്കളേ! നീ,
മാമകമേളിലും കാർമേഘത്തേരിലും
പൂമെയ് മറച്ചെന്തേ നില്പതിപ്പോൾ?
പുഞ്ചിരി തഞ്ചുമപ്പൊൻമുഖം കാണാതെ
സഞ്ചിതതാപത്താൽ നെഞ്ചിടറി
വെമ്പി, വിളറ്റു കൺ കൂമ്പിക്കരയും നി-
ന്നാവലിൻവേദന കാണ്മീലല്ലീ?
തെല്ലിടയ്ക്കുള്ളിലായ് മുല്ലപ്പൂ വെല്ലുമ-
ച്ചെല്ലക്കരം ഭവാൻ നീട്ടിടുമ്പോൾ
ആശാഭരിതയായ്, ലേശം വിടർന്ന ഞാൻ
ക്ലേശാന്ത്യകാംക്ഷയായ് നോക്കിനിൽക്കും
കണ്ണും കരളും കടന്നു കവർന്നു നീ
തിണ്ണം മറയുകക്കാർമുകിലിൽ.
പാലൊളിക്കോലുമപ്പൂമേനിക്കുള്ളിലായ്
പാരാതസ്സ്രീനിന്റെ ചാരിലായി

പാഴ്ക്കരികല്ലുപോൽ പാരം കറുപ്പുമോ
പാടലരാഗജാതൻ പടർപ്പുവിട്ടു?
അയ്യോ! പിഴച്ചുപോയ് വയ്യാത്ത വാക്കുക-
ളിയ്യാമ്പൽ പൊള്ളിപ്പോയല്ലൊലെ
പാലൊളിത്തേൻ പാററിപ്പാർപ്പിടം പാടേ താൻ
പാവനമാക്കുമെൻ പാരിജാതം
ആയതെന്നോരക്ഷപാപിതള്ള പാത്രമായ്
ഹന്ത! ഭവിക്കയോ! ശാന്തം പാപം!

പ്രേമാഭിരാമനാമോമനത്തിങ്കളേ!
ഞാനിതാ മാപ്പിനായ് താണിരപ്പൂ!
നേററന്നപ്പൂന്തേൻ പ്രത്യക്ഷമാകാത്ത
തെററങ്ങളല്ല; ഞാൻ സമ്മതിപ്പൂ
കുററിപ്പുഴുക്കളെയായിട തിങ്ങിയ
കററക്കർ താനത്രെ കററക്കാരൻ.
പാളും പകലൊളിൻെറ കാളുന്നൊരാതപ-
ക്കോളും കടുത്താരിക്കുന്നിതെങ്ങും
മൌനമായ് ശാന്തമായേവം പൊറുക്കുവാൻ
ഞാനെന്തു ശക്തിയാൽ പ്രേരിതയായ്
ചന്ദ്രികാസുന്ദരമന്ദസ്മിതപ്പൂ
ചിന്നിപ്പുളയുമപ്പൊന്നൊളിവിൽ
കാറാം കരിമ്പടം കീറിപ്പുറത്തുക
കാണായ് വരുമെന്നൊരുകാലം കാത്തു
വാഴും ഞാൻ നൈരാശ്യപ്പാഴ്ച്ചുഴിതന്നിലായ്
വീഴുമോ? വീണാലും താണുപോമോ?
പ്രേമാഭിരാമനാമോമനത്തിങ്കളേ!
ഞാനിതാ മാപ്പിനായ് താണിരപ്പൂ.

XXII

പച്ചക്കൊടിക്കീഴിൽ

[illegible]

വിരണം, സുപ്രസിദ്ധ [illegible] ഒരു [illegible] അനുഭവിച്ചുകൊണ്ട് [illegible] [illegible]. [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] ഉൾപ്പെടും]

ധരണിയെങ്ങുമെ മുഗ്ദ്ധിമിൻ ധർമ്മ-

ഭരണം നന്നെന്നു പുകഴുമ്പോഴും

പെരുതാം രാജ്യങ്ങൾ നൃപതിവംശങ്ങൾ

തെരുതെരെയങ്ങു തകരുമ്പോഴും

പലിശ വാങ്ങുന്ന മുതലാളിമാരോ

ശലഭതുല്യരായെതിരുമ്പോഴും

. . . .

ഒരു കൊടിക്കീഴിലൊരു വിശ്വാസത്തിൽ

സകലജാതിയുമണയുമ്പോഴും!

വിപുലസാമ്രാജ്യനീതികൊണ്ടെങ്ങും

ഖജനാവാകയും നിറയുമ്പോഴും—

കയറിനമനാം പൊതുനാളും വന്നു

നഗരമുല്ലസിച്ചിളകയായ്!

മുന്നരങ്ങളും പുതിയ വസ്ത്രങ്ങൾ

പരിമളങ്ങളുമണിഞ്ഞുമായ്

സുതരാമങ്ങനെ തെരുവിലൊഴുകുകാൻ

ജനതതി വാഴ്ത്തലുവികൾ

ഗുണമെഴുമോർ, കലാപതിയുടെ

പ്രണയഭാജനമണിയാൾ

അരുണമാം കവിളും ചെമന്ന മിഴിയും

കരുമിഴികളിൽ ജലമാർന്ന

മധുരകോമളമുഗ്ദ്ധഭാഷിണിയാ
വിധുരമാക്കമന്നാരകയാൾ
കൃപയെഴും ചേഷ്ടിതകളെ കാട്ടിയും
പരിമാറിച്ചുമൊഴിഞ്ഞാരചെസ്സു:
"ഉപനാളല്ലയോ! അവനിനായകാ!
ചെറുപ്പ കാലത്തെൻ വസനത്തെ
അറുമക്ക നാലുങ്കം മണിവാനമില്ല
പുത്രനായുള്ളോരു ഭ്രണിയപാലക!
പുരിയിൽ വാഴുന്ന ജനമിനോവരും
സുജനങ്ങൾപോലെ കഴിയുമോവാൻ
പെരിയ കൃപചിപ്പിൻ, ദൃഷ്ടിയിൽനിന്നാരൊ
പുതിയൊരാളുള്ള വകയില്ലേ?"
ചെറുതും വാത്സല്യമില്ലാത്തൊന്നോ
കരുണയാർന്നോരു ധരണീശൻ
പ്രിയയോടേവം നിന്നാൻ മഹതിയധർമ്മം
കനിയിപ്പുറിന പരമാർത്ഥം.
"ഇവനെഴുന്നതാം തൊഴിലിൽകൂലിയി-
ന്നിതുവരെയുള്ള തലിലവും
ഭജനാംഗത്തിൽനിന്നിങ്ങിവനാ ലബ്ദമായ്,
കമനീയമേളു നീ കരയുമോനോ?"
ഇതുകേട്ടുടനെ സപാദി ചൊല്ലിച്ചാൾ
"ഇനി നാളെയുള്ള തൂക്കമെന്നാൽ
അതതോ വാങ്ങുവാനതിൽനിന്നിന്നെന്റെ
പടകളെയാന്നിന വകകാണാം."
"ചപലയായിതും പറയുന്നെന്തു നീ
ഇവനോ നാളെയും ഭുവി വാസം
ധ്രുവമെന്നെങ്ങിനെ കരുതാം വല്ലഭേ!
ജഗദീശന്റെ പ്രവൃത്തികളറിയാനാം."

ഫലവ്യ

സുചരിതയാകും തരുണി തന്നുടെ
പരിഭവം നീങ്ങിത്തെളികയായ്
ജനമെന്നും വാഴ്ത്തും നിലയിൽ വാണവർ
ഭുവനകാന്തിതൻ കതിരുകൾ!!
അവനീശസവനപ്രണയത്തിന്നൊരു
വിമലമാതൃകാനിലയമേ,
വിപുലസാമ്രാജ്യപതിയാം രാജന്റെ,
കൃപതൻവാരിധേ, വിജയിക്ക!
ഭുവനവാടി തന്നൊരു കോണിലൊരു
ഒരു കുടീരത്തിലമരും നിൻ
സവിധേ വന്നെങ്ങൾ കുളിർബാഷ്പം തൂകി-
യഭിഷേകം ചെയ്യാം മഹിതാത്മൻ!
സുഭഗയാം നിജ പ്രണയിനി തന്റെ
സ്മരണ ലോകത്തിൽ നിലനിർത്താൻ
ഗതശങ്കം രാജ്യധനമെല്ലാം വാരി
കുളിർമാടം തീർത്ത മുഗളേശാ,
മൃത്യുവിൻ യാത്രാപഥിയാണെന്നും
വസനം നൽകാത്ത, നൃപതിയും!
വലിയ സാമ്രാജ്യപതികൾ തീർത്തുള്ള
നിലയനങ്ങളിൽനിന്നകലെ പോയ്
നരരെ നിങ്ങൾ തൻ പുഷ്പമാല്യം തൂകിൻ!
അതിലായ് മേടകളൊഴുകട്ടെ!!

XXIII

പ്രകൃതിയിലേക്ക്

[പരാജയത്തിൽനിന്നും സദാ വിധേയപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു മനോവികാരത്തെ സൃഷ്ടിച്ചുള്ള പരാജയവിലാപപ്രവാഹം ഭാഷയിലെ പരാജയപ്രവാഹത്തിന്റെ ഒരു ശാഖയായി ഇന്നത്തെ മുൻകുറിപ്പിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ. ഈ പരാജയവിലാപപ്രവാഹത്തിന്റെ ഉപജ്ഞാതാക്കളിൽ ഒരാളായ ശ്രീമാൻ ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ ഒരു കവിതയാണ് ചുവടെ ചേർത്തിരിക്കുന്നത്. "ബാഷ്പാഞ്ജലി" മുതലായ കൃതികൾ ഇദ്ദേഹം രചിച്ചിട്ടുണ്ട്. നഗരജീവിതം വിട്ട് പ്രകൃതിയോട് അടുപ്പമുള്ള ഗ്രാമജീവിതം നയിക്കുവാനുള്ള കവിയുടെ ആഗ്രഹമാണ് ഇവിടെ ചേർത്തിരിക്കുന്ന കവിത പ്രകടിപ്പിക്കുന്നത്. ഇത് ആരാമഗീതം എന്ന പദ്യസമുച്ചയത്തിന്റെ ഗീതം എന്ന ശാഖയിൽ ഉൾപ്പെടുന്നതാണ്.]

നൊന്തിട്ടുണ്ടെന്മനം—നിർദ്ദയ,മേവ,മെൻ
ചിന്തേ, നീയെന്നെ ഞെരിക്കരുതേ!
എന്തും നിനക്കു വഴിപ്പെടുന്നില്ലേ ഞാ-
നിന്നൊന്നു നീയെന്നെ വിട്ടയയ്ക്കൂ.
ഒരുകൊച്ചുപൂമ്പാററയൊന്നിച്ചപ്പൂങ്കാവിൽ
തൽക്കാലം ഞാനൊന്നു പോയ്‌വരട്ടെ!

മന്ദിരവാടിയിലെന്നെയും കാത്തതാ
വന്നു നിൽക്കുന്നു വസന്തലക്ഷ്മി.
മഞ്ഞക്കണിക്കൊന്നപ്പൂങ്കുലക്കൈലേസ്സാൽ,
മന്ദസ്മിതാസ്യയായ്, മാടി മാടി

എന്നൊരങ്ങോട്ടു വിളിക്കുകയാണവർ
ഒന്നിനിയിത്തിരി സല്ലപിക്കാൻ.
കിട്ടില്ലതിനവസരമിനിയെന്നോ?—ഹാ!
കഷ്ട,മിതെന്തൊരു പാരതന്ത്ര്യം!

വിസ്മയനീയമായെത്തുന്നു വാരാളം
വിശ്രമത്തിന്റെ മണിമയാളികൾ.
ദേവാലയാങ്കണം വിട്ടതാ പോകുന്നു
ദേവപ്രസന്നന്മാർ, ഭാഗ്യവാന്മാർ.
ഈ 'രവിവാര'സമാരോഹങ്ങളിൽ നി-
ന്നൂറിവരുന്ന മധുരഗീതം
മൂളിക്കേട്ടിപ്പൂ മതിമറന്നങ്ങനെ
നില്ക്കുന്നു കമ്രകമന്ദിരങ്ങൾ.
കന്നു മൺകുടം വെച്ചുകൊ,ണ്ടപ്പുഴ-
വക്കത്തു വന്നെത്തും പൊൻകൊടിമാർ
മന്ദാക്ഷമല്പം പുരണ്ട മനോഹര-
മന്ദസ്മിതങ്ങളാൽ സൽക്കരിക്കെ;
കാട്ടുപുല്ലൂതി രസിക്കുന്നു, കൈതമെ-
ച്ചൂട്ടിലിരുന്നൊരു കൊ,ച്ചിടയൻ!

മസ്തിഷ്കം മൂടൽപിടിക്കുമാ,റിങ്ങിതാ
പുസ്തകക്കെട്ടുമായ് ഞാനിരിപ്പൂ;
ജീവിതത്തിന്നു നടന്നുപോവാനുള്ള
പൂവണിപ്പാത തിരഞ്ഞെടുക്കാൻ!
എന്നിട്ടും, സംസ്കാരസമ്പന്നനാണു ഞാ-
നെന്നിട്ടും, സംതൃപ്തനല്ലപോലും!
എന്നെപ്പുറത്തും പ്രകൃതിയെക്കൈവെടി-
ഞ്ഞെന്നേ ഞാൻ തീരെ സ്വതന്ത്രനായി!

പിരന്നായുമങ്ങോട്ടു ചെല്ലുകയാണെങ്കി-
ലെന്നോടവർക്കിനിയെന്തു തോന്നും?

കണ്ടില്ല, ദേവി, ഞാൻ പുസ്തകമൊന്നിലും
ചെന്നിട്ടുനിൽക്കുന്ന ശാന്തിയൊന്നും,
മേദ്ദ്യകന്ദങ്ങൾ കേട്ടില്ല, ദേവി, ഞാൻ
പാടിപ്പുറക്കും പ്രമോദമൊന്നും.
പങ്കപ്പു കീഴിലെ നിദ്രയിൽ കിട്ടില
തങ്കക്കിനാക്കവനിക്കൊണ്ടുപോലും.
വഞ്ചിതനായി ഞാ,നില്ലനിക്കില്ലാത്ത
നെഞ്ചിടിപ്പേലാത്ത വിശ്രമവും!

ഹാ, നിരന്തരത്തല്ലിട വിസ്മരിച്ചുകിലും
ഞാനിതാ വീണ്ടും വരുന്നു, ദേവി!
കണ്ണീർക്കണങ്ങളിൽ മുങ്ങിയിരുന്നിയ-
കൈനഷ്ടമെല്ലാമൊന്നും നീങ്ങി നീങ്ങി
സംപൂർണ്ണനായ്, നിൻ മണിവീണാ-
ലോലനായ് മാറി, നിന്നങ്കത്തിൽ
വിസ്മൃതനെങ്കിലും, ശൈഥില്യമേലാത്ത
വിശ്രമം കൊൾകിൽ, കൃതാർത്ഥനായ് ഞാൻ!! ....

കേരളസാഹിത്യ
അക്കാദമി